ശെയ്ഖ് മുഹമ്മദ് ബിൻ
അബ്ദിൽ വഹ്ഹാബ്ﷺയുടെ

# അൽക്വവാഇദുൽ അർബഅ്

വിശദീകരണം

ശെയ്ഖ് സ്വാലിഹ് ബിൻ അബ്ദിൽ
അസീസ് ആൽ ശെയ്ഖ്حفظه الله

വിവർത്തനം

മൂലകൃതി: കെ. ഉമർ മൗലവിﷺ

വിശദീകരണം: അബ്ദുൽ ജബ്ബാർ അബ്ദുല്ല

MEDIA&Publishing

Malayalam | Belief | Al-Qawaidhul Arbaã
Original Arabic Title : القواعد الأربع

Authors
Text: Sheikh Muhammad bin Abdul Wahhab
Explanation: Sheikh Saaleh Aal Sheikh

Malayalam Title: അൽകവാഇദുൽ അർബഅ്

Translators
Text:K Umar Maulavi
Explanation: Abdul Jabbar Abdullah

First Edition: Nov 2018
Copies: 2000

Price:₹ 50.00

Publishers | Distribution

SV Media & Publishing | Poothole | Thrissur-4 | Kerala | India
www.salafivoice.com | email: svmedia@salafivoice.com
Cover: Ashfaque K P | Layout: SV Media & Publishing
Printing: Ebenezer Printers, Thrissur

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പ്രസാധന രംഗത്തെ സവിശേഷമായൊരു കാൽവെപ്പാണ് SV Media & Publishing. ഇതര ഭാഷകളിലെ ഇസ്‌ലാമിക വൈജ്ഞാനിക രചനകൾ സാധാരണക്കാരിലേക്ക് എത്തിക്കുക എന്നതാണ് ഞങ്ങളുടെ മുഖ്യദൗത്യം. വിജ്ഞാനകുതുകികൾക്ക് ആധികാരികതയോടെ അറിവ് നുകരാൻ എളുപ്പമാകും വിധം മൂലഗ്രന്ഥത്തിനോടൊപ്പം പരിഭാഷയും ആധികാരിക വിശദീകരണങ്ങളും ഭൗതിക ലാഭേഛ കൂടാതെ പ്രസിദ്ധീകരിക്കാനാണ് ഞങ്ങളുടെ ശ്രമം.

SV Media & Publishing-ന്റെ മൂന്നാമത്തെ സംരംഭമാണിത്. രണ്ടു ഭാഗങ്ങളായിട്ടാണ് ഈ പുസ്തകം തിരിച്ചിട്ടുള്ളത്. ഒന്നാമത്തെ ഭാഗം ഉൾകൊള്ളുന്നത് ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്ﷺയുടെ القواعد الأربع എന്ന മൂലകൃതിയാണ്. സച്ചരിതരായ മുൻഗാമികളുടെ സന്മാർഗ പാത പിന്തുടർന്നുകൊണ്ട്, സമൂഹത്തിൽ പടർന്നു പന്തലിച്ച വ്യതിയാന ചിന്തകളെ ഉന്മൂലനം ചെയ്യാനുള്ള സാമൂഹ്യ സംസ്കരണത്തിന് നേതൃത്വം നൽകിയ മഹാപണ്ഡിതനായിരുന്നു ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്ﷺ. ശെയ്ഖ് ഉമർ അഹ്മദ് മലയ്ബാരി എന്ന വെളിയങ്കോട് ഉമർ മൗലവിﷺയാണ് ഈ മൂലകൃതിയുടെ പരിഭാഷകൻ. ഹിജ്റ വർഷം 1377-ൽ ഉമർ മൗലവിﷺ ഈ രചനയെ അന്ന് മുസ്‌ലിം സമൂഹത്തിന് ചിരപരിചിതമായിരുന്ന അറബി-മലയാളം ഭാഷയിലേക്ക് മൊഴിമാറ്റം നടത്തി തിരൂരങ്ങാടിയിൽ നിന്ന് പ്രസിദ്ധീകരിച്ചു.

രണ്ടാം ഭാഗത്തിൽ മൂലഗ്രന്ഥത്തിന്റെ വിശദീകരണമാണ്. സഊദി അറേബ്യയിലെ മതകാര്യ മന്ത്രാലയത്തിലെ മുൻമന്ത്രിയും പണ്ഡിതനുമായ ശെയ്ഖ് സ്വാലിഹ് ആലുശെയ്ഖ്حفظه الله യാണ് വിവരണം നിർവഹിച്ചിട്ടുള്ളത്. അബ്ദുൽ ജബ്ബാർ അബ്ദുല്ലحفظه الله യാണ് പ്രസ്തുത ഭാഗം വിവർത്തനം ചെയ്തത്.

അല്ലാഹുവേ, ഇതൊരു സൽകർമ്മമായി ഞങ്ങളിൽ നിന്നും സ്വീകരിക്കേണമേ..

പ്രസാധകർ

# ഉള്ളടക്കം


ആമുഖം ........ 3

ഉള്ളടക്കം ........ 5

ഈ ഗ്രന്ഥം ........ 7

ശെയ്ഖ് മുഹമ്മദ് ബിനു അബ്ദിൽ വഹ്ഹാബ്ﷺ ........ 9

കെ. ഉമർ മൗലവിﷺ ........ 27

ഭാഗം ഒന്ന്: القواعد الأربع ........ 31

ഒന്നാമത്തെ തത്ത്വം ........ 37

രണ്ടാമത്തെ തത്ത്വം ........ 39

മൂന്നാമത്തെ തത്ത്വം ........ 43

നാലാമത്തെ തത്ത്വം ........ 49

ഭാഗം രണ്ട്: شرح القواعد الأربع ........ 51

വിവർത്തകക്കുറിപ്പ് ........ 52

ശെയ്ഖ് സ്വാലിഹ് ആലു ശെയ്ഖ് حفظه الله ........ 55

മുഖവുര ........ 57

ശുക്ർ(شُكر)-ഉം ഹംദ്(حَمد)-ഉം തമ്മിലുള്ള വ്യത്യാസം ........ 59

വാക്കാലുള്ള ശുക്ർ ........ 59

ശുക്റിന് തൗഹീദുമായുള്ള ബന്ധം ........ 60

ഒന്നാമത്തെ തത്ത്വം ........ 71

കലിമത്തുതൗഹീദിൽ മുതകല്ലിമീങ്ങളുടെ പിഴവ് ........ 75

രണ്ടാമത്തെ തത്ത്വം ........ 79

ശഫാഅത്തിന്റെ ഇനങ്ങൾ................................................................. 87
മൂന്നാമത്തെ തത്ത്വം........................................................................... 91
നാലാമത്തെ തത്ത്വം......................................................................... 103

അനുബന്ധം 1
ഇലാഹ്: മുതകല്ലിമുകളുടെ നിർവചനം.........................................112

അനുബന്ധം 2
ശഫാഅത്ത്: കെ. എം മൗലവിﷺയുടെ ഫത്‌വ...............................115

അനുബന്ധം 3
റുബൂബിയത്തും ഉലൂഹിയ്യത്തും: സമസ്തയുടെ വാദത്തിനൊരു ഖണ്ഡനം........................................................................................125

# ഈ ഗ്രന്ഥം

ഇസ്‌ലാമിക പഠനം ലക്ഷ്യം വെക്കുന്ന തുടക്കകാർക്ക് പണ്ഡിതർ നിർദേശിക്കുന്ന ഒരു ലളിത ഗ്രന്ഥമാണ് القواعد الأربع. ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്ﷺയുടെ شروط الصلاة, الأصول الثلاثة എന്ന കൃതികളോടൊപ്പവും മറ്റുചിലപ്പൊൾ വിവരണസഹിതം സ്വതന്ത്രകൃതിയായും ഇത് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.

തൗഹീദ്, ശിർക്ക്, ശിർക്ക് ചെയ്യുന്നവരുടെ വിധി, ശഫാഅത്ത് എന്നിവയെ സംബന്ധിച്ച് വിശുദ്ധ ക്വുർആൻ മുന്നോട്ടുവെക്കുന്ന ചില മഹത്തായ തത്ത്വങ്ങളാണ് ഈ പുസ്തകത്തിൽ ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്ﷺ അവതരിപ്പിക്കുന്നത്. ഏതൊരു സാധാരണക്കാരനും മനസ്സിലാകുന്ന വളരെ സരളമായ ഭാഷയിലാണ് അദ്ദേഹം ഇതിന്റെ രചന നിർവഹിച്ചിട്ടുള്ളത്. ധാരാളം പണ്ഡിതർ പ്രസ്തുത ഗ്രന്ഥത്തിന് മൂല്യവത്തായ വ്യാഖ്യാനങ്ങൾ വാമൊഴിയായും വരമൊഴിയായും നൽകിയിട്ടുണ്ട്. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

| | വ്യാഖ്യാനം | വ്യാഖ്യാതാവ് |
|---|---|---|
| 1 | شرح القواعد الأربع | ശെയ്ഖ് അബ്ദുൽ അസീസ് ബിൻ ബാസ്ﷺ |
| 2 | شرح القواعد الأربع | ശെയ്ഖ് അബ്ദുറഹ്മാൻ ബിൻ നാസ്വർ അൽബർറാക്ക് حفظه الله |
| 3 | شرح القواعد الأربع | ശെയ്ഖ് മുഹമ്മദ് അമാൻ അൽജാമിയ്ﷺ |
| 4 | شرح القواعد الأربع | ശെയ്ഖ് സ്വാലിഹ് ബിൻ ഫൗസാൻ അൽഫൗസാൻ حفظه الله |
| 5 | شرح القواعد الأربع | ശെയ്ഖ് സ്വാലിഹ് ബിൻ അബ്ദുൽ അസീസ് ആലുശെയ്ഖ് حفظه الله |

**മലയാളത്തിൽ**

കെ. ഉമർ മൗലവിﷺയാണ് ആദ്യമായി മലയാളത്തിലേക്ക് ഈ ഗ്രന്ഥം വിവർത്തനം ചെയ്തത്. സഊദി അറേബ്യയിലെ റിയാദിൽ വിദ്യാർഥിയായിരിക്കുന്ന കാലത്ത്, ഹിജ്റ വർഷം 1377-ലാണത് നിർവഹിച്ചത്. മലബാറിലും കേരളത്തിലെ ഇതര പ്രദേശങ്ങളിലും മുസ്ലിംകൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന അറബി-മലയാള ലിപിയിൽ അച്ചടിച്ച് സഊദ് ബ്നു അബ്ദിൽ അസീസ് രാജാവിﷺന്റെ സാമ്പത്തിക സഹായത്തോടെ തിരൂരങ്ങാടിയിലെ ആമിറുൽ ഇസ്‌ലാം ലിത്തോ പ്രസ്സിൽ നിന്നായിരുന്നു അതിന്റെ പ്രസാധനം.

അതിനുപുറമെ أصول الدين الإسلامي എന്ന കൃതി മലയാളത്തിലേക്ക് തർജമ ചെയ്ത്

"ഇസ്‌ലാം മതത്തിന്റെ മൂലസിദ്ധാന്തങ്ങൾ" എന്ന പേരിൽ കെ. ഉമർ മൗലവിﷺ പ്രസിദ്ധീകരിച്ചപ്പോൾ അതിൽ القواعد الأربع-ലെ തത്ത്വങ്ങൾ സംക്ഷിപ്തമായി ഉൾകൊള്ളിച്ചിരുന്നു.

നിങ്ങളുടെ കൈകളിലുള്ള ഈ പുസ്തകം രണ്ടു ഭാഗങ്ങളായിട്ടാണ് തരം തിരിച്ചിട്ടുള്ളത്. ഒന്നാം ഭാഗത്തിൽ മൂലകൃതിയും അതിന്റെ വിവർത്തനവുമാണ് ഉൾപ്പെടുത്തിരിയിക്കുന്നത്. പ്രസ്തുത വിവർത്തനം ഉമർ മൗലവിﷺടേതാണ്. രണ്ടാം ഭാഗത്തിൽ മൂലകൃതിയുടെ വിവർത്തനവും ശെയ്ഖ് സ്വാലിഹ് ബിൻ അബ്ദിൽ അസീസ് ആൽ ശെയ്ഖി حفظه الله ന്റെ വിവരണവുമാണ്. പ്രസ്തുത ഭാഗം വിവർത്തനം ചെയ്തത് അബ്ദുൽ ജബ്ബാർ അബ്ദുല്ല حفظه الله യാണ്.

ഈ ഗ്രന്ഥത്തിൽ ചർച്ച ചെയ്യുന്ന വിഷയവുമായി ബന്ധപെട്ട് കേരളത്തിൽ നടന്ന തർക്കവും അതിനുള്ള പരിഹാരവും, അതുപോലെ കെ എം മൗലവിﷺ യുടെ ഒരു ഫത്‌വയും അനുബന്ധമായി ചേർത്തിട്ടുണ്ട്. ആവശ്യാനുസരണം അടിക്കുറിപ്പുകളും നൽകിയിട്ടുണ്ട്.

അബദ്ധങ്ങളില്ലാതാക്കാൻ പരമാവധി ശ്രദ്ധിച്ചിട്ടുണ്ട് എങ്കിലും മനുഷ്യസഹജമായ തെറ്റുകൾ കാണാം. അവ ശ്രദ്ധയിൽപെട്ടാൽ ഉണർത്തണം എന്ന് സവിനയം അപേക്ഷിക്കുന്നു.

ഈ ഉദ്യമം ഒരു പുണ്യകർമമായി അല്ലാഹു സ്വീകരിക്കട്ടെ...

പ്രാർത്ഥനയോടെ
എഡിറ്റർ

30-Oct-2018

# ശെയ്ഖ് മുഹമ്മദ് ബിനു അബ്ദിൽ വഹ്ഹാബ്ﷺ

ശെയ്ഖ് അബൂ അബ്ദില്ലാഹ് മുഹമ്മദ് ബിനു അബ്ദിൽ വഹ്ഹാബ് അത്തമീമി എന്നാണ് പൂർണനാമം. അബൂ ഹുസെയ്ൻ എന്നും അദ്ദേഹത്തിന് വിളിപ്പേരുണ്ട്. ഹിജ്റ 1115-ൽ (ക്രിസ്താബ്ദം 1703-ൽ) 'നജ്ദി'ലെ റിയാദിനടുത്തുള്ള 'ഉയയ്നയി'ൽ അദ്ദേഹം ഭൂജാതനായി.

തന്റെ പിതാവ് അബ്ദുൽ വഹ്ഹാബ് ബിനു സുലയ്മാനോﷺടൊപ്പം സ്വഗൃഹത്തിലാണ് അദ്ദേഹം തന്റെ ബാല്യം ചിലവഴിച്ചത്. വിജ്ഞാനാന്തരീക്ഷം നിറഞ്ഞുനിന്നിരുന്ന തന്റെ വീട്ടിൽ, പിതാവിൽ നിന്നും തഫ്സീറിലേയും ഹദീഥിലേയും ഹമ്പലീ കർമശാസ്ത്രധാരയിലേയും പ്രാഥമിക പാഠങ്ങൾ ഓതിപ്പഠിക്കാനും പത്താം വയസ്സിൽ ക്വുർആൻ മനഃപാഠമാക്കാനും അദ്ദേഹത്തിന് സാധിച്ചു. പ്രാഥമിക പഠനം നജ്ദിൽ പൂർത്തിയാക്കിയ ശെയ്ഖ്, ഹിജാസിൽ (മക്കയിലും മദീനയിലും) താമസിച്ചുകൊണ്ട് തന്റെ ഉപരിപഠനം തുടരുകയാണ് ചെയ്തത്. ഇറാക്കിലെ ബസ്വറ, ബാഗ്ദാദ്, മൗസ്വിൽ എന്നി സ്ഥലങ്ങളിൽ മാറിമാറി താമസിച്ചുകൊണ്ടും അദ്ദേഹം വിജ്ഞാനം അഭ്യസിച്ചിട്ടുണ്ട്.

ഇറാകിൽ ബസ്വറയിലെ പഠന ശേഷം ശെയ്ഖ് മുഹമ്മദ് അൽഅഹ്സയിലേക്ക് യാത്ര തിരിക്കാൻ നിർബന്ധിതനായി. കാരണം ഉയയ്നയിലും ഹിജാസിലും പഠനം നടത്തുമ്പോൾ ശിർക്ക്-ബിദ്അത്തുകളേയും അന്ധവിശ്വാസങ്ങളേയും എതിർത്തിരുന്നപോലെ ഇറാകിലും അദ്ദേഹം തിന്മകളെ എതിർക്കുവാൻ തുടങ്ങിയതു കാരണം ഇറാകിലെ ബസ്വറയിൽനിന്നും അൽഅഹ്സായിലേക്ക് പാലായനം ചെയ്യേണ്ടിവന്നു. ഈ യാത്രയിൽ സുബയ്ർ എന്ന ഗ്രാമത്തിൽ അദ്ദേഹം താമസിച്ചു. ബസ്വറയിലെ ശിയാക്കളും ക്വുബൂരികളും തന്നെ വധിക്കുവാൻ ഗൂഢാലോചന നടത്തുകയും വധഭീഷണി മുഴക്കുകയും ചെയ്തപ്പോൾ അദ്ദേഹം ബസ്വറയിൽനിന്ന് കാൽനടയായി ഇറാകിലെ സുബയ്ർ എന്ന ഗ്രാമത്തിലേക്ക് പാലായനം ചെയ്തു. ശത്രുക്കൾ ബസ്വറയിൽ നിന്ന് തന്നെ കൊള്ളയടിച്ചതു കാരണം ഭക്ഷണ-പാനീയമൊന്നുമില്ലാതെ കാൽനടയായുള്ള ആ യാത്രയിൽ അദ്ദേഹം മരണം മുന്നിൽ കണ്ടു. സുബയ്ർ എന്ന ഗ്രാമത്തിൽ ഏതാനും നാളുകൾ താമസിച്ച് അദ്ദേഹം അൽഅഹ്സയിലേക്ക് തുടർന്ന് യാത്ര തിരിച്ചു. അതിനു ശേഷം ഹുറെയ്മലയിലെത്തിയ അദ്ദേഹം തന്റെ പിതാവിനോടൊപ്പം അവിടെ താമസമാക്കുകയും തൗഹീദി പ്രബോധനത്തിൽ വ്യാപൃതനാവുകയും ചെയ്തു. ഹി.1193-ൽ(ക്രി:1730) തൗഹീദിൻെറ ശത്രുക്കളായ ഒരു സംഘം

അദ്ദേഹത്തെ വധിക്കുവാനുള്ള ശ്രമങ്ങൾ നടത്തിയപ്പോൾ അദ്ദേഹം അവിടം വിടാനും നിർബന്ധിതനായി.

ഉയയ്നയിൽ എത്തിപ്പെട്ട ശെയ്ഖ് അവിടുത്തെ അമീറായിരുന്ന ഉഥ്മാൻ ഇബ്നു മഅ്മറിന് തൻെറ ദഅ്വത്ത് കേൾപ്പിക്കുകയും അവരത് സ്വീകരിക്കുകയും ശെയ്ഖിന്റെ പ്രബോധന സംരംഭത്തെ പിന്തുണക്കുകയും ചെയ്തു.

അന്ന് അൽഅഹ്സാഅ് പ്രവിശ്യക്ക് കീഴിലെ ഒരു കൊച്ചുനാടായിരുന്നു ഉയയ്ന. അതിനാൽ അൽഅഹ്സായിലെ അമീറായിരുന്ന ഉറയ്ഇർ ബിനു ദുജയിൻ, ഉഥ്മാൻ ഇബ്നു മുഅമ്മറിന് ഒരു കത്തെഴുതുകയുണ്ടായി. ശെയ്ഖിന് വധശിക്ഷ നൽകുവാനുള്ള ഉത്തരവായിരുന്നു പ്രസ്തുത കത്തിൽ. ഇപ്രകാരം ചില ബിദ്ഈ നേതാക്കളും ശെയ്ഖിൻെറ ദഅ്വത്തിനെ തെററിദ്ധരിപ്പിച്ചുകൊണ്ട് ഉഥ്മാൻ ഇബ്നു മുഅമ്മറിന് കത്തെഴുതുകയുണ്ടായി. ഇബ്നു മുഅമ്മറാകട്ടെ എവിടേക്കെങ്കിലും നാട് വിട്ടുപോകാൻ ശെയ്ഖിനെ നിർബന്ധിച്ചു.

അങ്ങനെ 1158-ൽ അദ്ദേഹം ദർഇയ്യ(ദേര)യിലേക്ക് പാലായനം ചെയ്യുകയും അവിടെ മുഹമ്മദ് ഇബ്നു സുവയ്ലിം അൽഉറയ്നി എന്ന വ്യക്തിയുടെ അടുക്കൽ ഒരു അതിഥിയായി താമസിക്കുകയും ചെയ്തു.

ദർഇയ്യ എന്ന സ്ഥലം സഊദ് കുടുംബത്തിൻെറ തലസ്ഥാനമായിരുന്നു. ഹി: 1139 മുതൽ 1179 വരെ ദർഇയ്യ ഭരിച്ചിരുന്ന സഊദ് കുടുംബത്തിലെ മുഹമ്മദ് ഇബ്നു സഊദ്, ശെയ്ഖിൻെറ ആഗമനവാർത്തയറിഞ്ഞ് അദ്ദേഹത്തെ ഹൃദ്യമായി സ്വീകരിച്ചു. അദ്ദേഹത്തെ സംരക്ഷിക്കാമെന്നും ശക്തിപ്പെടുത്താമെന്നും വാക്കുനൽകി. അന്ന് അമീർ മുഹമ്മദ് ഇബ്നുസഊദും ശെയ്ഖും തമ്മിൽ നടന്ന സംഭാഷണങ്ങളിൽ ഒന്ന് ഇപ്രകാരം ചരിത്രത്തിൽ പ്രസിദ്ധമാണ്:

അമീർ: താങ്കളുടെ നാടി(ഉയയ്ന)നേക്കാളും ഉത്തമമായ ഒരുനാടു(ദർഇയ്യ) കൊണ്ട് സന്തോഷിക്കുക. പ്രതാപവും ശക്തിയും കൊണ്ട് സന്തോഷിക്കുക.

ശെയ്ഖ്: താങ്കൾക്ക് പ്രതാപവും ആധിപത്യവും ഉണ്ടാകുമെന്ന് ഞാൻ സുവിശേഷമറിയിക്കുകയാണ്. ഇതാ 'لا إله إلا الله' എന്നകലിമ. ആർ ഇതിനെ മുറുകെപ്പിടിക്കുകയും സഹായിക്കുകയും ഇതുകൊണ്ട് പ്രവർത്തിക്കുകയും ചെയ്തുവോ അയാൾ നാടുകളേയും ആളുകളേയും ഉടമപ്പെടുത്തും. ഇതത്രെ കലിമത്തുതൗഹീദ്. ഇതി

ലേക്കത്രെ നബിമാരഖിലവും ക്ഷണിച്ചത്. അല്ലാഹുവിൻെറ ദാസന്മാരായ മുസ്‌ലിംകൾ ഭൂമിയെ അനന്തരമെടുക്കുന്നതാണ്.

അതോടെ അമീർ മുഹമ്മദ് ഇബ്നു സഊദ് ശെയ്ഖിന് മുന്നിൽ രണ്ട് നിബന്ധനകൾ വെച്ചു.

1. ശെയ്ഖ് അവരെവിട്ട് മററൊരിടത്തേക്ക് പോകുവാൻ പാടില്ല. അവരല്ലാത്ത മററൊരു വിഭാഗത്തെ പകരമായി സ്വീകരിക്കുവാനും പാടില്ല.
2. ദർഇയ്യ നിവാസികളിൽ നിന്ന് പഴക്കാലമായാൽ ഭരണാധികാരി സ്വീകരിക്കാറുള്ള നികുതിവിഹിതം ശെയ്ഖ് തടയുവാൻ പാടില്ല.

ഒന്നാമത്തെ നിബന്ധനയെക്കുറിച്ച് ശെയ്ഖ് ഇപ്രകാരം പ്രതികരിച്ചു:''താങ്കളുടെ കൈ നീട്ടിയാലും, ഞാൻ താങ്കൾക്ക് അനുസരണ പ്രതിജ്ഞ(ബൈഅത്ത്) ചെയ്യാം.

രണ്ടാമത്തേതിനെക്കുറിച്ച് ശെയ്ഖ് ഇപ്രകാരം പ്രതികരിച്ചു: ''ഒരുവേള താങ്കൾക്ക് അല്ലാഹു വിജയങ്ങൾ നൽകിയേക്കും. അപ്പോൾ ദർഇയ്യാ നിവാസികളിൽനിന്നും ഇപ്പോൾ സ്വീകരിക്കുന്നതിനേക്കാൾ വിഷിഷ്ടമായ സമ്പത്ത് അല്ലാഹു പകരം നൽകുന്നതാണ്.''

ശെയ്ഖും അമീറും തങ്ങളുടെ പ്രബോധന പ്രവർത്തനങ്ങൾ നജ്ദിൽ ശക്തിയായി തുടർത്തി. അമീറിൻെറ മരണ ശേഷം പുത്രൻ അബ്ദുൽ അസീസ് ഇബ്നു മുഹമ്മദ് പിതാവിൻെറ വഴിയെ ശെയ്ഖിനെ ശക്തിപ്പെടുത്തുവാനും ദഅ്വത്ത് നടത്തുവാനും അദ്ദേഹത്തോടൊപ്പം നിലകൊണ്ടു.

തൗഹീദ് മനസ്സിലാക്കുന്നതിലും സാക്ഷാൽക്കരിക്കുന്നതിലും തൗഹീദിന് പൊരുത്തപ്പെടാത്ത കാര്യങ്ങൾ ഗ്രഹിക്കുന്നതിലും നൈപുണ്യമുള്ള വ്യക്തിത്വമായിരുന്നു അദ്ദേഹം. സഊദ് കുടുംബത്തിന്റെ തലസ്ഥാനമായിരുന്ന ദർഇയ്യ(ദേര)യെ ഹിജ്റ 1139 മുതൽ 1179 വരെ ഭരിച്ചിരുന്നത് സഊദ് കുടുംബത്തിലെ അമീർ മുഹമ്മദ് ഇബ്നു സഊദും ﵀ അദ്ദേഹത്തിന്റെ പുത്രൻ അമീർ അബ്ദുൽഅസീസ് ബിനു മുഹമ്മദും ﵀ ആയിരുന്നു. ശെയ്ഖിന്റെ പ്രബോധന പ്രവർത്തനത്തെ ശക്തിപ്പെടുത്താൻ ഇവർ രണ്ടുപേരും നന്നായി സഹായിച്ചു. അതിനാൽതന്നെ തന്റെ നാടിനേയും ജനതയേയും ഗ്രസിച്ച വിശ്വാസവൈകല്യങ്ങളെ ഉന്മൂലനം ചെയ്യാൻ ശെയ്ഖ് ഉണർന്നു പ്രവർത്തിച്ചു. ശിർക്കിനെതിരിൽ അക്ഷീണ അവിശ്രമ പരിശ്രമം നടത്തിയ അദ്ദേഹം അന്നത്തെ അറേബ്യയുടെ ചരിത്രം തന്നെ തിരുത്തി തൗഹീദിന്റെ ചരിത്രമാക്കി. അറേബ്യക്കപ്പുറം ഇന്ത്യ, ഇറാക്, ഈജിപ്ത്, സിറിയ തുടങ്ങി പശ്ചിമാഫ്രിക്കൻ നാടുകളിലേക്കുവരെ അദ്ദേഹത്തിന്റെ ദഅ്വത്ത് വ്യാപിച്ചു.

ശെയ്ഖ് അബ്ദുൽ അസീസ് ഇബ്നുബാസ്ﷺ ശെയ്ഖിന്റെ പ്രബോധന മേഖല ചുരുക്കി വിവരിച്ചത് ഇപ്രകാരമാണ്:

> ''നിശ്ചയം, ഇമാം മുഹമ്മദ് ബിനു അബ്ദിൽ വഹ്ഹാബ്, അല്ലാഹുﷻവിന്റെ ദീനിനെ ലോകർക്ക് തെളിയിക്കുവാനും തൗഹീദിലേക്ക് ജനങ്ങളെ ക്ഷണിക്കുവാനും ജനങ്ങൾ എത്തിപ്പെട്ട ബിദ്അത്തുകളേയും ഖുറാഫാത്തുകളേയും എതിർക്കുവാനുമാണ് പ്രബോധകനായി എഴുന്നേറ്റു നിന്നത്. അദ്ദേഹം സത്യം ജനങ്ങളെ അംഗീകരിപ്പിക്കുകയും അസത്യത്തിൽ നിന്ന് അവരെ അകറ്റുകയും ചെയ്തു. അതുപോലെ അദ്ദേഹം നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്തു''.[1]

കറകളഞ്ഞ തൗഹീദ് പ്രബോധനം നടത്തിയ, വിശുദ്ധ ക്വുർആനിലേക്കും തിരുസുന്നത്തിലേക്കും മടങ്ങുവാൻ ജനങ്ങളോട് ആഹ്വാനം ചെയ്ത അഹ്ലുസുന്നത്തിന്റെ ആദർശത്തിൽ നിന്നും കാലചംക്രമണത്തിൽ തേഞ്ഞുമാഞ്ഞുപോയ ആശയാദർശങ്ങളെ പുനർജീവിപ്പിക്കാൻ പരിശ്രമിച്ച ശെയ്ഖിന്റെ പ്രബോധന പ്രവർത്തനത്തെ 'വഹ്ഹാബിയ്യത്ത്' (വഹ്ഹാബിസം) എന്നാണ് ശത്രുക്കൾ എതിർപ്പോടുകൂടി വിളിച്ചത്. ഇത് ശത്രുപക്ഷത്തുനിന്നുള്ള തെറ്റായ നാമകരണമാണ്. ശെയ്ഖ് പ്രസ്തുത പേരിൽ പുതിയ ഒരു പാർട്ടിയുണ്ടാക്കി അതിലേക്ക് ആളുകളെ സംഘടിപ്പിക്കുകയായിരുന്നില്ല മറിച്ച് പരിശുദ്ധ ക്വുർആനിന്റെയും സുന്നത്തിന്റെയും പ്രാധാന്യം പഠിപ്പിച്ചുകൊണ്ട് സുകൃതം ചെയ്തവരുടെ പാത സ്വീകരിക്കാൻ ജനങ്ങളെ ക്ഷണിക്കുകയായിരുന്നു. അല്ലാഹുﷻ വിശുദ്ധ ക്വുർആനിൽ അനുസ്മരിച്ച സച്ചരിതരായ പൂർവികരുടെ വഴിയിൽ ചലിച്ച മഹാന്മാരിൽ ഒരാളായിരുന്നു ശെയ്ഖ് മുഹമ്മദ് ബിനു അബ്ദിൽ വഹ്ഹാബ്ﷺ എന്ന യാഥാർത്ഥ്യമാണ് അദ്ദേഹത്തിന്റെ ചരിത്രം നമ്മെ അറിയിക്കുന്നത്.

വിനയത്തിന്റെ നിറകുടമായിരുന്നു അദ്ദേഹം. സത്യം തുറന്നുപറയുന്ന വിഷയത്തിൽ അദ്ദേഹം ഒരു ആക്ഷേപകന്റെ ആക്ഷേപവും ഭയന്നിരുന്നില്ല. അദ്ദേഹത്തിന്റെ സദസ്സുകൾ മുഴുവനും വിജ്ഞാനത്തിന്റേതായിരുന്നു. ധാരാളം പണ്ഡിതന്മാരേയും ക്വാദിമാരേയും നേതാക്കളേയും അദ്ദേഹം വാർത്തെടുത്തു. അനുഗ്രഹീതമായ ഒരു തൂലികയുടെ ഉടമയായിരുന്നു അദ്ദേഹം. അടിസ്ഥാന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ധാരാളം ഗ്രന്ഥങ്ങളും ലഘുരചനകളും അദ്ദേഹം അനന്തരമാക്കിയിട്ടുണ്ട്. റിയാദിലെ ഇമാം യൂനിവേഴ്സിറ്റി ശെയ്ഖിന്റെ ഗ്രന്ഥങ്ങളും രചനകളും ഒമ്പതുവാള്യങ്ങളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1. ശെയ്ഖ് അബ്ദിൽ അസീസ് ഇബ്നുബാസ്ﷺ രചിച്ച الإمام محمد بن عبد الوهاب دعوته وسيرته (പേജ്: 49)

### ഗുരുനാഥൻമാർ

ധാരാളം പണ്ഡിതന്മാരിൽ നിന്നും അദ്ദേഹം മതവിജ്ഞാനം നേടിയിട്ടുണ്ട്. അവരിൽ ചിലരുടെ നാമങ്ങൾ താഴെ കൊടുക്കുന്നു:

1. (അദ്ദേഹത്തിന്റെ പിതാവ്) അബ്ദുൽ വഹ്ഹാബ് ബിന് സുലെയ്മാൻﷺ
2. ബസ്വറയിലെ ഖാളിയായ ശെയ്ഖ് ശിഹാബുദ്ദീൻ അൽമൗസ്വലിﷺ
3. ബസ്വറയിലെ പണ്ഡിതനായ ശെയ്ഖ് ഹസൻ അൽഇസ്‌ലാംബൂലിﷺ
4. അൽഅഹ്സായിലെ ശഫിഈ പണ്ഡിതനായ അബ്ദുല്ല ബിൻ മുഹമ്മദ് ബിൻ അബ്ദുല്ലത്വീഫ്ﷺ
5. ശെയ്ഖ് സൈനുദ്ദീൻ അൽമഗ്റബിﷺ
6. ശെയ്ഖ് ഹസൻ അത്തമീമിﷺ
7. ശെയ്ഖ് മുഹമ്മദ് ബിൻ ഹയാത്ത് അസ്സിന്ദിﷺ (മ: ഹി: 1163)[2]
8. ബസ്വറയിലെ പണ്ഡിതനായ ശെയ്ഖ് മുഹമ്മദ് അൽമജ്മൂഈﷺ
9. ശെയ്ഖ് യൂസുഫ് ആൽസെയ്ഫ്ﷺ
10. ശെയ്ഖ് അബ്ദുല്ല ബിൻ ഇബ്രാഹീം ബിൻ സെയ്ഫ് ആൽസെയ്ഫ്ﷺ (മ: ഹി: 1140)[3]

### ശിഷ്യന്മാർ

അദ്ദേഹത്തിന് ധാരാളം ശിഷ്യന്മാരുണ്ടായിരുന്നു. അതിനു പുറമേ അദ്ദേഹത്തിന്റെ ആശയങ്ങളാൽ സ്വാധീനിക്കപ്പെട്ടവരുമുണ്ട്. ശിഷ്യന്മാരിൽ ചിലർ ഇവരാണ്:

1. സഊദ് ബിൻ അബ്ദിൽ അസീസ് ബിൻ മുഹമ്മദ് ബിൻ സഊദ്ﷺ
2. ശെയ്ഖിന്റെ പുത്രൻ ശെയ്ഖ് ഹുസെയ്ൻﷺ(മ: ഹി: 1224)
3. ശെയ്ഖിന്റെ തന്നെ മറെറാരു പുത്രൻ ശെയ്ഖ് അബ്ദുല്ലﷺ (മ: ഹി: 1245). ഈജിപ്തിൽ വെച്ചായിരുന്നു മരണമടഞ്ഞത്.

---

2. തഖ്ലീദിന്റെ വിഷയത്തിലും അതു പോലെ ബിദ്അത്തുകളുടെ കാര്യത്തിലും ശെയ്ഖ് ഹയാത്ത് അസ്സിന്ദിﷺയുടെ വീക്ഷണം ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബിൽﷺ വളെരെയധികം സ്വാധീനിച്ചിട്ടുണ്ട്. മഹാനവർകളുടെ പ്രമുഖ ശിഷ്യരിൽപെട്ട മറ്റൊരു വ്യക്തിത്വമാണ് യെമനിലെ അറിയപ്പെട്ട പണ്ഡിതൻ അൽഅമീർ മുഹമ്മദ് ബിൻ ഇസ്മാഈൽ അസ്സൻആനിﷺ.

3. ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്ﷺക്ക് ശെയ്ഖുൽ ഇസ്‌ലാം ഇബ്നു തെയ്മിയ്യﷺയുടെ രചനകളിലേക്കുള്ള കവാടം തുറന്ന് കൊടുത്തത് ഇദ്ദേഹമായിരുന്നു എന്ന് പറയപ്പെടുന്നു. അത് പോലെ ഇന്ത്യയിൽ നിന്നുള്ള ഹദീസ് പണ്ഡിതനായ ശെയ്ഖ് മുഹമ്മദ് ഹയാത്ത് അസ്സിന്ദിയെ പരിചയപ്പെടുത്തിയതും ശെയ്ഖ് അബ്ദുല്ല ബിൻ ഇബ്രാഹീമാണ് എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

4. അദ്ദേഹത്തിന്റെ പുത്രൻ ശെയ്ഖ് അലി(റ) (മ: ഹി: 1245). ഈജിപ്തിൽ വെച്ചായിരുന്നു ഇദ്ദേഹത്തിന്റേയും മരണം.
5. ശെയ്ഖ് ഹമദ് ബിൻ നാസിർ ബിൻ ഉഥ്മാൻ ബിൻ ഉമർ(റ) (മ: ഹി: 1225).
6. ശെയ്ഖ് അബ്ദുൽ അസീസ് ബിൻ അബ്ദില്ല ബിൻ ഇബ്റാഹീം അൽ ഹുസൈയ്നി അന്നാസിരി അത്തമീമി(റ) (മ: ഹി: 1225)
7. ശെയ്ഖ് സഊദ് ബിൻ ഹജ്ജി(റ) (മ: ഹി: 1229).
8. ശെയ്ഖ് മുഹമ്മദ് ബിൻ സുവെയ്ലിം(റ)
9. ശെയ്ഖ് അബ്ദുറഹ്മാൻ ബിൻ ഖമീസ്(റ)
10. ശെയ്ഖ് അബ്ദുറഹ്മാൻ ബിൻ നാമീ(റ)
11. ശെയ്ഖ് മുഹമ്മദ് ബിൻ സുൽത്താൻ അൽഊസജി(റ) (മ: ഹി: 1229)

**പണ്ഡിതന്മാരുടെ പ്രശംസ**

**1. അല്ലാമ മഹ്മൂദ് ശുക്രി ആലൂസി(റ)**

ആലൂസി(റ) പറയുന്നു:

''ചുരുക്കത്തിൽ അദ്ദേഹം (ശെയ്ഖ് മുഹമ്മദ് ഇബ്നു അബ്ദുൽ വഹ്ഹാബ്(റ)) നന്മയെ ഉപദേശിക്കുകയും തിന്മയെ വിരോധിക്കുകയും ചെയ്ത ഉലാമക്കളിൽ ഒരാളായിരുന്നു. അദ്ദേഹം ജനങ്ങൾക്ക് നമസ്കാരത്തെയും അതിന്റെ നിയമങ്ങളെയും ദീനിന്റെ മറ്റ് റുക്നുകളെ പഠിപ്പിക്കുകയും, ജമാഅത്തായി നമസ്കരിക്കുന്നതിന് അവരെ ഉപദേശിക്കുകയും ചെയ്തിരുന്നു. ജനങ്ങൾക്ക് വിവരമുണ്ടാക്കുന്ന കാര്യത്തിൽ അദ്ദേഹം വളരെ ഊർജ്ജിതമായി പ്രവർത്തിച്ചിരുന്നു. ഇസ്ലാമിന്റെ أصول-കൾ, شروط-കൾ, നമസ്ക്കാരത്തിന്റെ أحكام-കൾ, أركان-കൾ, واجب-കൾ, سُنّة-കൾ എന്നിങ്ങനെയുള്ള ദീനിന്റെ എല്ലാ أحكام-കൾ പഠിക്കുന്നതിനും നാട്ടുകാരെല്ലാവരും ദിവസേന പള്ളികളിൽ സുബഹിന് ശേഷവും ഇശാക്ക് ശേഷവും അല്ലാഹു(ﷻ)വെ സംബന്ധിച്ച കാര്യങ്ങളിലും ഇസ്ലാം സംബന്ധമായ കാര്യങ്ങളിലും റസൂൽ(ﷺ)നെ സംബന്ധിച്ച കാര്യങ്ങളിലും റസൂൽ(ﷺ) ഒന്നാമതായി പ്രബോധനം ചെയ്ത കലിമത്തുത്തൗഹീദിനെ സംബന്ധിച്ചും പ്രാർത്ഥന, ജന്തുബലി, നേർച്ച, ഭയം, ഭക്തി എന്നിങ്ങനെ അല്ലാഹു(ﷻ)വിന്നായി മാത്രമല്ലാതെ മറ്റാർക്കും ചെയ്യുവാൻ പാടില്ലാത്ത ഇബാദത്തുകളെ സംബന്ധിച്ചും സംഭാഷണങ്ങൾ നടത്തുന്നതിനും അദ്ദേഹം ഉപദേശിച്ചിരുന്നു. ഇതിന്റെയൊക്കെ ഫലമായി മതകാര്യത്തിൽ ശരിയായ ബോധം സിദ്ധിക്കാത്തവരായി നജ്ദിൽ യാതൊരാളും ശേഷിച്ചിരുന്നില്ല. ചില പ്രത്യേക ആളുകളൊഴിച്ച് മുഴുവൻ ആളുകളും മൂഢൻമാരായിരുന്ന നജ്ദുകാർ ആസകലം ഇന്നുവരെയും മതബോധമുള്ളവരായിത്തന്നെ ഇരിക്കുന്നു. ഇപ്രകാരം ഈ സ്തുത്യർഹമായ വിഷയത്തിൽ

അദ്ദേഹത്തെകൊണ്ട് ജനങ്ങൾക്ക് ഗുണം സിദ്ധിച്ചു.''[4]

### 2. ശെയ്ഖ് മുഹമ്മദ് റശീദ് റിദ്വാ ﷬

ശെയ്ഖ് മുഹമ്മദ് റഷീദ് റിദ്വാ തന്റെ الوهابيون والحجاز എന്ന പ്രബന്ധത്തിന്റെ മുഖവുരയിൽ ഇപ്രകാരം പറയുന്നു:

> ''ശെയ്ഖ് മുഹമ്മദ് ഇബ്നു അബ്ദുൽ വഹാബ് ﷬ ശെയ്ഖുൽ ഇസ്‌ലാം ഇബ്നു തെയ്മിയ്യ ﷬ യുടെ രീതിയിൽ, ജനങ്ങളെ - അവരുടെ ഇടയിൽ പ്രചരിച്ചിരുന്ന ശിർക്കിലും ബിദ്അത്തുകളിലും നിന്ന് പിന്തിരിപ്പിച്ച് - തൗഹീദിന്റെയും സുന്നത്തിന്റെയും പാതയിലേക്ക് നയിച്ച് നജ്ദ് സംസ്ഥാനത്തിലെ ഇസ്‌ലാം ദീനിനെ നവീകരിച്ചിട്ടുള്ള ആളാകുന്നു. അദ്ദേഹത്തിന്റെ പരിശ്രമത്തിന് ശീഘ്രമായ വിജയം സിദ്ധിച്ചത് ആലു സുഊദ് (സുഊദ് കുടുംബം) അദ്ദേഹത്തെ സഹായിക്കുകയും ശത്രുക്കളുടെ ഉപദ്രവങ്ങളിൽ നിന്ന് രക്ഷിക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണ്. ആലു സുഊദ് നജ്ദിലെ മറ്റ് അമീറന്മാരെയും ശെയ്ഖന്മാരെയുംകാൾ പ്രബലമായിരുന്നില്ല. എന്നാൽ അല്ലാഹു ﷻ യുടെ ദീനിനെ സഹായിക്കുവാൻ അല്ലാഹു അവരെ അനുഗ്രഹിച്ചു.''[5]

### 3. ശെയ്ഖ് ഹുസെയ്ൻ ബിനു ഗന്നാം ﷬

മാലികീ പണ്ഡിതനും അറിയപ്പെട്ട കവിയും നജ്ദിന്റെ ചരിത്രകാരനുമായ ശെയ്ഖ് ഹുസെയ്ൻ ബിനു ഗന്നാം ﷬ അദ്ദേഹത്തിന്റെ روضة الأفكار والأفهام، لمرتاد حال الإمام എന്ന ഗ്രന്ഥത്തിൽ പറയുന്നു:

> ''അദ്ദേഹം (ശെയ്ഖ് മുഹമ്മദ് ഇബ്നു അബ്ദുൽ വഹാബ് ﷬) ജനങ്ങൾ അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെ അവർക്ക് പഠിപ്പിക്കുന്ന കാര്യത്തിൽ ഊർജ്ജിതമായി പരിശ്രമിക്കുകയും സകലർക്കും ഒന്നുപോലെ സദുപദേശം ചെയ്യുകയും ചെയ്തിരുന്നു. അദ്ദേഹം ഇസ്‌ലാം മത നിയമങ്ങളെ പ്രചരിപ്പിച്ചു റസൂൽ ﷺ ന്റെ സുന്നത്തിനെ നടപ്പാക്കി. പാപകർമങ്ങളെ ജനങ്ങൾക്ക് വിവരിച്ച് മനസ്സിലാക്കി കൊടുത്തു. ജനഹൃദയങ്ങളെ മൂടിയിരുന്ന ശിർക്കിന്റെ കറകളെ നീക്കി, സംശയങ്ങളെയും തെറ്റിദ്ധാരണകളെയും അകറ്റി. അവർ കൈകൊണ്ടിരുന്ന നടപടികളെ മേലും അവർ വച്ചുകൊണ്ടിരിക്കുന്നതായാൽ

---

4. അല്ലാമ മഹ്മൂദ് ശുക്‌രി ആലൂസി ﷬ യുടെ تاريخ نجد (പേജ്: 120), അവലംബം: വക്കം അബ്ദുൽ ഖാദർ മൗലവി ﷬ യുടെ ضوء الصّباح (പേജ്: 123,124).

5. റശീദ് റിദ്വാ ﷬ യുടെ الوهابيون والحجاز (പേജ്: 6). അവലംബം: വക്കം അബ്ദുൽ ഖാദർ മൗലവി ﷬ യുടെ ضوء الصّباح (പേജ്: 139).

അല്ലാഹുﷻവിന്റെ ശിക്ഷ അവരുടെ മേൽ പതിക്കുമെന്ന് അവരെ ഭയപ്പെടുത്തി. തനിക്ക് മുമ്പ് ഉലമാക്കൾ ചെയ്തത് പോലെ അദ്ദേഹം, സത്യത്തെ മറച്ച് വയ്ക്കുന്നവരെ അവനും [അല്ലാഹുവും] അവന്റെ മലക്കുകളും ജനങ്ങളും لعنة ചെയ്യുമെന്ന് [ശപിക്കുമെന്ന്] ക്വുർആൻ കഠിനമായി ഭയപ്പെടുത്തി പറഞ്ഞിട്ടുള്ളതായ ശിക്ഷക്ക് അർഹനായി തീരരുതെന്നുള്ള ഭയത്താൽ, സത്യത്തെ തുറന്ന് പറഞ്ഞ് തന്റെ കടമയെ നിറവേറ്റി.

നജ്ദുകാരും അവരെപ്പോലെ തന്നെ ശെയ്ഖിന്റെ ഉപദേശങ്ങളെ കൈകൊണ്ട അറബിജസീറയിലെ മറ്റു ജനങ്ങളും, വളരെ അജ്ഞൻമാരും, പിഴച്ച നടപടിക്കാരും, ദരിദ്രന്മാരുമായിരുന്നു എന്നുള്ളത് അവരുടെ സ്ഥിതികളെ ശരിയായി അന്വേഷിച്ചറിഞ്ഞിട്ടുള്ള സകലർക്കും അറിയാവുന്നതാണ്. അവർ ദീൻ കാര്യത്തിൽ ജാഹിലിയ്യാ കാലഘട്ടത്തിലുള്ളവരുടെ നിലയിലായിരുന്നു. അവർ സ്വാലിഹീങ്ങളെ വിളിച്ച് പ്രാർത്ഥിക്കുകയും, ചില വൃക്ഷങ്ങൾക്കും കല്ലുകൾക്കും എന്തോ ചില ശക്തികളുള്ളതായി വിശ്വസിക്കുകയും, ഔലിയാക്കളുടെ ഖബറുകൾക്ക് പ്രദക്ഷിണംവയ്ക്കുകയും ഇവയിൽ നിന്നൊക്കെ അനുഗ്രഹത്തെയും സഹായത്തെയും ആശിക്കുകയും ചെയ്തിരുന്നു. ഇത്തിഹാദിയാക്കളുടെയും[6] ഹലൂലിയാക്കളുടെയും[7] കുഫ്റും ചില സൂഫിയാക്കളുടെ പിഴച്ച സിദ്ധാന്തങ്ങളും അവരുടെയിടയിൽ കുടികൊള്ളുകയും അവയെ അവർ ഈമാനിന്റെ ശാഖകളായും റസൂലിന്റെ നടപടികളായും വിശ്വസിക്കുകയും ചെയ്തിരുന്നു. നമസ്കാരമില്ലായ്ക, സകാത്ത് കൊടുക്കായ്ക, മദ്യപാനം ഇവ യൊക്കെ അവരുടെ ഇടയിൽ സാധാരണയായിരുന്നു. അല്ലാഹുﷻ ശെയ്ഖിന്റെ പ്രബോധനം കൊണ്ട്, ശിർക്കിയായിട്ടുള്ള നടപടികളെയൊക്കെ

6. രണ്ട് വസ്തുക്കൾ അലിഞ്ഞ് ചേർന്ന് ഒന്നാകുന്നതിനാണ് الإتّحاد എന്ന് പറയുന്നത്. ഈ പ്രക്രിയയിലൂടെ ഒരു വസ്തു മാത്രമാണ് അവശേഷിക്കുക. സൃഷ്ടികൾ ദൈവിക സത്തയിൽ അലിഞ്ഞ് ചേരുന്നതിനാണ് സൂഫികളും മറ്റ് അദ്വൈത സൈദ്ധാന്തികരും الإتّحاد എന്നും وحدة الوجود എന്നും പറയുന്നത്. ഇത് ഇസ്ലാം ദീനിൽ നിന്ന് പുറത്ത് പോകുന്ന കുഫ്റിന്റെ വിശ്വാസമാണ്.

7. സൃഷ്ടിയും സ്രഷ്ടാവും രണ്ട് വ്യത്യസ്ത അസ്തിത്വമാണ് എന്ന് അംഗീകരിക്കുന്നതോടൊപ്പം സ്രഷ്ടാവിന്റെ അവതാരമായി ചില സൃഷ്ടികളെ ഇവർ പരിചയപ്പെടുത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈസാ നബിﷺയെ ചില ക്രിസ്ത്യാനികൾ ദൈവിക അവതാരമായി ഗണിക്കുന്നു. അതുപോലെ റാഫിളി ശിയാക്കളിലെ നുസൈ്വരികൾ അലി ബിൻ അബീ താലിബ്ﷺനെ ദൈവിക അവതാരമായി ഗണിക്കുന്നു. ഈ വിശ്വാസവും(الحلول) ഇസ്ലാം ദീനിൽ നിന്ന് പുറത്ത് പോകുന്ന കുഫ്റാണെന്ന കാര്യത്തിൽ സംശയമില്ല. കൂടുതൽ അറിയാൻ ശെയ്ഖ് മുഹമ്മദ് ബിൻ ഇബ്രാഹീം അൽഹമദ്حفظه اللهയുടെ مصطلحات في كتب العقائد എന്ന കൃതിയിലെ പേജ്: 40-47 നോക്കുക.

നശിപ്പിച്ചു. കുഫ്റിന്റെ എടുപ്പുകളെയല്ലാം ഇടിച്ച് പൊടിച്ചു.....''[8]

## ഇന്ത്യയിൽ അദ്ദേഹത്തിന്റെ സ്വാധീനം

ശെയ്ഖുൽ ഇസ്‌ലാം ഇബ്നു തെയ്മിയ്യﷺയുടെ ദഅ്‌വത്തിന്റെ സ്വാധീനത്താൽ പല ഇന്ത്യൻ പണ്ഡിതന്മാരും ജനങ്ങളെ പരിശുദ്ധ തൗഹീദിലേക്ക് ക്ഷണിച്ചിരുന്നു.[9] അതിനാൽ തന്നെ ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്ﷺയുടെ ഗ്രന്ഥങ്ങൾ ഇന്ത്യയിൽ വേണ്ടത്ര പ്രചാരം സിദ്ധിച്ചിരുന്നില്ല.എന്നാൽ ശെയ്ഖിന്റെ ദഅ്‌വത്ത് ഉൾകൊണ്ട നജ്ദിലെ പല പണ്ഡിതരും ഇസ്‌ലാമിക വിജ്ഞാനം തേടി ഇന്ത്യയിൽ വന്നിരുന്നു. ഇവർ ശെയ്ഖിന്റെ ദഅ്‌വത്തിനെ കുറിച്ചും ജനങ്ങളുടെ ഇടയിൽ പ്രചാരത്തിലുണ്ടായിരുന്ന അടിസ്ഥാനരഹിത വാദങ്ങളുടെ സത്യാവസ്ഥയെകുറിച്ചും അന്നത്തെ പണ്ഡിതരെ ധരിപ്പിച്ചു. അവരിൽ പ്രമുഖനാണ് ശെയ്ഖ് സഅ്ദ് ബിൻ ഹമദ് ബിൻ അതീഖ്ﷺ (മരണം ഹി:1349)[10].

8. ശെയ്ഖ് ഹുസൈയ്ൻ ബിനു ഗന്നാംﷺയുടെ روضة الأفكار والأفهام لمرتاد حال الإمام. അവലംബം: വക്കം അബ്ദുൽ ഖാദർ മൗലവിﷺയുടെ ضوء الصّباح എന്ന കൃതിയിൽ (പേജ്: 117-119).

9. SV Media & Publishing പുറത്തിറക്കിയ അൽഅഖീദത്തുൽ വാസിതിയ്യയുടെ ഒന്നാം പതിപ്പ്, പേജ് 31 - 34 കാണുക.

10. നജ്ദിൽ നിന്ന് തൗഹീദിന്റെ ബാലപാഠങ്ങൾ ഉൾകൊണ്ട പണ്ഡിതനായിരുന്നു ഇദ്ദേഹം. ഇന്ത്യയിലെ അഹ്‌ലെ ഹദീസ് പ്രസ്ഥാനത്തിന്റെ സ്ഥാപകരായി അറിയപ്പെടുന്ന അല്ലാമ നദീർ ഹുസെയ്ൻ അദ്ദഹ്‌ലവിﷺ, ശെയ്ഖ് ഹുസെയ്ൻ ബിൻ മുഹ്സിൻ അൽഅൻസ്വാരിﷺ*, നവാബ് സിദ്ദീഖ് ഹസ്സൻ ഖാൻ അൽഖനൂജിﷺ എന്നിവരുടെ കീഴിൽ മൂന്ന് വർഷം (ഹി:1301 -1304) പഠിച്ചു. ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്ﷺയുടെ ദഅ്‌വത്തിന്റെ കാതലായ ചില വിഷയങ്ങളെ സംബന്ധിച്ച് അദ്ദേഹത്തോട് ഇന്ത്യയിലെ പണ്ഡിതർ വിശദീകരണം ആവശ്യപ്പെട്ടപ്പോൾ മഹാനവർകൾ(ഹി:1302-ൽ) രചിച്ച ഗ്രന്ഥമാണ് عقيدة الطائفة النجدية في توحيد الألوهية. അദ്ദേഹം ആദരവോടെ എന്നും സ്മരിച്ചിരുന്ന പണ്ഡിതനായിരുന്നു അല്ലാമ നദീർ ഹുസെയ്ൻﷺ. വിവിധ വിജ്ഞാന മേഖലയിൽ മഹാനവർകൾക്ക്, അല്ലാമ നദീർ ഹുസെയ്ൻﷺ, നവാബ് സിദ്ദീഖ് ഹസ്സൻ ഖാൻ അൽഖനൂജിﷺ, അല്ലാമ ബഷീർ സുഹ്സവാനിﷺ, എന്നിവരുടെ സമ്മതപത്രം ലഭിച്ചിരുന്നു. സഊദി അറേബ്യയിലെ മുൻ മുഫ്തിമാരായ ശെയ്ഖ് മുഹമ്മദ് ബിൻ ഇബ്രാഹീം ആലു ശെയ്ഖ്ﷺ , ശെയ്ഖ് അബ്ദിൽ അസീസ് ബിൻ ബാസ്ﷺ എന്നിവർ മഹാനവർകളുടെ ശിഷ്യരാണ്.

* (ഇദ്ദേഹം യമനിൽ നിന്നുള്ള പണ്ഡിതനായിരുന്നു. നവാബ് സിദ്ധീഖ് ഹസ്സൻ ഖാൻﷺയുടെ ഗുരുനാഥനും, ഭോപ്പാൽ എന്ന രാജ്യത്തെ ഖാദിയുമായിരുന്നു. മഹാനവർകളെ ഭോപ്പാലിലെ ഭരണാധികാരി ഖാളിയുടെ ജോലിക്കായി യമനിൽ നിന്ന് ക്ഷണിച്ച് കൊണ്ടുവന്നതായിരുന്നു.)

1317-ൽ പഞ്ചാബ് പ്രവിശ്യയിലെ അമൃതസറിൽ നിന്ന് ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്ﷺയുടെ കിതാബുത്തൗഹീദിന്റെ شرح(വിവരണം) പൂർണമായി പ്രസിദ്ധീകരിക്കപ്പെട്ടു.

ഗ്രന്ഥത്തിന്റെ പേര്: فتح الله الحميد المجيد في شرح كتاب التوحيد

ഇതിന്റെ വിവരണം നിർവഹിച്ചത് ശെയ്ഖ് ഹാമിദ് ബിൻ മുഹമ്മദ് ബിൻ ഹസൻ ബിൻ മുഹ്സിനാﷺണ്. കിതാബുത്തൗഹീദിന്റെ വിവരണങ്ങളിൽ സമ്പൂർണമായി പ്രസിദ്ധീകരിക്കപ്പെട്ട ആദ്യത്തെ വ്യാഖ്യാനമാണിതെന്ന് ഇതിന്റെ പുതിയ പതിപ്പിന്റെ ആമുഖത്തിൽ ശെയ്ഖ് ബകർ അബൂ സെയ്ദ്ﷺ പറയുന്നുണ്ട്. ഈ വിവരണം നിർവഹിച്ച പണ്ഡിതൻ ഇന്നത്തെ യു.എ.ഇയിലെ ഷാർജ സ്വദേശിയാണ് എന്ന് ശെയ്ഖ് ബകർﷺ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ അദ്ദേഹത്തെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അജ്ഞാതമാണ്.[11]

നവാബ് സിദ്ദീഖ് ഹസ്സൻ ഖാൻ അൽഖനൂജിﷺയുടെ കാലഘട്ടത്തിൽ ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബിന്റെﷺ ദഅ്വത്തിനെ പ്രോത്സാഹിപ്പിച്ചവരെ അന്നത്തെ സൂഫികളും ബിദ്അത്തിന്റെ കക്ഷികളും എതിർത്തിരുന്നു. അവർ ബ്രിട്ടിഷ് സാമ്രാജ്യത്തിനെതിരെയുള്ള വക്താക്കളായി ചിത്രീകരിക്കപ്പെട്ടിരുന്നു. ഈ ഒരു പശ്ചാത്തലത്തിലാണ് ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്ﷺയെ കുറിച്ച് നവാബ് സിദ്ദീഖ് ഹസ്സൻ ഖാൻﷺ ഇപ്രകാരം പറഞ്ഞത്:

وبعض الناس يزعم أنه يعتقد اعتقادَ الخوارج، وما أظن أن ذلك صحيح. فإن صاحبَ نجد وجميعَ أتباعه يعملون بما يعلمون من محمد بن عبد الوهاب، وكان حنبليًا، ثم طلب الحديث بالمدينة المشرفة، فعاد إلى نجد، وصار يعمل باجتهادات جماعة من متأخري الحنابلة؛ كابن تيمية، وابن القيم، وأضرابهما، وهم من أشد الناس على معتقدي الأموات، وقد رأيت كتابًا من صاحب نجد الذي هو الآن صاحب تلك الجهات، أجاب به على بعض أهل العلم، وقد كاتبه وسأله بيان ما يعتقده.

فرأيت جوابه مشتملاً على اعتقاد حسن موافق الكتاب والسنة، والله أعلم بحقيقة الحال، وأما أهل مكة، فصاروا يكفِّرونه، ويطلقون عليه اسم: الكافر.

---

11. ശെയ്ഖ് ഹാമിദ് ബിൻ മുഹമ്മദ് ബിൻ ഹസൻ ബിൻ മുഹ്സിൻﷺയുടെ فتح الله الحميد المجيد في شرح كتاب التوحيد പേജ്:6 നോക്കുക. ഇദ്ദേഹം രചിച്ച ഈ ഗ്രന്ഥം ഇന്ത്യയിൽ നിന്നാണ് ആദ്യമായി പ്രസിദ്ധീകരിച്ചത് എന്നത് അറിയപ്പെട്ട കാര്യമാണ്. അല്ലാമ നദീർ ഹുസെയ്ൻ അദ്ദഹ്ലവിﷺ, അല്ലാമ ബഷീർ സുഹ്സുവാനിﷺ, എന്നിവർ ഈ കൃതി പുറത്തിറങ്ങിയപ്പോൾ ജീവിച്ചിരിപ്പുണ്ട്.

''അദ്ദേഹം(നജ്ദിന്റെ ഭരണാധികാരി) ഖവാരിജുകളുടെ വിശ്വാസം വെച്ചുപുലർത്തുന്നു എന്ന് ജനങ്ങളിൽ ചിലർ ജൽപിക്കുന്നു. എന്നാൽ ഈ ജൽപനം ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കാരണം നജ്ദിന്റെ ഭരണാധികാരിയും അദ്ദേഹത്തിന്റെ മുഴുവൻ അനുയായികളും മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബിൽ നിന്ന് മനസിലാക്കിയതനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ശെയ്ഖാകട്ടെ ഹമ്പലി മദ്ഹബുകാരനായിരുന്നു. പിന്നീട് വിശുദ്ധ മദീനയിൽ വെച്ച് ഹദീഥ് പഠിച്ചു. അനന്തരം നജ്ദിലേക്ക് മടങ്ങുകയും ഇബ്നു തെയ്മിയ്യ, ഇബ്നുൽക്വയ്യിം പോലുള്ള പിൽകാല ഹമ്പലീ കർമശാസ്ത്ര പണ്ഡിതരുടെ ഗവേഷണമനുസരിച്ച് പ്രവർത്തിച്ചു.

മരിച്ച് മൺമറഞ്ഞവരിൽ വിശ്വാസം വെച്ചുപുലർത്തുന്നവർക്കെതിരിൽ കടുത്ത നിലപാടുകാരാണവർ. ഈ ഭാഗങ്ങളുടെ ഭരണാധികാരിയായ നജ്ദുകാരനിൽ നിന്ന് ഒരു ഗ്രന്ഥം ഞാൻ കാണുകയുണ്ടായി. തന്റെ വിശ്വാസത്തെ കുറിച്ചുള്ള വിവരണം ആവശ്യപ്പെടുകയും എഴുത്തുകുത്ത് നടത്തുകയും ചെയ്ത ചില പണ്ഡിതന്മാർക്ക് ആ ഗ്രന്ഥം കൊണ്ടാണ് അദ്ദേഹം മറുപടി നൽകിയത്. വിശുദ്ധ ക്വുർആനിനും തിരുസുന്നത്തിനും യോജിച്ച ഉത്തമമായ വിശ്വാസം ഉൾക്കൊണ്ട മറുപടിയായി അദ്ദേഹത്തിന്റെ മറുപടിയെ ഞാൻ കാണുകയുണ്ടായി. നിജസ്ഥിതി അല്ലാഹുവിന്നറിയാം. എന്നാൽ മക്കാ നിവാസികൾ അദ്ദേഹത്തെ കാഫിറാക്കുകയും കാഫിർ എന്ന് അദ്ദേഹത്തെ വിളിക്കുകയുമുണ്ടായിട്ടുണ്ട്.''[12]

നവാബ് സിദ്ദീഖ് ഹസ്സൻ ഖാൻﷺയുടെ പണ്ഡിതസഭയിലെ പ്രമുഖനായ അല്ലാമ മുഹമ്മദ് ബഷീർ സുഹ്സുവാനിﷺ ഹജ്ജിനു പോയ സന്ദർഭത്തിൽ മക്കയിലെ തൗഹീദി ആദർശത്തിന്റെ വിരോധിയായ സെയ്നി ദഹ്ലാനുമായി തൗഹീദിന്റെ വിഷയത്തിൽ സംവദിക്കുകയും തെളിവുകൾ സമർത്ഥിക്കുകയും ചെയ്തു. പിന്നീട് ഇന്ത്യയിലേക്ക് മടങ്ങിയതിനു ശേഷം صيانة الإنسان عن وسوسة الشيخ دحلان എന്ന ഗ്രന്ഥം രചിക്കുകയും ചെയ്തു. അദ്ദേഹം സ്വന്തം പേരിലല്ല ഈ കൃതി അന്ന് പുറത്തിറക്കിയത്.[13] ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്ﷺ മുന്നോട്ടുവെച്ച തൗഹീദി പ്രബോധനത്തെ അംഗീകരിക്കുകയും

12. നവാബ് സിദ്ദീഖ് ഹസ്സൻ ഖാൻ അൽഖനൂജിﷺയുടെ التاج المكلل من جواهر مآثر الطراز الآخر والأول പേജ്:326 നോക്കുക.

13. അന്നത്തെ പ്രത്യേക സഹചര്യം കണക്കിലെടുത്താവണം മഹാനവർകൾ ഈ കൃതി അല്ലാമ അബ്ദുല്ല ബിൻ അബ്ദുറഹ്മാൻ ബിൻ അബ്ദുറഹീം അസ്സിന്ദിയുടെ പേരിൽ പുറത്തിറക്കിയത്. صيانة الإنسان عن وسوسة الشيخ دحلان എന്ന കൃതിയുടെ മുഖവുരയിൽ ശെയ്ഖ് റശീദ് റിളﷺയുടെ വാക്കുകൾ നോക്കുക. പേജ്: 14.

ശെയ്ഖിന്റെ ദഅ്വത്തിനെ പിന്തുണക്കുകയുമാണ് പ്രസ്തുത ഗ്രന്ഥത്തിൽ അദ്ദേഹം ചെയ്തത്.

ശെയ്ഖിന്റെ ഗ്രന്ഥങ്ങൾക്കുള്ള പ്രചാരത്തേക്കാളുപരി അദ്ദേഹത്തിന്റെ ദഅ്വത്ത് മുന്നോട്ടുവെച്ച തൗഹീദും, ഇസ്‌ലാമിക അദ്ധ്യാപനങ്ങളും ഇന്ത്യയിലെ മറ്റ് മുസ്‌ലിം പണ്ഡിതർപോലും സ്വാഗതം ചെയ്തിരുന്നു. അദ്ദേഹത്തിനെതിരെയുള്ള ആക്ഷേപങ്ങളുടെ സത്യാവസ്ഥ അവർ തുറന്ന് കാട്ടിയിരുന്നു. അവരിൽ പ്രമുഖരാണ് മൗലാന സയ്യിദ് സുലെയ്മാൻ നദ്‌വി, മൗലാന മസ്ഊദ് ആലം നദ്‌വി, മൗലാന മുഹമ്മദ് മൻസൂർ അന്നുഅ്മാനി, മൗലാന ഹുസെയ്ൻ അഹ്മദ് മദനി, മൗലാന റശീദ് അഹ്മദ് ഗംഗോഹി, മൗലാന ഖലീൽ അഹ്മദ് സഹ്റാൻപൂരി എന്നിവർ.[14]

### വിമർശകർ

സത്യദീനിന്റെ പ്രബോധനത്തിലേർപ്പെട്ട വ്യക്തിയായതിനാൽ തന്നെ ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്ﷺക്ക് ധാരാളം വിമർശകരുണ്ടായിരുന്നു. അവരെ ചുരുങ്ങിയ പക്ഷം മൂന്നായി തരം തിരിക്കാം.

### 1. ആദർശ വിരോധികൾ

ഇസ്‌ലാമിന്ന് അന്യമായ ആദർശങ്ങളും ആചാരങ്ങളും വെച്ചുപുലർത്തിയിരുന്നവരായിരുന്നു ഇവർ. തൗഹീദിന്ന് വിരുദ്ധമായ ശിർക്കിന്റേയും, സുന്നത്തിന്ന് വിരുദ്ധമായ ബിദ്അത്തിന്റേയും വക്താക്കളായിരുന്നു ഇക്കൂട്ടർ. ശെയ്ഖിന്റെ കാലത്തും അത് പോലെ തുടർന്നുള്ള കാലഘട്ടങ്ങളിലും ഇവർ ഇസ്‌ലാമിക വിരുദ്ധമായ പല ആശയങ്ങളും മുന്നോട്ട് വെച്ചു. ഇവക്കെല്ലാം അക്കാലഘട്ടത്തിലെ അഹ്ലുസുന്നയുടെ പണ്ഡിതർ പ്രമാണബദ്ധമായ മറുപടി നൽകുകയും ചെയ്തിരുന്നു. ദാവൂദ് ബിൻ സുലെയ്മാൻ ബിൻ ജർജീസ് അൽബഗ്ദാദി(മ: ഹി:1299), മക്കയിലെ ശാഫിഇകളുടെ മുഫ്തിയായ അഹ്മദ് ബിൻ സെയ്നി ദഹ്ലാൻ (മ: ഹി:1304), യൂസുഫ് നബഹാനി (മ: ഹി:1350), ഹുസെയ്ൻ ഹിൽമി ഈശീഖ് (മ: ഹി:1422) എന്നിവർ അവരിൽ ചിലരാണ്.

### 2. രാഷ്ട്രീയ വിരോധികൾ

രാഷ്ട്രീയമായ മുന്നേറ്റത്തെ ഭയന്ന്കൊണ്ട് ബ്രിട്ടിഷ് സാമ്രാജ്യവും അതുപോലെ തുർക്കിയിലെ ഉഥ്മാനിയ്യ ഖിലാഫത്തിന്റെ വക്താക്കളും ശെയ്ഖിന്റെ

14. ദഅ്വ ബുക്സ് പ്രസിദ്ധീകരിച്ച ഈ. യൂസുഫ് സാഹിബ് നദ്‌വിയുടെ ''നവോത്ഥാന ചരിത്രത്തിലെ വഹ്ഹാബി സാന്നിദ്ധ്യം'' എന്ന പുസ്തകം പേജ്: 131 – 147 നോക്കുക.

ദഅ്വത്തിനെ എതിർത്തു. അതിനാൽ തന്നെ ഉഥ്മാനിയ്യ ഖിലാഫത്തിന്റെ ഭരണാധികാരികൾ അദ്ദേഹത്തിനെതിരെ മുസ്‌ലിം സാമാന്യ ജനത്തെ ഇളക്കി വിടുവാനായി പല തന്ത്രങ്ങളും പയറ്റിയിരുന്നു.

ബ്രിട്ടിഷ് സാമ്രാജ്യശക്തികളാകട്ടെ, നവാബ് സിദ്ദീഖ് ഹസ്സൻ ഖാൻ ﵀ പോലെയുള്ള ഇന്ത്യയിലെ അഹ്‌ലുസുന്നയുടെ പണ്ഡിതരെ വഹ്ഹാബികൾ എന്നാരോപിച്ച് അവരുടെ പ്രബോധനത്തെ എതിർത്തു. ഇക്കാരണത്താൽ അപരനാമങ്ങളുപയോഗിച്ചാണ് അക്കാലഘട്ടത്തിലെ പല പ്രമുഖ പണ്ഡിതരും ശെയ്ഖിന്റെ ദഅ്വത്തിനെ പിന്തുണച്ചെഴുതിയിരുന്നത്.

### 3. ആദർശ-രാഷ്ട്രീയ വിരോധികൾ

രാഷ്ട്രീയ ആധിപത്യവും ആദർശ വിരോധവും സമന്വയിപ്പിച്ച് ശെയ്ഖിന്റെ പ്രബോധനത്തിനെതിരിൽ നടപടികൾ സ്വീകരിച്ചവരാണ് ഓറിയന്റലിസ്റ്റുകൾ.

ഡെന്മാർക്കിലെ രാജാവിന്റെ ആജ്ഞപ്രകാരം അറേബ്യയിലൂടെ (ക്രി. വ 1760-കളിൽ) സഞ്ചരിച്ച വ്യക്തിത്വമാണ് കാർസ്റ്റൻ ന്യൂബർ. അദ്ദേഹത്തിന്റെ കൃതിയാണ് Travels through Arabia and other countries in the East. ശെയ്ഖിന്റെ ദഅ്വത്തിനെ കുറിച്ച് യൂറോപ്യൻ രാജ്യങ്ങൾക്ക് ആദ്യമായി വിവരണം നൽകിയത് ന്യൂബറാണ്. പിൽകാലക്കാരായ പല ഓറിയന്റലിസ്റ്റ് എഴുത്തുകാർക്കും അവലംബം ഈ രചനയായിരുന്നു. സൂക്ഷ്മ പരിശോധനകളോ ഗവേഷണങ്ങളോ പ്രയോജനപ്പെടുത്താതെ കേവലം കേട്ട്കേൾവി മാത്രം അവലംബമാക്കി എഴുതപെട്ടതായിരുന്നു അത്. അതിനാൽ തന്നെ ശെയ്ഖിന്റെ ദഅ്വത്തിനെ കുറിച്ച് പല തെറ്റായ ധാരണകളും ഈ കൃതിയിൽ ന്യൂബർ കുറിച്ചിട്ടു. അതിൽപെട്ട ഒന്നിന് വക്കം അബ്ദുൽ ഖാദർ മൗലവി﵀ അദ്ദേഹത്തിന്റെ ضوء الصّباح എന്ന കൃതിയിലൂടെ മറുപടി നൽകുന്നുണ്ട്. അതിപ്രകാരമാണ് :

> ''ഡന്മാർക്കുകാരനായ ന്യൂബർ എന്ന സഞ്ചാരി എഴുതിയിട്ടുള്ള ഒരു പുസ്തകത്തിൽ അറേബ്യയിൽ മുഹമ്മദ് ബിൻ അബ്ദുൽ വഹ്ഹാബ് സ്ഥാപിച്ചിട്ടുള്ള 'ഒരു പുതിയ മതം' പ്രചരിച്ച് വരുന്നു എന്ന് പറഞ്ഞിട്ടുള്ളതിനെ സംബന്ധിച്ച് അല്ലാമ സുലൈമാൻ നദ്‌വി﵀ 1925 ജനുവരിയിലെ മആരിഫിൽ പറഞ്ഞിട്ടുള്ളതിന്റെ സംഗ്രഹമാണിത്.
>
> > ''ഈ കൂട്ടരുടെ പ്രബോധനം പുതിയ ഒന്നല്ല. അവർ ഗ്രീക്കുകാരുടെയും പേർഷ്യക്കാരുടെയും തത്ത്വജ്ഞാനങ്ങളുടെ സങ്കലന ഹേതുവായി ഇസ്‌ലാമിന്റെ മൂലതത്വങ്ങൾക്കും വിശ്വാസങ്ങൾക്കും സംഭവിച്ച കളങ്കത്തെ മാറ്റി അവയെ വീണ്ടും പൂർവരൂപത്തിൽ പ്രകാശിപ്പിക്കുകയും അല്ലാഹു ﷻ യുടെ തൗഹീദിനെ പ്രചരിപ്പിക്കുകയുമാണ് ചെയ്യുന്നത്.''

ന്യൂബർ ഇതൊരു പുതിയമതമാണെന്നും ഇതിന്റെ സ്ഥാപകൻ ഒരു പുതിയ ദീർഘദർശിയാണെന്നും പറഞ്ഞിട്ടുള്ളത് അബദ്ധമാകുന്നു. അദ്ദേഹം പഴയ ഇസ്‌ലാം മതത്തിന്റെ ഒരു പ്രബോധകനും, അദ്ദേഹത്തിന്റെ പ്രബോധനം അനേകം ശതാബ്ദങ്ങൾക്ക് മുമ്പുണ്ടായിരുന്ന അതേ പ്രബോധനവുമാകുന്നു. അദ്ദേഹം ഇമാം ഇബ്നു തെയ്മിയ്യ ﷺ ചെയ്തിരുന്ന പ്രബോധനത്തെ ഒന്നു കൂടി ലോകസമക്ഷം കൊണ്ടുവരികയാണ് ചെയ്തിട്ടുള്ളത്. ഇമാം ഇബ്നു തെയ്മിയ്യ ﷺ എട്ടാം നൂറ്റാണ്ടിൽ ശെയ്ഖ് പൂജ, ഖബർ പൂജ മുതലായവയാൽ ഇസ്‌ലാമിനെ ബാധിച്ചിരുന്ന കളങ്കത്തെ ദുരീകരിക്കുവാൻ യത്നിച്ചിരുന്നു. അദ്ദേഹം കാരാഗൃഹത്തിൽ അടയ്ക്കപ്പെടുകയും അദ്ദേഹത്തിന്റെ പ്രബോധനം അമർത്തപ്പെടുകയും ചെയ്തുവെങ്കിലും ആ തീപ്പൊരി അഞ്ഞൂറ് വർഷത്തിന് ശേഷം വീണ്ടും പ്രകാശിക്കുവാൻ തുടങ്ങി.”[15][16]

### കേരളത്തിൽ

ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ് ﷺ, ശെയ്ഖുൽ ഇസ്‌ലാം ഇബ്നു തെയ്മിയ്യ ﷺ എന്നിവരെ കുറിച്ച് കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്ന അസത്യങ്ങൾ ആദ്യമായി തുറന്ന് കാട്ടിയത് വക്കം അബ്ദുൽ ഖാദർ മൗലവി ﷺയാണ്. ഇതിനായി അദ്ദേഹം അറബി-മലയാളം ലിപിയിൽ എഴുതിയ പുസ്തകമാണ് ضوء الصّباح على اماي التجديد والإصلاح.

പ്രസ്തുത പുസ്തകത്തിൽ ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ് ﷺയെ കുറിച്ച് ഉന്നയിക്കപ്പെട്ട ഒരു ആരോപണവും അതിനദ്ദേഹം നൽകിയ മറുപടിയും താഴെ ചേർക്കുന്നു.

<u>ആക്ഷേപം</u>

മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബിന്റെ സഹോദരൻ, സുലൈമാൻ ബിൻ അബ്ദിൽ വഹ്ഹബ് അവർകൾ, ഇയാളുടെ നടപടിദോഷങ്ങളെ ശേഖരിച്ച് വച്ചിട്ടുള്ള ഒരാളാണ്.

ഒരിക്കൽ സുലൈമാൻ തന്റെ സഹോദരനോട് ഇസ്‌ലാം മതത്തിന്റെ തൂണുകൾ

15. വക്കം അബ്ദുൽ ഖാദർ മൗലവി ﷺയുടെ ضوء الصّباح പേജ്: 132-133.

16. യൂറോപ്യൻ എഴുത്തുകാരിൽ ശെയ്ഖിന്റെ ദഅ്‌വത്ത് സത്യസന്ധമായി വിവരിച്ചവരിൽപെട്ടവരാണ് ജോൺ ലൂയിസ് ബർക്കാർട്ട്(മരണം: ക്രി.വ 1817) അദ്ദേഹത്തിന്റെ Notes on the Bedouins and Wahábys എന്ന കൃതിയും, സർ ഹർഫോർഡ് ജോൺസ് ബ്രിഡ്ജസ്(മരണം: ക്രി.വ 1847) അദ്ദേഹത്തിന്റെ A brief history of the Wahauby എന്ന കൃതിയും.

എത്രയെന്ന് ചോദിച്ചതിന് പറഞ്ഞ മറുപടി ''തൂണുകൾ അഞ്ചുണ്ട്'' എന്നാണ്. ''നിന്നെ അനുഗമിക്കാത്തവർ മുസ്‌ലിമല്ല എന്ന് നീ പറഞ്ഞത് ആറാമത്തെ തൂണാണല്ലോ'' എന്ന് സുലൈമാൻ പറഞ്ഞിട്ടുണ്ട്. അന്ന് മുതൽ മുഹമ്മദ് ബിൻ അബ്ദുൽ വഹ്ഹാബിനെ ആറുമതക്കാരനായിട്ടാണ് ഗണിച്ച് പോന്നിരുന്നത്.

<u>സമാധാനം</u>

ഒരാളുടെ സഹോദരൻ ആയാളോട് യോജിക്കാതെയിരിക്കുന്നതും ആയാൾ പിഴച്ചയാളാണെന്നുള്ളതിന് ഒരു തെളിവാണെന്ന് മി: യൂനുസ് (ലഘുലേഖാ കർത്താവ്) വിശ്വസിച്ചിരിക്കുന്നത് പോലെ തോന്നുന്നു. സഹോദരൻ പിഴക്കുവാൻ പാടില്ലെന്നായിരിക്കുമോ അദ്ദേഹത്തിന്റെ അഭിപ്രായം? ഇത് ഇവിടെ പ്രധാനപ്പെട്ട ഒരു വിഷയമല്ല. എങ്കിലും വാസ്തവം വെളിപ്പെടുത്തുന്നതിനായി ശെയ്ഖ് സുലൈമാനെ സംബന്ധിച്ച് രണ്ട് വാക്ക് ഇവിടെ പറഞ്ഞുകൊള്ളട്ടെ.

ശെയ്ഖ് സുലൈമാൻ ശെയ്ഖിന്റെ വിരോധികളുടെ സംഘത്തിലായിരുന്നു എന്നുള്ളത് സത്യം തന്നെ. അദ്ദേഹം ശെയ്ഖിനു വിരോധമായി ഒരു രിസാലയും എഴുതിയിട്ടുണ്ടായിരുന്നു. എന്നാൽ അവസാനം കാര്യം ഗ്രഹിച്ചപ്പോൾ അദ്ദേഹം പശ്ചാത്തപിച്ച്, ശെയ്ഖിന്റെ വിരോധികളുടെ കൂട്ടത്തിൽ നിന്ന് മാറി അദ്ദേഹത്തിന്റെ അനുയായികളുടെ സംഘത്തിൽ ചേരുകയാണു ചെയ്തിട്ടുള്ളത്. دُرَرُ السَّنِيَّةയുടെ رَدّ[മറുപടി] ആയ صيانة الانسان عن وسوسة الشيخ دحلان എന്ന കിതാബിൽ ഇപ്രകാരം പറയുന്നു:

"نعم قد كان أخوه سليمان في أول الأمر كما قال هذا القائل، ثم رجع عن مذهبه الأول وندم على ما فرط من الضلال والطغيان، كما يلوح من كتابه الذي كتب إلى أحمد بن محمد التويجري وأحمد ومحمد ابني عثمان بن شبانة

''അതേ ശെയ്ഖിന്റെ സഹോദരൻ സുലൈമാൻ, ആദ്യം ഈ മനുഷ്യൻ പറഞ്ഞ വിധത്തിൽതന്നെ ആയിരുന്നു. എന്നാൽ അദ്ദേഹം പിന്നീട് പശ്ചാത്തപിച്ച് തന്റെ പിഴച്ച മാർഗത്തിൽ നിന്ന് പിൻമാറുകയാണ് ചെയ്തിട്ടുള്ളതെന്ന സംഗതി അദ്ദേഹം(സുലൈമാൻ) അഹ്മദ് ബിൻ മുഹമ്മദ് അത്തുവൈജിരി എന്ന ആൾക്കും ഉസ്മാൻ ബിൻ ഷുബാനയുടെ മക്കൾ മുഹമ്മദ്, അഹ്മദ് എന്നീ രണ്ടു പേർക്കും അയച്ചിട്ടുള്ള എഴുത്തിൽ നിന്ന് തന്നെ കാണാവുന്നതാണ്.

ഇതിൽ പറയപ്പെട്ടിരിക്കുന്ന എഴുത്തിന്റെ ഒരു ഭാഗം കൂടി ഇവിടെ കാണിക്കാം:

"ولكن يا إخواني معلومكم ما جرى منا من مخالفة الحق واتباعنا سبل الشيطان ومجاهدتنا في الصد عن اتباع سبل الهدى، والآن معلومكم لم يبق من أعمارنا إلا اليسير، والأيام معدودة، والأنفاس

محسوبة، والمأمول منا أن نقوم لله، ونفعل الهدى أكثر ما فعلنا مع الضلال، وأن يكون ذلك لله وحده لا شريك له، لا لما سواه، لعل الله سبحانه يمحو عنا سيئات ما مضى وسيئات ما بقي"

‘‘.....എന്നാൽ എന്റെ സഹോദരങ്ങളെ! സത്യത്തിൽ നിന്ന് വിപരീതമായി നമ്മിൽ നിന്നുണ്ടായിപോയിട്ടുള്ള കാര്യങ്ങളേയും ശെയ്ത്താന്റെ വഴിയെ നാം പിന്തുടർന്നതും സത്യമാർഗത്തെ പിൻതുടർന്നവരെ തടുക്കുവാൻ ശ്രമിച്ചതുമൊക്കെ നിങ്ങൾക്കറിയാമല്ലോ. ഇപ്പോഴാകട്ടെ നമ്മുടെ ആയുസ്സിൽ ഇനി അൽപമേ ശേഷിച്ചിട്ടുള്ളൂ. നമുക്ക് കാലം കുറച്ചേയുള്ളൂ. അതിനാൽ ഇനി നാം അല്ലാഹുﷻക്കുവേണ്ടി ജീവിക്കണമെന്നും, പിഴച്ച വഴിയിൽ നാം പ്രവൃത്തിച്ച് പോയിട്ടുള്ളതിലധികം സത്യമാർഗത്തിൽ പ്രവൃത്തിക്കണമെന്നുമാണ് ആഗ്രഹം. അത് യാതൊരു شَرِيكُ[പങ്കുകാരനു]മില്ലാത്തവനായ അല്ലാഹുവിന് മാത്രമായിട്ടല്ലാതെ മറ്റൊന്നിനുമായിട്ടായിരിക്കയുമരുത്. എന്നാൽ നമ്മുടെ പക്കൽ നിന്നുണ്ടായിപ്പോയിട്ടുള്ളതും ഇനി ഉണ്ടാകുന്നതുമായ കുറ്റങ്ങളെ അവൻ ക്ഷമിച്ചുതരുമെന്നാശിക്കുന്നു......................’’[17]

## ‘വഹ്ഹാബി’ എന്ന നാമകരണത്തെ കുറിച്ച് വക്കം മൗലവിؒ

‘‘......അദ്ദേഹത്തിന്റെ ശത്രുക്കൾ അദ്ദേഹത്തിന്റെ അനുയായികൾക്ക് വഹ്ഹാബിയത്ത് എന്ന് പേർ കൊടുത്തിരിക്കുന്നു. ഈ പേര് തന്നെ തെറ്റാകുന്നു. വാസ്തവത്തിൽ ശെയ്ഖ് മുഹമ്മദിനോടാണ് അവരെ സംബന്ധിച്ച് പറയേണ്ടത്, അദ്ദേഹമാണ് അവരെക്കൊണ്ട് അവരുടെയിടയിൽ നടന്നിരുന്ന ബിദ്അത്തുകളെ ഉപേക്ഷിക്കുവാനും സുന്നത്തുകളെ അനുസരിക്കുവാനും പരിശ്രമിച്ചിട്ടുള്ളത്.................’’[18][19]

കേരളത്തിലെ അറിയപ്പെട്ട മറ്റൊരു പണ്ഡിതനാണ് കെ.എം മൗലവിؒ, അദ്ദേഹത്തിന്റെ ഫത്വകളിലും ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബിന്റെؒ രചനകളുടെ സ്വാധീനം കാണാവുന്നതാണ്. തൗഹീദിന്റെ വാദങ്ങൾ സ്ഥാപിക്കുന്നതിന്, ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്ؒയുടെ كتاب التوحيد ന്റെ വിവരണമായ فتح المجيد-ൽ നിന്നും കെ.എം മൗലവിؒ

17. വക്കം അബ്ദുൽ ഖാദർ മൗലവിؒയുടെ ضوء الصّباح على امامي التجديد والإصلاح എന്ന പുസ്തകം (പേജ് 144 -146).

18. വക്കം അബ്ദുൽ ഖാദർ മൗലവിؒയുടെ ضوء الصّباح (പേജ്: 120) എന്ന കൃതിയിൽ നിന്ന്.

19. അബ്ദുൽ വഹ്ഹാബ് എന്ന നാമം അദ്ദേഹത്തിന്റെ പിതാവിന്റെ പേരാകുന്നു. മുഹമ്മദ് എന്നതാണ് ശെയ്ഖിന്റെ നാമം.

ഉദ്ധരിക്കുന്നത് അതിനുള്ള ഒരുദാഹരണമാണ്.[20]

പ്രശസ്ത പണ്ഡിതൻ കണ്ണൂർ പി. അബ്ദുൽ ഖാദർ മൗലവിﷺ അദ്ദേഹത്തിന്റെ 'സിയാറത്തുൽ ഖുബൂർ'[21], 'അത്തൗഹീദ്'[22] എന്നീ ഗ്രന്ഥങ്ങളിലും ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്ﷺയുടെ كشف الشبهات എന്ന ഗ്രന്ഥത്തിൽ നിന്നും ഉദ്ധരിക്കുന്നുണ്ട്.[23]

കെ. ഉമർ മൗലവിﷺ വിവർത്തനം ചെയ്ത الأصول الثلاثة, القواعد الأربع, كتاب التوحيد തുടങ്ങി മറ്റു ഗ്രന്ഥങ്ങളും കേരളത്തിലെ സലഫീ പണ്ഡിതന്മാർക്കിടയിൽ ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്ﷺയുടെ ദഅ്വത്തിന്റെ സ്വീകാര്യതയാണ് അറിയിക്കുന്നന്നത്.

ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്ﷺയുടെ പ്രബോധനത്തിന്റെ പ്രഭാവം കേരളത്തിലെ പണ്ഡിതന്മാരെയും സ്വാധീനിച്ചിട്ടുണ്ട് എന്നാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്.

**രചനകൾ**

അദ്ദേഹത്തിന്റെ ചില രചനകൾ താഴെ കൊടുക്കുന്നു.

1. كتاب التوحيد فيما يجب من حق الله على العبيد
2. كشف الشبهات
3. الأصول الثلاثة
4. اصول الإيمان
5. فضائل الإسلام
6. فضائل القرآن
7. السيرة المختصرة
8. السيرة المطولة
9. مجموع الحديث على أبواب الفقه
10. مختصر الإنصاف والشرح الكبير

---

20. അൽമനാർ, 1953 ജുലൈ 5, (ലക്കം: 6, പുസ്തകം: 4, പേജ്: 09)

21. ഇതെഴുതി പൂർത്തിയാക്കിയത് 1934-ലാണ്.

22. 'സിയാറത്തുൽ ഖുബൂർ' എന്ന ഗ്രന്ഥത്തിലെ അത്തൗഹീദ് എന്ന അദ്ധ്യായത്തിന്റെ വിവരണമാണ് 'അത്തൗഹീദ്' എന്ന ഗ്രന്ഥം. ഇതെഴുതി പൂർത്തിയാക്കിയത് 1943-ലാണ്. ഒന്നാം പതിപ്പ് 1944-ൽ പ്രസിദ്ധീകരിച്ചു.

23. കണ്ണൂർ പി. അബ്ദുൽ ഖാദർ മൗലവിﷺ, സിയാറത്തുൽ ഖുബൂർ (പേജ്: 39-54,1998 Edition), അത്തൗഹീദ്(പേജ്: 76-96, 2012 Edition)

11. مختصر الصواعق
12. مختصر فتح الباري
13. مختصر الهدي
14. مختصر العقل والنقل
15. مختصر المنهاج
16. مختصر الإيمان
17. آداب المشي إلى الصلاة

**മരണം**

ഹിജ്‌റ വർഷം 1206–ൽ റിയാദിലെ 'ദർഇയ്യ'യിൽ അദ്ദേഹം മരണപ്പെട്ടു. അന്ന് അദ്ദേഹത്തിന് 92 വയസ്സായിരുന്നു. 'ദർഇയ്യ'യിൽ തന്നെ അദ്ദേഹം മറമാടപ്പെട്ടു. അല്ലാഹു ﷻ അദ്ദേഹത്തിന് മഗ്ഫിറതും മർഹമതും പ്രദാനം ചെയ്യുമാറാകട്ടെ.....

﴿رَبَّنَا ٱغْفِرْ لَنَا وَلِإِخْوَٰنِنَا ٱلَّذِينَ سَبَقُونَا بِٱلْإِيمَٰنِ وَلَا تَجْعَلْ فِى قُلُوبِنَا غِلًّا لِّلَّذِينَ ءَامَنُوا۟ رَبَّنَآ إِنَّكَ رَءُوفٌ رَّحِيمٌ ۝١٠﴾ الحشر: ١٠

﴿ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തു തരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു..﴾

(അൽഹശർ: 10)

# കെ. ഉമർ മൗലവിﷺ

മലപ്പുറം ജില്ലയിലെ പൊന്നാനിക്കടുത്ത് വെളിയങ്കോട്ട് 1917-ൽ ഉമർ മൗലവി ﷺ ജനിച്ചു. പിതാവ് കുഞ്ഞഹ്മദ് കച്ചവടക്കാരനായിരുന്നു. ആറാം വയസ്സിൽ നാട്ടിലെ ഓത്തു പള്ളിയിൽ ചേർന്നു. പിന്നീട് പല നാടുകളിൽ വിവിധ പള്ളി ദർസുകളിൽ പഠിച്ചു. ദർസിലെ ഒരു സുഹൃത്തിൽ നിന്നാണ് മലയാള അക്ഷരങ്ങൾ പഠിച്ചത്. താനൂരിലെ പാങ്ങിൽ അഹ്മദ് കുട്ടി മുസ്ല്യാരുടെ ശിഷ്യനും കാത്തിബുമായിരുന്ന കാലത്താണ് തിരൂരങ്ങാടിയിൽ പോയി കെ. എം. മൗലവിﷺയെ കാണാനിടയായത്. അതോടെ അദ്ദേഹം കെ. എം. മൗലവിﷺയുടെ ശിഷ്യനായിത്തീരുകയും തിരൂരങ്ങാടിയിൽ താമസിക്കുകയും ചെയ്തു. കെ. എം മൗലവിﷺയുടെ സലഫീ പ്രബോധനത്തിൽ ആകൃഷ്ടനായ ഉമർ മൗലവിﷺ ഉസ്താദിന്റെ പ്രിയശിഷ്യനായി മതപരവും രാഷ്ട്രീയവുമായ വീക്ഷണങ്ങളിൽ ഗുരുനാഥന്റെ പാത പിന്തുടർന്നു. ഉസ്താദിന്റെ കുടുംബത്തിലെ അനാഥയായിരുന്ന മുസ്ല്യാരകത്ത് ഫാത്തിമക്കുട്ടിയെ 1943 ഡിസം-10ന് ജീവിതസഖിയാക്കി.

കോഴിക്കോട്ട് പട്ടാളപ്പള്ളിയിൽ സ്വതന്ത്രമായി മലയാളത്തിൽ ഖുത്വുബ നിർവഹിക്കാൻ പറ്റിയ ഒരു പണ്ഡിതനെ വേണമെന്ന ആവശ്യവുമായി പള്ളി ഭാരവാഹികൾ കെ. എം. മൗലവിﷺയെ സമീപിച്ചു. അതിന്നായി മൗലവി തിരഞ്ഞെടുത്തത് ഉമർ മൗലവിﷺയെയായിരുന്നു. അതോടെ ഉമർ മൗലവിﷺ മലബാറിൽ മുസ്ലിം കേന്ദ്രത്തിൽ ശ്രദ്ധിക്കപ്പെടുന്ന സ്ഥാനത്തെത്തിപ്പെട്ടു. ക്വുർആനിനോടും സുന്നത്തിനോടും കൂറുപുലർത്തിക്കൊണ്ട് മുസ്ലിം ഉമ്മത്തിനോടുള്ള ബാധ്യതാ നിർവഹണത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിച്ച, ഒരു പുരുഷായുസ്സ് മുഴുവൻ പ്രബോധന രംഗത്ത് നിറഞ്ഞുനിന്ന സാന്നിദ്ധ്യമായി മാറിയ ഉമർ മൗലവിﷺയെയാണ് പിന്നീട് മുസ്ലിം കൈരളി കാണുന്നത്.

തിരൂരങ്ങാടിയിൽ വെച്ച് വിശുദ്ധ ക്വുർആനിലെ ചില സൂറത്തുകൾ അദ്ദേഹം പരിഭാഷപ്പെടുത്തി വ്യാഖ്യാനമെഴുതി പ്രസിദ്ധീകരിച്ചു. പിന്നീട് ക്വുർആൻ മുഴുവനായി ആശയവിവർത്തനം ചെയ്ത് ആവശ്യമായ വ്യാഖ്യാനത്തോടെ എഴുതി പൂർത്തിയാക്കി. ഗുരുനാഥന്റെ പരിശോധനയും മേൽനോട്ടവുമാണ് അതിന് മൗലവിക്ക് ധൈര്യം പകർന്നത്. അറബി-മലയാളത്തിൽ അത് ആറു വാല്യങ്ങളായി പ്രസിദ്ധീകരിച്ചത് 1955-ലാണ്.

1950-കളുടെ ആദ്യത്തിൽ ഹജ്ജിനു പോയ മൗലവിﷺ റിയാദിലെ കുല്ലിയ

ത്തുലുഗത്തിൽ അറബിയ്യയിൽ ചേർന്ന് അറബി സാഹിത്യം പ്രധാന പഠന വിഷയമായി തിരഞ്ഞെടുത്തു.[24] അക്കാലത്താണ് ഇമാം ഇബ്നു തെയ്മിയ്യﷺയുടെ 'അൽഅഖീദത്തുൽ വാസിതിയ്യ' ഉമർ മൗലവിﷺ മലയാളത്തിൽ മൊഴിമാറ്റം നടത്തി സുഊദ് രാജാവിന്റെ സാമ്പത്തിക സഹായത്തോടെ തിരൂരങ്ങാടിയിൽ പ്രസാധനം ചെയ്യുന്നത്.

ആലുശെയ്ഖ് കുടുംബത്തിൽപെട്ട ശെയ്ഖ് അബ്ദുൽ മലികിബ്നു ഇബ്രാഹിം ﷺ ആയിരുന്നു ആദ്യത്തെ രണ്ടു വർഷം കുല്ലിയത്തുലുഗത്തിൽ അറബിയ്യയിലെ മേധാവി. ലോകപ്രശസ്ഥ പണ്ഡിതനും സഊദി അറേബ്യയുടെ ഗ്രാന്റ് മുഫ്തിയുമായിരുന്ന ശെയ്ഖ് അബ്ദിൽ അസീസ് ഇബ്നു ബാസ്ﷺ അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ഗുരുനാഥൻമാരിൽ ഒരാളാണ്. ശെയ്ഖ് ഉമർ അഹ്മദ് മലൈബാരി എന്ന നാമത്തിലാണ് അറബ് നാടുകളിൽ ഉമർ മൗലവിﷺ അറിയപ്പെട്ടത്. അദ്ദേഹത്തിന്റെ കൂടെ അന്ന് സഊദിയിൽ ഉപരിപഠനത്തിന് പോയ പണ്ഡിതരാണ് ശെയ്ഖ് അബ്ദുസ്സമദ് അൽകാതിബ്ﷺയും (കെ.എം. മൗലവിﷺയുടെ മകൻ), സഅ്ദുദ്ദീൻ മൗലവിﷺയും.

ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്ﷺയുടെ الأصول الثلاثة എന്ന ഗ്രന്ഥം ശെയ്ഖ് മുഹമ്മദ് അത്ത്വയ്യിബ് ബിൻ ഇസ്ഹാഖ് അൽഅൻസ്വാരി അൽമദനിﷺ ചോദ്യോത്തര രൂപത്തിലാക്കി أصول الدّين الإسلامى എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സഊദി അറേബ്യയിലെ ഉപരിപഠനത്തിനുശേഷം ഉമർ മൗലവിﷺ ഈ ഗ്രന്ഥം മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി.[25] അതിനു പുറമെ ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്ﷺ രചിച്ച شروط لا إله إلا الله, الأصول الثلاثة , نواقض الاسلام , القواعد الاربعة എന്നിങ്ങനെയുള്ള ഗ്രന്ഥങ്ങളും മുസ്ലിം കൈരളിക്ക് അദ്ദേഹം പരിചയപ്പെടുത്തിയിരിക്കുന്നു. ശെയ്ഖുൽ ഇസ്ലാം ഇബ്നുതെയ്മിയ്യﷺ, ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്ﷺ തുടങ്ങിയ പണ്ഡിതന്മാരുടെ രചനകൾ കേരളത്തിൽ പ്രചരിപ്പിക്കാനും, അതുവഴി തൗഹീദിന്റെ വാഹകനാകാനും ഉമർ മൗലവിﷺ യത്നിക്കുകയായിരുന്നു.

കേരളത്തിലെ തൗഹീദി പടയോട്ടത്തിൽ തളരാതെ നിലകൊണ്ട അദ്ദേഹത്തിന്റെ കയ്യിലെ കരുത്തുറ്റ ആയുധമായിരുന്നു 1971 ഫെബ്രുവരിയിൽ തുടക്കം കുറിച്ച 'ആളെ നോക്കണ്ട, തെളിവ് നോക്കുക' എന്നുല്ലേഖനം ചെയ്ത

---

24. പ്രസ്തുത സ്ഥാപനമാണ് പിൽകാലത്ത് ജാമിഅത്തുൽ ഇമാം മുഹമ്മദ് ബിൻ സഊദ് എന്ന പേരിൽ പ്രസിദ്ധമായ യൂനിവേഴ്സിറ്റി.

25. ഈ ഗ്രന്ഥം മലയാളത്തിലാക്കി SV Media & Publishing മാർച്ച് 2016-ൽ പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്.

'സൽസബീൽ' മാസിക. പ്രതിയോഗികളോട് പ്രമാണബദ്ധമായ കാർക്കശ്യം സ്വീകരിച്ചപ്പോഴും, അവരുടെ ആശയ പ്രകാശനത്തിന് സ്വന്തം പത്രത്തിന്റെ പേജുകൾ വിനയപൂർവ്വം അനുവദിച്ചു നൽകിയിരുന്നു അദ്ദേഹം. അതാകട്ടെ, വെറുമൊരു വിട്ടുവീഴ്ചയുടെ ഭാഗമായിട്ടല്ലായിരുന്നു. പ്രത്യുത, പ്രസ്തുത ആശയങ്ങളിലെ അപാകതകളും അനിസ്‌ലാമികതകളും വായനക്കാർക്ക് വേർതിരിച്ച് മനസിലാക്കാനാകും വിധം, അതിന്റെ മറുപടി കൂടെ തയ്യാറാക്കി അതോടൊപ്പം നൽകാനായിരുന്നു. അത്തരം വൈജ്ഞാനിക സന്ദർഭങ്ങൾ സൽസബീൽ മാസികയുടെ പഴയ കാല ലക്കങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ നമുക്കെമ്പാടും കാണാനാകും. നിരീശ്വരവാദികളുമായി സൽസബീൽ നടത്തിയ ആദർശ സംവാദം പിന്നീട് ഗ്രന്ഥമായി പലതവണ പ്രസാധനം ചെയ്തു.

കേരളത്തിൽ നിലനിന്നിരുന്ന ശിർക്ക് ബിദ്അത്തുകളെ എതിർക്കുന്നതൊടൊപ്പം ഇസ്‌ലാമിനെ ദുർവ്യാഖ്യാനിക്കാനും തെറ്റിദ്ധരിപ്പിക്കാനും ശ്രമിച്ച എല്ലാപിഴച്ച പ്രസ്ഥാനങ്ങളേയും ഉമർ മൗലവിﷺ ശക്തിയുക്തം പ്രമാണബദ്ധമായി പ്രതിരോധിച്ചു. ഹജ്ജിന്റെ വിളക്ക്, ഇർശാദുൽ ഇഖ്‌വാൻ, നൂറുൽ ഈമാൻ, ജുമുഅ ഖുത്വുബ, ഫാതിഹയുടെ തീരത്ത്, തുടങ്ങിയ ഗ്രന്ഥങ്ങളും നിരവധി ചെറുകൃതികളും എണ്ണമറ്റ നോട്ടീസുകളും ഉമർ മൗലവിയുടെ രചനയിലുണ്ട്.

ماذا في اللحية ؟ , مذهب جديد , معنى لا اله الا الله , ملاحظات , جواب المليباري എന്നിവ മൗലവിയുടെ അറബി ഭാഷയിലുള്ള രചനകളാണ്. മുസ്‌ലിം കേരളത്തിന്റെ ചരിത്രം ഒപ്പിയെടുത്ത 'ഓർമകളുടെ തീരത്ത്' എന്ന ആത്മകഥാരചന ഗതകാല മുസ്‌ലിം കൈരളിയുടെ അടയാളപ്പെടുത്തലുകളറിയാനാഗ്രഹിക്കുന്നവർക്ക് ഒഴിച്ചുകൂടാനാകാത്ത അമൂല്യ ഗ്രന്ഥമാകുന്നു.

കർമപഥത്തിലേൽക്കേണ്ടിവന്ന പ്രതിസന്ധികളെ മുഴുവൻ തൃണവൽഗണിച്ചുകൊണ്ട് മുന്നേറിയ ആ ത്യാഗി 2000 ഫെബ്രവരി 24ന് എന്നെന്നേക്കുമായി കണ്ണടച്ചെങ്കിലും, അദ്ദേഹം വിട്ടേച്ചുപോയ വിജ്ഞാന സ്ഫുലിംഗങ്ങൾ സുകൃതം ചെയ്തുതകൊണ്ട് സന്തോഷത്തോടെ ലോകരക്ഷിതാവിനെ കണ്ടുമുട്ടാൻ സൗഭാഗ്യവാൻമാരിൽ അദ്ദേഹത്തെയും നമ്മെയും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ, ആമീൻ.


# ഭാഗം: ഒന്ന്

# القواعد الأربع

ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്ﷺ

ആശയ വിവർത്തനം

കെ. ഉമർ മൗലവിﷺ


الأصول الثلاثة وأدلتها
والقواعد الأربعة

تأليف
شيخ الاسلام محمد بن عبد الوهاب اجزل الله له الاجر والثواب


نقله الى المليبارية عمر بن احمد المليباري الطالب بكلية اللغة
العربية بالرياض

طبع على نفقة جلالة الملك المعظم سعود بن عبد العزيز آل سعود، ملك
المملكة العربية السعودية حرسها الله تعالى واطال عمره لاعماله
خدمة للعلم والدين

عامر الاسلام لثو پريس، ترورنگادي، كيرلا

പുറംചട്ട

ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്ﷺയുടെ الأصول الثّلاثة وادلّتها എന്ന കൃതിയോടൊപ്പമാണ് القواعد الأربع എന്ന രചനയും കെ. ഉമർ മൗലവിﷺ വിവർത്തനം ചെയ്തത്. ഹിജ്റ വർഷം 1377-ലാണ്, ഇത് നിർവഹിച്ചത്. അറബി-മലയാളം ലിപിയിൽ അച്ചടിച്ച് സഊദ് ബ്നു അബ്ദിൽ അസീസ് രാജാവിﷺന്റെ ചിലവിൽ തിരൂരങ്ങാടിയിലെ ആമിറുൽ ഇസ്ലാം ലിത്തോ പ്രസ്സിൽ നിന്നായിരുന്നു ഇതിന്റെ പ്രസാധനം. പ്രസ്തുത പുസ്തകത്തിന്റെ പുറം ചട്ടയാണ് മുകളിൽ കൊടുത്തത്.


الأصول الثلاثة وأدلتها

والقواعد الأربعة

لشيخ الإسلام محمد بن عبد الوهاب

أجزل الله له الأجر والثواب

پَرِبهاشَكَنْ: كے. عُمَرْ مَوْلَوِي، تِرُورَڠَادِ

١٣٧٧ سنة ربيع الأول

عامرُ الإسلام لِتُو پْرَسْ، تِرُورَڠَادِ، كيرَل

ഒന്നാമത്തെ പേജ്

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

المتن
മൂലവാക്യം

ശെയ്ഖ് മുഹമ്മദ് ഇബ്നു അബ്ദിൽവഹ്ഹാബ് ﷺ പറയുന്നു:

**أسأل الله الكريم ربّ العرش العظيم أن يتولاّك في الدنيا والآخرة، وأن يجعلك مبارَكًا أينما كنت، وأن يجعلك ممّن إذا أُعطيَ شكر، وإذا ابتُلي صبر، وإذا أذنب استغفر، فإنّ هؤلاء الثلاث عنوان السعادة.**

''മഹത്തായ സിംഹാസനത്തിന്റെ ഉടയവനായ, ഔദാര്യവാനായ അല്ലാഹുവിനോട് ഞാൻ അപേക്ഷിക്കുന്നു. ഇഹലോകത്തിലും പരലോകത്തിലും നിന്നെ രക്ഷിക്കുവാനും നീ എവിടെയായിരുന്നാലും നിന്നെ ആശീർവദിക്കുവാനും അനുഗ്രഹങ്ങൾ ഉണ്ടാകുമ്പോൾ നന്ദികാണിക്കുവാനും, ആപത്തുകൾ ഉണ്ടാകുമ്പോൾ സഹനം കൈകൊള്ളുകയും, പാപം ചെയ്തുപോയാൽ പൊറുക്കലിനെ തേടുകയും ചെയ്യുന്നവരുടെ കൂട്ടത്തിൽ നിന്നെ ഉൾപ്പെടുത്തുവാനും. ഈ മൂന്ന് സംഗതികൾ സൗഭാഗ്യത്തിന്റെ ലക്ഷണങ്ങളാകുന്നു.''

اعلم أرشدك الله لطاعته: أن الحنيفيّة ملّة إبراهيم: أن تعبد الله مخلصًا له الدين كما قال تعالى

﴿ وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ﴾ الذاريات: ٥٦

فإذا عرفت أنّ الله خلقك لعبادته فاعلم: أنّ العبادة لا تسمّى عبادة إلا مع التوحيد، كما أنّ الصلاة لا تسمّى صلاة إلا مع الطهارة، فإذا دخل الشرك في العبادة فسدتْ كالحدَث إذا دخل في الطهارة. فإذا عرفتَ أن الشرك إذا خالط العبادة أفسدها وأحبط العمل وصار صاحبه من الخالدين في النار عرفتَ أنّ أهمّ ما عليك: معرفة ذلك، لعلّ الله أن يخلّصك من هذه الشَّبَكة، وهي الشرك بالله الذي قال الله فيه:

﴿ إِنَّ ٱللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِۦ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُ ﴾ النساء: ١١٦

وذلك بمعرفة أربع قواعد ذكرها الله تعالى في كتابه.

''അറിയുക, അല്ലാഹു നിന്നെ നേർവഴിയിലാക്കട്ടെ. നിശ്ചയമായും ഇബ്രാഹീം നബിയുടെ മതമായിട്ടുള്ള ശരിയായ സത്യമതം കീഴ്വഴക്കത്തെ അല്ലാഹുവിന്ന് മാത്രമായ നിലയിൽ അവനെ മാത്രം ആരാധിക്കലാകുന്നു.

അല്ലാഹു പറയുന്നു:

﴿ وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ﴾ الذاريات: ٥٦

﴿ജിന്നുകളേയും മനുഷ്യരേയും അവർ എന്നെ ആരാധിക്കുന്നതിന്ന് വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.﴾ (സൂറഃ അദ്ദാരിയാത് : 56)

അപ്പോൾ നിന്നെ അല്ലാഹു സൃഷ്ടിച്ചത് അവനെ നീ ആരാധിക്കുവാൻ വേണ്ടിയാണെന്ന് നീ മനസ്സിലാക്കിയല്ലൊ. അല്ലാഹുവിനുള്ള ഇബാദത്ത് ശരിപ്പെടുത്തണമെങ്കിൽ തൗഹീദ് ശരിയാവാതെ തരമില്ല. നമസകാരം ശരിയാകണമെങ്കിൽ ശുചീകരണം കൂടാതെ നിവർത്തിയില്ലാത്തത് പോലെ. അപ്പോൾ ഇബാദത്തിൽ ശിർക്ക് വന്നുപോയാൽ അത് നിഷ്ഫലമായി.

നമസ്കാരത്തിൽ വുദു മുറിഞ്ഞതു പോലെ. അപ്പോൾ ഇബാദത്തിന്റെ ഇടയിൽ ശിർക്കിന്റെ വിഷയം കടന്നുപോയാൽ ആ ഇബാദത്ത് ചീത്തയായി. ആ ഇബാദത്ത് കാരണം നരകത്തിൽ ശാശ്വതമായി പാർക്കേണ്ടവനായിരിക്കുമ്പോൾ നീ ഏറ്റവും പ്രധാനമായി പഠിച്ചിരിക്കേണ്ടതായ ഒന്നാമത്തെ വിഷയം ഇത് തന്നെയാണ് എന്നതിൽ യാതൊരു സംശയവുമില്ല. ഈ വലയിൽ നിന്ന് അല്ലാഹു നിന്നെ രക്ഷിക്കുവാൻ വേണ്ടി നീ അത് പഠിക്കൽ ഏറ്റവും അത്യാവശ്യമാണ്.

﴿ إِنَّ ٱللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِۦ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُ ﴾ النساء: ١١٦

﴿ നിശ്ചയമായും അല്ലാഹു അവനോട് പങ്ക് ചേർക്കുന്നതിനെ ഒരിക്കലും പൊറുക്കുകയില്ല. അതിന്റെ താഴെ ഉള്ളതിനെ അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നവനാകുന്നു. ﴾ (സൂറഃ അന്നിസാഅ്: 116) എന്ന ആയത്തിൽ പറഞ്ഞ കുറ്റമാണത്. ഈ വിഷയകമായി നാല് അടിസ്ഥാന തത്ത്വങ്ങൾ നാം അറിയേണ്ടതുണ്ട്. അവ നാലും അല്ലാഹു അവന്റെ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ളതാണ്.''

# القاعدة الأولى

## ഒന്നാമത്തെ തത്ത്വം

المتن
മൂലവാക്യം

ശെയ്ഖ് മുഹമ്മദ് ഇബ്നു അബ്ദിൽവഹ്ഹാബ്ﷺ പറയുന്നു:

أن تعلـم أنّ الكفّـار الذيـن قاتلهـم رسـول الله يُقِـرُّون بـأنّ الله تعـالى هـو الخالِـق المدبِّـر، وأنّ ذلـك لـم يُدْخِلْهـم في الإسـلام، والدليـل: قـوله تعـالى ﴿ قُلْ مَن يَرْزُقُكُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ أَمَّن يَمْلِكُ ٱلسَّمْعَ وَٱلْأَبْصَٰرَ وَمَن يُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَيُخْرِجُ ٱلْمَيِّتَ مِنَ ٱلْحَىِّ وَمَن يُدَبِّرُ ٱلْأَمْرَ ۚ فَسَيَقُولُونَ ٱللَّهُ ۚ فَقُلْ أَفَلَا تَتَّقُونَ ﴾ يونس: ٣١

നബിﷺയുമായി യുദ്ധം ചെയ്തവരായ കാഫിറുകൾ, അല്ലാഹു തന്നെയാണ് സ്രഷ്ടാവും സർവലോക നിയന്താവുമെന്ന് വിശ്വസിക്കുന്നവരാകുന്നു എന്നും ഈ വിശ്വാസം മൂലം അവർ ഇസ്ലാം സ്വീകരിച്ചവരായിട്ടില്ല എന്നും നീ അറിയലാകുന്നു. ഈ വസ്തുതയുടെ തെളിവ് അല്ലാഹുﷻവിന്റെ ഈ വചനമാകുന്നു:

﴿ قُلْ مَن يَرْزُقُكُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ أَمَّن يَمْلِكُ ٱلسَّمْعَ وَٱلْأَبْصَٰرَ وَمَن يُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَيُخْرِجُ ٱلْمَيِّتَ مِنَ ٱلْحَىِّ وَمَن يُدَبِّرُ ٱلْأَمْرَ ۚ فَسَيَقُولُونَ ٱللَّهُ ۚ فَقُلْ أَفَلَا تَتَّقُونَ ﴾ يونس: ٣١

﴿ആകാശത്തിൽ നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആജീവനം നൽകുന്നതാരാണ്? അഥവാ കേൾവിയും കാഴ്ചയും ഉടമയാക്കുന്നതാരാണ്? നിർജീവനിൽ നിന്ന് ജീവൻ ഉൽഭവിപ്പിക്കുന്നതും, ജീവനിൽ നിന്ന് നിർജീവിയെ ഉൽഭവിപ്പിക്കുന്നതും ആരാണ്? സർവകാര്യങ്ങളും നിയന്ത്രിക്കുന്നത് ആരാണ് എന്ന് (മക്കയിലെ മുശ്രിക്കുകളോട്) ചോദിക്കുക. അല്ലാഹുവാണ് എന്നവർ പറയുന്നതാകുന്നു. അപ്പോൾ നീ പറയുക, എന്നാൽ നിങ്ങൾ സൂക്ഷിക്കുന്നില്ലയോ?﴾

(സൂറഃ യൂനുസ്: 31)

# القاعدة الثّانية

## രണ്ടാമത്തെ തത്ത്വം

ശെയ്ഖ് മുഹമ്മദ് ഇബ്നു അബ്ദിൽവഹ്ഹാബ് ﷬ പറയുന്നു:

**أنّهم يقولون: ما دعوناهم وتوجّهنا إليهم إلا لطلب القُرْبة والشفاعة،**

**فدليل القُربة قوله تعالى** ﴿ وَٱلَّذِينَ ٱتَّخَذُواْ مِن دُونِهِۦٓ أَوْلِيَآءَ مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَآ إِلَى ٱللَّهِ زُلْفَىٰٓ إِنَّ ٱللَّهَ يَحْكُمُ بَيْنَهُمْ فِى مَا هُمْ فِيهِ يَخْتَلِفُونَ ۗ إِنَّ ٱللَّهَ لَا يَهْدِى مَنْ هُوَ كَٰذِبٌ كَفَّارٌ ﴾ الزمر: ٣

**ودليل الشفاعة قوله تعالى:** ﴿ وَيَعْبُدُونَ مِن دُونِ ٱللَّهِ مَا لَا يَضُرُّهُمْ وَلَا يَنفَعُهُمْ وَيَقُولُونَ هَٰٓؤُلَآءِ شُفَعَٰٓؤُنَا عِندَ ٱللَّهِ ﴾ يونس: ١٨

**والشفاعة شفاعتان: شفاعة منفيّة وشفاعة مثبَتة.**

**فالشفاعة المنفيّة ما كانت تطلب من غير الله فيما لا يقدر عليه إلاّ الله والدليل: قوله تعالى** ﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَنفِقُواْ مِمَّا رَزَقْنَٰكُم مِّن قَبْلِ أَن يَأْتِىَ يَوْمٌ لَّا بَيْعٌ فِيهِ وَلَا خُلَّةٌ وَلَا شَفَٰعَةٌ ۗ وَٱلْكَٰفِرُونَ هُمُ ٱلظَّٰلِمُونَ ﴾ البقرة: ٢٥٤

**والشفاعة المثبَتة هي: التي تُطلب من الله، والشّافع مُكْرَمٌ بالشفاعة، والمشفوع له: من رضيَ اللهُ قوله وعمله بعد الإذن كما قال تعالى:** ﴿ مَن ذَا ٱلَّذِى يَشْفَعُ عِندَهُۥٓ إِلَّا بِإِذْنِهِۦ ﴾ البقرة: ٢٥٥

മക്കയിലെ മുശ്‌രിക്കുകൾ പറയാറുണ്ടായിരുന്നു ഞങ്ങൾ ഈ ഇലാഹുകളെ ആരാധിക്കുന്നതും [അവരിലേക്ക് തിരിയുന്നതും] അവരൊട് അപേക്ഷിക്കുന്നതും അല്ലാഹുവിങ്കൽ അടുപ്പം കിട്ടേണ്ടതിനും ശുപാർശക്ക് വേണ്ടിയും മാത്രമാണ് എന്ന്. അല്ലാഹു പറയുന്നു:

﴿ وَٱلَّذِينَ ٱتَّخَذُواْ مِن دُونِهِۦٓ أَوْلِيَآءَ مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَآ إِلَى ٱللَّهِ زُلْفَىٰٓ إِنَّ ٱللَّهَ يَحْكُمُ بَيْنَهُمْ فِى مَا هُمْ فِيهِ يَخْتَلِفُونَ ۗ إِنَّ ٱللَّهَ لَا يَهْدِى مَنْ هُوَ كَٰذِبٌ كَفَّارٌ ﴾ الزمر: ٣

﴿ അല്ലാഹുവിനു പുറമെ ഔലിയാക്കളെ സ്വീകരിച്ചതായ കൂട്ടർ (അവർ പറയുന്നു:) അവരെ ജനങ്ങൾ ആരാധിക്കുന്നത് അല്ലാഹുവിങ്കലേക്ക് അടുപ്പിച്ച് തരുന്നതിന്ന് മാത്രമാണ് എന്ന്. അവർ ഭിന്നാഭിപ്രായക്കാരായിരിക്കുന്ന

വിഷയത്തിൽ അല്ലാഹു അവരുടെ ഇടയിൽ വിധി കൽപിക്കുന്നതാകുന്നു. കളവ് പറയുന്നവനും വളരെ നിഷേധിയുമായിട്ടുള്ളവനാരോ അവനെ ഒരിക്കലും അല്ലാഹു നേർവഴിലാക്കുകയില്ല.﴾

(സൂറഃ അസ്സുമർ: 3)

ശഫാഅത്തിനു തേടിയതിന്റെ തെളിവ്:

﴿ وَيَعۡبُدُونَ مِن دُونِ ٱللَّهِ مَا لَا يَضُرُّهُمۡ وَلَا يَنفَعُهُمۡ وَيَقُولُونَ هَٰٓؤُلَآءِ شُفَعَٰٓؤُنَا عِندَ ٱللَّهِ ﴾

يونـس: ١٨

﴿അല്ലാഹുവിനു പുറമെ തങ്ങളെ ഉപദ്രവിക്കുകയോ തങ്ങൾക്ക് ഉപകാരം ചെയ്യുകയോ ചെയ്യാത്ത വസ്തുക്കളെ അവർ അരാധിക്കുന്നു. ഇവർ അല്ലാഹുവിന്റെ അടുക്കൽ ജനങ്ങലുടെ ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു. ﴾ (സൂറഃ യൂനുസ്: 18)

ശഫാഅത്ത് രണ്ട് വിധമുണ്ട്.

ഒന്ന്: നിഷേധിക്കപ്പെട്ടത്. شَفَاعَة مَنفِيَة

മറ്റേത്: സ്ഥാപിക്കപ്പെട്ടത്. شَفَاعَة مُثْبِتَة

നിഷേധിക്കപ്പെട്ട ശഫാഅത്ത് (شَفَاعَة مَنفِيَة): അല്ലാഹു അല്ലാത്തവർക്ക് കഴിയാത്ത [അഥവാ അല്ലാഹുവിനു മാത്രം കഴിയുന്ന] സംഗതികളിൽ ശുപാർശ ചെയ്യുവാൻ അവരോട് ആവശ്യപ്പെടുക എന്നതാകുന്നു. അല്ലാഹു പറയുന്നു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَنفِقُواْ مِمَّا رَزَقۡنَٰكُم مِّن قَبۡلِ أَن يَأۡتِيَ يَوۡمٞ لَّا بَيۡعٞ فِيهِ وَلَا خُلَّةٞ وَلَا شَفَٰعَةٞۗ وَٱلۡكَٰفِرُونَ هُمُ ٱلظَّٰلِمُونَ ﴾ البقـرة: ٢٥٤

﴿വിശ്വസിച്ചവരേ! യാതൊരു കൊള്ളകൊടുക്കലും യാതൊരു ലോഗ്യവും യാതൊരു ശുപാർശയും ഇല്ലാത്ത ദിവസം വരുന്നതിനു മുമ്പായി നാം നിങ്ങൾക്ക് തന്നതിൽനിന്ന് നിങ്ങൾ ചിലവ് ചെയ്യുവിൻ. നിഷേധകന്മാർ അക്രമികൾ തന്നെയാകുന്നു.﴾

(സൂറഃ അസ്സുമർ: 3)

സ്ഥാപിക്കപെട്ടതായ ശഫാഅത്ത്(شَفَاعَة مُثْبِتَة): അല്ലാഹുവിനോട് അപേക്ഷിക്കുന്നതാകുന്നു. ശുപാർശ ചെയ്യുന്നവൻ ശുപാർശ മുഖേന ബഹുമാനിക്കപെട്ടവൻ മാത്രമായിരിക്കും. (അദ്ദേഹം അല്ലാഹുവിങ്കൽ സ്വാധീനം ചെലുത്തുന്നവനല്ല.) ആർക്കു വേണ്ടി ശുപാർശ ചെയ്യുന്നുവോ അവൻ തന്റെ

വാക്കും പ്രവൃത്തിയും അല്ലാഹു തൃപ്തിപ്പെട്ടവനുമായിരിക്കുകയും വേണം. അവന്ന് വേണ്ടി ശഫാഅത്ത് ചെയ്യുവാൻ അല്ലാഹു സമ്മതിക്കുകയും വേണം. അല്ലാഹു പറയുന്നു:

المتن
മൂലവാക്യം

﴿مَن ذَا ٱلَّذِى يَشۡفَعُ عِندَهُۥٓ إِلَّا بِإِذۡنِهِۦۚ﴾ البقرة: ٢٥٥

﴿ അല്ലാഹുവിന്റെ സമ്മതം കൂടാതെ അവന്റെ അടുക്കൽ ശുപാർശ ചെയ്യുന്നതാര്? ﴾

(സൂറഃ അൽബഖറഃ 255)

# القاعدة الثّالثة

## മൂന്നാമത്തെ തത്ത്വം

ശെയ്ഖ് മുഹമ്മദ് ഇബ്നു അബ്ദിൽവഹ്ഹാബ് ﷺ പറയുന്നു:

المتن
മൂലവാക്യം

**أنّ النبي ﷺ ظهر على أُناسٍ متفرّقين في عباداتهم منهم مَن يعبُد الملائكة، ومنهم من يعبد الأنبياء والصالحين، ومنهم من يعبد الأحجار والأشجار، ومنهم مَن يعبد الشمس والقمر، وقاتلهم رسول الله - صلى الله عليه وسلم - ولم يفرِّق بينهم،**

**والدليل قوله تعالى:** ﴿ وَقَٰتِلُوهُمۡ حَتَّىٰ لَا تَكُونَ فِتۡنَةٞ وَيَكُونَ ٱلدِّينُ لِلَّهِۖ ﴾ البقرة: ١٩٣

**ودليل الشمس والقمر قوله تعالى:** ﴿ وَمِنۡ ءَايَٰتِهِ ٱلَّيۡلُ وَٱلنَّهَارُ وَٱلشَّمۡسُ وَٱلۡقَمَرُۚ لَا تَسۡجُدُواْ لِلشَّمۡسِ وَلَا لِلۡقَمَرِ ﴾ فصلت: ٣٧

**ودليل الملائكة قوله تعالى:** ﴿ وَلَا يَأۡمُرَكُمۡ أَن تَتَّخِذُواْ ٱلۡمَلَٰٓئِكَةَ وَٱلنَّبِيِّـۧنَ أَرۡبَابًاۗ ﴾ آل عمران:٨٠

**ودليل الأنبياء قوله تعالى:** ﴿ وَإِذۡ قَالَ ٱللَّهُ يَٰعِيسَى ٱبۡنَ مَرۡيَمَ ءَأَنتَ قُلۡتَ لِلنَّاسِ ٱتَّخِذُونِي وَأُمِّيَ إِلَٰهَيۡنِ مِن دُونِ ٱللَّهِۖ قَالَ سُبۡحَٰنَكَ مَا يَكُونُ لِيٓ أَنۡ أَقُولَ مَا لَيۡسَ لِي بِحَقٍّۚ إِن كُنتُ قُلۡتُهُۥ فَقَدۡ عَلِمۡتَهُۥۚ تَعۡلَمُ مَا فِي نَفۡسِي وَلَآ أَعۡلَمُ مَا فِي نَفۡسِكَۚ إِنَّكَ أَنتَ عَلَّٰمُ ٱلۡغُيُوبِ ﴾ المائدة: ١١٦

**ودليل الصالحين قوله تعالى:** ﴿ أُوْلَٰٓئِكَ ٱلَّذِينَ يَدۡعُونَ يَبۡتَغُونَ إِلَىٰ رَبِّهِمُ ٱلۡوَسِيلَةَ أَيُّهُمۡ أَقۡرَبُ وَيَرۡجُونَ رَحۡمَتَهُۥ وَيَخَافُونَ عَذَابَهُۥٓۚ ﴾ الإسراء: ٥٧

**ودليل الأحجار والأشجار قوله تعالى:** ﴿ أَفَرَءَيۡتُمُ ٱللَّٰتَ وَٱلۡعُزَّىٰ ١٩ وَمَنَوٰةَ ٱلثَّالِثَةَ ٱلۡأُخۡرَىٰٓ ﴾ النجم: ١٩ – ٢٠

**وَحَدِيث أَبِي وَاقِدٍ اللَّيْثِيِّ - رَضِيَ اللهُ عَنْهُ - قَالَ: خَرَجْنَا مَعَ النَّبِي إِلَى حُنَيْنٍ وَنَحْنُ حُدَثَاءُ عَهْدٍ بِكُفْرٍ، وَلِلْمُشْرِكِينَ سِدْرَةٌ يَعْكُفُونَ عِنْدَهَا وَيَنُوطُونَ بِهَا أَسْلِحَتَهُمْ يُقَالُ لهَا: ذَاتُ أَنْوَاطٍ، فَمَرَرْنَا بِسِدْرَةٍ فَقُلْنَا: يَا رَسُولَ اللهِ إِجْعَلْ لَنَا ذَاتَ أَنْوَاطٍ كَمَا لَهُمْ ذَاتُ أَنْوَاطٍ... الحديث.**

നബി നിയുക്തനായ കാലത്ത് ജനങ്ങൾ ആരാധനയിൽ വിഭിന്ന തരക്കാരായിരുന്നു. മലക്കുകളെ ആരാധിക്കുന്നവർ, അമ്പിയാക്കളേയും സ്വാലിഹീങ്ങളേയും ആരാധിക്കുന്നവർ, വൃക്ഷങ്ങളേയും കല്ലുകളേയും ആരാധിക്കുന്നവർ, സൂര്യനേയും ചന്ദ്രനേയും ആരാധിക്കുന്നവർ. ഇങ്ങനെ പലരും ഉണ്ടായിരുന്നു. നബി അവരെ എല്ലാവരേയും തുല്യനിലയിൽ കണക്കാക്കി എല്ലാവരോടും യുദ്ധം ചെയ്തു. അതിനുള്ള തെളിവാകട്ടെ അല്ലാഹുﷻവിന്റെ വചനമാണ്:



﴿ وَقَٰتِلُوهُمْ حَتَّىٰ لَا تَكُونَ فِتْنَةٌ وَيَكُونَ ٱلدِّينُ لِلَّهِ ﴾ البقرة: ١٩٣

﴿ അവരോട് യുദ്ധം ചെയ്യുക. യാതൊരു ഫിത്നയും ഇല്ലാതാക്കുകയും മതം മുഴുവനും അല്ലാഹുവിനു വേണ്ടി ആയിത്തീരുകയും ചെയ്യുന്നതുവരെ.﴾
(സൂറഃ അൽബക്വറഃ: 193)

അവർ സൂര്യനേയും ചന്ദ്രനേയും ആരാധിച്ചിരുന്നു എന്നത് അറിയിക്കുന്ന തെളിവ്:

﴿ وَمِنْ ءَايَٰتِهِ ٱلَّيْلُ وَٱلنَّهَارُ وَٱلشَّمْسُ وَٱلْقَمَرُ ۚ لَا تَسْجُدُوا۟ لِلشَّمْسِ وَلَا لِلْقَمَرِ ﴾ فصلت: ٣٧

﴿ ദിനരാത്രങ്ങളും, സൂര്യചന്ദ്രന്മാരും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാകുന്നു. നിങ്ങൾ സൂര്യനും ചന്ദ്രനും സുജൂദ് ചെയ്യരുത്.﴾
(സൂറഃ ഫുസ്സ്വിലത്: 37)

അവർ മലക്കുകളെ ആരാധിച്ചിരുന്നു എന്നത് അറിയിക്കുന്ന തെളിവ്:

﴿ وَلَا يَأْمُرَكُمْ أَن تَتَّخِذُوا۟ ٱلْمَلَٰٓئِكَةَ وَٱلنَّبِيِّۦنَ أَرْبَابًا ﴾ آل عمران: ٨٠

﴿ മലക്കുകളെയും നബിമാരേയും റബ്ബുകളായി സ്വീകരിക്കുവാൻ അദ്ദേഹം നിങ്ങളോട് കൽപിക്കുകയുമില്ല.﴾
(സൂറഃ ആലുഇംറാൻ: 80)

അവർ നബിമാരെ ആരാധിച്ചിരുന്നു എന്നത് അറിയിക്കുന്ന തെളിവ്:

﴿ وَإِذْ قَالَ ٱللَّهُ يَٰعِيسَى ٱبْنَ مَرْيَمَ ءَأَنتَ قُلْتَ لِلنَّاسِ ٱتَّخِذُونِى وَأُمِّىَ إِلَٰهَيْنِ مِن دُونِ ٱللَّهِ ۖ قَالَ سُبْحَٰنَكَ مَا يَكُونُ لِىٓ أَنْ أَقُولَ مَا لَيْسَ لِى بِحَقٍّ ۚ إِن كُنتُ قُلْتُهُۥ فَقَدْ عَلِمْتَهُۥ ۚ تَعْلَمُ مَا فِى نَفْسِى وَلَآ أَعْلَمُ مَا فِى نَفْسِكَ ۚ إِنَّكَ أَنتَ عَلَّٰمُ ٱلْغُيُوبِ ﴾

المائدة: ١١٦

﴿ അല്ലാഹു പറയുന്ന സന്ദർഭം (ഓർമ്മിക്കുക)ഈസ ബിനു മർയം! എന്നെയും എന്റെ മാതാവിനെയും അല്ലാഹുവിനു പുറമെ ഇലാഹാക്കുവിൻ എന്ന് ജനങ്ങളോട് പറഞ്ഞിട്ടുണ്ടോ? ഈസ നബി പറയും: നീ പരിശുദ്ധനാകുന്നു. എനിക്ക് അവകാശമില്ലാത്ത സംഗതി പറയുക എന്നത് ഒരിക്കലും എനിക്ക് ചേരുകയില്ല. ഞാൻ അത് പറഞ്ഞിട്ടുണ്ടായിരുന്നുവെങ്കിൽ അതു നീ അറിയുക തന്നെ ചെയ്യും. എന്റെ മനസ്സിലുള്ളത് നീ അറിയും. നിന്നിലുള്ളത് ഞാനറിയുകയില്ല. നിശ്ചയമായും നീ തന്നെയാണ് മറഞ്ഞകാര്യങ്ങൾ തികച്ചും അറിയുന്നവൻ.﴾

(സൂറഃ അൽമാഇദഃ: 116)

അവർ സജ്ജനങ്ങളെ ആരാധിച്ചിരുന്നു എന്നത് അറിയിക്കുന്ന തെളിവ്:

﴿ أُوْلَٰٓئِكَ ٱلَّذِينَ يَدۡعُونَ يَبۡتَغُونَ إِلَىٰ رَبِّهِمُ ٱلۡوَسِيلَةَ أَيُّهُمۡ أَقۡرَبُ وَيَرۡجُونَ رَحۡمَتَهُۥ وَيَخَافُونَ عَذَابَهُۥٓۚ ﴾
الإسراء: ٥٧

﴿ അവർ (ആ മുശ്രിക്കുകൾ) ആരൊടെല്ലാം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നുവോ അവരും, അവരിൽനിന്ന് അല്ലാഹുവിങ്കലേക്ക് ഏറ്റവുമടുത്തവരാരോ അവരുംകൂടി അല്ലാഹുവിങ്കലേക്ക് അടുപ്പത്തെ തേടുകയും അവന്റെ കാരുണ്യത്തെ ആശിക്കുകയും അവന്റെ ശിക്ഷയെ ഭയപ്പെടുകയും ചെയ്യുന്നു.﴾

(സൂറഃ അൽഇസ്റാഅ്: 57)

അവർ കല്ലിനേയും മരങ്ങളേയും ആരാധിച്ചിരുന്നു എന്നത് അറിയിക്കുന്ന തെളിവ്:

﴿ أَفَرَءَيۡتُمُ ٱللَّٰتَ وَٱلۡعُزَّىٰ ﴿١٩﴾ وَمَنَوٰةَ ٱلثَّالِثَةَ ٱلۡأُخۡرَىٰٓ ﴾ النجم: ١٩ – ٢٠

﴿ ലാത്തയെയും ഉസ്സയെയും പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? വേറെ മൂന്നാമതായുള്ള മനാത്തയെ പറ്റിയും.﴾

(സൂറഃ അന്നജ്മ്: 19, 20)

അബൂവാകിദ് അല്ലെയ്ഥിൽനിന്നുള്ള ഹദീഥും ഇതിന്നു തെളിവാണ്:

خَرَجْنَا مع رَسُولِ اللهِ ﷺ إِلَى حُنَيْنٍ، ونحْنُ حُدَثاءُ عَهْدٍ بِكُفْرٍ، وَلِلمشركينَ سِدْرَةٍ يَعكفونَ عندَها ويَنُطونَ بها أَسْلِحَتَهُمْ، يُقَالُ لها: ذَاتُ أَنْواطٍ، فمرَرْنَا بسِدْرَةٍ، فقلنا: يا رسولَ الله اجْعَلْ لَنَا ذَاتَ أَنْوَاطٍ كَمَا لَهُمْ ذَاتُ أَنْوَاطٍ... الحديث.

“ഞങ്ങൾ നബിﷺയുടെ കൂടെ ഹുനെയ്നിലേക്ക് പുറപ്പെട്ടു. ഞങ്ങളാകട്ടെ പുതുതായി മതം വിശ്വസിച്ചവരായിരുന്നു. (ജനങ്ങൾ പോകുന്ന വഴിക്ക്) മുശ്രിക്കുകൾക്ക് (ആരാധിക്കുന്ന) ഒരു വൃക്ഷമുണ്ടായിരുന്നു. ആ വൃക്ഷത്തിന്റെ അടുക്കൽ അവർ ഭജനമിരിക്കുകയും, (രക്ഷയെ ഉദ്ദേശിച്ചുകൊണ്ട്) അവരുടെ യുദ്ധായുധങ്ങൾ ആ മരത്തിൻ മേൽ തൂക്കിടുകയും ചെയ്തിരുന്നു. ദാത്തു-അൻവാത്ത് എന്നാണ് അവർ അതിനു പേർ പറഞ്ഞിരുന്നത്. ജനങ്ങൾ ആ മരത്തിന്റെ അടുക്കൽ കൂടി കടന്നു പോയി. അപ്പാൾ ജനങ്ങൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലെ! ഇവർക്ക് ദാത്തു-അൻവാത്ത് ഉള്ളതുപോലെ ഞങ്ങൾക്കും ഒരു ദാത്തു-അൻവാത്ത് നിശ്ചയിച്ചു തരിക.”

# القاعدة الرّابعة

## നാലാമത്തെ തത്ത്വം

ശെയ്ഖ് മുഹമ്മദ് ഇബ്നു അബ്ദിൽവഹ്ഹാബ് ﵀ പറയുന്നു:



أنّ مشركي زماننا أغلظ شركًا من الأوّلين، لأنّ الأوّلين يُشركون في الرخاء ويُخلصون في الشدّة، ومشركوا زماننا شركهم دائم؛ في الرخاء والشدّة. والدليل قوله تعالى: ﴿ فَإِذَا رَكِبُواْ فِي ٱلْفُلْكِ دَعَوُاْ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ فَلَمَّا نَجَّىٰهُمْ إِلَى ٱلْبَرِّ إِذَا هُمْ يُشْرِكُونَ ﴿٦٥﴾ ﴾ العنكبوت: ٦٥

ഈ കാലത്തുള്ള മുശ്രിക്കുകൾ പൂർവികന്മാരായ മുശ്രിക്കുകളേക്കാൾ കൂടുതൽ വഴിപിഴച്ചവരാകുന്നു [ശിർക്ക് ചെയ്യുന്നവരാണ്]. എന്തുകൊണ്ടെന്നാൽ പൂർവികന്മാർ സന്തോഷാവസരത്തിലാണ് പങ്ക് ചേർത്തിരുന്നത്. വിഷമാവസരങ്ങളിൽ അവർ അല്ലാഹുവോട് മാത്രം പ്രാർത്ഥിച്ചിരുന്നു. ഈ കാലത്തുള്ള മുശ്രിക്കുകളാകട്ടെ, അവരുടെ ശിർക്ക് സ്ഥിരമായതാകുന്നു. സുഖത്തിലും ദുഖഃത്തിലും (അവർ അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുന്നു). ഈ ക്വാഇദഃക്കുള്ള തെളിവ്: അല്ലാഹു ﷻ പറയുന്നു:

﴿ فَإِذَا رَكِبُواْ فِي ٱلْفُلْكِ دَعَوُاْ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ فَلَمَّا نَجَّىٰهُمْ إِلَى ٱلْبَرِّ إِذَا هُمْ يُشْرِكُونَ ﴾ العنكبوت: ٦٥

﴿ അവർ(മക്കാ മുശ്രിക്കുകൾ) കപ്പലിൽ കയറി യാത്രചെയ്യുമ്പോൾ (കാറ്റും കോളും കുടുങ്ങി കപ്പൽ മുങ്ങിപ്പോകുമെന്ന് ഭയപ്പെട്ടാൽ) കീഴ്വണക്കത്തെ അല്ലാഹുവിന് തനിച്ചവരായ സ്ഥിതിയിൽ അല്ലാഹുവിനോട് തന്നെ പ്രാർത്ഥിക്കുന്നു. അങ്ങനെ അവരെ അവൻ കരയിലേക്ക് രക്ഷപ്പെടുത്തിയാൽ അവരതാ (അവനോട്) പങ്കു ചേർക്കുന്നു. ﴾

(സൂറഃ അൽഅങ്കബൂത്ത്: 65)

وصلّى الله على محمّد وآله وصحبه وسلّم

# ഭാഗം: രണ്ട്

# شرح القواعد الأربع

ശെയ്ഖ് സ്വാലിഹ് ഇബ്നു അബ്ദിൽ അസീസ് ആലുശെയ്ഖ് حفظه الله

വിവർത്തനം

അബ്ദുൽ ജബ്ബാർ അബ്ദുല്ല حفظه الله

# വിവർത്തകക്കുറിപ്പ്

നവോത്ഥാന നായകൻ ശെയ്ഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ്ﷺന്റെ 'القواعد الأربع'എന്ന ചെറുകൃതിയുടേയും പ്രസ്തുത കൃതിക്ക് പണ്ഡിത പ്രമുഖനായ ശെയ്ഖ് സ്വാലിഹ് ഇബ്നു അബ്ദിൽ അസീസ് ആലുശെയ്ഖ്حفظه الله നൽകിയ വിവരണവുമാണ് 'شرح القواعد الأربع' (നാല് തത്ത്വങ്ങൾ - വിവരണം) എന്ന പേരിൽ താങ്കളുടെ കരങ്ങളിൽ.

തൗഹീദിന്റെ വാക്താക്കളേയും ശിർക്കിന്റെ വാക്താക്കളേയും വകതിരിച്ചും അവരുടെ അവസ്ഥകളെ വേർതിരിച്ചും വിഭജിച്ചും അവരുടെ വിധികളറിയിച്ചുമുള്ള രചനയാകുന്നു 'القواعدالأربع'. ആളുകൾ പലരും അകപ്പെട്ട ശിർക്കിന്റെ സ്വഭാവവും കടുപ്പവും വിളിച്ചറിയിക്കുന്ന ചെറുകൃതി. അതിനുള്ള ശെയ്ഖ് സ്വാലിഹ് ആലുശെയ്ഖ്حفظه الله ന്റെ വിവരണമാകട്ടെ തൽപരകക്ഷികളും തന്നിഷ്ടക്കാരും കുത്തിപ്പൊക്കുന്ന സന്ദേഹങ്ങളെ ദൂരീകരിക്കുകയും വിഷയങ്ങളെ സസൂക്ഷ്മം വിശകലനം നടത്തുകയുമാണ്.

ശെയ്ഖ് സ്വാലിഹിന്റെ തന്നെ രചനകളുടേയും വിവരണങ്ങളുടേയും സമാഹാരത്തിൽ നിന്നാണ് വിവർത്തനത്തിനുള്ള അറബീമൂലം തെരഞ്ഞെടുത്തിട്ടുള്ളത്. القواعد الأربع-ന്റെ അറബീമൂലവും വിവരണത്തിലെ ആയത്ത്, ഹദീഥ്, അഥർ, എന്നിവയുടെ നസ്സ്വുകളും അറബിയിൽ നൽകിയിട്ടുണ്ട്. ഓരോ قاعدة-ടേയും അറബീമൂലവും അതിന്റെ വിവർത്തനവും നൽകിയ ശേഷമാണ് ശെയ്ഖ് സ്വാലിഹിന്റെ വിവരണത്തിനു തർജുമ നൽകിയിട്ടുള്ളത്. വിവർത്തനത്തിൽ വല്ല തെറ്റുകളോ ക്രമീകരണത്തിൽ കുറവുകളോ ശ്രദ്ധയിൽ പെടുന്നുവെങ്കിൽ ഉണർത്തണമെന്നും തിരുത്തുവാനും പരിഹരിക്കുവാനും സന്നദ്ധമാണെന്നും അറിയിക്കുന്നു.

ഈ വിവർത്തനം നമുക്കും മുസ്‌ലിം കൈരളിക്കും ഉപകാരപ്പെടുമാറാക ട്ടെ. അല്ലാഹുﷻവിന് മാത്രമായി ഹംദുകളും മദ്ഹുകളും ഓതുന്നു. വിവർത്തനത്തിൽ സഹകരിച്ച എല്ലാവരോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു. എല്ലാവർക്കുമുള്ള പ്രതിഫലം അല്ലാഹുﷻ മഹത്തരമാക്കുമാറാകട്ടേ.

അല്ലാഹുവേ, നിന്റെ വജ്ഹിനായി മാത്രം. നീ ഞങ്ങളോട് പൊറുക്കേണമേ, സത്യമതത്തിൽ ഞങ്ങളെ ഉറപ്പിച്ചു നിറുത്തേണമേ...

അബ്ദുൽ ജബ്ബാർ അബ്ദുല്ല

# ശെയ്ഖ് സ്വാലിഹ് ആലു ശെയ്ഖ് حفظه الله

സ്വാലിഹ് ഇബ്നു അബ്ദിൽഅസീസ് ഇബ്നു മുഹമ്മദ് ഇബ്നു ഇബ്റാഹീം ആലുശെയ്ഖ്. ശെയ്ഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബിന്റെ സന്താന പരമ്പരയിൽ ആറാമത്തെ പൗത്രനാണ് ശെയ്ഖ് സ്വാലിഹ്. പ്രസിദ്ധമായ ബനൂ തമീം ഗോത്രത്തിലേക്കാണ് അദ്ദേഹത്തിന്റെ കുടുംബ പരമ്പര ചെന്നെത്തുന്നത്.

ഹിജ്റാബ്ദം 1378-ൽ റിയാദിൽ ജനിച്ചു. വിജ്ഞാന തറവാട്ടിലാണ് അദ്ദേഹം ജനിച്ചു വളർന്നത്. പിതാവ് അബ്ദുൽഅസീസും നിപുണനായ പണ്ഡിതനാണ്. സെകന്ററി വിദ്യാഭ്യാസം റിയാദിൽ പൂർത്തീകരിച്ച ശേഷം ഇമാം മുഹമ്മദ് ബിൻസുഊദ് യൂനിവേഴ്സിറ്റിയിൽ തുടർപഠനം നടത്തി.

വിജ്ഞാന തൃഷ്ണ അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. അതിനാൽ തന്നെ ചെറുപ്രായം മുതൽ പണ്ഡിത പ്രമുഖന്മാരുടേയും സലഫീ നേതാക്കളുടേയും ശിശ്യത്വത്തിൽ അദ്ദേഹം വളർന്നു. തന്റെ പ്രപിതാവും സുഊദി അറേബ്യയുടെ മുൻ ഗ്രാന്റ് മുഫ്തിയുമായിരുന്ന മുഹമ്മദ് ഇബ്നു ഇബ്റാഹീംﷺന്റെ ഫത്വകളിൽ ആകൃഷ്ഠനായ അദ്ദേഹം അവ വായിക്കുവാനും അവയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സാങ്കേതിക ശബ്ദങ്ങളും ഗ്രഹിക്കുവാനും നന്നായി സമയം വിനിയോഗിച്ചു. സുഊദി അറേബ്യയുടെ മുൻ ഗ്രാന്റ് മുഫ്തിയായിരുന്ന ശെയ്ഖ് ഇബ്നു ബാസ്ﷺ, നിലവിലെ സുഊദി ഗ്രാന്റ് മുഫ്തി അബ്ദുൽ അസീസ് ആലുശെയ്ഖ് എന്നിവരുടേയും മറ്റും വൈജ്ഞാനിക സഹായവും ശിശ്വത്വവും ശെയ്ഖിനുണ്ട്. ഇതുപോലുള്ള പ്രഗത്ഭമതികളാണ് ശെയ്ഖിന്റെ ഗുരുവര്യന്മാർ.

അറിവു തേടിയുള്ള യാത്രകളും പണ്ഡിതന്മാരുമായുള്ള കൂടിക്കാഴ്ചകളും വൈജ്ഞാനിക സദസ്സുകളും ചർച്ചകളും ശെയ്ഖിന്റെ വിജ്ഞാന സമ്പത്തിനെ സമ്പന്നമാക്കിയിട്ടുണ്ട്. സുഊദി അറേബ്യക്ക് അകത്തും പുറത്തുമുള്ള പല ഉലമാക്കളിൽ നിന്നും വിവിധ വിഷയങ്ങളിലുള്ള ഇജാസകളും അദ്ദേഹം നേടിയിട്ടുണ്ട്.

الندوة العالمية, هيئة الإغاثة, مؤسسة الحرمين തുടങ്ങിയ പ്രസ്ഥാനങ്ങളുടെ നേതൃപദവി അലങ്കരിച്ചിട്ടുണ്ട്. 1416-ൽ സുഊദി അറേബ്യയിലെ Islamic Affairs Endowments Da'wa & Guidance മിനിസ്റ്ററുടെ നാഇബായും 1420-ൽ മിനിസ്റ്ററായും നിയമിതനായിരുന്നു. നിലവിൽ വിശുദ്ധ മദീനഃയിലെ മലിക് ഫഹ്ദ് ക്വുർആൻ പ്രിന്റിംഗ് പ്രസ്സ് കോംപ്ലക്സിന്റെ സർവകാര്യാധിപതി കൂടിയാണ് അദ്ദേഹം.

വിഷയങ്ങളെ പ്രാമാണികമായി അപഗ്രഥിച്ചും സൂക്ഷ്മമായി വിശകലനം നടത്തിയും വിവരിച്ചുമാണ് ശെയ്ഖിന്റെ വാമൊഴികളും വരമൊഴികളും. വിജ്ഞാന

ദാഹികൾക്ക് ഏറെ ഫലപ്രദമായവയാണ് ശെയ്ഖിന്റെ ഗ്രന്ഥങ്ങളും വിവരണങ്ങളും. ആദർശ എതിരാളികൾക്കുള്ള മറുപടികൾ അഭിപ്രായ വ്യത്യാസത്തിന്റെ കാതൽ അളന്നും അഭിപ്രായാക്യമുള്ള ഭാഗങ്ങൾ നിജപ്പെടുത്തിയും വിഷയങ്ങൾ ക്രമപ്പെടുത്തിയും പ്രാമാണങ്ങൾ ക്രമപ്രകാരം നിരത്തിയുമാണ്. 'مفاهيم يجب أن تصحح'(തിരുത്തപ്പെടേണ്ട ധാരണകൾ) എന്ന കിതാബിന് അദ്ദേഹം എഴുതിയ 'هذه مفاهمنا' എന്ന മറുപടി ഗ്രന്ഥം ഇക്കാര്യം നമ്മെ ബോധ്യപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ വിജ്ഞാനവും രചനാപാഠവവും പ്രതിയോഗികളെ കൈകാര്യം ചെയ്യുന്ന രീതിയും നന്നായി ബോധ്യപ്പെടുത്തിത്തരുന്ന രചനയാണത്.

അറിവ് നുകർന്നും പകർന്നും ആ ജീവിതം തുടരുന്നു. അല്ലാഹു അവന്റെ സത്യദീനിൽ നമുക്കും അദ്ദേഹത്തിനും മുഴുവൻ മുസ്‌ലിംകൾക്കും സ്ഥൈര്യവും ഇസ്തികാമത്തും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ.

സുകൃതം ചെയ്തതുകൊണ്ട് സന്തോഷത്തോടെ ലോകരക്ഷിതാവിനെ കണ്ടുമുട്ടുന്ന സൗഭാഗ്യവാൻമാരിൽ അദ്ദേഹത്തെയും നമ്മെയും ഉൾപ്പെടുത്താൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ, ആമീൻ.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

ശെയ്ഖ് മുഹമ്മദ് ഇബ്നു അബ്ദിൽവഹ്ഹാബ് ﵀ പറയുന്നു:

**أسأل الله الكريم ربّ العرش العظيم أن يتولاّك في الدنيا والآخرة، وأن يجعلك مباركًا أينما كنت، وأن يجعلك ممّن إذا أُعطيَ شكر، وإذا ابتُلي صبر، وإذا أذنب استغفر، فإنّ هؤلاء الثلاث عنوان السعادة.**

ഇഹലോകത്തും പരലോകത്തും താങ്കളുടെ സംരക്ഷണം ഏറ്റെടുക്കുവാനും, താങ്കൾ എവിടെയാണെങ്കിലും താങ്കളെ അനുഗ്രഹീതനാക്കുവാനും, (അനുഗ്രഹം)നൽകപെട്ടാൽ നന്ദി കാണിക്കുകയും പരീക്ഷിക്കപെട്ടാൽ ക്ഷമിക്കുകയും പാപം ചെയ്താൽ പാപമോചനത്തിന് തേടുകയും ചെയ്യുന്നവരിൽ താങ്കളെ ഉൾപെടുത്തുവാനും അത്യുദാരനും മഹിതസിംഹാസനത്തിന്റെ രക്ഷിതാവുമായ അല്ലാഹുവോട് ഞാൻ യാചിക്കുന്നു. കാരണം (അനുഗ്രഹം) നൽകപ്പെട്ടാൽ നന്ദി കാണിക്കുക, പരീക്ഷിക്കപെട്ടാൽ ക്ഷമിക്കുക, പാപം ചെയ്താൽ പാപമോചനത്തിനു തേടുക എന്നീ മൂന്ന് പ്രവണതകൾ സൗഭാഗ്യത്തിന്റെ മുഖലക്ഷണങ്ങളാകുന്നു.

ശെയ്ഖ് സ്വാലിഹ് ആലു ശെയ്ഖിന്റെ വിവരണം:

ഇമാം മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബിﷺന്റെ രചനകളിൽ നിന്നുള്ള സുപ്രധാനവും സംക്ഷിപ്തവുമായ ഒരു ലഘു കൃതിയാകുന്നു القواعد الأربع. ഇതിലെ തത്ത്വങ്ങൾ വിഭാവനം ചെയ്യുന്ന ആശയങ്ങളുടെ മറുപുറം മനസിലാക്കുന്നതിലാണ് ഇവയുടെ പ്രാധാന്യം കുടികൊള്ളുന്നത്. ഈ ആശയങ്ങളെ അവഗണിച്ചതിനാലും അതിലുള്ള അറിവുകേടിനാലും ബഹുദൈവ വിശ്വാസികളുടെ അവസ്ഥകളേയും ഏകദൈവ വിശ്വാസികളുടെ അവസ്ഥകളേയും വേർതിരിച്ചു മനസിലാക്കുന്നതിൽ വലിയ ആശയക്കുഴപ്പം ആളുകളിൽ സംഭവിച്ച് കൊണ്ടിരിക്കുന്നു.

ശിർക്കും തൗഹീദും അല്ലാഹു വിശുദ്ധ ക്വുർആനിലൂടെ നന്നേ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നിട്ടും ബഹുദൈവ വിശ്വാസികളുടെ സ്ഥിതിവിശേഷങ്ങളും ഏകദൈവ വിശ്വാസികളുടെ സ്ഥിതിവിശേഷങ്ങളും വേർതിരിച്ചു മനസിലാക്കുന്നതിലാണ് കുഴപ്പം സംഭവിച്ചിരിക്കുന്നത്.

ക്വുർആനിൽനിന്നും സുന്നത്തിൽനിന്നും അറബികളുടെ സ്ഥിതിഗതി കളെ കുറിച്ചുള്ള വിജ്ഞാനങ്ങളിൽനിന്നുമാണ് ഈ നാലു തത്ത്വങ്ങൾ എടുക്കപെട്ടിരിക്കുന്നത്. (അറബികളുടെ അവസ്ഥകളെ കുറിച്ചുള്ള വിവരണം വഴിയെ വരുന്നുണ്ട്.) ശിർക്ക് ചെയ്യുന്നവർക്കുള്ള മതവിധി, പ്രാർത്ഥന അല്ലാഹുവിനു നിഷ്കളങ്കമാക്കൽ നിർബന്ധം, എങ്ങനെയാണ് പ്രാർത്ഥന അല്ലാഹുവിനു നിഷ്കളങ്കമാക്കുക, തുടങ്ങിയ വിഷയങ്ങളിലുള്ള സംശയങ്ങൾക്ക് പരിരക്ഷയേകുന്നവയാകുന്നു ഈ തത്ത്വങ്ങൾ; ഇവ പാഠമാക്കുകയും ഇവയുടെ ആശയം ഗ്രഹിക്കുകയും ചെയ്യുന്നവർക്ക്.

പതിവുപോലെ വായനക്കാരനും രചന സമർപ്പിക്കപ്പെട്ടവർക്കും ദുആ ചെയ്തു കൊണ്ടാണ് ഇമാമുദ്ദഅ്വഃ ശെയ്ഖ് മുഹമ്മദ് ഇബ്നു അബ്ദിൽവഹ്ഹാബ്ﷺ ഈ ലഘുരചനക്കും നാന്ദി കുറിച്ചിരിക്കുന്നത്. പഠിപ്പിക്കേണ്ടതും പ്രബോധനം നടത്തേണ്ടതും വാത്സല്യപൂർവമാകണമെന്ന ഉൽബോധനവും അദ്ധ്യാപകനും വിദ്യാർത്ഥിയും പ്രബോധകനും പ്രബോധിതനും പരസ്പര കാരുണ്യവും ദയാവായ്പും ഉള്ളവരാകണമെന്ന ഉൽബോധനവും ദുആയോടെയുള്ള ഈ തുടക്കത്തിലുണ്ട്. കാരണം അദ്ധ്യാപനവും പ്രബോധനവുമെന്ന രണ്ടറ്റങ്ങളേയും പരസ്പരം ബന്ധപ്പെടുത്തുന്ന വിളക്കണ്ണി കാരുണ്യമാണ്.

അല്ലാഹു പറഞ്ഞു:

﴿ فَبِمَا رَحْمَةٍ مِّنَ ٱللَّهِ لِنتَ لَهُمْ ﴾آل عمران: ١٥٩

﴿ (നബിയേ,) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടു മാത്രമാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. ﴾

(സൂറഃ ആലഇംറാൻ: 159)

അഥവാ അല്ലാഹുവിൽ നിന്നുള്ള റഹ്മത്തിനാൽ മാത്രമാണ് താങ്കൾ (നബി ﷺ) അവരോടു ദയാപരനായത്. ആയത്തിൽ പ്രയോഗിച്ച, الزائدة എന്ന് നാമകരണമുള്ള ' ما ' എന്ന അവ്യയം ('കാരുണ്യം കൊണ്ടു മാത്രമാണ്' എന്നത് അറിയിച്ചുകൊണ്ട്) വാചകത്തെ ശക്തിപ്പെടുത്തുവാനാണ്.

അപ്പോൾ രചനയുടെ തുടക്കത്തിലുള്ള ഈ ദുആ ശെയ്ഖിന്റെ കാരു ണ്യമനസ്സിന്റെ ബഹിർസ്ഫുരണമാണ്. ഇപ്രകാരം അദ്ധ്യാപകനും പ്രബോധ കനും നന്മ കൽപിക്കുന്നവനും തിന്മ വിരോധിക്കുന്നവനുമെല്ലാം മനുഷ്യരോട് കനിവോടുകൂടി വർത്തിക്കൽ അനിവാര്യമാണ്. അല്ലാഹു തന്റെ തിരുനബിﷺയെ വിശേഷിപ്പിക്കുന്നത് നോക്കൂ:

﴿ وَمَآ أَرْسَلْنَٰكَ إِلَّا رَحْمَةً لِّلْعَٰلَمِينَ ﴾ الأنبياء: ١٠٧

﴿ ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല. ﴾

(സൂറഃ അൽഅമ്പിയാഅ്: 107)

﴿ بِٱلْمُؤْمِنِينَ رَءُوفٌ رَّحِيمٌ ﴾ التوبة: ١٢٨

﴿ സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം. ﴾

(സൂറഃ അത്തൗബഃ : 128)

പാപികളോടും സത്യത്തോട് അനിഷ്ടമുള്ളവരോടും ഒരു പ്രബോധകനുണ്ടായിരിക്കേണ്ട സ്വഭാവം വിവരിച്ചുകൊണ്ട് ഇമാം ഇബ്നുൽക്വയ്യിംؒ പറഞ്ഞു:[31]

وَاجْعَلْ لِوجْهِكَ مُقْلَتَينِ كِلاَهُما *** مِنْ خَشْيةِ الرّحمنِ بَاكِيَتَانِ

لَوْ شَاءَ رَبُّك كُنْتَ أيضاً مِثْلَهُمْ *** فَالقَلْبُ بَيْنَ أَصَابِعِ الرَّحْمَنِ

സാരം:

'പരമകാരുണികനെ ഭയന്ന് കരയുന്ന രണ്ടു കണ്ണുകൾ നിനക്കുണ്ടാവണം.

31. الكافية الشافية في الانتصار للفرقة الناجية എന്ന ഇബ്നുൽ ക്വയ്യിംؒയുടെ നൂനിയ്യ (1: 19).

നാഥൻ വിധിച്ചിരുന്നുവെങ്കിൽ നീയും പാപികളെപ്പാലെ നെറികേടിൽ അകപ്പെടുമായിരുന്നു; കാരണം മനുഷ്യഹൃദയങ്ങൾ കരുണാമയനായ അല്ലാഹുവിന്റെ വിരലുകൾക്കിടയിൽ മാറ്റിമറിക്കപ്പെട്ടു കൊണ്ടിരിക്കയാണല്ലോ.'

الشرح
വിവരണം

ശിക്ഷാവിധികൾ നടപ്പിലാക്കുമ്പോൾ പോലും കാരുണ്യത്തോടു കൂടിയാണ് അതു നടപ്പാക്കപ്പെടുക. പകപോക്കുകയെന്ന നിലക്കല്ല ഇസ്‌ലാമിലെ ശിക്ഷാവിധികൾ. ആ വ്യക്തിയെ അതിജയിച്ച പിശാച് അയാളെ ശിക്ഷാർഹനാക്കി എന്നതിനാൽ അയാളോട് കാരുണ്യമാണുണ്ടാകേണ്ടത്. ശത്രുവിന്റെ കൈകളിൽ അകപ്പെട്ട താങ്കളുടെ സ്നേഹിതനായ ഒരു ബന്ധിയെ പോലെയാണയാൾ.

ഇമാം മുഹമ്മദ് ഇബ്നു അബ്ദിൽവഹ്ഹാബ്ﷺന്റെ ഈ രചനയുടെ അവതാരികയിൽ കൊടുത്ത ദുആകൊണ്ടുള്ള തുടക്കം നമ്മുടെ പെരുമാറ്റം കരുണാമയമാകണമെന്ന ഉൽബോധനമാണ് അറിയിക്കുന്നത്.

(1)അനുഗ്രഹങ്ങൾ നൽകപെട്ടാൽ നന്ദി കാണിക്കുകയും (2)പരീക്ഷിക്കപെട്ടാൽ ക്ഷമിക്കുകയും (3)പാപം ചെയ്തുപോയാൽ പൊറുക്കലിനെ തേടുകയും ചെയ്യുന്നവരിൽ നമ്മെ ഉൾപ്പെടുത്തുവാൻ ശെയ്ഖ് അല്ലാഹുവോട് യാചിച്ചിരിക്കുന്നു. ഈ മൂന്ന് പ്രവണതകളും സൗഭാഗ്യത്തിന്റെ മേൽവിലാസങ്ങളാണെന്നതാണ് അതിന്റെ കാരണം.

അല്ലാഹുവിൽനിന്നുള്ള ഔദാര്യം അനുഗ്രഹമാണ്. അവനാകട്ടെ ദാസന്മാരിൽ നന്ദികാണിക്കുന്നവരെ ഇഷ്ടപ്പെടുന്നു. നന്ദിയാകട്ടെ വാക്കാലും പ്രവൃത്തിയാലും പ്രകാശിപ്പിക്കാൻ കഴിയുന്നതാണ്.

﴿ أَنِ ٱشْكُرْ لِى وَلِوَٰلِدَيْكَ ﴾ لقمان: ١٤

﴾ എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദികാണിക്കൂ. ﴿
(സൂറഃ ലുക്മാൻ: 14)

വാചാകർമ്മണാ നന്ദി കാണിക്കുവാനുള്ള കൽപനയാണ് ഈ വചനത്തിലടങ്ങിയിരിക്കുന്നത്.

﴿ ٱعْمَلُوٓا۟ ءَالَ دَاوُۥدَ شُكْرًا ﴾ سبأ: ١٣

﴾ ദാവൂദ് കുടുംബമേ, നിങ്ങൾ നന്ദിപൂർവ്വം പ്രവർത്തിക്കുക. ﴿
(സൂറഃ സബഅ്: 13)

ഇതാകട്ടെ പ്രവൃത്തിപഥത്തിൽ നന്ദി കാണിക്കുവാനാണ്.

﴿ وَٱشْكُرُوا۟ لِى وَلَا تَكْفُرُونِ ﴾ البقرة: ١٥٢

﴾എന്നോട് നിങ്ങൾ നന്ദികാണിക്കുക. നിങ്ങളെന്നോട് നന്ദികേട് കാണിക്കരുത്.﴿ (സൂറഃ അൽബകഃറഃ 152)

ഈ ആജ്ഞയും വാക്കാലും പ്രവൃത്തിയാലും നന്ദി കാണിക്കുവാനാണ്.



### شُكر (നന്ദി)-ഉം حَمد(സ്തുതി)-ഉം തമ്മിലുള്ള വ്യത്യാസം

شُكر(നന്ദി) حَمد(സ്തുതി)-ൽ നിന്ന് വ്യത്യസ്തമാണ്. എന്തെന്നാൽ ഒരു അനുഗ്രഹം (نِعمَة) ഉണ്ടാവുമ്പോഴാണ് നന്ദി ശുക്ർ(شُكر) ഉണ്ടാകുന്നത്. എന്നാൽ അനുഗ്രഹം ഉണ്ടാവുമ്പോഴും ഉണ്ടായില്ലെങ്കിലും حَمد(സ്തുതിക്കൽ) ഉണ്ടായേക്കാം. അല്ലാഹുവിനെ വാഴ്ത്തിപ്പുകഴ്ത്തി തുടക്കം കുറിക്കുന്നതിൽ ഹംദ് ഉണ്ടാകും. ശുക്ർ വാക്കാലും പ്രവൃത്തിയാലും ഉണ്ടാകും. എന്നാൽ ഹംദാകട്ടെ വാക്കാൽ മാത്രമാണ് ഉണ്ടാവുക. ഈ വ്യതാസങ്ങളെല്ലാം പണ്ഡിത ലോകത്ത് സുവിദിതമാണ്. സൂക്ഷ്മനിരീക്ഷണം അനിവാര്യമായ വിഷയമാണിത്. അഥവാ, ഒരു ദാസന് വല്ല ഔദാര്യവും കടാക്ഷിക്കപ്പെട്ടാൽ അല്ലാഹുവിന്റെ ഔദാര്യത്തിന് അവൻ ശുക്ർ അർപ്പിക്കണം. പ്രസ്തുത ശുക്ർ മനസ്സാവാചാ ഭവിക്കണമെന്ന് നേരത്തെ വിവരിച്ചതാണ്.

### വാക്കാലുള്ള ശുക്ർ അഥവാ നന്ദി പ്രകാശനം

- അനുഗ്രഹത്തെ അനുഗ്രഹദാതാവിലേക്ക് ചേർത്തു പറയുക.
- അതിൽ അവനെ വാഴ്ത്തിപ്പുകഴ്ത്തുക.
- അനുഗ്രഹം ചേർത്തു വിളിക്കാനും അതിൽ പുകഴ്ത്താനും മറ്റാരിലേക്കും തിരിയാതിരിക്കുക.

ഇങ്ങിനെയാണ് വാക്കാലുള്ള ശുക്ർ അഥവാ നന്ദി പ്രകാശം.

﴿ وَمَا بِكُم مِّن نِّعْمَةٍ فَمِنَ ٱللَّهِ ﴾ النحل: ٥٣

﴾നിങ്ങളിൽ അനുഗ്രഹമായി എന്തുണ്ടെങ്കിലും അത് അല്ലാഹുവിങ്കൽ നിന്നുള്ളതാകുന്നു.﴿ (സൂറഃ അന്നഹ്ൽ: 53)

﴿ يَعْرِفُونَ نِعْمَتَ ٱللَّهِ ثُمَّ يُنكِرُونَهَا ﴾ النحل: ٨٣

﴾അല്ലാഹുവിന്റെ അനുഗ്രഹം അവർ മനസ്സിലാക്കുകയും, എന്നിട്ട് അതിനെ നിഷേധിക്കുകയുമാണ് ചെയ്യുന്നത്.﴿ (സൂറഃ അന്നഹ്ൽ: 83)

അനുഗ്രഹദാതാവ് ഇഷ്ടപ്പെടുന്ന മാർഗേണ അനുഗ്രഹങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് കർമ്മണായുള്ള ശുക്ർ. പ്രവൃത്തിയിലൂടെ ശുക്ർ പ്രകടിപ്പിക്കുക എന്നത് അല്ലാഹു ഇഷ്ടപ്പെടുന്നു എന്നു മാത്രമല്ല ഒരു ദാസൻ അല്ലാഹുവോട് നന്ദിയുള്ളവനാവുക എന്നതു തന്നെ അല്ലാഹുവിന്ന് അ

ത്യധികം ഇഷ്ടകരമായ ആരാധനയത്രേ. അതിനാലാണ് അവൻ ഇപ്രകാരം പറഞ്ഞത്:

﴿ وَقَلِيلٌ مِّنْ عِبَادِيَ ٱلشَّكُورُ ﴾ سبأ: ١٣

﴿ തികഞ്ഞ നന്ദിയുള്ളവർ എന്റെ ദാസന്മാരിൽ അപൂർവ്വമത്രെ. ﴾
(സൂറഃ സബഅ്: 13)

﴿ ذُرِّيَّةَ مَنْ حَمَلْنَا مَعَ نُوحٍ إِنَّهُۥ كَانَ عَبْدًا شَكُورًا ﴾ الإسراء: ٣

﴿ നൂഹിനോടൊപ്പം നാം കപ്പലിൽ കയറ്റിയവരുടെ സന്തതികളേ, തീർച്ചയായും അദ്ദേഹം (നൂഹ്) വളരെ നന്ദിയുള്ള ഒരു ദാസനായിരുന്നു. ﴾
(സൂറഃ അൽഇസ്റാഅ്: 3)

അഥവാ, നൂഹിനോടൊപ്പം നാം കപ്പലിൽ വഹിച്ച ജനങ്ങളേ, നിശ്ചയം നൂഹ് അല്ലാഹുവിന് ധാരാളമായി ശുക്ർ അർപ്പിക്കുന്ന ദാസനായിരുന്നു. ക്വുർആൻ വ്യാഖ്യാതാക്കൾ[32] പറയുന്നു: നൂഹ് വല്ലതും ഭക്ഷിച്ചാൽ അല്ലാഹുവിന് ശുക്ർ അർപിക്കുമായിരുന്നു. അദ്ദേഹം വല്ലതും പാനം ചെയ്താലും വസ്ത്രം ധരിച്ചാലും അല്ലാഹുവിന് ശുക്ർ അർപിക്കുമായിരുന്നു. തനിക്കു വന്നണയുകയോ തരപ്പെടുകയോ ചെയ്ത അനുഗ്രഹത്തിൽ മറ്റൊരാൾക്കും യാതൊരു കഴിവും ശേഷിയുമില്ലെന്ന് സമ്മതിച്ചും അത് അല്ലാഹുവിൽ നിന്നാണെന്ന് അംഗീകരിച്ചുമായിരുന്നു അദ്ദേഹത്തിന്റെ ശുക്ർ.

### ശുക്റിന് തൗഹീദുമായുള്ള ബന്ധം

ശുക്റിന് തൗഹീദുമായി ബന്ധമുണ്ട്. ഔദാര്യത്തിന് ശുക്ർ, പരീക്ഷണത്തിൽ സ്വബ്ർ(صبر), തെറ്റിൽ ഇസ്തിഗ്ഫാർ(إستغفار) എന്നിവയെ അനുസ്മരിച്ചപ്പോൾ ശെയ്ഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് ഒരു മുവഹ്ഹിദിനെ നിരീക്ഷിക്കുകയും തന്റെമേൽ എപ്പോഴും ബാധ്യതയായത് അവനെ ഉണർത്തുകയും ചെയ്തിരുന്നു. കാരണം ഒരു മുവഹ്ഹിദിന് അല്ലാഹു നൽകിയ അനുഗ്രഹം അതുല്യമാണ്. നിഷ്കപടമായ തൗഹീദ് നൽകി അവനെ യഥാർത്ഥ മുസ്‌ലിമാക്കിയത് അല്ലാഹുവിൽ നിന്നുള്ള വലിയ അനുഗ്രഹമാണ്; നിഷ്കളങ്കമായ തൗഹീദിന്റെ വാക്താക്കൾക്കാണല്ലോ ഇഹത്തിലും പരത്തിലും സൗഭാഗ്യം അവൻ വാഗ്ദാനമേകിയത്.

മുവഹ്ഹിദിനു പരീക്ഷണം അനിവാര്യമാണ്. അതിനാലാണ് പരീക്ഷി ക്കപ്പെട്ടാൽ ക്ഷമാലുക്കളിൽ ഉൾപ്പെടുത്തുവാൻ അല്ലാഹുവോട് ശെയ്ഖ് തേടിയത്. തനി

32. (15/19)تفسير الطبري, (10/213) تفسير القرطبي

ക്കെതിരെ ശാരീരികമായും സാമ്പത്തികമായും വാക്കുകളായും മറ്റും ഏയ്തു വിടുന്ന പരീക്ഷണങ്ങളിൽ ക്ഷമ അവലംബിക്കൽ അനിവാര്യമാണ്.

തെറ്റുകൾ വല്ലതും സംഭവിക്കൽ ഒരു മുവഹ്ഹിദിൽ നിയതമാണ്. ചെറുതോ വലുതോ ആയ തെറ്റുകളുടെ സംഭവ്യതയും സുനിശ്ചിതമാണ്. അൽഗഫൂർ(الغفور) എന്നത് അല്ലാഹുവിന്റെ നാമമാണെന്നിരിക്കെ പ്രസ്തുത നാമത്തിന്റെ ഫലം തന്റെ സൃഷ്ടികളിലും അധികാരവ്യവസ്ഥയിലും പ്രകടമാകൽ അനിവാര്യമാണ്. അതിനാൽ തന്നെ മുഖ്‌ലിസ്വും(مُخلِص) മുവഹ്ഹിദുമായ തന്റെ ദാസൻ സദാ പാപമോചനത്തിനു തേടുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നു. പാപമോചനത്തേട്ടമാകട്ടെ ഒരോ മുവഹ്ഹിദിനും ഒഴിച്ച് കൂടാനാവാത്തതാണ് താനും.

ഒരു ദാസൻ ഇസ്തിഗ്ഫാർ യഥാവിധം നിർവ്വഹിക്കുന്നത് ഉപേക്ഷിച്ചാൽ അവനിൽ كِبر(അഹംഭാവം) കടന്നുവരും. അഹംഭാവമാകട്ടെ പല കർമ്മങ്ങളേയും നിഷ്ഫലമാക്കും. അതുകൊണ്ടാണ് ശെയ്ഖ് ഇപ്രകാരം പറഞ്ഞത്: 'പാപം ചെയ്താൽ പാപമോചനത്തിനു തേടുക.'

അനുഗ്രഹത്തിനുനേരെ (شُكر) നന്ദിയും, പരീക്ഷണത്തിനു മുമ്പിൽ (صَبر) ക്ഷമയും, തെറ്റു കുറ്റങ്ങളിൽ(إستِغفَار) പാപമോചനവും ഒരോ മുവഹ്ഹിദുമായി അഭേദ്യമായി ബന്ധപ്പെട്ട് കിടക്കുന്നു. തന്റെ റബ്ബിനെ കുറിച്ചുള്ള ബോധം ദാസനിൽ മികച്ചുനിൽക്കുമ്പോഴെല്ലാം ഈ മൂന്ന് കാര്യങ്ങളും അവനിൽ പോഷിതമാകും. മനസ്സിൽ തൗഹീദ് മഹത്തരമാകുന്നതനുസരിച്ച് ഇവയെല്ലാം അവനിൽ മഹനീയമാകും. അതോടെ തന്റെ ഏതൊരു (ആരാധനാപരമായ) പെരുമാറ്റങ്ങൾക്കും പ്രവൃത്തികൾക്കും അർഹനായി അല്ലാഹുവെ മാത്രം കാണുന്നവനായി ദാസൻ മാറും. അതിൽ അവൻ അശ്രദ്ധനായാൽ അവന്റെ ഇസ്തിഗ്ഫാർ സുബോധമില്ലാത്തവന്റെ ഇസ്തിഗ്ഫാറായിത്തീരും.

തിരുനബിﷺ ഒരു രാവിലും പകലിലുമായി നൂറിലേറെ തവണ[33] ഇസ്തിഗ്ഫാർ നടത്തുമായിരുന്നു. ഒരു നിവേദനത്തിൽ ഇപ്രകാരമുണ്ട്:

وَاللهِ إِنِّي لأَسْتَغْفِرُ اللهَ عَزَّ وَجَلَّ وَأَتُوبُ إِلَيْهِ فِي الْيَوْمِ أَكْثَرَ مِنْ سَبْعِينَ مَرَّةً

''അല്ലാഹുവാണേ, നിശ്ചയം ഞാൻ ഒരു ദിവസം എഴുപതിലേറെ തവണ അല്ലാഹുവോട് ഇസ്തിഗ്ഫാർ നടത്തുകയും അവനിലേക്ക് പശ്ചാത്തപിക്കുകയും ചെയ്യും.''[34]

33. أَغَرُّ المُزَنِي- ﷺയിൽ നിന്ന് ഇമാം മുസ്‌ലിം(2702) നിവേദനം.

34. أَبُو هُرَيْرَة- ﷺയിൽ നിന്ന് ഇമാം ബുഖാരി(6307) നിവേദനം.

തൗഹീദുള്ളവരിലും സാക്ഷാൽ സലഫികളിലും ഇൽമുള്ളവരിലും ഉൾപ്പെട്ടവനാണെന്ന് പറഞ്ഞുകൊണ്ട് ചതിക്കയത്തിൽ കൂപ്പുകുത്തുന്നത് ഒരു മുവഹ്ഹിദിന്റെ വിഷയത്തിൽ ഭയക്കേണ്ടതുണ്ട്. കേവലം ഈ അവകാശവാദമല്ലാതെ അല്ലാഹുവിലേക്കടുക്കുവാനുള്ള തൗഹീദാകുന്ന പുണ്യം സ്വീകരിക്കപ്പെടുവാൻ കാരണമാകുമാറുള്ള വിനയവും താഴ്മയും മനസ്സിൽ ഇല്ലാത്തവനായിരിക്കും ഈ വ്യക്തി. അല്ലാഹു അതിമഹനീയനത്രേ. അവൻ തന്റെ ദാസന്മാരോട് വളരേ കുറച്ചാണ് ആവശ്യപെട്ടിരിക്കുന്നത്. അതിൽ അവൻ തൗഹീദനെ പുകഴ്ത്തിയിരിക്കുന്നു. ശിർക്കിനേയും അതിലേക്ക് എത്തിക്കുന്നവയേയും പാടെ ഇകഴ്ത്തുകയും ചെയ്തിരിക്കുന്നു.

ശെയ്ഖ് മുഹമ്മദ് ഇബ്നു അബ്ദിൽവഹ്ഹാബ് പറയുന്നു:

المتن

اعلم أرشدك الله لطاعته: أن الحنيفيّة ملّة إبراهيم: أن تعبد الله مخلصًا له الدين كما قال تعالى

﴿ وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ﴾ الذاريات: ٥٦

فإذا عرفت أنّ الله خلقك لعبادته فاعلم: أنّ العبادة لا تسمّى عبادة إلا مع التوحيد، كما أنّ الصلاة لا تسمّى صلاة إلى مع الطهارة، فإذا دخل الشرك في العبادة فسدتْ كالحدَث إذا دخل في الطهارة. فإذا عرفتَ أن الشرك إذا خالط العبادة أفسدها وأحبط العمل وصار صاحبه من الخالدين في النار عرفتَ أنّ أهمّ ما عليك: معرفة ذلك، لعلّ الله أن يخلّصك من هذه الشَّبَكة، وهي الشرك بالله الذي قال الله فيه:

﴿ إِنَّ ٱللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِۦ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُ ﴾ النساء: ١١٦

وذلك بمعرفة أربع قواعد ذكرها الله تعالى في كتابه.

വഴിപ്പെട്ട് ജീവിക്കുവാൻ അല്ലാഹു താങ്കൾക്ക് ഉദവിയേകട്ടെ. താങ്കൾ അറിയുക: കീഴ്‌വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കി അവനെ ആരാധിക്കുക എന്ന ഇബ്റാഹീം നബിയുടെ ആദർശമാകുന്നു ഹനീഫിയ്യത്ത്. അപ്രകാരം ആരാധന നിർവഹിക്കുവാനാണല്ലോ അല്ലാഹു നമ്മോട് കൽപിച്ചത്:

﴿ وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ﴾ الذاريات: ٥٦

﴿ ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ﴾ (സൂറഃ അദ്ദാരിയാത് : 56)

അല്ലാഹുവിന് ഇബാദത്തെടുക്കുവാനാണ് അവൻ താങ്കളെ സൃഷ്ടിച്ച തെന്ന് മനസ്സിലാക്കിയാൽ, ഇബാദത്തിൽ അല്ലാഹുവിന്റെ ഏകത്വം സാക്ഷാൽ കരിച്ചാലല്ലാതെ അതിന് ഇബാദത്തെന്ന് പറയപ്പെടുകയില്ലെന്നും താങ്കൾ മനസ്സിലാക്കുക. ശുദ്ധിയോടുകൂടിയുള്ള നമസ്കാരത്തിനല്ലാതെ നമസ്

കാരമെന്ന് പറയപ്പെടാത്തതു പോലെയാണത്. അശുദ്ധിയുണ്ടായാൽ ശുദ്ധി വരുത്തിയത് അസാധുവാകുമെന്ന പോലെ ഇബാദത്തിൽ ശിർക്ക് വന്നാൽ ഇബാദത്ത് ബാത്വിലാകും. ഇബാദത്തിൽ ശിർക്കു കലർന്നാൽ അത് ഇബാദത്തിനെ അസാധുവും കർമ്മങ്ങളെ നഷ്ഫലവും ശിർക്കു ചെയ്തവനെ നരകത്തീയിലെ നിത്യനിവാസിയും ആക്കുമെന്ന് മനസ്സിലാക്കിയാൽ താങ്കളുടെമേൽ അതിപ്രധാനമായ ബാധ്യത ശിർക്ക് എന്താണെന്ന് അറിയലാണ്; ശിർക്കാകുന്ന കെണിവലയിൽനിന്ന് അല്ലാഹു താങ്കളെ രക്ഷപ്പെടുത്തിയേക്കും. ശിർക്കിന്റെ വിഷയത്തിലാണല്ലോ അല്ലാഹു ﷻ പറഞ്ഞത്:

﴿ إِنَّ ٱللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِۦ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُ ۚ ﴾ النساء: ١١٦

﴿ തന്നോട് പങ്കുചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല; തീർച്ച. അതൊഴിച്ചുള്ളത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കുന്നതാണ്. ﴾

(സൂറഃ അന്നിസാഅ്: 116)

നാലു ക്വാഇദകൾ(തത്ത്വങ്ങൾ) മനസിലാക്കുന്നതിലൂടെ ശിർക്ക് മനസ്സിലാക്കുവാനാകും. വിശുദ്ധ ക്വുർആനിൽ അല്ലാഹു ഇവയെകുറിച്ച് അനുസ്മരിച്ചിട്ടുണ്ട്.

ശെയ്ഖ് സ്വാലിഹ് ആലു ശെയ്ഖിന്റെ വിവരണം:

പ്രസ്തുത നാലു ക്വാഇദകളുടെ ആമുഖക്കുറിപ്പാണിത്. അതിന്റെ തുടക്ക വരി 'ഇബ്റാഹീം നബിയുടെ മില്ലത്താകുന്നു ഹനീഫിയ്യത്' എന്നാണ്. അല്ലാഹു ഇബ്റാഹീം നബി عليه السلام യെ ഹനീഫാക്കിയിരിക്കുന്നു അഥവാ ശിർക്കിന്റെ വഴിയൽ നിന്നും അകറ്റി കറകളഞ്ഞ തൗഹീദിന്റെ പാതയിലേക്ക് പക്ഷം ചേർന്നവനാക്കിയിരിക്കുന്നു. എല്ലാ അസത്യങ്ങളിൽനിന്നും സത്യത്തിലേക്ക് ചായുക, അധർമ്മങ്ങളിൽനിന്നകന്ന് ധർമ്മത്തോട് അടുക്കുക എന്ന ആദർശമാണ് ഹനീഫിയ്യത്. അതത്രേ നമ്മുടെ കുലപതി ഇബ്റാഹീം നബി عليه السلام യുടെ മില്ലത്ത്. അല്ലാഹു سبحانه وتعالى പറഞ്ഞു:

﴿ مَا كَانَ إِبْرَٰهِيمُ يَهُودِيًّا وَلَا نَصْرَانِيًّا وَلَٰكِن كَانَ حَنِيفًا مُّسْلِمًا وَمَا كَانَ مِنَ ٱلْمُشْرِكِينَ ﴾ آل عمران: ٦٧

﴿ ഇബ്റാഹീം യഹൂദനോ ക്രിസ്ത്യനോ ആയിരുന്നില്ല. എന്നാൽ അദ്ദേഹം ശുദ്ധമനസ്ഥിതിക്കാരനും (അല്ലാഹുവിന്ന്) കീഴ്പെട്ടവനും ആയിരുന്നു. അദ്ദേഹം ബഹുദൈവാരാധകരിൽ പെട്ടവനായിരുന്നിട്ടുമില്ല. ﴾
(സൂറഃ ആലുഇംറാൻ: 67)

﴿ إِنَّ إِبْرَٰهِيمَ كَانَ أُمَّةً قَانِتًا لِّلَّهِ حَنِيفًا وَلَمْ يَكُ مِنَ ٱلْمُشْرِكِينَ ﴿١٢٠﴾ شَاكِرًا لِّأَنْعُمِهِ ۚ ٱجْتَبَٰهُ وَهَدَىٰهُ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴾ النحل: ١٢٠ - ١٢١

﴿ തീർച്ചയായും ഇബ്റാഹീം അല്ലാഹുവിന്ന് കീഴ്പെട്ട് ജീവിക്കുന്ന, നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്ന ഒരു സമുദായം തന്നെയായിരുന്നു. അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല. അവന്റെ (അല്ലാഹുവിന്റെ) അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുന്നവനായിരുന്നു അദ്ദേഹം. അദ്ദേഹത്തെ അവൻ തെരഞ്ഞെടുക്കുകയും നേരായ പാതയിലേക്ക് നയിക്കുകയും ചെയ്തു. ﴾
(സൂറഃ അന്നഹ്ൽ: 120, 121)

സൂറത്ത് സുഖ്റുഫിൽ അല്ലാഹു سبحانه وتعالى പറഞ്ഞതു പോലെ ' لا إله إلا الله ' എന്ന കലിമത്തിന്റെ ആശയ സാക്ഷാൽകാരമാകുന്നു ഇബ്റാഹീമീ മില്ലത്തിന്റെ കാതൽ:

﴿ وَإِذْ قَالَ إِبْرَٰهِيمُ لِأَبِيهِ وَقَوْمِهِۦٓ إِنَّنِى بَرَآءٌ مِّمَّا تَعْبُدُونَ ﴿٢٦﴾ إِلَّا ٱلَّذِى فَطَرَنِى فَإِنَّهُۥ سَيَهْدِينِ ﴿٢٧﴾ وَجَعَلَهَا كَلِمَةًۢ بَاقِيَةً فِى عَقِبِهِۦ لَعَلَّهُمْ يَرْجِعُونَ ﴾ الزخرف: ٢٦ - ٢٨

﴿ ഇബ്രാഹീം തന്റെ പിതാവിനോടും ജനങ്ങളോടും ഇപ്രകാരം പറഞ്ഞ സന്ദർഭം

(ശ്രദ്ധേയമാകുന്നു:) തീർച്ചയായും ഞാൻ നിങ്ങൾ ആരാധിക്കുന്നതിൽനിന്ന് ഒഴിഞ്ഞു നിൽക്കുന്നവനാകുന്നു. എന്നെ സൃഷ്ടിച്ചവനൊഴികെ. കാരണം തീർച്ചയായും അവൻ എനിക്ക് മാർഗദർശനം നൽകുന്നതാണ്. അദ്ദേഹത്തിന്റെ പിൻഗാമികൾ (സത്യത്തിലേക്കു) മടങ്ങേണ്ടതിനായി അതിനെ (ആ പ്രഖ്യാപനത്തെ) അദ്ദേഹം അവർക്കിടയിൽ നിലനിൽക്കുന്ന ഒരു വചനമാക്കുകയും ചെയ്തു.﴾

(സൂറഃ സുഖ്റുഫ്: 26, 27 ,28)

ഈ ആയത്തിൽ പരാമർശിച്ച പ്രസ്തുത കലിമയത്രേ لا إله إلا الله എന്ന വചനം. ആയത്തിലെ,

﴿ إِنَّنِي بَرَآءٌ مِّمَّا تَعْبُدُونَ ﴿٢٦﴾ إِلَّا ٱلَّذِى فَطَرَنِى ﴾

﴿ തീർച്ചയായും ഞാൻ നിങ്ങൾ ആരാധിക്കുന്നതിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നവനാകുന്നു. എന്നെ സൃഷ്ടിച്ചവനൊഴികെ.﴾ എന്നത് കലിമതുത്തൗഹീദാകുന്നു. അഥവാ, കലിമഃയുടെ ആദ്യ പകുതിയായ لا إله (യഥാർത്ഥത്തിൽ യാതൊരു ആരാധ്യനുമില്ല) എന്ന നിരാകരണത്തിന്റെ ആശയത്തിലാണ്,

﴿ إِنَّنِي بَرَآءٌ مِّمَّا تَعْبُدُونَ ﴾

﴿ തീർച്ചയായും ഞാൻ നിങ്ങൾ ആരാധിക്കുന്നതിൽനിന്ന് ഒഴിഞ്ഞു നിൽക്കുന്നവനാകുന്നു. ﴾ എന്ന ഭാഗം. إلا الله എന്നതാകട്ടെ,

﴿ إِلَّا ٱلَّذِى فَطَرَنِى ﴾

﴿ എന്നെ സൃഷ്ടിച്ചവനൊഴികെ.﴾ എന്നതിന്റെ ആശയത്തിലുമാണ്. അഥവാ, لا إله إلا الله എന്ന പ്രസ്തുത വചനത്തെ അല്ലാഹു ഇബ്റാഹീം നബിعليه السلامയുടെ പിൻഗാമികളിൽ നിലനിർത്തുകയും ചെയ്തു.

കലിമതുത്തൗഹീദിന് പ്രൗഢമായ വിവരണമാകുന്നു സൂറത്തു സ്സുഖ്റുഫിലെ ഉപരിസൂചിത വചനം.

> പണ്ഡിതന്മാർ പറഞ്ഞു: “ لا إله إلا الله എന്ന തൗഹീദിന്റെ കലിമത്തിൽ نَفْي -യും (നിരാകരണവും) إِثْبَات-തും (സ്ഥിരീകരണവും) ഉണ്ട്. ആരാധനയിൽ അല്ലാഹുവിന്റെ കൂടെ പങ്കുചേർക്കുന്നതിനെ നിരാകരിക്കുക, അല്ലാഹുവിനെ ആരാധിക്കാതെ മറ്റുള്ളവയെ ആരാധിക്കുന്നതും നിരാകരിക്കുക. ഇതാണ് കലിമയിലുള്ള നിരാകരണം.”[31]
>
> കാരണം അല്ലാഹു അല്ലാത്തവർക്കുള്ള ആരാധന നിരർത്ഥകമാണ്.

31. ഇബ്നുൽ ഖയ്യിമിന്റെرحمه الله بدائع الفوائد (1:134) നോക്കുക.

കലിമയിലുള്ള إِثْبَات (സ്ഥിരീകരണം) ഇബാദത്ത് അല്ലാഹുവിനു മാത്രമാക്കലാകുന്നു അഥവാ യഥാർത്ഥവും അർഹവുമായ ആരാധന അല്ലാഹുവാകുന്ന ഏകനിൽ സമർപിക്കലാകുന്നു. ഇതത്രേ ഇബ്റാഹീമീ മില്ലത്ത്. ഇതത്രേ ഹനീഫിയ്യത്തും. പ്രസ്തുത ആദർശം മുറുകെപ്പിടിക്കുവാനാണ് അല്ലാഹു ﷻ തിരുനബി ﷺ യോട് ആജ്ഞാപിച്ചിരിക്കുന്നത്:

﴿ ثُمَّ أَوْحَيْنَآ إِلَيْكَ أَنِ ٱتَّبِعْ مِلَّةَ إِبْرَٰهِيمَ حَنِيفًا ﴾ النحل: ١٢٣

﴿ പിന്നീട്, നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്നവനായിരുന്ന ഇബ്റാഹീമിന്റെ മാർഗത്തെ പിന്തുടരണം എന്ന് നിനക്ക് ഇതാ ബോധനം നൽകിയിരിക്കുന്നു. ﴾

(സൂറഃ അന്നഹ്ൽ: 123)

അപ്പോൾ ഇബ്റാഹീമിന്റെ عليه السلام മില്ലത്ത് തൗഹീദാകുന്നു.

ഈ യാഥാർത്ഥ്യം താങ്കൾ മനസ്സിലാക്കിയാൽ, തൗഹീദു കൊണ്ടല്ലാതെ ആരാധന സ്വീകരിക്കപ്പെടുകയില്ല എന്ന കാര്യം മനസ്സിലാകും. നമസ്കാരത്തിനു ശുദ്ധിവരുത്തുന്നതു പോലെയാണത്. കാരണം ഇബാദത്ത് സ്വീകാര്യമാകുവാൻ തൗഹീദ് അഥവാ ഇഖ്ലാസ് شَرط-ആകുന്നു. നമസ്കാരം സാധുവാകുവാൻ ശുദ്ധി شَرط-ആകുന്നു. ശുദ്ധിവരുത്തൽ കൊണ്ടല്ലാത നമസ്കാരം സാധുവാകുകയില്ല എന്നപോലെ ഒരാളുടേയും ഇബാദത്ത് അയാൾ മുവഹ്ഹിദ്(ഏകദൈവ വിശ്വാസി) ആയാലല്ലാതെ സാധുവാകുകയില്ല. മുവഹ്ഹിദ് അല്ലാത്തവന് നെറ്റിയിൽ നമസ്കാരത്തഴമ്പ് തെളിഞ്ഞാലും അവൻ പകലിൽ നോമ്പുകാരനായാലും രാവിന്റെ മറവിൽ നമസ്കാരമുള്ളവനയാലും ശരി. കാരണം അതെല്ലാം അവനിൽനിന്ന് സ്വീകാര്യമാകുവാനുള്ള നിബന്ധന അവൻ നിഷ്കളങ്കനായ മുവഹ്ഹിദാവുക (ഏകദൈവ വിശ്വാസിയാവുക) എന്നതാണ്. അല്ലാഹു ﷻ പറഞ്ഞു:

﴿ وَلَقَدْ أُوحِىَ إِلَيْكَ وَإِلَى ٱلَّذِينَ مِن قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ ٱلْخَـٰسِرِينَ ﴿٦٥﴾ بَلِ ٱللَّهَ فَٱعْبُدْ وَكُن مِّنَ ٱلشَّـٰكِرِينَ ﴾ الزمر: ٦٥ - ٦٦

﴿ തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്നപക്ഷം തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും. അല്ല, അല്ലാഹുവെ തന്നെ നീ ആരാധിക്കുകയും നീ നന്ദിയുള്ളവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക. ﴾

(സൂറഃ അസ്സുമർ: 65, 66)

അവിശ്വാസികളുടെ വിഷയത്തിൽ അല്ലാഹു ﷻ പറഞ്ഞു:

﴿ وَقَدِمْنَآ إِلَىٰ مَا عَمِلُواْ مِنْ عَمَلٍ فَجَعَلْنَٰهُ هَبَآءً مَّنثُورًا ﴾ الفرقان: ٢٣

﴿ അവർ പ്രവർത്തിച്ച കർമ്മങ്ങളുടെ നേരെ നാം തിരിയുകയും, നാമതിനെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കുകയും ചെയ്യും. ﴾
(സൂറഃ അൽഫുർകാൻ:23)

الشرح വിവരണം

ഇഖ്‌ലാസോടു കൂടിയല്ലാതെയുള്ള ഇബാദത്ത്, അതെത്ര ഗംഭീരമായാലും അധികമായാലും അസ്വീകാര്യമാണ്, തീർച്ച. ശുദ്ധി വരുത്താതെ ഒരു വ്യക്തി നമസ്കാരത്തിലെ പാരായണവും റുകൂഉം സുജൂദും സുദീർഘവും സുന്ദരമാക്കിമാക്കിയത് പോലെയാണത്. ഇത്തരം നമസ്കാരം അസ്വീകാര്യമാണെന്നത് പക്ഷാന്തരമില്ലാത്ത വിഷയമാണ്. കാരണം നമസ്കാരം സാധുവാകാനുള്ള شَرط -ആണ് ശുദ്ധിവരുത്തൽ. തിരുനബി ﷺ പറഞ്ഞു:

لَا يَقْبَلُ اللهُ صَلَاةَ أَحَدِكُمْ إِذَا أَحْدَثَ حَتَّى يَتَوَضَّأَ

''നിങ്ങളിലൊരാൾക്ക് അശുദ്ധിയുണ്ടായാൽ വുദ്വൂഅ് ചെയ്യുന്നതുവരെ അയാളുടെ നമസ്കാരം അല്ലാഹു ﷻ സ്വീകരിക്കുകയില്ല.''[32]

لَا يَقْبَلُ اللهُ عَزَّ وَجَلَّ صَدَقَةً مِنْ غُلُولٍ وَلَا صَلَاةً بِغَيْرِ طُهُورٍ

''ശുദ്ധി വരുത്താതെ ഒരു നമസ്കാരവും ചതിച്ചെടുത്ത സമ്പത്തുകൊണ്ടുള്ള ഒരു ദാനധർമ്മവും അല്ലാഹു സ്വീകരിക്കുകയില്ല.''[33]

സുപ്രധാനമായ ഈ വഷയം പെട്ടന്ന് ഉൾകൊള്ളുവാനാണ് ഈ താരതമ്യം. എന്നാൽ ആരാധനകൾ സ്വീകരിക്കപ്പെടുവാനുള്ള ഇഖ്‌ലാസ്, തൗഹീദ് എന്നീ شَرط-കൾ നമസ്കാരം സ്വീകാര്യമാകുവാനുള്ള ശുദ്ധിവരുത്തൽ എന്ന شَرط-നേക്കാൾ എത്രയോ ഗൗരവപ്പെട്ടതാണ്. കാരണം ഒരു വ്യക്തി, ബോധപൂർവ്വം ശുദ്ധിവരുത്താതെ നമസ്കരിച്ചാൽ അവനെ കാഫിറാക്കുന്ന വിഷയത്തിൽ പണ്ഡിതന്മാർക്കിടിയിൽ അഭിപ്രായ വ്യത്യാസമുണ്ട്. [34] എന്നാൽ മുശ്‌രിക്കായിരിക്കെ അവൻ അല്ലാഹുവിന് ഇബാദത്തെടുത്താൽ അത് അവനിൽനിന്ന് അസ്വീകാര്യമാണെന്നത് അഭിപ്രായായ്ക്യമുള്ള വിഷ

32. അബൂഹുറയ്റ ﷺ യിൽനിന്ന് ഇമാം ബുഖാരി (135, 6954) ഇമാം മുസ്‌ലിം(225).

33. ഇബ്നുഉമർ ﷺ ൽനിന്ന് ഇമാം മുസ്‌ലിം(224).

34. (1:61) عون المعبود , (1:73) الروض المربع. അതുപോലെ ഇമാം നവവി ﷺ യുടെ شرح صحيح مسلم (3:103), ഇബ്നു തെയ്മിയ്യ ﷺ യുടെ مجموع الفتاوى (21:295) എന്നിവ നോക്കുക.

യമാണ്. അവൻ കാഫിറാണെന്നതിലും പക്ഷാന്തരമില്ല. കാരണം അവൻ അല്ലാഹുവിൽ ശിർക്ക് വെച്ചു; വലിയ ശിർക്ക് ഉള്ളതോടൊപ്പം യാതൊരു കർമ്മവും സ്വീകരിക്കപ്പെടുകയില്ല തന്നെ.

ഇത്രയും ബോധ്യപ്പെട്ടാൽ ഈ അടിസ്ഥാനം ഒരു മനുഷ്യനെ ഭയപ്പെടുത്തുകയും സന്തോഷിപ്പിക്കുകയും ചെയ്യുമെന്നതാണ് മനസ്സിലാക്കുവാനുള്ളത്. ശിർക്കിന്റെ വിഷയത്തിലും താൻ ശിർക്ക് ചെയ്യുന്നവരിൽ ഉൾപ്പെടുമോ എന്നതിലും അവന് ഭയമുണ്ടാകും. തൗഹീദിന്റെ വാഹകരിൽ അല്ലാഹു തന്നെ ഉൾപ്പെടുത്തിയതിൽ അവൻ സന്തോഷിക്കുകയും ചെയ്യും. പ്രസ്തുത സന്തോഷം തൗഹീദ് കാത്തുസൂക്ഷിക്കുന്നതിനേയും അതിന് ശുക്ർ കാണിക്കുന്നതിനേയും അനിവാര്യമാക്കുന്നതാണ്. ശിർക്ക് ചെയ്യുന്നവരിൽ അകപ്പെടുമോ അല്ലെങ്കിൽ ശിർക്ക് വന്നേക്കുമോ എന്ന ഭയവും ഭീതിയും തന്റെ ആദർശത്തിലോ ആരാധനയിലോ വാക്കുകളിലോ ശിർക്കായ വല്ലതും സംഭവിച്ചേക്കുമെന്ന വിഷയത്തിൽ അവനെ സദാജാഗരൂകനാക്കുന്നു. കാരണം വലിയ ശിർക്ക് അത് കർമ്മങ്ങളെ നിഷ്ഫലമാക്കും. ചെറിയ ശിർക്കാണെങ്കിൽ അത് ബിദ്അത്തുകളേക്കാളും വിവിധ കുറ്റകൃത്യങ്ങളേക്കാളും ഗൗരവമാണ്. ഇത് സന്തോഷിക്കുകയും ശിർക്കിനെ ഭയക്കുകയും ചെയ്യുന്ന ഒരു വ്യക്തിയെ ഇത്തരം തത്ത്വങ്ങളെ അന്വേഷിക്കുന്നവനാക്കുമെന്നതിൽ സംശയമൊന്നുമില്ല. ഇത്തരം തത്ത്വങ്ങളാണല്ലോ അവനെ കാര്യബോധമുള്ളവനാക്കുന്നത്.

നവോത്ഥാന നായകൻ ശെയ്ഖ് മുഹമ്മദ് ഇബ്നു അബ്ദിൽവഹ്ഹാബിന്റെ ദഅ്‌വത്തിൽ തൗഹീദും ശിർക്കും പരാമർശിക്കപെട്ടത് നിരീക്ഷിക്കുന്നവന് മസ്അലയെ സ്ഥിരീകരിക്കുന്ന അദ്ദേഹത്തിന്റെ രീതിയിലും ശിർക്ക് ചെയ്യുന്നവർക്ക് മതവിധി നൽകുന്ന രീതിയിലും സംശയം ജനിച്ചേക്കാം. കാരണം لا إله إلا الله محمد رسول الله പ്രഖ്യാപിക്കുകയും നമസ്കാരം, സകാത്, നോമ്പ്, ഹജ്ജ് തുടങ്ങിയുള്ള ഇബാദത്തുകൾ അനുഷ്ഠിച്ച് കുറേ ഇബാദത്തുള്ളവനാണ്, നല്ല മനുഷ്യനാണ് എന്നിങ്ങനെ ജന സംസാരമുള്ള ഒരു വ്യക്തി, ശിർക്ക് ചെയ്തതിനാലും ത്വാഗൂത്തിൽ അവിശ്വസിക്കാത്തതിനാലും അയാളുടെ കർമ്മങ്ങളെല്ലാം ധൂളികളാക്കി പറത്തപ്പെടും എന്നാണ് പറയപ്പെടുന്നത്. ഇത് ഏറെ ഗൗരവമാണല്ലോ; ഇത് എങ്ങനെയാണ് മനുഷ്യ മനസുകൾ ഉൾകൊള്ളുക? ശിർക്കിൽ ആപതിച്ചുകൊണ്ട് ധാരാളമായി ഇബാദത്തെടുക്കുന്ന ആളുകളുടെ വിഷയത്തിലായിരിക്കും ഇത്തരം സംശയങ്ങൾ ചിലപ്പോൾ ഉടലെടുക്കുക. ഇത്തരക്കാർ മുശ്‌രികുകളിലാണോ എന്നതായിരിക്കും മറ്റു ചിലർക്ക് ഏറെ ഗൗരവമായത്. ഏതായാലും ഈ മതവിധിയുടെ സ്വാധീനം ചിലയാളുകളിൽ അതികഠിനവും അതീവ ഗൗരവവുമായിരിക്കും.

സുപ്രധാനമായ ഈ വിഷയത്തിന്റെ സമർത്ഥനത്തിനാണ് ഈ നാലു തത്ത്വങ്ങൾ. അല്ലാഹുവിനുള്ള അവകാശത്തിലേക്കാണ് വാസ്തവത്തിൽ ഇവിടെ ശ്രദ്ധ നൽകേണ്ടത്. പടപ്പുകളുടെ അവകാശത്തിലേക്കും സാഹചര്യത്തിലേക്കും മാത്രമുള്ള ജനങ്ങളുടെ നോട്ടത്താലാണ് വ്യതിയാനങ്ങൾ ഉടലെടുത്തിട്ടുള്ളത്. എന്നാൽ മനുഷ്യനെ സൃഷ്ടിക്കുകയും ശരിപ്പെടുത്തുകയും അന്യൂനമാക്കുകയും ചെയ്ത, അത്ഭുതകരമാംവിധം വാനങ്ങളേയും ഭൂമിയേയും പടച്ച, തന്റെ ഏകത്വത്തിനും രക്ഷാകർതൃത്വത്തിനും തെളിവുകൾ സ്ഥാപിച്ച, ശരീരത്തിലും ചക്രവാളങ്ങളിലും ചുറ്റുപാടുകളിലും പ്രസ്തുത തെളിവുകൾ നിശ്ചയിച്ച അല്ലാഹുവിനുള്ള അവകാശത്തിലേക്ക് കണ്ണോടിച്ചാൽ ഒരു മുശ്രികിന് അല്ലാഹുവിന്നെതിരിൽ നിരത്താൻ യാതൊരു ന്യായവുമില്ലെന്ന് ബോധ്യപ്പെടും. എന്നിട്ടും അല്ലാഹു അവന്റെ കാരുണ്യാധിക്യത്താൽ തെളിവ് സ്ഥാപിക്കുവാനും മുന്നറിപ്പ് നൽകാനും ദൂതന്മാരെ നിയോഗിച്ചിരിക്കുന്നു.

# القاعدة الأولى

## ഒന്നാമത്തെ തത്ത്വം

ശെയ്ഖ് മുഹമ്മദ് ഇബ്നു അബ്ദിൽവഹ്ഹാബ്ﷺ പറയുന്നു:

المتن
മൂലവാക്യം

أن تعلـم أنّ الكفّـار الذيـن قاتلهـم رسـول الله يُقِـرُّون بـأنّ الله تعـالى هـو الخالِـق المدبِّـر، وأنّ ذلـك لـم يُدْخِلْهـم في الإسـلام، والدليـل: قـوله تعـالى ﴿ قُلْ مَن يَرْزُقُكُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ أَمَّن يَمْلِكُ ٱلسَّمْعَ وَٱلْأَبْصَٰرَ وَمَن يُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَيُخْرِجُ ٱلْمَيِّتَ مِنَ ٱلْحَىِّ وَمَن يُدَبِّرُ ٱلْأَمْرَ ۚ فَسَيَقُولُونَ ٱللَّهُ ۚ فَقُلْ أَفَلَا تَتَّقُونَ ﴾ يونس: ٣١

അല്ലാഹുവിന്റെ തിരുദൂതർﷺ സായുധപോരാട്ടം നടത്തിയ അവിശ്വാസികൾ, സ്രഷ്ടാവും അല്ലാഹുവാകുന്നു നിയന്താവും എന്ന് സമ്മതിക്കുന്നവരായിരുന്നു എന്നും പ്രസ്തുത സമ്മതം അവരെ ഇസ്‌ലാമിൽ ഉൾപ്പെടുത്തിയില്ല എന്നും താങ്കൾ അറിയണം. ഈ വസ്തുതയുടെ തെളിവ് അല്ലാഹുﷻവിന്റെ ഈ വചന മാകുന്നു:

﴿ قُلْ مَن يَرْزُقُكُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ أَمَّن يَمْلِكُ ٱلسَّمْعَ وَٱلْأَبْصَٰرَ وَمَن يُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَيُخْرِجُ ٱلْمَيِّتَ مِنَ ٱلْحَىِّ وَمَن يُدَبِّرُ ٱلْأَمْرَ ۚ فَسَيَقُولُونَ ٱللَّهُ ۚ فَقُلْ أَفَلَا تَتَّقُونَ ﴾ يونس: ٣١

﴿ പറയുക: ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നത് ആരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതും, ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അവർ പറയും: അല്ലാഹു എന്ന്. അപ്പോൾ പറയുക: എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ? ﴾

(സൂറഃ യൂനുസ്: 31)

ശെയ്ഖ് സ്വാലിഹ് ആലു ശെയ്ഖിന്റെ വിവരണം:

തൗഹീദുർറുബൂബിയ്യഃ (രക്ഷാകർതൃത്വത്തിലെ അല്ലാഹുവിന്റെ ഏകത്വം) അംഗീകരിച്ചതുകൊണ്ടു മാത്രം ആരും ഇസ്‌ലാം ആശ്ലേഷിച്ചവനാകില്ല. അതുമാത്രം അംഗീകരിക്കുവാൻ ആവശ്യപെട്ടിട്ടുമില്ല. കാരണം അല്ലാഹു മാത്രമാകുന്നു ഏകനായ സ്രഷ്ടാവും, അന്നദാതാവും. ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും. അവൻ അഭയം നൽകുന്നു. അവന്നെതിരിൽ ആരുടേയും അഭയം ലഭിക്കുകയില്ല, ശാസനാധികാരം അവനാകുന്നു. മഴ വർഷിപ്പിക്കുന്നത് അവനാകുന്നു, പടർന്നുപന്തലിച്ചതും തണ്ടുകളിൽ നിവർന്നു നിൽക്കുന്നതുമായ സസ്യലതാതികളുള്ള തോട്ടങ്ങളെ സൃഷ്ടിച്ചുണ്ടാക്കുന്നതും അവനാകുന്നു. ഇവയെല്ലാം അറബികൾ (അറബികളിലെ മുശ്‌രിക്കുകൾ) സമ്മതിച്ചിരുന്നു. എല്ലാം പടച്ചതും ഉടമപ്പെടുത്തിയതും അല്ലാഹുവാണെന്ന് അവർ അംഗീകരിച്ചിരുന്നു. എന്നിട്ടും പ്രസ്തുത സമ്മതവും അംഗീകാരവും അവർക്ക് ഉപകരിച്ചില്ല. അതുമുഖേന അല്ലാഹു അവരെ മുസ്‌ലിംകളിൽ ഉൾപ്പെടുത്തിയതുമില്ല. അല്ലാഹു ﷻ പറഞ്ഞു:

﴿ وَمَا يُؤْمِنُ أَكْثَرُهُم بِٱللَّهِ إِلَّا وَهُم مُّشْرِكُونَ ﴾ يوسف: ١٠٦

﴾ അവരിൽ അധികപേരും അല്ലാഹുവിൽ വിശ്വസിക്കുന്നത് അവനോട് (മറ്റുള്ളവരെ) പങ്കുചേർക്കുന്നവരായിക്കൊണ്ട് മാത്രമാണ്. ﴿

(സൂറഃ യൂസുഫ് 106)

അഥവാ അല്ലാഹുവിനുള്ള ആരാധനയിൽ ശിർക്ക് ചെയ്തുകൊണ്ട് മാത്രമാണ് അവർ അല്ലാഹുവിന്റെ രക്ഷാകർതൃത്വത്തിലുള്ള വിശ്വാസം വെച്ചുപുലർത്തിയത്. അറബികളിലെ അവിശ്വാസികളുടെ അവസ്ഥ നോക്കൂ. അവർ റുബൂബിയ്യത്തിലെ ഘടകങ്ങൾ പലതും അംഗീകരിച്ചിരുന്നവരാണ്. അതാണെല്ലോ അല്ലാഹു ﷻ പറഞ്ഞത്:

﴿ قُلْ مَن يَرْزُقُكُم مِّنَ ٱلسَّمَآءِ وَٱلْأَرْضِ أَمَّن يَمْلِكُ ٱلسَّمْعَ وَٱلْأَبْصَٰرَ وَمَن يُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَيُخْرِجُ ٱلْمَيِّتَ مِنَ ٱلْحَىِّ وَمَن يُدَبِّرُ ٱلْأَمْرَ ۚ فَسَيَقُولُونَ ٱللَّهُ ۚ فَقُلْ أَفَلَا تَتَّقُونَ ﴾ يونس: ٣١

﴾ പറയുക: ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നത് ആരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതിനെയും , ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതിനെയും പുറപ്പെടുവിക്കുന്നത് ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അവർ പറയും: അല്ലാഹു എന്ന്. അപ്പോൾ പറയുക: എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ? ﴿

(സൂറഃ യൂനുസ്: 31)

﴿ فَسَيَقُولُونَ ٱللَّهُ ﴾ يونس: ٣١

﴿ അവർ പറയും: അല്ലാഹു എന്ന്.﴾ അഥവാ ഇവയെല്ലാം ചെയ്യുന്നത് ഏകനായ അല്ലാഹു മാത്രമാകുന്നു എന്ന്.



﴿ فَقُلْ أَفَلَا تَتَّقُونَ ﴾ يونس: ٣١

﴿ അപ്പോൾ പറയുക: എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?﴾ അഥവാ ഇത് നിങ്ങൾ പറയുകയും റുബൂബിയ്യതിലുള്ള അല്ലാഹുവിന്റെ ഏകത്വം സമ്മതിക്കുകയും ചെയ്തതിൽ പിന്നെ അവനുമാത്രം ഇബാദത്തെടുത്ത് നിങ്ങൾ അവനെ സൂക്ഷിക്കുന്നില്ലെ, അവനിൽ ശിർക്കു വെക്കുന്നത് നിങ്ങൾ കയ്യൊഴിക്കുന്നില്ലെ.

അവർ നിരാകരിച്ചതിനെതിരിൽ അവർ തന്നെ സമ്മതിച്ച വിശ്വാസം കൊണ്ട് അല്ലാഹു അവർക്കെതിരിൽ ഇതിലൂടെ തെളിവ് സ്ഥാപിച്ചു. ബഹുദൈവ വിശ്വാസികൾക്കെതിരിൽ തെളിവ് സ്ഥാപിക്കുന്നതിൽ വിശുദ്ധ ക്വുർആനിന്റെ ശൈലിയാകുന്നു ഇത്. തൗഹീദുൽ ഇബാദഃ (ആരാധനയിലുള്ള ഏകത്വം) ത്തിനുള്ള തെലിവുകളിലൊന്നാണ്ˇ തൗഹീദുർറുബൂബിയ്യഃകൊണ്ട് തെളിവ് സ്ഥാപിക്കൽ.

ആരാണോ ഏകനായ സ്രഷ്ടാവ്, അന്നദാതാവ്, (രക്ഷാകർതൃത്വത്തിന്റെ വകുപ്പുകളിലെല്ലാം ആരാണോ ഏകൻ) അവൻ മാത്രമാണ് ആരാധന അർഹിക്കുന്നവൻ; അവനൊഴികെ മറ്റാരും അത് അർഹിക്കുന്നില്ല.

അതിനാലാണ് അല്ലാഹു ﷻ ബഹുദൈവ വിശ്വാസികളെ വിമർശിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞത്:

﴿ أَيُشْرِكُونَ مَا لَا يَخْلُقُ شَيْـًٔا وَهُمْ يُخْلَقُونَ ﴾ الأعراف: ١٩١

﴿ അവർ പങ്കുചേർക്കുന്നത് യാതൊന്നും സൃഷ്ടിക്കാത്തവരെയാണോ? അവർ (ആ ആരാധ്യർ) തന്നെ സൃഷ്ടിച്ചുണ്ടാക്കപ്പെടുന്നവരുമാണ്.﴾

(സൂറഃ അൽഅഅ്റാഫ്: 191)

﴿ قُلِ ٱلْحَمْدُ لِلَّهِ وَسَلَٰمٌ عَلَىٰ عِبَادِهِ ٱلَّذِينَ ٱصْطَفَىٰٓ ءَآللَّهُ خَيْرٌ أَمَّا يُشْرِكُونَ ﴾ النمل: ٥٩

﴿ (നബിയേ,) പറയുക: അല്ലാഹുവിന് സ്തുതി. അവൻ തെരഞ്ഞെടുത്ത അവന്റെ ദാസന്മാർക്ക് സമാധാനം. അല്ലാഹുവാണോ ഉത്തമൻ; അതല്ല, (അവനോട്) അവർ പങ്കുചേർക്കുന്നവയോ? ﴾

(സൂറഃ അന്നംല്: 59)

മുശ്‌രിക്കുകളുടെ ആരാധ്യന്മാർ അശക്തരും അവർക്ക് കഴിവും സൃഷ്ടിപ്പുമില്ലാത്ത വരുമെന്നും അവരിലേക്കു മുഖം തിരിക്കുവാൻ യോഗ്യമായ പ്രത്യേകതകൾ അവർക്കില്ലെന്നും അല്ലാഹു ﷻ വിവരിച്ചിരിക്കുന്നു:

﴿وَإِن يَسْلُبْهُمُ ٱلذُّبَابُ شَيْـًٔا لَّا يَسْتَنقِذُوهُ مِنْهُ ۚ ضَعُفَ ٱلطَّالِبُ وَٱلْمَطْلُوبُ﴾ الحج: ٧٣

﴿ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെയടുക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ.﴾

(സൂറഃ അൽഹജ്ജ്: 73)

ആരാധനയിൽ അല്ലാഹു അല്ലാത്തവരിലേക്ക് തിരിയുന്നവരുടെ ഉദാഹരണമാണിത്.

മുശ്‌രികുകളുടെ റുബൂബിയ്യതിലുള്ള വിശ്വാസം അവരെ ഇസ്‌ലാമിൽ പ്രവേശിപ്പിച്ചില്ല. അവർക്കു ശേഷം വന്ന അതേ നിലപാടുകാരുടെയും റുബൂബിയ്യതിലുള്ള വിശ്വാസം അവർ മുഅ്മിനുകളാണെന്ന് അർത്ഥമാക്കുന്നില്ല എന്ന കാര്യം ഇതിലൂടെ നമുക്ക് അനുമാനിക്കാം. അല്ലാഹു റബ്ബാകുന്നു, സ്രഷ്ടാവാകുന്നു, അവൻ എന്റെ രക്ഷിതാവാകുന്നു, അവനാകുന്നു എനിക്ക് അന്നം നൽകുന്നത്, അവനാകുന്നു എന്നെ ജീവിപ്പിച്ചത്, അവനാകുന്നു എന്നെ മരിപ്പിക്കുന്നത് എന്നിങ്ങനെ അല്ലാഹുവിൽ വിശ്വാസമുള്ളവനാകുന്നു ഞാൻ എന്ന് ഒരു വ്യക്തി വന്നു പറഞ്ഞാൽ മതപരമായി വിവക്ഷിക്കപ്പെടുന്ന ഈമാൻ ഉൾക്കൊണ്ട മുഅ്മിനായി അയാൾ പരിഗണിക്കപ്പെടുകയില്ല. അഥവാ തൗഹീദ് പ്രാബല്യത്തിൽ വരു ത്തുന്നതുവരെ അയാൾ യഥാർത്ഥ മുസ്‌ലിമായി എണ്ണപ്പെടുകയില്ല.

## കലിമത്തുതൗഹീദിൽ മുതകല്ലിമുകളുടെ[31] പിഴവ്

ഇതിനാലാണ്, പടക്കുവാൻ കഴിവുള്ളവനാണ് ഇലാഹ്[32] എന്ന് നിർവചിച്ചപ്പോൾ ഇൽമുൽ കലാമിന്റെ വാക്താക്കൾക്ക് അബദ്ധം പിണഞ്ഞത്. പുതിയത് പടക്കുവാൻ കഴിവുള്ളവനാരോ അവനാണ് ഇലാഹ് എന്ന് അവർ ജൽപിച്ചതോടെ لا إله إلا الله എന്ന കലിമയുടെ അർത്ഥം റുബൂബിയ്യത്തിൽ പരിമിതപ്പെട്ടു. ഇതാകട്ടെ ഇസ്‌ലാമിനോടുള്ള കടുത്ത അപരാധമായിരുന്നു.

31. ഗ്രീക്ക് തത്ത്വശാസ്ത്രം അവലംബിച്ച് ചിട്ടപെടുത്തിയ വാദഗതികളാണ് ഇൽമുൽ കലാം. ഇതുപയോഗിച്ച് അല്ലാഹുവിലുള്ള വിശ്വാസം ചിട്ടപ്പെടുത്തിയ ബിദ്അത്തിന്റെ കക്ഷികൾക്കാണ് മുതകല്ലിമീങ്ങൾ എന്ന് പറയുന്നത്. ജഹ്മികൾ, മുഅ്തസലുകൾ, അശ്അരികൾ, മാതുരീദികൾ ഇവരെല്ലാം ഇതിൽ ഉൾപ്പെടും.

32. അനുബന്ധം – 1 കാണുക.

ഏറ്റവും നന്നായി ആരാധനയനുഷ്ഠിക്കണമെന്ന സൃഷ്ടികളുടെ മേലുള്ള പരീക്ഷണം റുബൂബിയ്യത്തിന്റെ വിഷയത്തിൽ പരിമിതപ്പെടുത്തിയതാണ് ഇൽമുൽ കലാമിന്റെ വക്താക്കൾ ഇസ്‌ലാം ദീനിനോടും സമുദായത്തോടും ചെയ്ത ഏറ്റവും കടുത്ത അപരാധം. കാരണം വസ്തുക്കൾക്കുള്ള കാരണക്കാരനും അവയെ സൃഷ്ടിച്ചവനും അല്ലാഹുവാണെന്ന് ഒരാൾ ഉറപ്പിച്ചാൽ അവരുടെ അടുക്കൽ അയാൾ മുഅ്മിനും മുസ്‌ലിമുമായി. അതാകട്ടെ ആരാധനയുടെ അർത്ഥത്തിലേ അല്ല. എന്നാൽ لا إله إلا الله എന്നതിന്റെ അർത്ഥം യഥാർത്ഥ ആരാധ്യനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല[33] എന്നതാണ്. അപ്പോൾ കലിമഃയുടെ ആശയം ഇബാദത്തിലേക്കാണ് മടങ്ങുന്നത്; റുബൂബിയ്യതിലേക്കല്ല.

അതിനാൽതന്നെ സുപ്രധാനവും സുശക്തവുമായ ഈ അടിസ്ഥാനത്തിലൂടെ ശെയ്ഖിന്റെ ഉദ്ദേശ്യം കാഫിറുകളും മുശ്‌രികുകളും റുബൂബിയ്യതിലുള്ള അല്ലാഹുവിന്റെ ഏകത്വം സമ്മതിച്ചിട്ടും അത് അവർക്ക് ഉപകരിക്കുകയോ അവരെ ഇസ്‌ലാമിൽ ഉൾപ്പെടുത്തുകയോ അവർക്ക് ഇസ്‌ലാമികമായ ഒരു അർഹത നൽകുകയോ ചെയ്തില്ല എന്നതാണ്. കാരണം അവർ അല്ലാഹുവോടൊപ്പം മറ്റ് ആരാധ്യന്മാരെ പങ്കുചേർക്കുകയും തങ്ങളുടെ വ്യാജ ഇലാഹുകളെ ആരാധിക്കുകയും ധാരാളം ആരാധ്യന്മാരെ ഏക ആരാധ്യനാക്കിയോ എന്ന് ചോദിക്കുകയും ചെയ്തു.

﴿ أَجَعَلَ ٱلْـَٔالِهَةَ إِلَـٰهًا وَٰحِدًا ۖ إِنَّ هَـٰذَا لَشَىْءٌ عُجَابٌ ﴾ ص:٥

﴿ഇവൻ പല ദൈവങ്ങളെ ഒരൊറ്റ ദൈവമാക്കിയിരിക്കുകയാണോ? തീർച്ചയായും ഇത് ഒരു അത്ഭുതകരമായ കാര്യം തന്നെ.﴾

(സൂറഃ സ്വാദ്: 5)

ഇന്നും, ശെയ്ഖ് ജീവിച്ച അന്നും, കാലാകാലങ്ങളിൽ റബൂബിയ്യതിൽ വിശ്വസിക്കുന്നവരെ നാം കാണുന്നുണ്ട്. അവരാകട്ടെ ഇബാദത്തിൽ പങ്കുചേർക്കുകയും ചെയ്യുന്നു. അതിനാൽ പൂർവികരുടെ സ്ഥിതിഗതി പോലെ പ്രസ്തുത

---

33. ﴿ لَآ إِلَـٰهَ إِلَّا هُوَ ﴾ غافر: ٦٥ എന്ന ആയത്തിന്റെ തഫ്സീറിൽ ഇമാം ത്വബരിﷺ പറഞ്ഞു:

لَا مَعْبُودَ بِحَقٍّ تَجُوزُ عِبَادَتُهُ، وَتَصْلُحُ الْأُلُوهَةُ لَهُ إِلَّا اللهَ الَّذِي هَذِهِ الصِّفَاتُ صِفَاتُهُ، فَادْعُوهُ أَيُّهَا النَّاسُ مُخْلِصِينَ لَهُ الدِّينَ

"ഇബാദത്ത് അനുവദനീയമാവുകയും ആരാധ്യത അനുയോജ്യമാവുകയും ചെയ്യും വിധം യഥാർത്ഥ ആരാധ്യനായി അല്ലാഹു അല്ലാതെ മറ്റാരുമില്ല. ഈ വിശേഷണങ്ങൾ അവന്നുള്ള വിശേഷണങ്ങളാകുന്നു. അതിനാൽ ജനങ്ങളെ നിങ്ങൾ, ദീൻ(ദുആ) അവനു മാത്രമാക്കി നിഷ്കളങ്കരായി അവനോടു ദുആ ചെയ്യുക." (تفسير الطبري (21: 410))

വിശ്വാസം അവർക്ക് ഉപകരിക്കുകയില്ല. കാരണം അറബികളിലെ മുശ്‌രിക്കുകളും റുബൂബിയ്യതിൽ ദൃഢവിശ്വാസികളായിരുന്നു എന്നത് വസ്തുതയാണെല്ലോ .

إن شاء الله പറയുന്നവരെയോ, ദിക്ർ ചൊല്ലുന്നവരെയോ, തന്റെ റബ്ബും മൗലയും അല്ലാഹുവാണെന്ന് പറയുന്നവരെയോ കേട്ട മാത്രയിൽ അവൻ മുസ്‌ലിമാണെന്ന് ധരിക്കുകയും മുസ്‌ലിമാകുവാൻ ഒരാൾക്ക് ഇത്രയൊക്കെമതി എന്ന് ആശ്വാസിക്കുകയും ചെയ്യുമാറ് ഒരു ദൗർബല്യം വർത്തമാനയുഗത്തിൽ ചിലരിൽ ഉണ്ടായിട്ടുണ്ട്. ചിലരിൽ നിന്ന് ഇത്തരം വാകൃങ്ങൾ കേൾക്കപ്പെടുന്നുണ്ട് എന്നാൽ, അവൻ യഥാർത്ഥ മുസ്‌ലിമാണോ അല്ലേ എന്നത് പരിശോധിച്ചുനോക്കൽ യഥാർത്ഥത്തിൽ നടന്നിട്ടേ ഇല്ല. അവൻ തന്റെ ആരാധനയിൽ മുവഹ്ഹിദ് ആയിരിക്കണം അഥവാ തിരുനബിﷺയുടെ ചര്യയനുസരിച്ച് അവൻ അല്ലാഹുവെ ആരാധിക്കലും ശിർക്കിൽ നിന്നും അതിന്റെ ആളുകളിൽ നിന്നും ഒഴിയലും നിരുത്തരവാദിയാകലും അനിവാര്യമാണ്.

# القاعدة الثّانية

## രണ്ടാമത്തെ തത്ത്വം

ശെയ്ഖ് മുഹമ്മദ് ഇബ്നു അബ്ദിൽവഹ്ഹാബ് ﷺ പറയുന്നു:

المتن
മൂലവാക്യം

أنّهم يقولون: ما دعوناهم وتوجّهنا إليهم إلا لطلب القُرْبة والشفاعة، فدليل القُربة قوله تعالى: ﴿وَٱلَّذِينَ ٱتَّخَذُواْ مِن دُونِهِۦٓ أَوۡلِيَآءَ مَا نَعۡبُدُهُمۡ إِلَّا لِيُقَرِّبُونَآ إِلَى ٱللَّهِ زُلۡفَىٰٓ إِنَّ ٱللَّهَ يَحۡكُمُ بَيۡنَهُمۡ فِي مَا هُمۡ فِيهِ يَخۡتَلِفُونَۗ إِنَّ ٱللَّهَ لَا يَهۡدِي مَنۡ هُوَ كَٰذِبٞ كَفَّارٞ﴾ الزمر: ٣

ودليل الشفاعة قوله تعالى: ﴿وَيَعۡبُدُونَ مِن دُونِ ٱللَّهِ مَا لَا يَضُرُّهُمۡ وَلَا يَنفَعُهُمۡ وَيَقُولُونَ هَٰٓؤُلَآءِ شُفَعَٰٓؤُنَا عِندَ ٱللَّهِ﴾ يونس: ١٨ والشفاعة شفاعتان: شفاعة منفيّة وشفاعة مثبَتة.

فالشفاعة المنفيّة ما كانت تطلب من غير الله فيما لا يقدر عليه إلاّ الله والدليل: قوله تعالى ﴿يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَنفِقُواْ مِمَّا رَزَقۡنَٰكُم مِّن قَبۡلِ أَن يَأۡتِيَ يَوۡمٞ لَّا بَيۡعٞ فِيهِ وَلَا خُلَّةٞ وَلَا شَفَٰعَةٞۗ وَٱلۡكَٰفِرُونَ هُمُ ٱلظَّٰلِمُونَ﴾ البقرة: ٢٥٤

والشفاعة المثبَتة هي: التي تُطلب من الله، والشّافع مُكْرَمٌ بالشفاعة، والمشفوع له: من رضيَ اللهُ قوله وعمله بعد الإذن كما قال تعالى: ﴿مَن ذَا ٱلَّذِي يَشۡفَعُ عِندَهُۥٓ إِلَّا بِإِذۡنِهِۦۚ﴾ البقرة: ٢٥٥

മക്കയിലെ മുശ്‌രികുകൾ പറയുന്നു: സാമീപ്യവും (قُربَة-ത്തും) ശുപാർശയും (شَفَاعَة-ത്തും) തേടിയാണ് ഞങ്ങൾ ആരാധ്യന്മാരോട് തേടുകയും അവരിലേക്ക് തിരിയുകയും ചെയ്യുന്നത്. قُربَة-ത്തിനു തേടിയതിന്റെ തെളിവ്:

﴿وَٱلَّذِينَ ٱتَّخَذُواْ مِن دُونِهِۦٓ أَوۡلِيَآءَ مَا نَعۡبُدُهُمۡ إِلَّا لِيُقَرِّبُونَآ إِلَى ٱللَّهِ زُلۡفَىٰٓ إِنَّ ٱللَّهَ يَحۡكُمُ بَيۡنَهُمۡ فِي مَا هُمۡ فِيهِ يَخۡتَلِفُونَۗ إِنَّ ٱللَّهَ لَا يَهۡدِي مَنۡ هُوَ كَٰذِبٞ كَفَّارٞ﴾ الزمر: ٣

﴿അവന്നു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹു വിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്. അവർ ഏതൊരു കാര്യത്തിൽ ഭിന്നത

പുലർത്തുന്നുവോ അതിൽ അല്ലാഹു അവർക്കിടയിൽ വിധികൽപിക്കുക തന്നെ ചെയ്യും. നുണയനും നന്ദികെട്ടവനുമായിട്ടുള്ളവനാരോ അവനെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച.﴾

(സൂറഃ അസ്സുമർ: 3)



ശഫാഅത്തിനു തേടിയതിന്റെ തെളിവ്:

﴿ وَيَعۡبُدُونَ مِن دُونِ ٱللَّهِ مَا لَا يَضُرُّهُمۡ وَلَا يَنفَعُهُمۡ وَيَقُولُونَ هَٰٓؤُلَآءِ شُفَعَٰٓؤُنَا عِندَ ٱللَّهِ ﴾ يونس: ١٨

﴿അല്ലാഹുവിനു പുറമെ തങ്ങളെ ഉപദ്രവിക്കുകയോ തങ്ങൾക്ക് ഉപകാരം ചെയ്യുകയോ ചെയ്യാത്ത വസ്തുക്കളെ അവർ ആരാധിക്കുന്നു. ഇവർ അല്ലാഹുവിന്റെ അടുക്കൽ ജനങ്ങളുടെ ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു. ﴾

(സൂറഃ യൂനുസ്: 18)

ശഫാഅത്ത് രണ്ട് വിധമുണ്ട്.

ഒന്ന്: നിരാകരിക്കപ്പെട്ട ശുപാർശ شَفَاعَة مَنفِيَة

മറ്റേത്: സ്ഥിരപ്പെട്ട ശുപാർശ شَفَاعَة مُثْبِتَة

വിലക്കപ്പെട്ട ശഫാഅത്ത് (شَفَاعَة مَنفِيَة): അല്ലാഹുവിനല്ലാതെ മറ്റാർക്കും കഴിയാത്ത കാര്യങ്ങൾ അവനല്ലാത്തവരോട് തേടുന്നതാകുന്നു. അല്ലാഹു പറയുന്നു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَنفِقُواْ مِمَّا رَزَقۡنَٰكُم مِّن قَبۡلِ أَن يَأۡتِيَ يَوۡمٞ لَّا بَيۡعٞ فِيهِ وَلَا خُلَّةٞ وَلَا شَفَٰعَةٞۗ وَٱلۡكَٰفِرُونَ هُمُ ٱلظَّٰلِمُونَ ﴾ البقـــرة: ٢٥٤

﴿സത്യവിശ്വാസികളേ, ക്രയവിക്രയമോ സ്നേഹബന്ധമോ ശുപാർശയോ നടക്കാത്ത ഒരു ദിവസം വന്നെത്തുന്നതിനു മുമ്പായി, നിങ്ങൾക്ക് നാം നൽകിയിട്ടുള്ളതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുവിൻ. സത്യനിഷേധികൾ തന്നെയാകുന്നു അക്രമികൾ.﴾

(സൂറഃ അൽബക്വറഃ 254)

സ്ഥിരപ്പെട്ടതായ ശഫാഅത്ത്(شَفَاعَة مُثْبِتَة): അല്ലാഹുവോട് ആവശ്യപ്പെടുന്നതാണ് സ്ഥിരപ്പെട്ട ശഫാഅത്ത്. ശുപാർശകൻ ശഫാഅത്തുകൊണ്ട് ആദരിക്കപ്പെട്ടവനും ആർക്കുവേണ്ടിയാണോ ശുപാർശ അയാളുടെ വാക്കും

പ്രവൃത്തിയും അല്ലാഹു തൃപ്തിപ്പെടുകയും വേണം. അല്ലാഹു ﷻ അനുമതി നൽകിയ ശേഷമാണ് ശഫാഅത്ത്. അതാണല്ലോ അവൻ അരുളിയത്.

﴿مَن ذَا ٱلَّذِى يَشْفَعُ عِندَهُۥٓ إِلَّا بِإِذْنِهِۦ﴾ البقرة: ٢٥٥

المتن
മൂലവാക്യം

﴿ അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്തുവാനാരുണ്ട്? ﴾

(സൂറഃ അൽബക്വറഃ 255)

ശെയ്ഖ് സ്വാലിഹ് ആലു ശെയ്ഖിന്റെ വിവരണം:

അല്ലാഹുവോടൊപ്പവും അവനെ കൂടാതെയും തങ്ങളുടെ ആരാധ്യ ന്മാരെ മുശ്‌രികുകൾ ആരാധിച്ചപ്പോൾ അവരുടെ അവസ്ഥ വിവരിക്കുന്ന വിഷയ ത്തിലാണ് രണ്ടാമത്തെ തത്ത്വം. ഈ ആരാധന കൊണ്ട് അവർ ഉദ്ദേശിക്കുന്നത് എന്താണ്? തങ്ങളുടെ ആരാധ്യന്മാർ സ്വതന്ത്രകഴിവുള്ളവരാണെന്നാണോ അതല്ല മദ്ധ്യവർത്തികളെന്നാണോ അവർ പറയുന്നത്?

മുശ്‌രികുകൾ അല്ലാഹു അല്ലാത്തവരെ ആരാധിച്ചിരുന്നത് അവർ മദ്ധ്യവർ ത്തികളും സാമീപ്യം സിദ്ധിച്ചവരും ശുപാർശ നിർവഹിക്കുന്നവരുമാണെന്ന നിലക്കായിരുന്നു എന്നാണ് ഈ തത്ത്വം അറിയിക്കുന്നത്. നിരർത്ഥകമായ അവ രുടെ ആരാധ്യന്മാർ അല്ലാഹുവിലേക്ക് തങ്ങളെ അടുപ്പിക്കുമെന്നും തങ്ങ ളുടെ ആവശ്യങ്ങൾ അല്ലാഹുവിലേക്ക് ഉയർത്തുമെന്നും തങ്ങൾക്കുവേണ്ടി അല്ലാഹുവിങ്കൽ ശുപാർശ പറയുമെന്നും മുശ്‌രികുകൾ ജൽപിച്ചിരുന്നു അഥവാ ആരാധ്യന്മാർ സ്വതന്ത്രകഴിവുള്ളവരെന്ന നിലക്ക് ആരാധ്യന്മാരോട് തേടുന്നവരായിരുന്നില്ല അറേബ്യൻ മുശ്‌രികുകൾ. അല്ലാഹുവിലേക്കുള്ള മദ്ധ്യസ്ഥതക്കായിരുന്നു അവരോട് തേടിയിരുന്നത്. സാമീപ്യം നേടിയവരും സാമീപ്യം നേടിക്കൊടുക്കുന്നവരുമെന്ന നിലക്കുള്ള മദ്ധ്യസ്ഥതയാണത്.

മറ്റൊന്ന് ശെയ്ഖ് ഉണർത്തിയതു പോലെ ശുപാർശക്കാരെന്നനിലയിലാണ് മുശ്‌രികുകൾ ആരാധ്യന്മാരോട് തേടിയിരുന്നത്.

അല്ലാഹുവിലേക്ക് അടുക്കുവാനും മദ്ധ്യവർത്തികളാകുവാനും തേടിയതി നുള്ള തെളിവ്:

﴿وَٱلَّذِينَ ٱتَّخَذُوا۟ مِن دُونِهِۦٓ أَوْلِيَآءَ مَا نَعْبُدُهُمْ إِلَّا لِيُقَرِّبُونَآ إِلَى ٱللَّهِ زُلْفَىٰٓ﴾ الزمر: ٣

﴿അവന്നു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹു വിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടി മാത്രമാ കുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്.﴾

(സൂറഃ അസ്സുമർ: 3)

അല്ലാഹുവിനു പുറമെ രക്ഷാധികാരികളെ അഥവാ ആരാധ്യന്മാരെ ഞങ്ങൾ ആരാധിക്കുന്നില്ല; അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കി ത്തരാൻ വേണ്ടി അല്ലാതെ. ഇവിടെ 'അല്ലാതെ' എന്നർത്ഥമുള്ള إلا എന്ന അവ്യയം 'മാത്രം' എന്ന അർത്ഥത്തിലാകുന്നു. സാഹിത്യകാരന്മാർ "حَصَرُ قَلبٍ إِضَافِي" എന്നാണ് അതിനു പറയുക. അടുപ്പിക്കുക എന്ന കാരണത്താലല്ലാതെ

മറ്റൊരു കാരണത്താലുമല്ല ഞങ്ങൾ അവരെ ആരാധിക്കുന്നത് എന്നാണ് അതിനാൽ അർത്ഥം വരിക. അല്ലാഹുവിന്റെ അടുക്കലുള്ളതാണ് അവർ ഉദ്ദേശിച്ചത്. എന്നാൽ അല്ലാഹുവിലേക്കുള്ള സാമീപ്യത്തിൽ തങ്ങളുടെ ഉദ്ദേശ്യത്തെയാണ് അവർ പരിമിതപ്പെടുത്തിയത്. നിരർത്ഥകമായ തങ്ങളുടെ ആരാധ്യന്മാരിലേക്ക് അവർ തിരിഞ്ഞപ്പോൾ അല്ലാഹുവിങ്കലുള്ളതാണ് അവർ കാംക്ഷിച്ചത്. ആരാധ്യന്മാരിൽനിന്ന് മാത്രമായി വല്ലതും നേടുവാനായി അവർ ചോദിച്ചിട്ടില്ല. അല്ലാഹുവിലേക്ക് അടുപ്പത്തിനും മദ്ധ്യവർത്തിത്വത്തിനും മാത്രമാണ് അവർ തങ്ങളുടെ ആരാധ്യന്മാരെ ലക്ഷ്യമാക്കിയത്. അല്ലാഹുﷻ പറഞ്ഞു:

﴿وَٱلَّذِينَ ٱتَّخَذُواْ مِن دُونِهِۦٓ أَوۡلِيَآءَ مَا نَعۡبُدُهُمۡ إِلَّا لِيُقَرِّبُونَآ إِلَى ٱللَّهِ زُلۡفَىٰٓ﴾ الزمر: ٣

﴿അവന്നു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടിമാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്.﴾

(സൂറഃ അസ്സുമർ: 3)

അല്ലാഹുവിലേക്ക് ശുപാർശക്കാരാകുവാൻ തേടിയതിനുള്ള തെളിവ്:

﴿وَيَعۡبُدُونَ مِن دُونِ ٱللَّهِ مَا لَا يَضُرُّهُمۡ وَلَا يَنفَعُهُمۡ وَيَقُولُونَ هَٰٓؤُلَآءِ شُفَعَٰٓؤُنَا عِندَ ٱللَّهِۚ﴾ يونس: ١٨

﴿അല്ലാഹുവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചു കൊണ്ടിരിക്കുന്നു. ഇവർ(ആരാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്ക് ശഫാഅത്ത് നിർവ്വഹിക്കുന്നവരാണ് എന്ന് പറയുകയും ചെയ്യുന്നു.﴾

(സൂറഃ യൂനുസ്:18)

ആരാധ്യന്മാർ അവരുടെ ആവശ്യങ്ങൾ അല്ലാഹുവോട് അപേക്ഷിക്കലാണ് ഈ ശഫാഅത്ത്. കാരണം അപേക്ഷിക്കപ്പെടുന്നവൻ അപേക്ഷയെ അപേക്ഷിച്ചവനിലേക്ക് ചേർത്തുകൊണ്ട് കൈകാര്യകർതൃത്വമുള്ളവനിലേക്ക് സമർപ്പിക്കലാണ് ശഫാഅത്ത് അർത്ഥമാക്കുന്നത്. അതിനാൽ തന്നെ അവർ പറയും: ആരാധ്യന്മാർ അല്ലാഹുവിങ്കൽ സാമീപ്യം സിദ്ധിച്ചവരായതിനാൽ അല്ലാഹു അവരുടെ ശുപാർശ തള്ളുകയില്ല. അവർ ഞങ്ങളുടെ ശുപാർശകരാകുന്നു അഥവാ ഞങ്ങൾ ആവശ്യപ്പെടുന്നത് ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കുന്നവരാകുന്നു.

ലോകത്ത് എല്ലാ ജനവിഭാഗങ്ങളിലും കക്ഷികളിലും ശിർക്കിന്റെ നാരായവേര് രണ്ടാൽ ഒരു മാർഗേണയാണ്.

**ഒന്ന്:** നക്ഷത്രങ്ങളുടെ روحانية (ബാധതയി)ലുള്ള വിശ്വാസത്താൽ വരുന്ന ശിർക്ക്. ഇബ്റാഹീം നബിعليه السلامയുടെ ജനതയിലുണ്ടായ ശിർക്കുപോലെ. ലോക

ത്തിന്റെ നിയന്ത്രണത്തിൽ ആത്മീയമായി സ്വാധീനിക്കുവാൻ കഴിവുണ്ടെന്ന് വിശ്വസിക്കപ്പെട്ടിരുന്ന നക്ഷത്രബാധകളുടെ രൂപങ്ങൾക്കനുസരിച്ച് നിർമ്മിക്കപെട്ട വിഗ്രഹങ്ങളെ ആരാധിച്ചിരുന്ന ജനതയിലേക്കാണ് ഇബ്റാഹീം നബിﷺ ചെന്നെത്തിയത്. നക്ഷത്രങ്ങളുടെ പ്രേതങ്ങൾ صَنَمٌ-കളിലും (വിഗ്രഹങ്ങൾ) وَثَنٌ-കളിലും (വിഗ്രഹേതര ആരാധ്യവസ്തുക്കൾ) അവതരിക്കുമെന്നതിനാലാണ് അവർ അവയെ ആരാധിച്ചത്. പിശാചുക്കളാണ് അവയിൽ അവതരിക്കുകയും അവരോട് സംവദിക്കുകയും ചെയ്യുന്നത്. തങ്ങൾ ഉദ്ദേശിക്കുന്ന ചില കാര്യങ്ങൾ പിശാച് അവർക്കു നേടി കൊടുക്കുകയും ചെയ്തെന്നിരിക്കും. അതിനാൽതന്നെ ആ ജനത ശിർക്ക് ചെയ്യുവാൻ കാരണമാകും വിധം കാര്യങ്ങൾ ഭവിച്ചു. ശിർക്ക് ചെയ്തതുകൂടാതെ നക്ഷത്രങ്ങളാണ് കൈകാര്യകർത്താക്കളെന്ന വിശ്വാസവും അവയുടെ പ്രേതങ്ങളാണ് സംസാരിക്കുന്നതെന്ന വിശ്വാസവും ആളുകൾക്കുണ്ടായി. അല്ലാഹു ﷻ പറഞ്ഞു:

﴿ وَكَذَٰلِكَ نُرِيٓ إِبۡرَٰهِيمَ مَلَكُوتَ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَلِيَكُونَ مِنَ ٱلۡمُوقِنِينَ ﴿٧٥﴾ فَلَمَّا جَنَّ عَلَيۡهِ ٱلَّيۡلُ رَءَا كَوۡكَبٗاۖ قَالَ هَٰذَا رَبِّيۖ ﴾ الأنعام: ٧٥ - ٧٦

﴿ അപ്രകാരം ഇബ്രാഹീമിന് നാം ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യരഹസ്യങ്ങൾ കാണിച്ചുകൊടുക്കുന്നു. അദ്ദേഹം ദൃഢബോധ്യമുള്ളവരുടെ കൂട്ടത്തിൽ ആയിരിക്കാൻ വേണ്ടിയും കൂടിയാണത്. അങ്ങനെ രാത്രി അദ്ദേഹത്തെ (ഇരുട്ടുകൊണ്ട്) മൂടിയപ്പോൾ അദ്ദേഹം ഒരു നക്ഷത്രം കണ്ടു. അദ്ദേഹം പറഞ്ഞു: ഇതാ, എന്റെ രക്ഷിതാവ്! ﴾

(സൂറഃ അൽഅൻആം: 75, 76)

ഇബ്റാഹീം നബിﷺ ഈ സംസാരത്തിൽ വാദപ്രതിവാദം നടത്തുന്നുവനായിരുന്നോ അതല്ല നിരീക്ഷകനായിരുന്നോ എന്നതിൽ പണ്ഡിതന്മാർക്കിടയിൽ വീക്ഷണ വ്യത്യാസമുണ്ട്. 'ഇത് എന്റെ റബ്ബാകുന്നു' എന്ന് അദ്ദേഹം വാദത്തിനു വേണ്ടി പറഞ്ഞതാണ്; നിരീക്ഷകനായി പറഞ്ഞതല്ല എന്നതാണ് ശരിയായ മതം. മറുവാദം ദുർബലമാണ്.

**രണ്ട്:** നൂഹ് നബിﷺയുടെ ജനതയിലുണ്ടായ ശിർക്ക്. സജ്ജനങ്ങളുടെ ആത്മാക്കളിലും പ്രേതബാധയിലും വിശ്വാസിച്ചുള്ള ശിർക്കാണത്.അല്ലാഹു ﷻ പറഞ്ഞു:

﴿ وَقَالُواْ لَا تَذَرُنَّ ءَالِهَتَكُمۡ وَلَا تَذَرُنَّ وَدّٗا وَلَا سُوَاعٗا وَلَا يَغُوثَ وَيَعُوقَ وَنَسۡرٗا ﴾ نوح: ٢٣

﴿ അവർ പറഞ്ഞു: (ജനങ്ങളേ,) നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ്, സുവാഅ്, യഗൂഥ്, യഊക്, നസ്റ് എന്നിവരെ നിങ്ങൾ ഉപേക്ഷിക്കരുത്. ﴾

(സൂറഃ നൂഹ്: 23)

الشرح
വിവരണം

ഇബ്നു അബ്ബാസ്ﷺ പറഞ്ഞതായി ഇമാം അത്വാഅ്ﷺ നിവേദനം ചെയ്യുന്ന ഒരു ഹദീഥ്[34] ഇപ്രകാരം സ്വഹീഹുൽ ബുഖാരിയിൽ സ്ഥിരപ്പെട്ടിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: നൂഹിന്റെ ജനതയിൽ ഉണ്ടായിരുന്ന സജ്ജനങ്ങളുടെ പേരുകളാണിവ. ഇവർ സ്വാലിഹീങ്ങളാണെന്ന കാരണത്താൽ ഇവരിലൂടെ ശിർക്ക് സംഭവിച്ചു. സ്വാലിഹീങ്ങളാൽ സംഭവിച്ച ശിർക്ക് അറബികൾ അനന്തരമെടുക്കുകയും അവർ വിവിധങ്ങളായ صَنَمُ-കളേയും(വിഗ്രഹങ്ങൾ) وَثَنُ-കളേയും(ഖബ്റുകൾ പോലുള്ള വിഗ്രഹേതര വസ്തുക്കൾ) ആരാധിച്ചു.

അവർ ലാത്തയെ ആരാധിച്ചു. ലാത്ത ഒരു വ്യക്തിയുടെ ഖബ്റിടമാണ്; ലാത്തയുടെ ആത്മാവ് അവിടം അവതരിക്കുമെന്ന് അറബികൾ വിശ്വസിക്കുകയും ലാത്തക്കൊരു പ്രതിമ ആ ഖബ്റിന്മേൽ പ്രതിഷ്ഠിക്കുകയും അങ്ങനെ അതിനെ അവർ ആരാധിക്കുകയും ചെയ്തു. അവരെ കൊണ്ടുള്ള പൈശാചിക കളിയായിരുന്നു ഈ ആത്മീയബാധ. ഇപ്രകാരം അവർ ഉസ്സയേയും ആരാധിച്ചു. ഉസ്സാ-മരവും മനാത്ത-കല്ലുമാണ്. ഉസ്സാ മരത്തിനരികിൽ ഒരു സ്വാലിഹായ മനുഷ്യൻ ആരാധന നടത്തിയിരുന്നു. മനാത്തക്കരികിലും ഒരു പുണ്യാളൻ ആരാധന നടത്തിയിരുന്നു. അറബികൾ ഇത്തരം സ്വാലിഹീങ്ങളേയും പുണ്യാത്മാക്കളേയും സ്വീകരിച്ച് അവരിലുള്ള വിശ്വാസത്താൽ അവരെ വലിയ്യുകളാക്കി. അവർക്കുള്ള ആവശ്യങ്ങൾ അല്ലാഹുവിലേക്ക് ഈ വലിയ്യുകൾ ഉയർത്തുവാൻ പ്രസ്തുത വിശ്വാസത്തെ അവർ ഒരു കാരണമാക്കുകയും ചെയ്തു..

ശെയ്ഖ് ഈ രണ്ടാം തത്ത്വത്തിലൂടെ സമർത്ഥിക്കുവാനുദ്ദേശിച്ച പ്രകാരം അറബികളുടെ സ്ഥിതിവിശേഷങ്ങളെ താങ്കൾ നിരീക്ഷണ വിധേയമാക്കിയാൽ സ്വാലിഹീങ്ങളാലാണ് അറബികളിൽ ശിർക്ക് സംഭവിച്ചതെന്ന് അല്ലെങ്കിൽ സാമീപ്യവും (قُرْبَة-ത്തും) ശുപാർശയും (شَفَاعَة-ത്തും) തേടിയതിനാലാണ് ആരാധ്യന്മാരിലുള്ള ശിർക്ക് സംഭവിച്ചതെന്ന് കണ്ടെത്തുവാനാകും. അല്ലാതെ ആരാധ്യന്മാർക്ക് സ്വതന്ത്രമായ റുബൂബിയ്യത്തോ ഉലൂഹിയ്യത്തോ ഉണ്ടെന്നതിനാലല്ല; ഒരിക്കലുമല്ല. അവർ മദ്ധ്യവർത്തികളാണ് സ്വതന്ത്ര ആരാധ്യന്മാരല്ല എന്ന നിലക്ക് അവർക്ക് ആരാധ്യത കൽപിക്കുകയും അവ ആരാധിക്കപ്പെടുകയുമുണ്ടായി. അതിനാലാണ്

﴿ أَجَعَلَ ٱلْأَلِهَةَ إِلَٰهًا وَٰحِدًا ﴾ ص:٥

﴿ഇവൻ പല ഇലാഹുകളെ ഒരൊറ്റ ഇലാഹാക്കിയിരിക്കുകയാണോ?﴾

(സൂറഃ സ്വാദ്: 5)

എന്ന് അല്ലാഹുﷻ പറഞ്ഞത്:

34. ഇബ്നു അബ്ബാസ്ﷺൽ നിന്ന് ഇമാം ബുഖാരി (4920) നിവേദനം.

قُرْبَة-ത്ത്(സാമീപ്യം) സിദ്ധിച്ചവരും شَفَاعَة-ത്ത്(ശുപാർശ) നിർവ്വഹിക്കുന്നവരുമെന്ന നിലക്ക് ഈ മദ്ധ്യവർത്തികളിൽ അവർ വിശ്വസിച്ചു.

## ശഫാഅത്തിന്റെ ഇനങ്ങൾ[35]

ശഫാഅത്തിന് രണ്ട് ഇനങ്ങളുണ്ടെന്ന് പ്രമാണങ്ങൾ അറിയിക്കുന്നു.

**ഒന്ന്:** شَفَاعَة مَنفِيَة അഥവാ നിരാകൃതമായ ശുപാർശാ തേട്ടം. അല്ലാഹുവിന്റെ മാത്രം കഴിവിൽപെട്ട കാര്യങ്ങളിൽ പടപ്പുകളോടുള്ള ശുപാർശാ തേട്ടമാണ് شَفَاعَة مَنفِيَة. പാപമോചനം ഉടമപ്പെടുത്താത്തവരോട് ശഫാഅത്ത് ചോദിക്കുന്നതു പോലെ. ദുആ ആവശ്യപ്പെടുക എന്ന അർത്ഥത്തിലാണ് ശഫാഅത്ത്. شَفَعَ എന്ന ക്രിയ طَلَبَ(തേടി) എന്നാണ് അർത്ഥമാക്കുന്നത്. ശഫാഅത്ത് طَلَب -(തേട്ടം) ആണ്. തേടപ്പെടുന്നവൻ ഒന്നുകിൽ ജീവിച്ചിരിപ്പുള്ളവനോ ഹാജറുള്ളവനോ ആകാം അല്ലെങ്കിൽ മരണപ്പെട്ടവൻ ആകാം.

ജീവിച്ചിരിപ്പുള്ള, ഹാജറുള്ള വ്യക്തിയോട് ഭൗതിക ലോകത്ത് വെച്ചും പരലോകത്തെ മഹ്ശറാ മൈതാനത്ത് വെച്ചും ശഫാഅത്ത് ചോദിക്കാമെന്നത് അനുവദിക്കുന്ന നിരവധി തെളിവുകൾ വന്നിരിക്കുന്നു.[36] എന്നാൽ മരണപെട്ടവൻ കർമ്മാനഷ്ഠാനങ്ങളുടെ ലോകത്തല്ല; തേടുവാനുള്ള ലോകത്തുമല്ല. ചോദിക്കുന്നതെന്തും നൽകപ്പെടുമാറ് അല്ലാഹുവിങ്കൽ സ്ഥാനം നേടിയവനുമല്ല മയ്യിത്ത്. അതിനാൽ അല്ലാഹുവോടാണ് ശഫാഅത്തിനു തേടേണ്ടത്.

താഴെ വരുന്ന ആയത്തുകളിൽ പരാമർശിക്കപ്പെട്ട ശഫാഅത്തുകളാണ് അല്ലാഹു നിരാകരിച്ചവ:

﴿مَا لِلظَّالِمِينَ مِنْ حَمِيمٍ وَلَا شَفِيعٍ يُطَاعُ﴾ غافر: ١٨

﴿അക്രമകാരികൾക്ക് ഉറ്റബന്ധുവായോ സ്വീകാര്യനായ ശുപാർശകനായോ ആരും തന്നെയില്ല.﴾

(സൂറഃ ഗാഫിർ: 18)

---

35. ശഫാഅത്തിനെ സംബന്ധിച്ച് കെ എം മൗലവി‎ﷺ അൽമുർശിദിൽ നൽകിയ ഒരു ഫത്വ അനുബന്ധം–2ൽ ചേർത്തിട്ടുണ്ട്.

36. വിവിധ പദപ്രയോഗങ്ങളിൽ ശഫാഅത്തിന്റെ ഹദീഥുകൾ വന്നിരിക്കുന്നു. അനസ് ഇബ്നു മാലിക്ﷺൽ നിന്ന് ഇമാം ബുഖാരി (7510) ഇമാം മുസ്‌ലിം(322). അബൂഹുറയ്റﷺയിൽ നിന്ന് ഇമാം ബുഖാരി(4712) ഇമാം മുസ്‌ലിം(327) അബൂസഈദിൽഖുദ്‌രിﷺയിൽ നിന്ന് ഇമാം ബുഖാരി(7439) ഇമാം മുസ്‌ലിം(302).

﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَنفِقُواْ مِمَّا رَزَقْنَـٰكُم مِّن قَبْلِ أَن يَأْتِىَ يَوْمٌ لَّا بَيْعٌ فِيهِ وَلَا خُلَّةٌ وَلَا شَفَـٰعَةٌ ۗ وَٱلْكَـٰفِرُونَ هُمُ ٱلظَّـٰلِمُونَ ﴾ البقرة: ٢٥٤

﴿ സത്യവിശ്വാസികളേ, ക്രയവിക്രയമോ സ്നേഹബന്ധമോ ശുപാർശയോ നടക്കാത്ത ഒരു ദിവസം വന്നെത്തുന്നതിനു മുമ്പായി, നിങ്ങൾക്ക് നാം നൽകിയിട്ടുള്ളതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുവിൻ. സത്യനിഷേധികൾ തന്നെയാകുന്നു അക്രമികൾ.﴾

(സൂറഃ അൽബഖ്വറഃ 254)

﴿لَيْسَ لَهُم مِّن دُونِهِۦ وَلِىٌّ وَلَا شَفِيعٌ ﴾ الأنعام: ٥١

﴿ അവന്നു പുറമെ യാതൊരു രക്ഷാധികാരിയും ശുപാർശകനും അവർക്കില്ല.﴾
(സൂറഃ അൻആം: 51)

ശഫാഅത്തിനെ നിരാകരിച്ചു കൊണ്ടുള്ള ആയത്തുകൾ വേറേയുമുണ്ട്. അല്ലാഹുവിന്റെ അനുവാദമോ തൃപ്തിയോ കൂടാതെയുള്ള ശഫാത്താകുന്നു നിരാകരിക്കപെട്ടത്. ശഫാഅത്ത് നിർവ്വഹിക്കുവാൻ അവസരം നൽകപ്പെടാത്തവരോട് അത് തേടുമ്പോഴാണ് അത് വിരോധമുള്ളതാകുന്നത്. മയ്യിത്തായവൻ എത്ര دَرَجَة(പദവി) കൂടിയ വ്യക്തിയാണെങ്കിലും ശഫാഅത്ത് നിർവ്വഹിക്കുവാൻ അവസരം നൽകപ്പെടാത്തവനാണുതാനും.

അതിനാൽ തന്നെ ശഫാഅത്ത് തേടേണ്ടത് അല്ലാഹുവോടാണ്. അതത്രേ [**രണ്ടാമത്തെ** ഇനമായ] ഉപകരിക്കുന്നതും അനിഷേധ്യവുമായ ശഫാഅത്ത്. യഥാർത്ഥമായ ശഫാഅത്ത് വിവരിക്കുന്നതിലും നിരർത്ഥകമായ ശഫാഅത്തിൽ പിടിമുറുക്കിയവരെ വിലക്കുന്നതിലും ശെയ്ഖിന്റെ രീതിയാണിത്. ശെയ്ഖിന്റെ തന്നെ كِتَابُ التَّوحِيد -ലും അഹ്ലുസ്സുന്നത്തിന്റെ പണ്ഡിതന്മാരുടെ ശഫാഅത്തിനെ കുറിച്ചുള്ള രചനകളിലും ഈ വിഷയത്തിന്റെ വിശദമായ വിവരണം കാണാം.

രത്നച്ചുരുക്കം ഇപ്രകാരമാണ്: മതപരമായ നിബന്ധനകൾ ഒത്തതാണ് സ്ഥിരപ്പെട്ട ശഫാഅത്ത്. അല്ലാഹുവിന്റെ അനുവാദവും തൃപ്തിയുമുണ്ടാവുക എന്നീ രണ്ട് നിബന്ധനകളാണ് അവയിൽ ഏററവും പ്രധാനമായത്. ശഫാഅത്ത് നിർവ്വഹിക്കുവാൻ (1) ശുപാർശകനുള്ള അനുവാദവും (2)ശുപാർശ നിർവ്വഹിക്കുന്നവനേയും (3) ആർക്കുവേണ്ടിയാണോ ശുപാർശ ചെയ്യുന്നത് അവനേയും അല്ലാഹു ﷻ പ്രീതിപ്പെടലുമാണ് അവ. അല്ലാഹു ﷻ പറഞ്ഞു:

﴿ وَكَم مِّن مَّلَكٍ فِى ٱلسَّمَـٰوَٰتِ لَا تُغْنِى شَفَـٰعَتُهُمْ شَيْـًٔا إِلَّا مِنۢ بَعْدِ أَن يَأْذَنَ ٱللَّهُ لِمَن يَشَآءُ وَيَرْضَىٰٓ ﴾ النجم: ٢٦

﴿ ആകാശങ്ങളിൽ എത്ര മലക്കുകളാണുള്ളത്! അവരുടെ ശുപാർശ യാതൊരു പ്രയോജനവും ചെയ്യുകയില്ല; അല്ലാഹു അവൻ ഉദ്ദേശിക്കുകയും തൃപ്തി

പ്പെടുകയും ചെയ്യുന്നവർക്ക് (ശുപാർശക്ക്) അനുവാദം നൽകിയതിന്റെ ശേഷ മല്ലാതെ.﴿

(സൂറഃ അന്നജ്മ്: 26)

﴿وَلَا يَشْفَعُونَ إِلَّا لِمَنِ ٱرْتَضَىٰ﴾ الأنبياء: ٢٨

﴾അവൻ തൃപ്തിപ്പെട്ടവർക്കല്ലാതെ അവർ ശുപാർശ ചെയ്യുകയില്ല.﴿

﴿وَلَا يَمْلِكُ ٱلَّذِينَ يَدْعُونَ مِن دُونِهِ ٱلشَّفَٰعَةَ إِلَّا مَن شَهِدَ بِٱلْحَقِّ وَهُمْ يَعْلَمُونَ﴾ الزخرف: ٨٦

﴾അവന്നു പുറമെ ഇവർ ആരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവർ ശുപാർശ അധീനപ്പെടുത്തുന്നില്ല; അറിഞ്ഞുകൊണ്ടു തന്നെ സത്യത്തിന് സാക്ഷ്യം വഹിച്ച വരൊഴികെ. ﴿

(സൂറഃ അസ്സുഖ്റുഫ്: 86)

ഈ ശഫാഅത്താണ് ഉപകരിക്കുന്നത്. അനുവാദവും തൃപ്തിയുമുണ്ടായാലാണ് അത് ഉപകരിക്കുക. അറിഞ്ഞു കൊണ്ട് لَا إِلَٰهَ إِلَّا اللهُ സാക്ഷ്യം വഹിച്ചവനായതിനാൽ ശുപാർശകനിലുള്ള തൃപ്തിയും, ശുപാർശ ആർക്കുവേണ്ടിയാണോ അവൻ തൗഹീദിന്റെ വാഹകരിൽപെട്ടതിനാൽ അവനിലുള്ള തൃപ്തിയും ആവശ്യമാണെന്നർത്ഥം.

അബൂഹുറയ്റ(റ)യിൽനിന്നുള്ള ഹദീഥിൽ ഇപ്രകാരം സ്ഥിരപെട്ടിട്ടുണ്ട്. അദ്ദേഹം തിരുനബി(ﷺ)യോട് ചോദിച്ചു:

يَا رَسُولَ اللهِ مَنْ أَسْعَدُ النَّاسِ بِشَفَاعَتِكَ يَوْمَ الْقِيَامَةِ قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ :لَقَدْ ظَنَنْتُ يَا أَبَا هُرَيْرَةَ أَنْ لَا يَسْأَلُنِي عَنْ هَذَا الْحَدِيثِ أَحَدٌ أَوَّلُ مِنْكَ لِمَا رَأَيْتُ مِنْ حِرْصِكَ عَلَى الْحَدِيثِ أَسْعَدُ النَّاسِ بِشَفَاعَتِي يَوْمَ الْقِيَامَةِ مَنْ قَالَ لَا إِلَهَ إِلَّا اللهُ خَالِصًا مِنْ قَلْبِهِ أَوْ نَفْسِهِ

''അല്ലാഹുവിന്റെ റസൂലേ, ക്വിയാമത്ത് നാളിൽ താങ്കളുടെ ശഫാഅത്ത് ലഭിക്കുന്ന ജനങ്ങളിലെ അതിഭാഗ്യവാൻ ആരാണ്? തിരുദൂതർ(ﷺ) പറഞ്ഞു: അബൂ ഹുറയ്റാ, ഹദീഥിന്റെ വിഷയത്തിൽ താങ്കളുടെ താൽപര്യം ഞാൻ മനസിലാക്കിയതിനാൽ താങ്കൾക്ക് മുമ്പ് ഒരാളും ഈ ഹദീഥിനെകുറിച്ച് എന്നോട് ചോദിക്കരുതെന്ന് ഞാൻ വിചാരിച്ചു. തന്റെ قَلب-ൽനിന്നോ മനസ്സിൽ നിന്നോ നിഷ്കളങ്കതയോടെ لَا إِلَٰهَ إِلَّا اللهُ പറഞ്ഞവൻ ആരാണോ അവനാണ് ക്വിയാമത്ത് നാളിൽ എന്റെ ശഫാഅത്ത് ലഭിക്കുന്ന അതിഭാഗ്യവാൻ.''

പണ്ഡിതന്മാർ പറഞ്ഞു: ഹദീഥിലെ,

أَسْعَدُ النَّاسِ

'ജനങ്ങളിലെ അതിഭാഗ്യവാൻ' എന്ന പ്രയോഗം അന്യോന്യം ശ്രേഷ്ഠപ്പെടുത്തുവാനല്ല. പ്രത്യുത ഏറ്റവും ശ്രേഷ്ഠൻ എന്ന അർത്ഥത്തിൽ മാത്രമാണ്. വിശുദ്ധ ഖുർആനിൽ സൂറത്ത് ഫുർഖാനിലെ 24-ാം ആയത്തിൽ വന്ന പ്രയോഗം പോലെയാണിത്.



﴿ أَصۡحَٰبُ ٱلۡجَنَّةِ يَوۡمَئِذٍ خَيۡرٞ مُّسۡتَقَرّٗا وَأَحۡسَنُ مَقِيلٗا ﴾ الفرقان: ٢٤

﴿ അന്ന് സ്വർഗവാസികൾ ഉത്തമമായ വാസസ്ഥലവും ഏറ്റവും നല്ല വിശ്രമസ്ഥലവുമുള്ളവരായിരിക്കും. ﴾

സ്വർഗവാസികൾക്കാണ് ഏറ്റവും നല്ല വിശ്രമസ്ഥലം എന്നു പറയുമ്പോൾ നരകവാസികൾക്ക് നല്ലനിലക്കുള്ള വിശ്രമസ്ഥലമുണ്ടായിരിക്കും എന്നു പറയില്ല. കാരണം നരകത്തിൽ നല്ല വിശ്രമസ്ഥലമേ ഇല്ല.

ഇഖ്ലാസുള്ളവർക്കു മാത്രമാണ് ശഫാഅത്ത്. തിരുനബിﷺയുടേയും മലക്കുകളുടേയും സ്വാലിഹീങ്ങളുടേയും ഉലമാഇന്റേയും അന്ത്യനാളിലെ ശഫാഅത്ത് ഇഖ്ലാസുള്ളവർക്കു മാത്രമായിരിക്കും. ഇഖ്ലാസുള്ളവരാകട്ടെ അത് അല്ലാഹുവോട് തേടുകയും ''അല്ലാഹുവേ അന്ത്യനാളിൽ എനിക്കു നിന്റെ റസൂലിനെ ശുപാർശകനാക്കേണമേ, നിന്റെ മലക്കുകളെ എനിക്കു ശുപാർശകരാക്കേണമേ, സ്വാലിഹീങ്ങളായ ഉലമാഇനെ എനിക്കു ശുപാർശകരാക്കേണമേ, നീ ഇഷ്ടപ്പെടുകയും നിന്നെ ഇഷ്ടപ്പെടുകയും ചെയ്യുന്ന ദാസന്മാരെ എനിക്കു ശുപാർശകരാക്കേണമേ'' എന്നിങ്ങനെ പ്രാർത്ഥിക്കുകയും ചെയ്യും.

അപ്പോൾ ശഫാഅത്ത് അല്ലാഹുവോടാണ് തേടേണ്ടത്. പടപ്പിനോട് തേടാവതല്ല. എന്തുകൊണ്ട്?

കാരണം ശഫാഅത്ത് طَلَب (അപേക്ഷ) ആണ്. പ്രാർത്ഥനയാകുന്ന طَلَب -ആണ്. أَسْتَشْفِعُ എന്ന് ഒരാൾ പറഞ്ഞാൽ ദുആയിരക്കാൻ ആവശ്യപ്പെടുന്നു, ''എന്റെ ആവശ്യം ഉന്നയിക്കുവാൻ ആവശ്യപ്പെടുന്നു'' എന്നാണ് അർത്ഥമാക്കുന്നത്. ശഫാഅത്തിന്റെ വിഷയം طَلَب -ലേക്ക് മടങ്ങിയാൽ അത് ദുആഇന്റെ വകുപ്പിൽപെട്ടു. അതോടെ അല്ലാഹു അല്ലാത്തവരോടുള്ള دَعوَة (തേട്ടം) വലിയ ശിർക്കായി. അതിനാലാണ് അല്ലാഹു അല്ലാത്തവരോട് അഥവാ മരണപെട്ടവരോടും അതുപോലുള്ളവരോടും അല്ലാഹുവിന്റെ മാത്രം കഴിവിൽപെട്ട കാര്യങ്ങളിലുള്ള ശഫാഅത്ത് തേട്ടം വലിയ ശിർക്കാണെന്ന് നാം പറഞ്ഞത്. കാരണം ശഫാഅത്ത് തേട്ടം ദുആയാണ്. ദുആയാകട്ടെ അല്ലാഹുവിന് നിഷ്കളങ്കമാക്കൽ നിർബന്ധവുമാണ്.

# القاعدة الثّالثة

## മൂന്നാമത്തെ തത്ത്വം

ശെയ്ഖ് മുഹമ്മദ് ഇബ്നു അബ്ദിൽവഹ്ഹാബ്ﷺ പറയുന്നു:

أنّ النبي ﷺ ظهر على أُناسٍ متفرّقين في عباداتهم منهم مَن يعبُد الملائكة، ومنهم من يعبد الأنبياء والصالحين، ومنهم من يعبد الأحجار والأشجار، ومنهم مَن يعبد الشمس والقمر، وقاتلهم رسول الله - صلى الله عليه وسلم - ولم يفرِّق بينهم،

والدليل قوله تعالى: ﴿ وَقَـٰتِلُوهُمْ حَتَّىٰ لَا تَكُونَ فِتْنَةٌ وَيَكُونَ ٱلدِّينُ لِلَّهِ ﴾ البقرة: ١٩٣

ودليل الشمس والقمر قوله تعالى: ﴿ وَمِنْ ءَايَـٰتِهِ ٱلَّيْلُ وَٱلنَّهَارُ وَٱلشَّمْسُ وَٱلْقَمَرُ ۚ لَا تَسْجُدُوا۟ لِلشَّمْسِ وَلَا لِلْقَمَرِ ﴾ فصلت: ٣٧

ودليل الملائكة قوله تعالى: ﴿ وَلَا يَأْمُرَكُمْ أَن تَتَّخِذُوا۟ ٱلْمَلَـٰٓئِكَةَ وَٱلنَّبِيِّـۧنَ أَرْبَابًا ۗ ﴾ آل عمران: ٨٠

ودليل الأنبياء قوله تعالى: ﴿ وَإِذْ قَالَ ٱللَّهُ يَـٰعِيسَى ٱبْنَ مَرْيَمَ ءَأَنتَ قُلْتَ لِلنَّاسِ ٱتَّخِذُونِى وَأُمِّىَ إِلَـٰهَيْنِ مِن دُونِ ٱللَّهِ ۖ قَالَ سُبْحَـٰنَكَ مَا يَكُونُ لِىٓ أَنْ أَقُولَ مَا لَيْسَ لِى بِحَقٍّ ۚ إِن كُنتُ قُلْتُهُۥ فَقَدْ عَلِمْتَهُۥ ۚ تَعْلَمُ مَا فِى نَفْسِى وَلَآ أَعْلَمُ مَا فِى نَفْسِكَ ۚ إِنَّكَ أَنتَ عَلَّـٰمُ ٱلْغُيُوبِ ﴾ المائدة: ١١٦

ودليل الصالحين قوله تعالى: ﴿ أُو۟لَـٰٓئِكَ ٱلَّذِينَ يَدْعُونَ يَبْتَغُونَ إِلَىٰ رَبِّهِمُ ٱلْوَسِيلَةَ أَيُّهُمْ أَقْرَبُ وَيَرْجُونَ رَحْمَتَهُۥ وَيَخَافُونَ عَذَابَهُۥٓ ۚ ﴾ الإسراء: ٥٧

ودليل الأحجار والأشجار قوله تعالى: ﴿ أَفَرَءَيْتُمُ ٱللَّـٰتَ وَٱلْعُزَّىٰ ﴿١٩﴾ وَمَنَوٰةَ ٱلثَّالِثَةَ ٱلْأُخْرَىٰٓ ﴾ النجم: ١٩ - ٢٠

وَحَدِيثُ أَبِي وَاقِدٍ اللَّيْثِيِّ - رَضِيَ اللهُ عَنْهُ - قَالَ: خَرَجْنَا مَعَ النَّبِي إِلَى حُنَيْنٍ وَنَحْنُ حُدَثَاءُ عَهْدٍ بِكُفْرٍ، وَلِلْمُشْرِكِينَ سِدْرَةٌ يَعْكُفُونَ عِنْدَهَا وَيَنُوطُونَ بِهَا أَسْلِحَتَهُمْ يُقَالُ لهَا: ذَاتُ أَنْوَاطٍ، فَمَرَرْنَا بِسِدْرَةٍ فَقُلْنَا: يَا رَسُولَ اللهِ إِجْعَلْ لَنَا ذَاتَ أَنْوَاطٍ كَمَا لَهُمْ ذَاتُ أَنْوَاطٍ... الحديث.

തങ്ങളുടെ ആരാധനകളിൽ കക്ഷികളായി പിരിഞ്ഞ ഒരു ജനവിഭാഗത്തിലേക്കാണ് നബിﷺയുടെ രംഗപ്രവേശം. മലക്കുകളെ ആരാധിക്കുന്നവർ അവരിലുണ്ടായിരുന്നു. നബിമാരേയും സ്വാലിഹീങ്ങളേയും ആരാധിക്കുന്നവർ അവരിലുണ്ടായിരുന്നു. കല്ലുകളേയും മരങ്ങളേയും ആരാധിക്കുന്നവർ അവരിലുണ്ടായിരുന്നു. സൂര്യനേയും ചന്ദ്രനേയും ആരാധിക്കുന്നവർ അവരിലുണ്ടായിരുന്നു. അവർക്കിടയിൽ യാതൊരു വിവേചനവും കാണിക്കാതെയാണ് അല്ലാഹുവിന്റെ തിരുദൂതർﷺ അവരോടെല്ലാം യുദ്ധം ചെയ്തിരുന്നത്. അതിനുള്ള തെളിവാകട്ടെ അല്ലാഹുﷻവിന്റെ വചനമാണ്:

المتن

﴿ وَقَٰتِلُوهُمْ حَتَّىٰ لَا تَكُونَ فِتْنَةٌ وَيَكُونَ ٱلدِّينُ لِلَّهِ ﴾ البقرة: ١٩٣

﴿ ഫിത്നഃ ഇല്ലാതാവുകയും, ദീൻ അല്ലാഹുവിന് വേണ്ടിയാവുകയും ചെയ്യുന്നത് വരെ നിങ്ങളവരോട് യുദ്ധം നടത്തിക്കൊള്ളുക. ﴾

(സൂറഃ അൽബക്വറഃ: 193)

അവർ شَمس-(സൂര്യൻ)നേയും قَمَر-(ചന്ദ്രൻ)നേയും ആരാധിച്ചിരുന്നു എന്നത് അറിയിക്കുന്ന തെളിവ്:

﴿ وَمِنْ ءَايَٰتِهِ ٱلَّيْلُ وَٱلنَّهَارُ وَٱلشَّمْسُ وَٱلْقَمَرُ ۚ لَا تَسْجُدُوا۟ لِلشَّمْسِ وَلَا لِلْقَمَرِ ﴾ فصلت: ٣٧

﴿ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതത്രെ രാവും പകലും സൂര്യനും ചന്ദ്രനും. സൂര്യന്നോ, ചന്ദ്രന്നോ നിങ്ങൾ പ്രണാമം ചെയ്യരുത്. ﴾

(സൂറഃ ഫുസ്സ്വിലത്: 37)

അവർ മലക്കുകളെ ആരാധിച്ചിരുന്നു എന്നത് അറിയിക്കുന്ന തെളിവ്:

﴿ وَلَا يَأْمُرَكُمْ أَن تَتَّخِذُوا۟ ٱلْمَلَٰٓئِكَةَ وَٱلنَّبِيِّۦنَ أَرْبَابًا ﴾ آل عمران: ٨٠

﴿ മലക്കുകളെയും പ്രവാചകന്മാരെയും നിങ്ങൾ രക്ഷിതാക്കളായി സ്വീകരിക്കണമെന്ന് അദ്ദേഹം നിങ്ങളോട് കൽപിക്കുകയുമില്ല. ﴾

(സൂറഃ ആലുഇംറാൻ: 80)

അവർ നബിമാരെ ആരാധിച്ചിരുന്നു എന്നത് അറിയിക്കുന്ന തെളിവ്:

﴿ وَإِذْ قَالَ ٱللَّهُ يَٰعِيسَى ٱبْنَ مَرْيَمَ ءَأَنتَ قُلْتَ لِلنَّاسِ ٱتَّخِذُونِى وَأُمِّىَ إِلَٰهَيْنِ مِن دُونِ ٱللَّهِ ۖ قَالَ سُبْحَٰنَكَ مَا يَكُونُ لِىٓ أَنْ أَقُولَ مَا لَيْسَ لِى بِحَقٍّ ۚ إِن كُنتُ قُلْتُهُۥ فَقَدْ عَلِمْتَهُۥ ۚ تَعْلَمُ مَا فِى نَفْسِى وَلَآ أَعْلَمُ مَا فِى نَفْسِكَ ۚ إِنَّكَ أَنتَ عَلَّٰمُ ٱلْغُيُوبِ ﴾ المائدة: ١١٦

﴿ അല്ലാഹു പറയുന്ന സന്ദർഭവും (ശ്രദ്ധിക്കുക.) മർയമിന്റെ മകൻ ഈസാ, അല്ലാഹുവിന് പുറമെ എന്നെയും, എന്റെ മാതാവിനെയും ദൈവങ്ങളാക്കിക്കൊള്ളുവിൻ. എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്? അദ്ദേഹം പറയും:

നീയെത്ര പരിശുദ്ധൻ! എനിക്ക് (പറയാൻ) യാതൊരു അവകാശവുമില്ലാത്തത് ഞാൻ പറയാവതല്ലല്ലോ? ഞാനത് പറഞ്ഞിരുന്നെങ്കിൽ തീർച്ചയായും നീയത് അറിഞ്ഞിരിക്കുമല്ലോ. എന്റെ മനസ്സിലുള്ളത് നീ അറിയും. നിന്റെ മനസ്സിലുള്ളത് ഞാനറിയില്ല. തീർച്ചയായും നീ തന്നെയാണ് അദൃശ്യകാര്യങ്ങൾ അറിയുന്നവൻ.﴿



(സൂറഃ അൽമാഇദഃ: 116)

അവർ സജ്ജനങ്ങളെ ആരാധിച്ചിരുന്നു എന്നത് അറിയിക്കുന്ന തെളിവ്:

﴿ أُولَٰٓئِكَ ٱلَّذِينَ يَدۡعُونَ يَبۡتَغُونَ إِلَىٰ رَبِّهِمُ ٱلۡوَسِيلَةَ أَيُّهُمۡ أَقۡرَبُ وَيَرۡجُونَ رَحۡمَتَهُۥ وَيَخَافُونَ عَذَابَهُۥٓ ﴾ الإسراء: ٥٧

﴾ അവർ വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് ആരെയാണോ അവർ തന്നെ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് സമീപനമാർഗം തേടിക്കൊണ്ടിരിക്കുകയാണ്. അതെ, അവരുടെ കൂട്ടത്തിൽ അല്ലാഹുവോട് ഏറ്റവും അടുത്തവർ തന്നെ (അപ്രകാരം തേടുന്നു.) അവർ അവന്റെ കാരുണ്യം ആഗ്രഹിക്കുകയും അവന്റെ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു.﴿

(സൂറഃ അൽഇസ്റാഅ്: 57)

അവർ കല്ലുകളേയും മരങ്ങളേയും ആരാധിച്ചിരുന്നു എന്നത് അറിയിക്കുന്ന തെളിവ്:

﴿ أَفَرَءَيۡتُمُ ٱللَّٰتَ وَٱلۡعُزَّىٰ ﴿١٩﴾ وَمَنَوٰةَ ٱلثَّالِثَةَ ٱلۡأُخۡرَىٰٓ ﴾ النجم: ١٩ - ٢٠

﴾ ലാത്തയെയും ഉസ്സയെയും പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? വേറെ മൂന്നാമതായുള്ള മനാത്തയെ പറ്റിയും.﴿

(സൂറഃ അന്നജ്മ്: 19, 20)

അബൂവാകിദ് അല്ലെയ്ഥിൽനിന്നുള്ള ഹദീഥും ഇതിന്നു തെളിവാണ്:

خَرَجْنَا مع رَسُولِ اللهِ ﷺ إِلَى حُنَيْنٍ، ونَحْنُ حُدَثاءُ عَهْدٍ بِكُفْرٍ، وَلِلمشركينَ سِدْرَةٍ يَعكفونَ عندَها ويَنُوطونَ بها أَسْلِحَتَهُمْ، يُقَالُ لها: ذَاتُ أَنْواطٍ، فمرَرْنَا بسِدْرَةٍ، فقلنا: يا رسولَ الله اجْعَلْ لَنَا ذَاتَ أَنْوَاطٍ كَمَا لَهُمْ ذَاتُ أَنْوَاطٍ. فقالَ رسول الله ﷺ: اللهُ أكبرُ! إنها السننُ! قلتُمْ والذي نفسي بيده كَمَا قالتْ بنُو إسرائيلَ لموسَى ﴿ قَالُواْ يَٰمُوسَى ٱجۡعَل لَّنَآ إِلَٰهٗا كَمَا لَهُمۡ ءَالِهَةٞۚ قَالَ إِنَّكُمۡ قَوۡمٞ تَجۡهَلُونَ ﴾ لَتَرْكَبُنَّ سَنَنَ مَنْ كَانَ قَبْلَكُمْ.

''ഞങ്ങൾ തിരുദൂതരോടൊപ്പം ﷺ ഹുനൈനിലേക്ക് പുറപ്പെട്ടു. ഞങ്ങൾ സത്യവിശ്വാസം സ്വീകരിച്ചിട്ട് വളരെ കുറച്ചേ ആയിരുന്നുള്ളു. മുശ്രിക്കുകൾക്ക്

ഒരു ഇലന്ത മരമുണ്ടായിരുന്നു. അവർ അതിന്റെയടുത്ത് ഭജനമിരിക്കുകയും അവരുടെ ആയുധങ്ങൾ അതിൽ തൂക്കിയിടുകയും ചെയ്തിരുന്നു. 'ദാത്തു അൻവാത്' എന്നായിരുന്നു ആ വൃക്ഷത്തിന്നു പറയപ്പെട്ടിരുന്നത്. ഞങ്ങൾ ആ മരത്തിനരികിലൂടെ നടന്നു. ഞങ്ങൾ നബിﷺയോട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, അവർക്കുള്ളതു പോലെ ഞങ്ങൾക്കും ഒരു 'ദാത്തു അൻവാത്' നിശ്ചയിച്ചുതരണം.[37] നബിﷺ പറഞ്ഞു: അല്ലാഹു അക്ബർ, തീർച്ചയായും അത് (വൃക്ഷങ്ങളിൽ ആയുധം കൊളുത്തികൊണ്ടുള്ള ബർക്കത്തെടുക്കൽ) പൂർവ്വികരുടെ ചര്യകളാകുന്നു. എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനാണേ സത്യം; നിങ്ങൾ പറഞ്ഞത് ഇസ്രാഈൽ സന്തതികൾ മൂസയോട് പറഞ്ഞ വാക്കുപോലെയാണ്. ﴾ അവർ (ഇസ്രാഈൽ സന്തതികൾ) പറഞ്ഞു: ......... ഹേ, മൂസാ, ഇവർക്ക് ദൈവങ്ങളുള്ളതുപോലെ ഞങ്ങൾക്കും ഒരു ദൈവത്തെ നീ ഏർപ്പെടുത്തിത്തരണം. അദ്ദേഹം പറഞ്ഞു: തീർച്ചയായും നിങ്ങൾ വിവരമില്ലാത്ത ഒരു ജനവിഭാഗമാകുന്നു.﴿ (വി. ക്വു. 7:138) (അനന്തരം നബിﷺ സ്വഹാബികളോടു പറഞ്ഞു:) മുൻഗാമികളുടെ ചര്യകൾ നിങ്ങൾ കൊണ്ടുനടക്കുക തന്നെ ചെയ്യും.''

37. ഇതിനെ തുടർന്നുള്ള ഭാഗം مَتَن-ൽ കൊടുത്തിട്ടില്ല. ആശയം പൂർണമായി മനസ്സിലാക്കുവാൻ വേണ്ടി ഹദീസിന്റെ പൂർണ രൂപം നൽകിയിട്ടുണ്ട്.

ശെയ്ഖ് സ്വാലിഹ് ആലു ശെയ്ഖിന്റെ വിവരണം:



ഈ ക്വാഇദയിൽ ഒരു ആമുഖവും ഒരനുമാനവുമുണ്ട്. അറബികളുടെ ആരാധനകളിൽ അല്ലാഹു അറിയിച്ച അവരുടെ അവസ്ഥ മനസിലാക്കലാണ് ആമുഖം. അവർ ആരാധിച്ചിരുന്ന വ്യർത്ഥങ്ങളായ ആരാധ്യന്മാർ വിവിധങ്ങളായിരുന്നു. അവരിൽ സൂര്യനേയും ചന്ദ്രനേയും ആരാധിച്ചിരുന്നവരുണ്ടായിരുന്നു. അതിനുള്ള തെളിവ്:

﴿لَا تَسْجُدُوا لِلشَّمْسِ وَلَا لِلْقَمَرِ وَاسْجُدُوا لِلَّهِ الَّذِي خَلَقَهُنَّ إِن كُنتُمْ إِيَّاهُ تَعْبُدُونَ﴾ فصلت:٣٧

﴿അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതത്രെ രാവും പകലും സൂര്യനും ചന്ദ്രനും. സൂര്യനോ, ചന്ദ്രനോ നിങ്ങൾ പ്രണാമം ചെയ്യരുത്. അവയെ സൃഷ്ടിച്ചവനായ അല്ലാഹുവിന്ന് നിങ്ങൾ പ്രണാമം ചെയ്യുക; നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ.﴾

(സൂറഃ ഫുസ്സിലത്ത്: 37)

അറബികളിലും അനറബികളിലും ഇങ്ങനെ ഒരു വിഭാഗമുണ്ടായിരുന്നു. കല്ലുകളേയും മരങ്ങളേയും ആരാധിച്ചിരുന്നവരും അവരിലുണ്ടായിരുന്നു. മലക്കുകളെ ആരാധിച്ചിരുന്നവരും അവരിൽ ഉണ്ടായിരുന്നു. അല്ലാഹു ﷻ പറഞ്ഞു:

﴿وَيَوْمَ يَحْشُرُهُمْ جَمِيعًا ثُمَّ يَقُولُ لِلْمَلَائِكَةِ أَهَٰؤُلَاءِ إِيَّاكُمْ كَانُوا يَعْبُدُونَ ﴿٤٠﴾ قَالُوا سُبْحَانَكَ أَنتَ وَلِيُّنَا مِن دُونِهِم﴾ سبأ: ٤٠ – ٤١

﴿അവരെ മുഴുവൻ അവൻ ഒരുമിച്ചുകൂട്ടുന്ന ദിവസം (ശ്രദ്ധേയമാകുന്നു.) എന്നിട്ട് അവൻ മലക്കുകളോട് ചോദിക്കും: നിങ്ങളെയാണോ ഇക്കൂട്ടർ ആരാധിച്ചിരുന്നത്? അവർ പറയും: നീ എത്ര പരിശുദ്ധൻ! നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അവരല്ല.﴾

(സൂറഃ സബഅ്: 37)

മലകുകളെകൊണ്ടും ഈസാ عليه السلامയെ പോലുള്ള നബിമാരെ കൊണ്ടും അല്ലാഹുവിൽ പങ്കുചേർക്കുന്നവർ അറബികളിലും അനറബികളിലുമുണ്ടായിരുന്നു. ഈസാ عليه السلامയുടെ വിഷയത്തിൽ അല്ലാഹു ﷻ പറഞ്ഞു:

﴿وَإِذْ قَالَ اللَّهُ يَا عِيسَى ابْنَ مَرْيَمَ أَأَنتَ قُلْتَ لِلنَّاسِ اتَّخِذُونِي وَأُمِّيَ إِلَٰهَيْنِ مِن دُونِ اللَّهِ ۖ قَالَ سُبْحَانَكَ مَا يَكُونُ لِي أَنْ أَقُولَ مَا لَيْسَ لِي بِحَقٍّ ۚ إِن كُنتُ قُلْتُهُ فَقَدْ عَلِمْتَهُ ۚ تَعْلَمُ مَا فِي نَفْسِي وَلَا أَعْلَمُ مَا فِي نَفْسِكَ ۚ إِنَّكَ أَنتَ عَلَّامُ الْغُيُوبِ﴾ المائدة: ١١٦

﴿ അല്ലാഹു പറയുന്ന സന്ദർഭവും (ശ്രദ്ധിക്കുക.) മർയമിന്റെ മകൻ ഈസാ, അല്ലാഹുവിന് പുറമെ എന്നെയും, എന്റെ മാതാവിനെയും ദൈവങ്ങളാക്കിക്കൊള്ളുവിൻ എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്? അദ്ദേഹം പറയും: നീയെത്ര പരിശുദ്ധൻ! എനിക്ക് (പറയാൻ) യാതൊരു അവകാശവുമില്ലാത്തത് ഞാൻ പറയാവതല്ലല്ലോ? ഞാനത് പറഞ്ഞിരുന്നെങ്കിൽ തീർച്ചയായും നീയത് അറിഞ്ഞിരിക്കുമല്ലോ. എന്റെ മനസ്സിലുള്ളത് നീ അറിയും. നിന്റെ മനസ്സിലുള്ളത് ഞാനറിയില്ല. തീർച്ചയായും നീ തന്നെയാണ് അദൃശ്യകാര്യങ്ങൾ അറിയുന്നവൻ.﴾

(സൂറഃ അൽമാഇദഃ: 116)

അപ്പോൾ ഈസാﷺയെകൊണ്ട് അല്ലാഹുവിൽ  പങ്കുചേർത്തു.

സ്വാലിഹീങ്ങളെ കൊണ്ടും അല്ലാഹുﷻവിൽ പങ്കുചേർക്കപെട്ടിട്ടുണ്ട്. അല്ലാഹുﷻ പറഞ്ഞു:

﴿ إِنَّ ٱلَّذِينَ سَبَقَتۡ لَهُم مِّنَّا ٱلۡحُسۡنَىٰٓ أُوْلَٰٓئِكَ عَنۡهَا مُبۡعَدُونَ ﴿١٠١﴾ لَا يَسۡمَعُونَ حَسِيسَهَاۖ وَهُمۡ فِي مَا ٱشۡتَهَتۡ أَنفُسُهُمۡ خَٰلِدُونَ ﴾ الأنبياء: ١٠١ - ١٠٢

﴿ തീർച്ചയായും നമ്മുടെ പക്കൽ നിന്നു മുമ്പേ നന്മ ലഭിച്ചവരാരോ അവർ അതിൽ (നരകത്തിൽ)നിന്ന് അകറ്റിനിർത്തപ്പെടുന്നവരാകുന്നു. അതിന്റെ നേരിയ ശബ്ദം പോലും അവർ കേൾക്കുകയില്ല. തങ്ങളുടെ മനസ്സുകൾക്ക് ഇഷ്ടപ്പെട്ട സുഖാനുഭവങ്ങളിൽ അവർ നിത്യവാസികളായിരിക്കും.﴾

(സൂറഃ അമ്പിയാഅ്: 101, 102)

ഈ ആയത്തിന്റെ അവതരണ കാരണം ഇപ്രകാരം വന്നിട്ടുണ്ട്: സൂറത്തുൽ അമ്പിയാഇലെ,

﴿ إِنَّكُمۡ وَمَا تَعۡبُدُونَ مِن دُونِ ٱللَّهِ حَصَبُ جَهَنَّمَ أَنتُمۡ لَهَا وَٰرِدُونَ ﴿٩٨﴾ لَوۡ كَانَ هَٰٓؤُلَآءِ ءَالِهَةً مَّا وَرَدُوهَاۖ وَكُلّٞ فِيهَا خَٰلِدُونَ ﴾ الأنبياء: ٩٨ - ٩٩

﴿ തീർച്ചയായും നിങ്ങളും അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവയും നരകത്തിലെ ഇന്ധനമാകുന്നു. നിങ്ങൾ അതിലേക്ക് വന്നുചേരുക തന്നെ ചെയ്യുന്നതാണ്. ഇക്കൂട്ടർ ദൈവങ്ങളായിരുന്നുവെങ്കിൽ ഇവർ അതിൽ (നരകത്തിൽ) വന്നുചേരുകയില്ലായിരുന്നു. അവരെല്ലാം അതിൽ നിത്യവാസികളായിരിക്കും.﴾

(സൂറഃ അമ്പിയാഅ്: 98, 99)

എന്നീ ആയത്തുകൾ അവതീർണമായപ്പോൾ അറബികൾ അതിൽ സന്തോഷിച്ചു. അവർ പറഞ്ഞു: ഞങ്ങൾ ഈസﷺയോടൊപ്പമായിരിക്കും. ഞങ്ങൾ ഉസെയ്റി

നോടൊപ്പമായിരിക്കും. ഞങ്ങൾ മഹത്തുക്കളോടൊപ്പവുമായിരിക്കും. അതിൽ പിന്നെയാണ് ഈ ആയത്തുകളെ അല്ലാഹു ﷻ അവതരിപ്പിച്ചത്:

﴿ إِنَّ ٱلَّذِينَ سَبَقَتۡ لَهُم مِّنَّا ٱلۡحُسۡنَىٰٓ أُوْلَٰٓئِكَ عَنۡهَا مُبۡعَدُونَ ﴿١٠١﴾ لَا يَسۡمَعُونَ حَسِيسَهَاۖ ﴾ الأنبياء: ١٠١ - ١٠٢

الشرح
വിവരണം

﴿ തീർച്ചയായും നമ്മുടെ പക്കൽനിന്നു മുമ്പേ നന്മ ലഭിച്ചവരാരോ അവർ അതിൽ (നരകത്തിൽ)നിന്ന് അകറ്റിനിർത്തപ്പെടുന്നവരാകുന്നു. അതിന്റെ നേരിയ ശബ്ദം പോലും അവർ കേൾക്കുകയില്ല. ﴾

(സൂറഃ അമ്പിയാഅ്: 101, 102)

അപ്പോൾ അറബികൾ, വിവിധങ്ങളായ ആരാധനകൾ കൊണ്ട് അമ്പിയാമുർസലുകളിലേക്ക് തിരിഞ്ഞിരുന്നു. അപ്രകാരം കല്ലുകളിലേക്കും മരങ്ങളിലേക്കും അവർ തിരിഞ്ഞിരുന്നു. ജിന്നുകളിലേക്കും പിശാചുകളിലേക്കും അവർ തിരിഞ്ഞിരുന്നു. അല്ലാഹു ﷻ പറഞ്ഞു:

﴿ بَلۡ كَانُواْ يَعۡبُدُونَ ٱلۡجِنَّۖ أَكۡثَرُهُم بِهِم مُّؤۡمِنُونَ ﴿٤١﴾ ﴾ سبأ: ٤١

﴿ എന്നാൽ അവർ ജിന്നുകളെയായിരുന്നു ആരാധിച്ചിരുന്നത് അവരിൽ അധിക പേരും അവരിൽ (ജിന്നുകളിൽ) വിശ്വസിക്കുന്നവരത്രെ. ﴾

(സൂറഃ സബഅ്: 41)

﴿ وَأَنَّهُۥ كَانَ رِجَالٞ مِّنَ ٱلۡإِنسِ يَعُوذُونَ بِرِجَالٖ مِّنَ ٱلۡجِنِّ فَزَادُوهُمۡ رَهَقٗا ﴾ الجن: ٦

﴿ മനുഷ്യരിൽപെട്ട ചില വ്യക്തികൾ ജിന്നുകളിൽപെട്ട വ്യക്തികളോട് ശരണം തേടാറുണ്ടായിരുന്നു. അങ്ങനെ അതവർക്ക് (ജിന്നുകൾക്ക്) ഗർവ്വ് വർദ്ധിപ്പിച്ചു. ﴾

(സൂറഃ അൽജിന്ന്: 6)

വിശുദ്ധ ക്വുർആൻ പരാമർശിച്ച അറബികളുടെ വിവിധങ്ങളായ ആരാധനകളാണിതെല്ലാം. അവയിൽ അവരുടെ അവസ്ഥകൾ നന്നേ പ്രകടവുമാണ്. ഇവരോടുള്ള സമീപനത്തിൽ വേറെ വേറെ അനുശാസനകൾ അല്ലാഹു ﷻ തിരുമേനി ﷺ ക്ക് നൽകിയിട്ടുണ്ടോ? അഥവാ (യുദ്ധം ചെയ്യേണ്ടിവന്ന സാഹചര്യങ്ങളിൽ) കല്ലുകളേയും മരങ്ങളേയും വിഗ്രഹങ്ങളേയും സൂര്യനേയും ചന്ദ്രനേയും ആരാധിച്ചവരോട് നിങ്ങൾ യുദ്ധം ചെയ്യുക, നബിമാരേയും സ്വാലിഹീങ്ങളേയും അല്ലാഹുവിലേക്ക് ശുപാർശക്കാരും സാമീപ്യം നേടിത്തരുന്ന മദ്ധ്യവർത്തികളുമാക്കിയവരോട് നിങ്ങൾ യുദ്ധം ചെയ്യരുത് എന്നിങ്ങനെ അല്ലാഹു ﷻ തിരുനബി ﷺ യോട് പറഞ്ഞിട്ടുണ്ടോ? ഇത്തരം ഒരു വിവേചനം വന്നിട്ടേയില്ല. പ്രത്യുത ഒരൊറ്റ അനുശാസനയുണ്ടാവുകയും അവരെല്ലാം കാഫിറുകളും മുശ്‌രികുകളുമാണെന്ന വിധി വരികയുമുണ്ടായി. മുശ്‌രികുകളായിരുന്ന ആ കക്ഷികളോടെല്ലാം യുദ്ധം ചെയ്യുവാൻ നബി ﷺ യോട്

കൽപിച്ചു. അവർക്കു നേരെ യുദ്ധമുണ്ടായി. വിവേചനമില്ലാത്ത അല്ലാഹുവിന്റെ പ്രസ്തുത കൽപന ഈ വചനത്തിലാണ്:

﴿وَقَٰتِلُواْ ٱلۡمُشۡرِكِينَ كَآفَّةٗ كَمَا يُقَٰتِلُونَكُمۡ كَآفَّةٗۚ﴾ التوبة:٣٦

﴿ബഹുദൈവവിശ്വാസികൾ നിങ്ങളോട് ആകമാനം യുദ്ധം ചെയ്യുന്നത് പോലെ നിങ്ങൾ അവരോടും ആകമാനം യുദ്ധം ചെയ്യുക.﴾
(സൂറഃ അത്തൗബഃ: 36)



(യുദ്ധമുണ്ടായപ്പോൾ) അത് എല്ലാവരോടും പൊതുവിലാണ്. യുദ്ധം അവരോടെല്ലാമെന്നതാണ് ഈ പറഞ്ഞ ആയത്തിലെ അനുമാനം. ഇതിനു മുമ്പുള്ളത് അഥവാ അവരെല്ലാവരും മുശ്രികുകളായിരുന്നു എന്നത് ആമുഖവും. അപ്പോൾ നബിയെ ആരാധിച്ചവരും കല്ലിനേയും മരങ്ങളേയും ആരാധിച്ചവരും മലക്കിനേയും ജിന്നിനേയും ആരാധിച്ചവരും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഒരേ അവസ്ഥ മാത്രമാണ്.

വർത്തമാനയുഗത്തിൽ ഈ വിഷയത്തിൽ വേർതിരിവ് കാണിക്കുന്നവരുണ്ട്. അവരുടെ ചിന്താഗതി ഇപ്രകാരമാണ്: സ്വാലിഹീങ്ങൾ അല്ലാഹുവിങ്കൽ സ്ഥാനമുള്ളവരെന്ന നിലക്ക് അവർ ഔലിയാക്കളാണ്. നബിമാർക്കും അല്ലാഹുവിങ്കൽ സ്ഥാനവും പദവിയുമുണ്ട്. അതിനാൽ നമ്മൾ അവരോട് ശഫാഅത്തിനു തേടിയാൽ അവർ അല്ലാഹുവിങ്കൽ സ്ഥാനമുള്ളവരാണല്ലോ.

എങ്കിൽ നാം പറയട്ടേ: ഇന്ന് സ്വാലിഹീങ്ങളെ ആരാധിക്കുന്നവരും അവരിലേക്ക് തിരിയുന്നവരും ഈസാ, ഉസൈർ, സ്വാലിഹീങ്ങൾ എന്നിവരെ ആരാധിച്ചിരുന്നവരും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്? അതെ ഇവരും അവരും തമ്മിൽ എന്താണ് വ്യത്യാസം? വിധി എല്ലാവർക്കും ഒന്നാണെന്നതിൽ യാതൊരു സംശയവുമില്ല.

ഇരുകൂട്ടരും തമ്മിൽ വ്യത്യാസമൊന്നുമില്ല എന്നത് ഉറപ്പാണ്. കാരണം, ഹൃദയത്തിന്റെ ആരാധനാഭാവമാണ് അടിസ്ഥാനം. മനസ്സിൽ തുല്യപ്പെടുത്തലും ശിർക്കും ഉടലെടുത്താൽ ആരെ കൊണ്ടാണോ ശിർക്കുവെക്കുന്നത് അവൻ പുണ്യാളനാണോ പാപിയാണോ, നബിയാണോ നബിയല്ലേ, മരമാണോ, മലക്കാണോ എന്നിത്യാദി വ്യത്യാസമൊന്നുമില്ല. എല്ലാം ഒരു പോലെയാണ്. കാരണം ഹൃദയത്തിന്റെ കീഴൊതുക്കവും കീഴ്‌വണക്കവും അല്ലാഹുവിനു മാത്രമായിരിക്കണം.

﴿أَلَا لِلَّهِ ٱلدِّينُ ٱلۡخَالِصُۚ﴾ الزمر:٣

﴿അറിയുക: അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ

കീഴ്വണക്കം.﴾

(സൂറഃ അസ്സുമർ: 3)

﴿ قُلِ ٱللَّهَ أَعۡبُدُ مُخۡلِصٗا لَّهُۥ دِينِي ﴾ الزمر: ١٤

﴾പറയുക: അല്ലാഹുവെയാണ് ഞാൻ ആരാധിക്കുന്നത്; എന്റെ കീഴ്വണക്കം അവന്ന് നിഷ്കളങ്കമാക്കിക്കൊണ്ട്.﴾

(സൂറഃ അസ്സുമർ: 14)

ഈ കീഴ്വണക്കം ആരാധിക്കുന്നവനിൽ നിന്നാണുണ്ടാവുക. അതിൽ അവൻ ആരിലേക്കാണ് തിരിഞ്ഞത് എന്ന് നോക്കപ്പെടുകയില്ല. ഏകനും അതുല്യനുമായ അല്ലാഹുവിലേക്ക് തിരിഞ്ഞാൽ അവൻ മുവഹ്ഹിദും മുഖ്ലിസ്വുമായി. അല്ലാഹു അല്ലാത്തവരിലേക്കു തിരിഞ്ഞാൽ അവൻ മുശ്രികുമായി; അല്ലാഹു അല്ലാത്തവർ എത്ര വലിയവരാണെങ്കിലും ശരി. അതു കൊണ്ടാണ് അല്ലാഹു ﷻ പറഞ്ഞത്:

﴿ وَأَنَّ ٱلۡمَسَٰجِدَ لِلَّهِ فَلَا تَدۡعُواْ مَعَ ٱللَّهِ أَحَدٗا ﴾ الجن: ١٨

﴾പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർത്ഥിക്കരുത്.﴾

(സൂറഃ അൽജിന്ന്: 18)

ആയത്തിൽ പരാമർശിച്ച أَحَدًا എന്നത് എല്ലാവരേയും ഉൾകൊള്ളുന്ന പൊതു പ്രയോഗമാണ്. ഇതുപോലെ മറ്റൊരു വചനമാണ്:

﴿ وَمَن يَدۡعُ مَعَ ٱللَّهِ إِلَٰهًا ءَاخَرَ لَا بُرۡهَٰنَ لَهُۥ بِهِۦ فَإِنَّمَا حِسَابُهُۥ عِندَ رَبِّهِۦٓۚ إِنَّهُۥ لَا يُفۡلِحُ ٱلۡكَٰفِرُونَ ﴾ المؤمنون:١١٧

﴾വല്ലവനും അല്ലാഹുവോടൊപ്പം മറ്റ് വല്ല ഇലാഹിനേയും വിളിച്ച് പ്രാർത്ഥിക്കുന്നപക്ഷം - അതിന് അവന്റെ പക്കൽ യാതൊരു പ്രമാണവും ഇല്ല തന്നെ - അവന്റെ വിചാരണ അവന്റെ രക്ഷിതാവിന്റെ അടുക്കൽ വെച്ചുതന്നെയായിരിക്കും. സത്യനിഷേധികൾ വിജയം പ്രാപിക്കുകയില്ല; തീർച്ച.﴾

(സൂറഃ അൽഫുർക്വാൻ: 117)

ഈ ആയത്തിൽ പറഞ്ഞത്:

﴿ وَمَن يَدۡعُ مَعَ ٱللَّهِ إِلَٰهًا ءَاخَرَ لَا بُرۡهَٰنَ لَهُۥ بِهِۦ ﴾ المؤمنون: ١١٧

﴾വല്ലവനും അല്ലാഹുവോടൊപ്പം മറ്റ് വല്ല ദൈവത്തെയും വിളിച്ച് പ്രാർത്ഥിക്കുന്ന പക്ഷം- അതിന് അവന്റെ പക്കൽ യാതൊരു പ്രമാണവും ഇല്ല തന്നെ - എന്നാണ്.﴾

(സൂറഃ അൽമുഅ്മിനൂൻ: 117)

അല്ലാഹുവല്ലാത്തവരെ ആരാധിക്കുന്നവരുടെ വ്യത്യാസമാണിത്. അവന്റെ ആരാധനക്ക് തെളിവുകളൊന്നുമില്ല. അതിന്നർത്ഥം ആരാധിച്ചിട്ടില്ലെങ്കിൽ തെളിവുണ്ട് എന്നല്ല. പ്രത്യുത അല്ലാഹു അല്ലാത്തവരെ ആരാധിക്കുകയും അവരോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവർക്ക് ആരാധ്യന്മാരുടെ ആരാധനക്കുള്ള അർഹത സ്ഥാപിക്കാനുതകുന്ന യാതൊരു തെളിവുമില്ല എന്നതാണ് കാര്യം.



അമ്പിയാമുർസലീങ്ങളേയും[38] ഔലിയാക്കളേയും സ്വഹാബികളേയും മറ്റും ആരാധിക്കുകയും مَقَام-മുകൾ എന്ന് പേരിട്ട് ക്വബ്റുകളേയും مَشهَد-ദുകളേയും കേന്ദ്രീകരിച്ചുകൊണ്ട് അവയിലേക്ക് തിരിയുകയും ചെയ്യുന്നവരുണ്ട്. ഇത്തരം ശിർക്കൻ കേന്ദ്രങ്ങൾ വർത്തമാനകാലത്ത് നാമൊന്ന് കണ്ണോടിച്ചാൽ എല്ലാ നാടുകളിലും കണ്ടെത്തുവാൻ സാധിക്കും. അവിടെ നടക്കുന്ന പ്രവർത്തനങ്ങൾ ആദ്യകാല മുശ്രികുകളുടെ ഇബാദത്തല്ലെന്നും അവർ ആരാധിച്ചിരുന്നത് കല്ലുകളും മരങ്ങളുമായ വിഗ്രഹങ്ങളെ ആയിരുന്നുവെന്നും ഞങ്ങളുടേത് സ്വാലിഹീങ്ങളോടുള്ള തേട്ടമാണെന്നും അവർ പറയും. ഇവരുടെ ജൽപനം എങ്ങനെ ശരിയാകും?!! അക്കൂട്ടരുടെ ആരാധ്യന്മാരെ കുറിച്ച് അല്ലാഹുﷻവിന്റെ വിശദീകരണം നോക്കൂ:

﴿ أَمْوَٰتٌ غَيْرُ أَحْيَآءٍ ۖ وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ ﴾ النحل: ٢١

﴿ അവർ (പ്രാർത്ഥിക്കപ്പെടുന്നവർ) മരിച്ചവരാണ്. ജീവനുള്ളവരല്ല. ഏത് സമയത്താണ് അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുക എന്ന് അവർ അറിയുന്നുമില്ല. ﴾ (സൂറഃ അന്നഹ്ൽ: 21)

ഇമാം അബൂഹയ്യാനെ[39] പോലുള്ള ഒരു വിഭാഗം മുഫസ്സിരീങ്ങൾ പറഞ്ഞു: ഉയർത്തെഴുന്നേൽപിക്കപ്പെടുന്നവരുടെ വിഷയത്തിലാണ്[40] ഈ ആയത്ത്.

---

38. നബിﷺയോട് ഇസ്തിഗാസ ചെയ്യുവാൻ ആഹ്വാനം ചെയ്തുകൊണ്ട് എഴുതിയ പ്രഥമ പുസ്തകമാണ് مصباح الظلام في المستغيثين بخير الأنام في اليقظة والمنام. ശൈഖുൽ ഇസ്ലാം ഇബ്നു തെയ്മിയ്യ رحمه الله യുടെ കാലഘട്ടത്തിലാണ് ഇതെഴുതപ്പെട്ടത്. ഈപുസ്തകത്തിന്റെ ആമുഖത്തിൽ തന്നെ ഇതിന്റെ രചിതാവ് ഇതിനു മുമ്പെഴുതപ്പെട്ടതൊക്കെ അല്ലാഹുവിനോട് ഇസ്തിഗാസ ചെയ്യുന്നതിൽ മാത്രം കേന്ദ്രീകരിച്ചായിരുന്നു എന്നും നബിﷺയോട് ഇസ്തിഗാസ ചെയ്യുന്ന വിഷയത്തിൽ ഇതൊരു പുതുസംരഭമാണെന്നും അവകാശപ്പെടുന്നുണ്ട്.

39. പൂർണ നാമം മുഹമ്മദ് ഇബ്നു യൂസുഫ് ഇബ്നു അലീ ഇബ്നു യൂസുഫ് ഇബ്നു ഹയ്യാൻ എന്നാകുന്നു. ജനനം സ്പെയ്നിലെ غرناطة (ഗ്രനാഡ) എന്ന പ്രദേശത്ത് ഹി: 654-ൽ. അറിയപ്പെട്ട അറബി വ്യാകരണശാസ്ത്ര പണ്ഡിതനാണ്. ദാഹിരി മദ്ഹബുകാരനായിരുന്നു. അദ്ദേഹത്തിന്റെ البحر المحيط എന്ന തഫ്സീർ ഗ്രന്ഥം ഏറെ പ്രസിദ്ധമാണ്. ഹിജ്: 745-ൽ അദ്ദേഹം മരണമടഞ്ഞു.

40. البحر المحيط എന്ന തഫ്സീർ ഗ്രന്ഥം (5/468) നോക്കുക.

കാരണം അല്ലാഹു പറഞ്ഞത്,

﴿ أَمۡوَٰتٌ غَيۡرُ أَحۡيَآءٍ ﴾ النحل:٢١

﴿ അവർ (പ്രാർത്ഥിക്കപ്പെടുന്നവർ) മരിച്ചവരാണ്. ജീവനുള്ളവരല്ല. എന്നാണ്.﴾

الشرح
വിവരണം

മയ്യിത്ത് എന്ന് വിശേഷിപ്പിക്കപ്പെടുക മുമ്പ് ജീവിച്ചിരുന്നവനാണ്. കല്ലുകളും മരങ്ങളുമായ വിഗ്രഹങ്ങളും മറ്റും ജീവനറ്റതാണ്. അവയെ ജീവനുള്ളവരല്ല എന്ന് വിശേഷിപ്പിക്കപ്പെടുകയില്ല. ജീവൻ വരിച്ച ശേഷം മരണം വരിച്ചവരാണ് അപ്രകാരം വിശേഷിപ്പിക്കപ്പെടുക. ആയത്തിന്റെ ബാക്കി ഭാഗം അത് കൂടുതൽ വ്യക്തമാക്കുന്നു.

﴿ وَمَا يَشۡعُرُونَ أَيَّانَ يُبۡعَثُونَ ﴾ النحل:٢١

﴿ ഏത് സമയത്താണ് അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുക എന്ന് അവർ അറിയുന്നുമില്ല.﴾ കാരണം, ഈ ആയത്ത് അന്ത്യനാളിൽ അല്ലാഹുവിനെ കണ്ടുമുട്ടുവാൻ ഉയർത്തെഴ്ന്നേൽക്കുന്നവരുടെ വിഷയത്തിലാണ്.

വർത്തമാന യുഗത്തിലും ശെയ്ഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് ജീവിച്ചിരുന്ന നാളുകളിലും മുശ്രികുകൾ അവർ എവിടെയുള്ളവരായാലും, ഞങ്ങൾ സ്വാലിഹീങ്ങളിലേക്കാണ് തിരിയുന്നത് എന്നാണ് ന്യായം പറയുന്നത്. മുശ്രികുകളുടെ പൂർവികരും സ്വാലിഹീങ്ങളിലേക്കാണ് തിരിഞ്ഞിരുന്നത്. ഞങ്ങൾ മദ്ധ്യസ്ഥത തേടുകയാണ്, സ്വതന്ത്രമായി അവരിൽ നിന്ന് ഞങ്ങൾ തേടുന്നില്ല എന്നാണ് അവരും ന്യായം പറഞ്ഞിരുന്നത്. നാം പറയുന്നു: മുശ്രികുകളുടെ പൂർവ്വികർ മദ്ധ്യസ്ഥതയും സാമീപ്യവും ശുപാർശയുമാണ് തേടിയത്, അല്ലാഹു അല്ലാത്തവരോട് സ്വതന്ത്രമായി അവർ തേടിയിട്ടില്ല. ഈ കാര്യങ്ങളെല്ലാം വന്നിരിക്കെ അവരുടെ അവസ്ഥ തന്നെയാണ് ഇവരുടെ അവസ്ഥയും. വാദങ്ങളും പേരുകളും വ്യത്യസ്തമാണെങ്കിലും വസ്തുതയും അവസ്ഥയും ഒന്നു തന്നെ.

# القاعدة الرّابعة

## നാലാമത്തെ തത്ത്വം

ശെയ്ഖ് മുഹമ്മദ് ഇബ്നു അബ്ദിൽവഹ്ഹാബ്ﷺ പറയുന്നു:



**أنّ مشركي زماننا أغلظ شركًا من الأوّلين، لأنّ الأوّلين يُشركون في الرخاء ويُخلصون في الشدّة، ومشركوا زماننا شركهم دائم؛ في الرخاء والشدّة.**

**والدليل قوله تعالى:** ﴿ فَإِذَا رَكِبُوا۟ فِى ٱلْفُلْكِ دَعَوُا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ فَلَمَّا نَجَّىٰهُمْ إِلَى ٱلْبَرِّ إِذَا هُمْ يُشْرِكُونَ ﴿٦٥﴾ ﴾ العنكبوت: ٦٥

നമ്മുടെ ഈ കാലഘട്ടത്തിൽ ശിർക്ക് ചെയ്യുന്നവർ പൂർവകാല മുശ്രിക്കുകളേക്കാൾ കടുത്ത ശിർക്കുള്ളവരാണ്. കാരണം അവർ ഐശ്വര്യത്തിലായിരിക്കുമ്പോൾ ആശ്വാസവേളകളിൽ ശിർക്കുവെക്കുന്നവരും ആപൽഘട്ടങ്ങളിൽ അല്ലാഹുവെ വിളിക്കുന്നതിൽ നിഷ്കളങ്കരുമായിരുന്നു. ഈ കാലഘട്ടത്തിൽ ശിർക്ക് ചെയ്യുന്നവർ അവരുടെ ശിർക് സന്ദിഗ്ധ സമയങ്ങളിലും അസന്ദിഗ്ധ അവസരങ്ങളിലും ഒരു പോലെയാണ്. ഈ ക്വാഇദഃക്കുള്ള തെളിവ്:

﴿ فَإِذَا رَكِبُوا۟ فِى ٱلْفُلْكِ دَعَوُا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ فَلَمَّا نَجَّىٰهُمْ إِلَى ٱلْبَرِّ إِذَا هُمْ يُشْرِكُونَ ﴾ العنكبوت: ٦٥

﴿ എന്നാൽ അവർ (ബഹുദൈവാരാധകർ) കപ്പലിൽ കയറിയാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കികൊണ്ട് അവനെ വിളിച്ച് പ്രാർത്ഥിക്കും. എന്നിട്ട് അവരെ അവൻ കരയിലേക്ക് രക്ഷപ്പെടുത്തിയപ്പോഴോ അവരതാ (അവനോട്) പങ്കുചേർക്കുന്നു.﴾

(സൂറഃ അൽഅങ്കബൂത്ത്: 65)

ശെയ്ഖ് സ്വാലിഹ് ആലു ശെയ്ഖിന്റെ വിവരണം:

മുമ്പ് വിവരിച്ചതിനോട് അനുബന്ധമായുള്ള ഒരു വിശദീകരണമാണ് ഈ തത്ത്വം. അഥവാ ഈ കാലഘട്ടത്തിൽ ശിർക്ക് ചെയ്യുന്നവർ ജാഹിലിയ്യത്തിലേയും അതുപോലെ മറ്റേതു കാലഘട്ടത്തിലേയും മുശ്രികുകളുടെ അതേ വർഗത്തിൽ പെട്ടവരാണ്; അവർ മില്ലത്തിലേക്കും ഇസ്‌ലാമിലേക്കും ചേർക്കപ്പെടുന്നവരും അവർക്ക് ആരാധനകളും സ്വലാത്തുകളും ഉണ്ടെങ്കിലും ശരി.

ആധുനികർ പൂർവികരെപോലെയും ആധുനികരുടെ ശിർക് പൂർവികരുടെ ശിർക്കുപോലെയും ആകുമ്പോഴാണ് ഇരുകൂട്ടരും തദ്‌വിഷയത്തിൽ ഒരേ പോലെയാകുന്നത്. എന്നാൽ പലപ്പോഴും സഹായതേട്ടം തന്നെ വ്യത്യസ്ത മാകാറുണ്ട്. അതാണ്, ആധുനികതയിൽ ശിർക്ക് ചെയ്യുന്നവർ ജാഹിലിയ്യാ കാലഘട്ടത്തിലെ മുശ്രികുകളേക്കാൾ കടുത്ത ശിർക്കുള്ളവരാണെന്ന് ഈ തത്ത്വത്തിലൂടെ ശെയ്ഖ് മുഹമ്മദ് വ്യക്തമാക്കിയത്. എന്തു കൊണ്ട്? കാരണം ജാഹിലിയ്യാ കാലഘട്ടത്തിലെ മുശ്രികുകൾ അസന്ദിഗ്ധ ഘട്ടത്തിൽ അല്ലാഹുവിൽ പങ്കു ചേർക്കുകയും സന്ദിഗ്ധഘട്ടത്തിൽ അല്ലാഹുവെ ഏകപ്പെടുത്തുകയും ചെയ്യുന്നവരായിരുന്നു അങ്ങിനെയാണ് അല്ലാഹു അവരെ വിശേഷിപ്പിച്ചത്. അല്ലാഹു ﷻ പറഞ്ഞു:

﴿ وَمَا بِكُم مِّن نِّعْمَةٍ فَمِنَ ٱللَّهِ ۖ ثُمَّ إِذَا مَسَّكُمُ ٱلضُّرُّ فَإِلَيْهِ تَجْـَٔرُونَ ﴿٥٣﴾ ﴾ النحل: ٥٣

﴿നിങ്ങളിൽ അനുഗ്രഹമായി എന്തുണ്ടെങ്കിലും അത് അല്ലാഹുവിങ്കൽ നിന്നുള്ളതാകുന്നു. എന്നിട്ട് നിങ്ങൾക്കൊരു കഷ്ടത ബാധിച്ചാൽ അവങ്കലേക്ക് മാത്രമാണ് നിങ്ങൾ മുറവിളികൂട്ടിച്ചെല്ലുന്നത്.﴾

(സൂറഃ അന്നഹ്ൽ: 53)

ഇവിടെ فَإِلَيْهِ എന്നു പ്രയോഗിച്ചത് അല്ലാഹുവിലേക്കു മാത്രം എന്ന അർത്ഥത്തിലാണ്.

﴿فَإِلَيْهِ تَجْـَٔرُونَ ﴿٥٣﴾ ثُمَّ إِذَا كَشَفَ ٱلضُّرَّ عَنكُمْ إِذَا فَرِيقٌ مِّنكُم بِرَبِّهِمْ يُشْرِكُونَ ﴿٥٤﴾ ﴾ النحل: ٥٣ - ٥٤

﴿ അവങ്കലേക്കു മാത്രമാണ് നിങ്ങൾ മുറവിളികൂട്ടിച്ചെല്ലുന്നത്. പിന്നെ നിങ്ങളിൽ നിന്ന് അവൻ കഷ്ടത നീക്കിത്തന്നാൽ നിങ്ങളിൽ ഒരു വിഭാഗമതാ തങ്ങളുടെ രക്ഷിതാവിനോട് പങ്കാളികളെ ചേർക്കുന്നു. നാം അവർക്ക് നൽകിയിട്ടുള്ളതിൽ അങ്ങനെ അവർ നന്ദികേട് കാണിക്കുന്നു.﴾

(സൂറഃ അന്നഹ്ൽ: 53-54)

സമുദ്ര സഞ്ചാരത്തിൽ അവരുടെ സ്ഥിതിഗതികൾ വ്യക്തമാക്കിക്കൊണ്ട് അല്ലാഹു ﷻ പറയുന്നു:

﴿ حَتَّىٰٓ إِذَا كُنتُمۡ فِي ٱلۡفُلۡكِ وَجَرَيۡنَ بِهِم بِرِيحٖ طَيِّبَةٖ وَفَرِحُواْ بِهَا جَآءَتۡهَا رِيحٌ عَاصِفٞ وَجَآءَهُمُ ٱلۡمَوۡجُ مِن كُلِّ مَكَانٖ وَظَنُّوٓاْ أَنَّهُمۡ أُحِيطَ بِهِمۡ دَعَوُاْ ٱللَّهَ مُخۡلِصِينَ لَهُ ٱلدِّينَ لَئِنۡ أَنجَيۡتَنَا مِنۡ هَٰذِهِۦ لَنَكُونَنَّ مِنَ ٱلشَّٰكِرِينَ ٢٢ فَلَمَّآ أَنجَىٰهُمۡ إِذَا هُمۡ يَبۡغُونَ فِي ٱلۡأَرۡضِ بِغَيۡرِ ٱلۡحَقِّۗ ﴾ يونس: ٢٣-٢٢

﴿ അങ്ങനെ നിങ്ങൾ കപ്പലുകളിലായിരിക്കുകയും, നല്ല ഒരു കാറ്റ് നിമിത്തം യാത്രക്കാരെയും കൊണ്ട് അവ സഞ്ചരിക്കുകയും, അവരതിൽ സന്തുഷ്ടരായിരിക്കുകയും ചെയ്തപ്പോഴതാ ഒരു കൊടുങ്കാറ്റ് അവർക്ക് വന്നെത്തി. എല്ലായിടത്തുനിന്നും തിരമാലകൾ അവരുടെ നേർക്ക് വന്നു. തങ്ങൾ വലയം ചെയ്യപ്പെട്ടിരിക്കുന്നു എന്ന് അവർ വിചാരിച്ചു. അപ്പോൾ കീഴ്വണക്കം അല്ലാഹുവിന്ന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനോടവർ പ്രാർത്ഥിച്ചു: ഞങ്ങളെ നീ ഇതിൽ നിന്ന് രക്ഷപ്പെടുത്തുന്ന പക്ഷം തീർച്ചയായും ഞങ്ങൾ നന്ദിയുള്ളവരുടെ കൂട്ടത്തിലായിരിക്കും. അങ്ങനെ അല്ലാഹു അവരെ രക്ഷപ്പെടുത്തിയപ്പോൾ അവരതാ ന്യായമില്ലാതെ ഭൂമിയിൽ അതിക്രമം പ്രവർത്തിക്കുന്നു.﴾

(സൂറഃ യൂനുസ്: 22, 23)

﴿ فَإِذَا رَكِبُواْ فِي ٱلۡفُلۡكِ دَعَوُاْ ٱللَّهَ مُخۡلِصِينَ لَهُ ٱلدِّينَ فَلَمَّا نَجَّىٰهُمۡ إِلَى ٱلۡبَرِّ إِذَا هُمۡ يُشۡرِكُونَ ﴾ العنكبوت: ٦٥

﴿ എന്നാൽ അവർ (ബഹുദൈവാരാധകർ) കപ്പലിൽ കയറിയാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കികൊണ്ട് അവനെ വിളിച്ച് പ്രാർത്ഥിക്കും. എന്നിട്ട് അവരെ അവൻ കരയിലേക്ക് രക്ഷപ്പെടുത്തിയപ്പോഴോ അവരതാ (അവനോട്) പങ്കുചേർക്കുന്നു.﴾

(സൂറഃ അൽഅങ്കബൂത്ത്: 65)

﴿ وَإِذَا غَشِيَهُم مَّوۡجٞ كَٱلظُّلَلِ دَعَوُاْ ٱللَّهَ مُخۡلِصِينَ لَهُ ٱلدِّينَ فَلَمَّا نَجَّىٰهُمۡ إِلَى ٱلۡبَرِّ فَمِنۡهُم مُّقۡتَصِدٞۚ وَمَا يَجۡحَدُ بِـَٔايَٰتِنَآ إِلَّا كُلُّ خَتَّارٖ كَفُورٖ ﴾ لقمان: ٣٢

﴿ പർവ്വതങ്ങൾ പോലുള്ള തിരമാല അവരെ മൂടിക്കളഞ്ഞാൽ കീഴ്വണക്കം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് അവനോട് അവർ പ്രാർത്ഥിക്കുന്നതാണ്. എന്നാൽ അവരെ അവൻ കരയിലേക്ക് രക്ഷപ്പെടുത്തുമ്പോളോ അവരിൽ ചിലർ മാത്രം മര്യാദ പാലിക്കുന്നവരായിരിക്കും. പരമവഞ്ചകന്മാരും നന്ദികെട്ടവരും ആരെല്ലാമോ, അവർ മാത്രമേ നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിക്കുകയുള്ളൂ. ﴾

(സൂറഃ ലുഖ്മാൻ: 32)

അക്കൂട്ടരേയും ഇക്കൂട്ടരേയും താങ്കളൊന്ന് നിരീക്ഷിച്ചാൽ അക്കൂട്ടർ അസന്ദിഗ്ധ ഘട്ടങ്ങളിൽ അല്ലാഹുവിൽ പങ്ക് ചേർക്കുന്നത് താങ്കൾക്ക് കാണാം. എന്നാൽ യാതനകളും ക്ഷാമങ്ങളും അവർക്ക് നേരിട്ടാൽ അവർ مُخْلِص-കളും(നിഷ്കളങ്കരും) മുവഹ്ഹിദുകളുമാണ്.

﴿ دَعَوُا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ ﴾

﴿ കീഴ്‌വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കികൊണ്ട് അവനെ വിളിച്ച് പ്രാർത്ഥിക്കും. ﴾

(സൂറഃ അൽഅങ്കബൂത്ത്: 65)

എന്നാൽ ആധുനികതയിൽ ശിർക്ക് ചെയ്യുന്നവർക്ക് ദുരിതം ബാധിച്ചാൽ ഹൈദറോസ് തങ്ങൾ, ഇമാം ഹുസെയ്ൻ, ബദവി ശെയ്ഖ്, തുടങ്ങി പലതിലും അവർ അഭയം തേടുന്നു. അല്ലെങ്കിൽ അവർ മരിച്ചവരിലേക്ക് തിരിയുന്നു. യാതനകളേറ്റാൽ അവർ കല്ലുകളേയും മരങ്ങളേയും മറ്റും ആശ്രയിക്കുന്നു. ഇതെല്ലാം പൂർവികരുടെ ശിർക്കിനേക്കാൾ കടുത്ത ശിർക്കാകുന്നു. കാരണം ഇക്കൂട്ടർ ക്ഷാമകാലത്തും ക്ഷേമകാലത്തും ശിർക്ക് ചെയ്യുന്നവരാണ്. പൂർവ കാലത്തെ മുശ്‌രികുകൾ അസന്ദിഗ്ധ ഘട്ടത്തിൽ ശിർക്ക് ചെയ്യുന്നവരും സന്ദിഗ്ധഘട്ടത്തിൽ ബോധോദയമുള്ളവരുമായിരുന്നു.

എന്നാൽ ഇത് ഗ്രഹിക്കുന്നവർ ആരാണ്?

ഇത് ഉൾകൊള്ളുന്നവർ ആരാണ്?

യാതൊരു സംശയവും സന്ദേഹവും ശേഷിക്കാത്ത വിധം ഇത് ബോധ്യപ്പെടുവാൻ ആർക്കാണ് സാധിക്കാത്തത്?

ചിലർ പറയും: ഇവർ നമസ്കരിക്കുന്നു. നോമ്പെടുക്കുന്നു. സകാത്ത് നൽകുന്നു. അപ്പോൾ പൂർവികരേക്കാൾ ഇക്കൂട്ടർ എങ്ങനെയാണ് കടുത്ത ശിർക്കുള്ളവരാകുന്നത്?

നാം പറയുന്നു: ദീനിന്റെ അടിസ്ഥാനമാണ് അവലംബനീയം. തുടക്കത്തിൽ നാം പരാമർശിച്ചതുപോലെ ശുദ്ധി വരുത്താതെയുള്ള നമസ്കാരം ഉപകരിക്കാത്തതു പോലെ തൗഹീദില്ലാതെയുള്ള ആരാധനകളും ഉപകരിക്കുകയില്ല. ആരാധനകൾ എത്ര ഗംഭീരമായാലും ശിർക്ക് ഉള്ളതോടൊപ്പം അവ ഉപകരിക്കുകയോ സ്വീകരിക്കപ്പെടുകയോ ഇല്ല. അപ്പോൾ പിന്നെ അസന്ദിഗ്ധഘട്ടത്തിലും സന്ദിഗ്ധഘട്ടത്തിലും ഒരു പോലെ ശിർക്ക് ചെയ്താൽ കർമ്മങ്ങൾ ഉപകരിക്കലും സ്വീകരിക്കപ്പെടലും എപ്രകാരമായിരിക്കും?!

ഒരു പണ്ഡിതൻ പറഞ്ഞു: ത്വാഇഫിൽ തൗഹീദീ ദഅ്‌വത്ത് പ്രചരിക്കുന്നതിനു

മുമ്പ് അദ്ദേഹം അവിടെ ഒരു വ്യക്തിയെ കണ്ടുമുട്ടി. അയാൾ പറഞ്ഞു: ഇവിടെ ത്വാഇഫുകാർക്ക് ഒരു വിഷമം ബാധിച്ചാൽ അവർ ഇബ്നു അബ്ബാസിനെയാണ് വിളിക്കുക; അവർക്ക് അല്ലാഹുവിനെ അറിയില്ല. മറ്റൊരാൾ പറഞ്ഞു: ഇബ്നു അബ്ബാസിനെ അറിഞ്ഞാൽ തന്നെ മതി.[31]

الشرح
വിവരണം

ജനമനസ്സുകളിൽ ഇടം നേടിയ ശിർക്കിന്റെ ഒരു ഇനമാണിത്. അതിനാൽ തന്നെ വളരെ വിരളമാളുകൾ ഒഴിച്ച് പലരും ക്ഷാമകാലത്തും ക്ഷേമ കാലത്തും ഒരു പോലെ അല്ലാഹുവെ മറന്നു. ഈ കാഴ്ച സാർവത്രികമാണ് ഇന്ന്. ഈ വിഷയത്തിൽ ജനങ്ങൾ ഏറെ വിചിത്രമായ അവസ്ഥയിലുമാണ്. സുഊദി അറേബ്യയിൽ അല്ലാഹു അനുഗ്രഹിച്ചതിനാൽ വലിയ ശിർക്കിന്റേയും കുഫ്റിന്റേയും പ്രവണതകൾ നമ്മെ അസ്വസ്ഥമാക്കുമാറ് നാം കാണുകയോ കേൾക്കുകയോ ചെയ്യുന്നില്ല. ശിർക്കൻ പ്രവണതകൾ കൂടുതൽ കാണപ്പെടുന്ന ഈജിപ്ത്, സുഡാൻ, ആഫ്രിക്ക, പാകിസ്താൻ, ഇന്ത്യ, ഇറാക്, സിറിയ പോലുള്ള നാടുകളിൽ വല്ലവരും ചെന്നാൽ അത്ഭുതങ്ങൾ ദർശിക്കാനാവും. ജനങ്ങൾ ജാറങ്ങളിലേക്കും ഔലിയാക്കളുടേയും അല്ലാത്തവരുടേയും മക്ബറകളിലേക്കും തിരിഞ്ഞ്, പലവിധ വിശ്വാസങ്ങൾ അവരിൽ വെച്ചു പുലർത്തി, ആരാധ്യത അവർക്ക് വകവെച്ച്, ഇങ്ങനെ വിവിധങ്ങളായ കാഴ്ചകൾ. അല്ലാഹുവിനാണ് പ്രാർത്ഥന നിഷ്കളങ്കമാക്കേണ്ടത്. അതിനുള്ള മഹനീയ അവകാശം അവനു മാത്രമത്രേ. ഖൽബ് അല്ലാഹുവിനു വിനയപ്പെടുക, ഖൽബ് അല്ലാഹുവിന് മാത്രം ആരാധനാമയമാവുക എന്നിവ അല്ലാഹുവിനുള്ള മാത്രമുള്ള അവകാശമത്രേ. അല്ലാഹു ﷻ പറഞ്ഞു:

﴿فَمَن كَانَ يَرْجُوا۟ لِقَآءَ رَبِّهِۦ فَلْيَعْمَلْ عَمَلًا صَٰلِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِۦٓ أَحَدًۢا﴾ الكهف: ١١٠

﴿അതിനാൽ വല്ലവനും തന്റെ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമ്മം പ്രവർത്തിക്കുകയും, തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ.﴾

(സൂറഃ അൽകഹ്ഫ്: 110)

ഖുദ്സിയ്യായ ഹദീഥിൽ അല്ലാഹു ﷻ പറഞ്ഞതായി ഇപ്രകാരമുണ്ട്:

قال الله تعالى: أَنَا أَغْنَى الشُّرَكَاءِ عَنِ الشِّرْكِ، مَنْ عَمِلَ عَمَلاً أَشْرَكَ فِيهِ مَعِي غَيْرِي, تَرَكْتُهُ وَشِرْكَهُ

“അല്ലാഹു ﷻ പറഞ്ഞിരിക്കുന്നു: ശിർക്ക് ചെയ്യുന്നവരുടെ ശിർക്കിനെതൊട്ട് ഞാൻ ധന്യനാണ്. ആരെങ്കിലും ഒരു കാര്യം പ്രവർത്തിക്കുകയും എന്നിട്ടതിൽ ഞാന

31. الدرر السنية في الأجوبة النجدية എന്ന ഗ്രന്ഥം നോക്കുക(1/213).

ല്ലാത്തവരെ പങ്കാളികളാക്കുകയും ചെയ്യുന്നുവെങ്കിൽ അവനേയും അവന്റെ ശിർക്കിനേയും ഞാൻ വിട്ടുകളഞ്ഞിരിക്കുന്നു.''[32]

ലോകമാന്യതയുടെ വിഷയത്തിലാണ് അഥവാ കർമ്മാനുഷ്ഠാനങ്ങളിൽ അല്ലാഹു അല്ലാത്തവരെ ലക്ഷ്യമാക്കുകയും ആളുകൾ കാണട്ടേ എന്ന ഉദ്ദേശത്തോടെ പ്രവർത്തിക്കുന്നവരെ കുറിച്ചാണ് ഇപ്പറഞ്ഞത്. അപ്പോൾ അല്ലാഹുവല്ലാത്തവരോട് ദുആ ചെയ്യുക, സഹായാർത്ഥന നടത്തുക, അല്ലാഹുവല്ലാത്തവർക്ക് നേർച്ചയാക്കുക, ബലിനൽകുക തുടങ്ങിയ ഇബാദത്തുകൾ അല്ലാഹു അല്ലാത്തവർക്കായാൽ എപ്രകാരമായിരിക്കും?!!

അല്ലാഹുവിന്റെ മാത്രം കഴിവിൽപെട്ട കാര്യങ്ങളിലാണ് അല്ലാഹുവല്ലാത്തവരോട് സഹായാർത്ഥന നടത്തുകയും അവരിൽ അഭയം തേടുകയും മരണം വരിച്ചവരിലേക്ക് തിരിയുകയും ചെയ്യുന്നത്. അവരിൽ വിശ്വാസങ്ങൾവെച്ചു പുലർത്തുകയും سِرّ(രഹസ്യം) എന്ന് അതിനു പേരിടുകയും ചെയ്യുന്നു. ഇന്ന സയ്യിദിന്റെ റൂഹിന്(ആത്മാവിന്) എന്തോ سِرّ(രഹസ്യമു)ണ്ടെന്ന് ജൽപിക്കുകയും റൂഹിന്റെ സ്ഥാനത്ത് سِرّ എന്നു പ്രയോഗിച്ച് قَدَّسَ الله سِرَّهُ (ഇദ്ദേഹത്തിന്റെ سِرّ-റിനെ അല്ലാഹു പരിശുദ്ധമാകട്ടെ) എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. കാരണം ഇവർ അവരുടെ ആത്മാക്കൾക്ക് ചില രഹസ്യങ്ങൾ നിശ്ചയിക്കുന്നു. യഥാർത്ഥത്തിൽ ആത്മാക്കൾക്ക് അല്ലാഹു നിശ്ചയിച്ചതും പടച്ചതുമല്ലാത്ത യാതൊരു രഹസ്യവുമില്ല. എന്നാൽ സഹായം ചോദിച്ചവരെയെല്ലാം സഹായിക്കുവാനും അപേക്ഷിച്ചവർക്കെല്ലാം നൽകുവാനും രഹസ്യങ്ങളുള്ളവരാണ് ആ ആത്മാക്കളെന്നത് ശരിയല്ല. അതെല്ലാം അല്ലാഹുവിന്റെ മാത്രം കഴിവിലും ഉടമസ്ഥതയിലുമുള്ള കാര്യങ്ങളാണ്.

﴿إِذْ تَبَرَّأَ ٱلَّذِينَ ٱتُّبِعُوا۟ مِنَ ٱلَّذِينَ ٱتَّبَعُوا۟ وَرَأَوُا۟ ٱلْعَذَابَ وَتَقَطَّعَتْ بِهِمُ ٱلْأَسْبَابُ﴾ البقرة: ١٦٦

﴿പിന്തുടരപ്പെട്ടവർ (നേതാക്കൾ) പിന്തുടർന്നവരെ (അനുയായികളെ) വിട്ട് ഒഴിഞ്ഞ് മാറുകയും, ശിക്ഷ നേരിൽ കാണുകയും, അവർ (ഇരുവിഭാഗവും) തമ്മിലുള്ള ബന്ധങ്ങൾ അറ്റുപോകുകയും ചെയ്യുന്ന സന്ദർഭമത്രെ (അത്.)﴾
(സൂറഃ അൽബക്വറഃ 166)

നരകത്തിൽ മുശ്‌രികുകളുടെ അവസ്ഥ അറിയിച്ചുകൊണ്ട് അല്ലാഹു ﷻ പറയുന്നു:

﴿تَٱللَّهِ إِن كُنَّا لَفِى ضَلَـٰلٍ مُّبِينٍ ﴿٩٧﴾ إِذْ نُسَوِّيكُم بِرَبِّ ٱلْعَـٰلَمِينَ﴾ الشعراء: ٩٧ - ٩٨

﴿അല്ലാഹുവാണെ സത്യം! ഞങ്ങൾ വ്യക്തമായ വഴികേടിൽ തന്നെ

32. അബൂഹുറെയ്റ ﷺ നിവേദനം ചെയ്ത സ്വാഹീഹ് മുസ്‌ലിമിലെ(2985) റിപ്പോർട്ട്.

യായിരുന്നു. നിങ്ങൾക്ക് ഞങ്ങൾ ലോകരക്ഷിതാവിനോട് തുല്യത കൽ പിക്കുന്ന സമയത്ത്.﴾

(സൂറഃ അശ്ശുഅറാഅ്: 97, 98)

الشرح
വിവരണം

ഉലമാക്കൾ[33] പറഞ്ഞു: സൃഷ്ടിക്കുകയും അന്നം നൽകുകയും ജീവിപ്പി ക്കുക യും മരിപ്പിക്കുകയും ചെയ്യുന്നവരാണ് ആരാധ്യന്മാർ എന്ന നിലക്ക് മു ശ്രി കുകൾ അവരെ ലോക രക്ഷിതാവായ അല്ലാഹുവോട് തുല്യപ്പെടുത്തിയിട്ടില്ല. ചില ആരാധനകളിലൂടെ ആരാധ്യന്മാരിലേക്കു തിരിഞ്ഞ് പ്രസ്തുത ആരാധന യിൽ മാത്രമാണ് അവർ ലോക രക്ഷിതാവിനോട് അവരെ തുല്യപ്പെടുത്തിയത്. അതോടെ ആരാധനക്കുള്ള അർഹതയിൽ നിരർത്ഥകമായ ആരാധ്യന്മാരെ അവർ അല്ലാഹുവോട് തുല്യപ്പെടുത്തിയവരായിത്തീർന്നു. കാരണം അവർ അല്ലാഹുവേയും അല്ലാഹു അല്ലാത്തവരേയും ആരാധിച്ചു. അതോടെ അവർ പടപ്പുകളെ പടച്ചവനോട് സമപ്പടുത്തി. ഇതത്രേ അന്യായങ്ങളിൽ ഏറ്റവും അപ ലപനീയമായത്. അല്ലാഹുവിന്റെ അവകാശത്തിനു നേരെയുള്ള അതിഹീന മായ അതിക്രമവും. ആദരിക്കുക, മഹത്വപ്പെടുത്തുക, ഏകനാക്കുക, നിഷ്ക ളങ്കതയുണ്ടാവുക, പരിപൂർണത സമ്മതിക്കുക, സൗന്ദര്യത്തിന്റേയും മഹത്വത്തിന്റേയും പൂർണതയുടേയും വിശേഷണങ്ങളേകുക എന്നിവയെല്ലാം അല്ലാഹുവിന്റെ അവകാശമാണ്.

മനഃസാക്ഷിയോട് ചോദിച്ചു നോക്കൂ: ഏതൊരു നന്മയുണ്ടോ എല്ലാം അല്ലാഹുവിൽ നിന്ന്. ഏതൊരു തിന്മ ചെറുക്കപെട്ടുവോ അതും അല്ലാഹുവിൽ നിന്ന്. അല്ലാഹുവിന്റെ ഔദാര്യത്തിലും അനുഗ്രഹത്തിലും മാത്രമാണ് നമ്മൾ വിഹരിച്ചു കൊണ്ടിരിക്കുന്നത്.

ഈ നാലാമത്തെ തത്ത്വത്തിലടങ്ങിയ വിഷയവും മറ്റു മൂന്ന് തത്ത്വങ്ങളി ലേക്കാണ് അടിസ്ഥാനപരമായി മടങ്ങുന്നത്.

33. ശെയ്ഖുൽ ഇസ്‌ലാം ഇബ്നു തെയ്മിയ്യ പറയുന്നു:

وَقَوْلُهُ: {إِذْ نُسَوِّيكُمْ} لَمْ يُرِيدُوا بِهِ أَنَّهُمْ جَعَلُوهُمْ مُسَاوِينَ لِلَّهِ مِنْ كُلِّ وَجْهٍ؛ فَإِنَّ هَذَا لَمْ يَقُلْهُ أَحَدٌ مِنْ بَنِي آدَمَ وَلَا نُقِلَ عَنْ قَوْمٍ قَطُّ مِنْ الْكُفَّارِ أَنَّهُمْ قَالُوا: إنَّ هَذَا الْعَالَمَ لَهُ خَالِقَانِ مُتَمَاثِلَانِ حَتَّى الْمَجُوسِ الْقَائِلِينَ "بِالْأَصْلَيْنِ: النُّورِ وَالظُّلْمَةِ" مُتَّفِقُونَ عَلَى أَنَّ "النُّورَ" خَيْرٌ يَسْتَحِقُّ أَنْ يُعْبَدَ وَيُحْمَدَ وَأَنَّ "الظُّلْمَةَ" شِرِّيرَةٌ تَسْتَحِقُّ أَنْ تُذَمَّ وَتُلْعَنَ .....

അദ്ദേഹത്തിന്റെ مجموع الفتاوى എന്ന ഗ്രന്ഥം (7/75) നോക്കുക.

# അനുബന്ധം

## അനുബന്ധം 1

# ഇലാഹ്: മുതകല്ലിമുകളുടെ നിർവചനം

ഇലാഹ് എന്ന പദത്തെ മുതകല്ലിമുകൾ നിർവചിച്ചത് القادر على الاختراع (സൃഷ്ടിക്കുവാൻ കഴിവുള്ളവൻ) എന്ന നിലക്കാണ്. അവരുടെ ചില വാക്കുകൾ താഴെ കൊടുക്കുന്നു.

അബൂ മൻസൂർ അൽബഗ്ദാദി പറഞ്ഞു:

> واختلف أصحابنا في معنى الإله فمنهم من قال إنه مشتق من الإلهية وهي قدرته على اختراع الأعيان وهو اختيار أبي الحسن الأشعري وعلى هذا يكون الإله مشتقاً من صفة"
>
> ''ഇലാഹിന്റെ ആശയമെന്തെന്നതിൽ ഞങ്ങളുടെ അനുയായികൾ അഭിപ്രായ വ്യത്യാസത്തിലായി. ഇലാഹിയ്യത്തിൽ നിന്ന് വ്യുൽപന്നമാണത് എന്ന് പറഞ്ഞവർ അതിലുണ്ട്. വസ്തുക്കളെ പടക്കുവാനുള്ള കഴിവാണല്ലോ ഇലാഹിയ്യത്ത്. അബുൽ ഹസൻ അൽഅശ്അരി തെരെഞ്ഞെടുത്ത നിലപാട് ഇതാകുന്നു.''[34]

ലോകത്തിന് രണ്ടോ അതിൽ കൂടുതലോ സ്രഷ്ടാക്കളുണ്ടാവുക അസംഭവ്യമെന്ന അടിസ്ഥാനം മുഖവിലക്കെടുത്ത് ശഹ്റസ്താനി സ്ഥിരീകരിക്കുന്നതും ഈ ആശയമാണ്. അദ്ദേഹം പറയുന്നു:

> ودلالة التمانع في القرآن مسرودة على من يثبت خالقا من دون الله سبحانه وتعالى قال الله تعالى: " إذا لذهب كل إله بما خلق " وعن هذا صار أبو الحسن رحمه الله إلى أن أخص وصف الإله هو القدرة على الاختراع فلا يشاركه فيه غيره ومن أثبت فيه شركة فقد أثبت إلهين
>
> ''അല്ലാഹുവോടൊപ്പം മറ്റൊരു സ്രഷ്ടാവിനെ സ്ഥിരീകരിക്കുന്നവർക്കെതിരിൽ വിശുദ്ധ ഖുർആനിൽ 'دلالة التمانع' കൊണ്ടുവരപ്പെട്ടിട്ടുണ്ട്. അല്ലാഹു പറഞ്ഞു: إِذًا لَّذَهَبَ كُلُّ إِلَٰهٍ بِمَا خَلَقَ ''അങ്ങനെയായിരുന്നുവെങ്കിൽ ഓരോ ഇലാഹും താൻ സൃഷ്ടിച്ചതുമായി പോയിക്കളയുകയും ചെയ്യുമായിരുന്നു.''
>
> ഈ ആശയത്തിലേക്ക് അബുൽ ഹസൻ അശ്അരി എത്തിപ്പെട്ടു. القدرة على الاختراع (സൃഷ്ടിക്കുവാൻ കഴിവുള്ളവൻ) എന്നാണ് ഇലാഹിന്റെ ഏറ്റവും പ്രത്യേകമായ വിശേഷണം. അതിൽ അവനൊഴികെയു

---

34. അബൂ മൻസൂർ അൽബഗ്ദാദിയുടെ أصول الدين എന്ന ഗ്രന്ഥം പേജ്:123

ള്ളവരെ അവൻ പങ്കുചേർക്കില്ല. ഇതിൽ പങ്കിനെ വല്ലവരും സ്ഥിരീ കരിച്ചാൽ അവൻ രണ്ട് ഇലാഹുകളെ സ്ഥാപിച്ചു.''[35]

'അല്ലാഹു' എന്ന മഹത് പദം വ്യുൽപന്നമായത് ഏത് മൂലത്തിൽ നിന്നാണെന്നതിൽ ഫഖ്റുദ്ദീൻ റാസി പല അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. സൃഷ്ടിക്കുവാനുള്ള കഴിവ് ഇലാഹിയ്യത്തിന്റെ ആശയമെന്ന അഭിപ്രായം അതിൽ അദ്ദേഹം ഉണർത്തി. തുടർന്ന് അദ്ദേഹം പറഞ്ഞു:

القول السابع: الإله من له الإلهية، وهي القدرة على الاختراع، والدليل عليه أن فرعون لما قال:(وما رب العالمين): قال موسى في الجواب: (رب السموات والأرض) فذكر في الجواب عن السؤال الطالب لماهية الإله: القدرة على الاختراع، ولولا أن حقيقة الإلهية هي القدرة على الاختراع لم يكن هذا الجواب مطابقاً لذلك السؤال.

''ഏഴാമത്തെ അഭിപ്രായം: ഇലാഹിയ്യത്ത് ഉള്ളവനാണ് ഇലാഹ്. ഇലാഹിയ്യത്താവട്ടെ സൃഷ്ടിക്കുവാനുള്ള കഴിവാകുന്നു. റബ്ബുൽ ആലമീൻ ആരെന്ന ഫിർഔനിന്റെ ചോദ്യത്തിന് വാനങ്ങളുടേയും ഭൂമിയുടേയും റബ്ബ് എന്ന മൂസയുടെ മറുപടിയാണ് അതിനുള്ള തെളിവ്. ഇലാഹിന്റെ സത്തയെ അന്വേഷിച്ചുള്ള ചോദ്യത്തിന് മറുപടിയായി സൃഷ്ടിക്കുവാനുള്ള കഴിവ് എന്നാണ് ഉത്തരം പറഞ്ഞത്. ഇലാഹിയ്യത്തിന്റെ വസ്തുത സൃഷ്ടിക്കുവാനുള്ള കഴിവ് ആയിരുന്നില്ലായെങ്കിൽ പ്രസ്തുത ഉത്തരം ആ ചോദ്യത്തിന് അനുയോജ്യമാകുമായിരുന്നില്ല.''[36]

അശ്അരീ വിഭാഗത്തിൽപെട്ട ക്വുശെയ്രി ഇലാഹിന്റെ അർത്ഥം അനുസ്മരിക്കവെ പറഞ്ഞു:

''ഈ വിഷയത്തിൽ സത്യത്തിന്റെ വക്താക്കളുടെ വാക്കുകൾ വ്യത്യസ്തമായിരിക്കുന്നു. എല്ലാം അന്യോന്യം അടുത്തതും ഒരേ ആശയത്തിലേക്ക് മടങ്ങുകയും ചെയ്യുന്നു. അവരിൽ ചിലർ പറഞ്ഞു: ഇലാഹിയ്യത്ത് ഉള്ളവനത്രേ ഇലാഹ്. ഇലാഹിയ്യത്താകട്ടെ സൃഷ്ടിക്കുവാനുള്ള കഴിവാകുന്നു. അവരിൽ മറ്റു ചിലർ പറഞ്ഞു: ഉയർച്ചയുടേയും ഉന്നതിയുടേയും വിശേഷങ്ങൾ അർഹിക്കുന്നവനാകുന്നു ഇലാഹ്. സൃഷ്ടിപ്പും ശാസനാധികാരവും ഉള്ളവനാകുന്നു ഇലാഹ് എന്ന് പറഞ്ഞവരും അവരിലുണ്ട്.''[37]

---

35. ശഹ്റസ്താനിയുടെ نهاية الإقدام في علم الكلام എന്ന ഗ്രന്ഥം പേജ്:91

36. ഫഖ്റുദ്ദീൻ അർറാസിയുടെ شرح أسماء الله الحسنى എന്ന ഗ്രന്ഥം പേജ്:124

37. ക്വുശെയ്രിയുടെ شرح أسماء الله الحسنى എന്ന ഗ്രന്ഥം പേജ്:65-66

ഇലാഹിന് മുതകല്ലിമുകൾ നൽകിയ ഈ നിർവചനങ്ങളാണ് പിൽകാലക്കാർ ഉലൂഹിയ്യത്തിലുള്ള ശിർക്കിൽ ആപതിക്കാൻ ഒരുപക്ഷേ വഴിവെച്ചത്. അതിനാലാണ് മുതകല്ലിമുകളുടെ നിർവചനത്തെ മുൻ നിർത്തി ശെയ്ഖ് സ്വാലിഹ് ആലു ശെയ്ഖ് ഇപ്രകാരം പറഞ്ഞത്:

> ''പടക്കുവാൻ കഴിവുള്ളവനാരോ അവനാണ് ഇലാഹ് എന്ന് അവർ ജൽപിച്ചതോടെ لا إله إلا الله എന്ന കലിമയുടെ അർത്ഥം റുബൂബിയ്യത്തിൽ പരിമിതപ്പെട്ടു. ഇതാകട്ടെ ഇസ്‌ലാമിനോടുള്ള കടുത്ത അപരാധമാകുന്നു.''[38]

38. പേജ്: 77 നോക്കുക

## അനുബന്ധം 2

## ശഫാഅത്ത്: കെ. എം മൗലവിﷺയുടെ ഫത്‌വ

بِسْمِ اللهِ الرَّحْمَنِ الرَّحِيمِ

الصلاة والسلام على رسول لله الكريم

അൽമുർശിദ് പത്രാധിപർ അവർകൾക്ക്

السلام عليكم ورحمة الله

മാന്യരേ, താഴെ കുറിച്ചിരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പലരും പല വിധത്തിൽ പ്രസംഗിച്ചും ചില തർജമകളിലും പാഠപുസ്തകങ്ങളിലും പല വിധത്തിൽ വ്യഖ്യാനിച്ചും വരുന്നു. എന്നാൽ അതിന്റെ യഥാർത്ഥ വിവരം എങ്ങനെയായിരിക്കുമെന്ന് ക്വുർആനും ഹദീസുകളും സലഫുസ്വാലിഹുകളുടെ അഭിപ്രായവും രേഖപ്പെടുത്തി ശരിയായ അർത്ഥ വിവരണത്തോടു കൂടി അടുത്ത ലക്കത്തിൽ തന്നെ മറുപടി തരണമെന്ന് സവിനയം അപേക്ഷിച്ചുകൊള്ളുന്നു. അല്ലാഹു നമുക്കും നിങ്ങൾക്കും തൗഫീക് ചെയ്യുമാറാകട്ടെ. ആമീൻ.

പ്രശ്നങ്ങൾ

1. ശഫാഅത്ത് എന്ന അറബി പദത്തിന്റെ ശരിയായ അർത്ഥം എന്താകുന്നു? الشفاعة الكُبرى എന്നും الصُغرى എന്നും രണ്ടുവിധത്തിൽ വിഭജിച്ചിട്ടുണ്ടോ?

2. ഉണ്ടെങ്കിൽ അവയുടെ പ്രകാരവ്യത്യാസം എങ്ങനെയാകുന്നു? الشفاعة العُظمى വിവരണം എങ്ങനെയാകുന്നു?

3. وَلَا تَنفَعُ ٱلشَّفَٰعَةُ عِندَهُۥٓ إِلَّا لِمَنْ أَذِنَ لَهُۥ ۚ حَتَّىٰٓ إِذَا فُزِّعَ عَن قُلُوبِهِمْ قَالُوا۟ مَاذَا قَالَ رَبُّكُمْ ۖ قَالُوا۟ ٱلْحَقَّ ۖ وَهُوَ ٱلْعَلِىُّ ٱلْكَبِيرُ ﴿٢٣﴾ سبأ: ٢٣

لَّا يَمْلِكُونَ ٱلشَّفَٰعَةَ إِلَّا مَنِ ٱتَّخَذَ عِندَ ٱلرَّحْمَٰنِ عَهْدًا ﴿٨٧﴾ مريم: ٨٧

وَلَا يَمْلِكُ ٱلَّذِينَ يَدْعُونَ مِن دُونِهِ ٱلشَّفَٰعَةَ إِلَّا مَن شَهِدَ بِٱلْحَقِّ وَهُمْ يَعْلَمُونَ ﴿٨٦﴾ الزخرف: ٨٦

മേൽ പറഞ്ഞ ആയത്തുകളിൽ വിവക്ഷിച്ചിരിക്കുന്ന ശഫാഅത്ത് ഏതാ

കുന്നു. അത് നടക്കുന്നത് എങ്ങനെയാകുന്നു?

4. ജനാബ് പി. എം മാഹിൻ അവർകൾ അച്ചടിച്ച് പ്രസിദ്ധം ചെയ്തിട്ടുള്ള مباحث الدّينيات في عقيدة الخاص والعام എന്ന പാഠപുസ്തകം 55-ആം പുറം പറയുന്നത് പ്രകാരം അമ്പിയാഅ്, ഔലിയാഅ്, ശുഹദാഅ്, ഉലമാഅ് ഇവർക്കെല്ലാം ശഫാഅത്തിന്റെ അധികാരം ഉണ്ടായിരുക്കുമെന്ന് വിശ്വാസയോഗ്യമായ വല്ല രേഖയും ഉണ്ടോ?

എന്ന് അൽമുർശിദിന്റെ ഒരു ബന്ധു
ഇ. വി. ഉമർ വൈദ്യർ
ആലപ്പി-തിരുവിതാംകൂർ
ശവ്വാൽ 1354

الجواب [ഉത്തരം]:

اللّٰهُمَّ هِدايةً الى الصَّوابِ

1. ശഫാഅത്ത് എന്നതിന് ശുപാർശ എന്നാണർഥം. എന്നുവെച്ചാൽ ഒരു മഹാന്റെ അടുക്കൽ നിന്ന് ഒരാൾക്ക് ഒരു കാര്യം ലഭിക്കുവാൻ മറ്റൊരാൾ ആ മഹാന്റെ അടുക്കൽ അപേക്ഷ ചെയ്യുക. എങ്ങനെയെന്നുവെച്ചാൽ ഒരാളുടെ ഒരു കുറ്റത്തെ മാപ്പുചെയ്ത് അയാളെ ശിക്ഷയിൽ നിന്നും ഒഴിവാക്കാനോ, ശിക്ഷയെ കുറയ്ക്കുവാനോ അല്ലെങ്കിൽ ഒരാൾക്ക് ഒരു പദവി നൽകുവാനോ മറ്റോ ഇങ്ങനെ ഒരാളെ അനുഗ്രഹിക്കുവാനായി മറ്റൊരാൾ ഒരു മഹാന്റെ അടുക്കൽ അപേക്ഷിക്കുകയാണെന്നിരിക്കട്ടെ, ഈ അപേക്ഷയാണ് അറബി ഭാഷയിൽ شفاعة എന്നും മലയാളത്തിൽ ശുപാർശ എന്നും പറയുന്നത്. ഇവിടെ 'ഒരാൾ' എന്ന് ആരെ കുറിച്ച് പറഞ്ഞോ അവന്ന് مَشفُوعٌ لَهُ എന്നും, مَشفُوعٌ له വിനു വേണ്ടി അപേക്ഷിക്കുന്ന മറ്റവന്ന് شَافِعٌ എന്നും شَفِيعٌ എന്നും (ശുപാർശ ചെയ്യുന്നവൻ, ശുപാർശക്കാരൻ എന്നും) ഏതൊരു മഹാന്റെ അടുക്കൽ അപേക്ഷിക്കപ്പെടുന്നുവോ ആ മഹാന്ന് مَشفُوعٌ عِندَهُ എന്നും പറയപ്പെടുന്നു.

എന്നാൽ ഈ ഐഹികലോകത്തിൽ നടന്നുവരുന്ന ശഫാഅത്തിൽ مَشفُوعٌ عِندَهُ-വിന്റെ إرادة-നെ (ഇച്ഛയെ) ഭേദപ്പെടുത്തുവാൻ അല്ലെങ്കിൽ അവന്റെ ഇച്ഛയല്ലാത്ത മറ്റൊന്ന് ചെയ്യുവാൻ അവനെ شَافِعٌ പ്രേരിപ്പിക്കലുണ്ട്. അപ്പോൾ شَافِعٌ-ന്നു വേണ്ടി അവന്റെ ഇച്ഛയെ വിട്ട് അതിനെ ഭേദപ്പെടുത്തി മറ്റൊന്നു ചെയ്യുന്നു. ഈ വിധത്തിലല്ലാതെ ഈ ലോകത്ത് ശഫാഅത്ത് നടക്കുകയില്ല. എന്നാൽ مَشفُوعٌ عِندَهُ ആയ മഹാൻ നീതിമാനാണെങ്കിൽ مَشفُوعٌ لَهُ-വെ സംബന്ധിച്ച് അവന്റെ അറിവിൽ പിഴവുണ്ടായിരുന്നുവെന്ന് شَافِعٌന്റെ

വാക്കുകൊണ്ട് വെളിപ്പെടുകയും شَافِعْ ന്റെ അപേക്ഷ അനുസരിച്ച് തന്റെ ഇച്ഛയെ ഭേദപ്പെടുത്തലാണ് നീതിയുമെന്ന് അവന്ന് ബോധ്യമാവുകയും ചെയ്തെങ്കിലേ അവൻ ശുപാർശ സ്വീകരിക്കുകയുള്ളൂ. നേരെമറിച്ച് مَشفُوعٌ عِندَهُ ആയ മഹാൻ അക്രമിയും സ്വേച്ഛാധിപനുമായ അധികാരസ്ഥനാണെങ്കിലോ തന്റെ സേവകനായ شَافِعْ-ന്നു വേണ്ടി നീതിക്കും നന്മക്കും വിരുദ്ധമായ വിധത്തിലും തന്റെ ഇച്ഛയെ അവൻ ഭേദപ്പെടുത്തിയെന്ന് വരാം. ഈ രണ്ടിലേത് വിധത്തിലായാലും ഈ ശഫാഅത്ത് അല്ലാഹുവിന്റെ പരിശുദ്ധ സന്നിധിയിൽ നടക്കുന്നത് അസംഭവ്യം തന്നെ. എന്തുകൊണ്ടെന്നാൽ അല്ലാഹു فَعَّالٌ لِمَا يُرِيد (താൻ ഇച്ഛിക്കുന്നതിനെ ചെയ്യുന്നവൻ) ആകുന്നു.

﴿إِنَّ ٱللَّهَ لَا يَظۡلِمُ مِثۡقَالَ ذَرَّةٍ﴾

﴿അല്ലാഹു അണു അളവോളം അക്രമം ചെയ്യുകയില്ല﴾

(അന്നിസാഅ്: 40)

നിശ്ചയം അവൻ ഏറ്റവും ഉത്തമനായ നീതിമാനാകുന്നു. നീതിക്ക് വിരുദ്ധമായി ആരുടെ അപേക്ഷയും അവൻ സ്വീകരിക്കുകയില്ല. മാത്രമല്ല അവൻ സർവജ്ഞനുമാകുന്നു. അവന്റെ ജ്ഞാനത്തെ അനുസരിച്ച് മാത്രമേ അവന്റെ ഇച്ഛ ഉണ്ടാവുകയുള്ളൂ. അവന്റെ ജ്ഞാനം അനാദ്യവും അനന്തവുമായിട്ടുള്ളതായിരിക്കയാൽ അത് ഭേദപ്പെടാവുന്നതല്ല. അതിനാൽ അല്ലാഹുവിന്റെ إرادة-ത്തും ഭേദപ്പെടുവാൻ പാടില്ല. തന്നിമിത്തം ഈ ഐഹികലോകത്ത് നടക്കുന്ന വിധത്തിലുള്ള ശുപാർശ അല്ലാഹുവിന്റെ അടുക്കൽ ഉണ്ടാവുകയില്ല; തീർച്ച തന്നെ.
ക്വുർആനിൽ അല്ലാഹു പറയുന്നത് കാണുക:

﴿لَّا بَيۡعٌ فِيهِ وَلَا خُلَّةٌ وَلَا شَفَٰعَةٌ﴾

﴿അതിൽ (ആ ദിവസത്തിൽ) തെണ്ടവുമില്ല, ഉപകാരം ചെയ്യുന്ന സ്നേഹവുമില്ല., ശുപാർശയുമില്ല.﴾

(അൽബക്വറ: 254)

ഇങ്ങനെ യൗമുൽ ക്വിയാമത്തിന്റെ വിശേഷണം പറയുന്നിടത്ത് ആ ദിവസത്തിൽ ശുപാർശയേയില്ല എന്നും മറ്റൊരിടത്ത്

﴿فَمَا تَنفَعُهُمۡ شَفَٰعَةُ ٱلشَّٰفِعِينَ ﴿٤٨﴾﴾

﴿അവർക്ക് (കാഫിറുകൾക്ക്) ശുപാർശക്കാരുടെ ശുപാർശ ഫലം

ചെയ്യുകയില്ല ﴾

(അൽമുദ്ദഥിർ: 48)

എന്നും പറഞ്ഞിരിക്കുന്നു. ഇനിയും:

﴿وَلَا يَشْفَعُونَ إِلَّا لِمَنِ ٱرْتَضَىٰ﴾

﴿ അവൻ (അല്ലാഹു) തൃപ്തിപ്പെട്ടവർക്കല്ലാതെ അവർ (മലക്കുകൾ) ശഫാഅത്ത് ചെയ്യുകയില്ല ﴾

(അൽഅമ്പിയാഅ്: 28)

എന്നും

﴿مَن ذَا ٱلَّذِى يَشْفَعُ عِندَهُۥٓ إِلَّا بِإِذْنِهِۦ﴾

﴿ അവന്റെ (അല്ലാഹുവിന്റെ) അനുവാദത്തോടു കൂടിയല്ലാതെ അവന്റെ അടുക്കൽ ശഫാഅത്ത് [ചെയ്യുവാനാരുണ്ട്? അഥവാ ശഫാഅത്ത്] ചെയ്യുന്ന ആരുമില്ല. ﴾

(അൽബകറ: 255)

അതായത് അവന്റെ അനുവാദം കൂടാതെ അവന്റെ അടുക്കൽ ആരും ശഫാഅത്ത് ചെയ്യുകയില്ല എന്നും,

﴿وَلَا تَنفَعُ ٱلشَّفَٰعَةُ عِندَهُۥٓ إِلَّا لِمَنْ أَذِنَ لَهُۥ﴾

﴿ അല്ലാഹു അനുവദിച്ചിട്ടുള്ളവർക്കല്ലതെ അവന്റെ അടുക്കൽ ശഫാഅത്ത് ഫലം ചെയ്യുകയില്ല.﴾

(സബഅ്: 23)

എന്നും ഇങ്ങനെ അനുവാദം, തൃപ്തി എന്ന നിബന്ധനകളോട് കൂടിയും അല്ലാഹു ശഫാഅത്തിനെ കുറിച്ച് പറയുന്നു. അതായത് അല്ലാഹു സർവജ്ഞനും സർവ ചരാചരങ്ങളെയും നീതിയോടെ പരിപാലിക്കുന്ന നാഥനും താൻ ഇച്ഛിക്കുന്നത് ചെയ്യുന്ന കർത്താവുമായിരിക്കയാൽ അവന്റെ അനുവാദം കിട്ടിയതിന്റെ പിറകെ മാത്രമേ അവന്റെ അടുക്കൽ ആരും ശഫാഅത്ത് ചെയ്യുകയുള്ളൂ. അമ്പിയാക്കളും മലക്കുകളും സ്വാലിഹുകളും ശഫാഅത്ത് ചെയ്യുന്നവരാണെങ്കിലും അവരുടെ ശഫാഅത്ത് അല്ലാഹു അനുവദിച്ചവർക്കല്ലാതെ ലഭിക്കുകയില്ല. അതിനാൽ അവർ ശാഫിഈങ്ങളായത് കൊണ്ട് യാതൊരു ഫലവും അല്ലാഹു അനുവദിച്ചിട്ടില്ലാത്തവർക്ക് കിട്ടുകയില്ല. ആർക്കു വേണ്ടി അല്ലാഹുവിന്റെ അടുക്കൽ ശഫാഅത്ത് ചെയ്യുന്നതിന് അവൻ അനുവദിച്ചുവോ അവർക്ക് മാത്രമേ

ശുപാർശക്കാരുടെ ശുപാർശ ലഭിക്കുകയുള്ളൂ. അവർക്ക് മാത്രമേ ശുപാർശക്കാർ ശുപാർശക്കാരായതുകൊണ്ടുള്ള ഫലം കിട്ടുകയുള്ളൂ എന്ന് താൽപര്യം. والله اعلم

പക്ഷേ, ക്വിയാമത്തുനാളിൽ റസൂൽﷺയും മറ്റുള്ള അമ്പിയാക്കന്മാരും മലക്കുകളും മറ്റു സ്വാലിഹുകളും അല്ലാഹു തൃപ്തിപ്പെട്ടവർക്ക് അവന്റെ അനുവാദത്തോടുകൂടി ശഫാഅത്ത് ചെയ്യുമെന്നും ആർക്കു വേണ്ടി അവർ ശഫാഅത്ത് ചെയ്യുവാൻ അല്ലാഹു അനുവാദം കൊടുക്കുന്നുവോ അവർക്ക് -ആ സത്യവിശ്വാസികൾക്ക്- ആ ശുപാർശക്കാരുടെ ശഫാഅത്ത് ഫലം ചെയ്യുമെന്നും മേൽ പറഞ്ഞ ക്വുർആൻ വാക്യങ്ങളുടെ ഘടനാ രീതികൊണ്ടും സാരംകൊണ്ടും അനേകം സ്വഹീഹായ ഹദീസുകളാലും സ്ഥിരപ്പെട്ടിരിക്കുന്നു.

മിശ്കാത്തിൽ ഇങ്ങനെ കാണുന്നു:

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ:

«لِكُلِّ نَبِيٍّ دَعْوَةٌ مُسْتَجَابَةٌ فَتَعَجَّلَ كُلُّ نَبِيٍّ دَعْوَتَهُ وَإِنِّي اخْتَبَأْتُ دَعْوَتِي شَفَاعَةً لِأُمَّتِي إِلَى يومِ القِيامةِ فَهِيَ نَائِلَةٌ إِنْ شَاءَ اللهُ مَنْ مَاتَ مِنْ أُمَّتِي لَا يُشْرِكُ بِاللهِ شَيْئًا» . رَوَاهُ مُسلم

''എല്ലാ നബിമാർക്കും ഉത്തരം നൽകപ്പെടുന്ന ഒരു പ്രാർത്ഥനയുണ്ട്. അപ്പോൾ എല്ലാ നബിയും അവരുടെ ആ പ്രാർത്ഥന ധൃതിയിൽ നടത്തി. ഞാൻ എന്റെ സമുദായത്തിന് ശുപാർശ ചെയ്യുവാനായിട്ട് എനിക്കുള്ള ആ പ്രാർത്ഥനയെ ക്വിയാമത്ത് നാളിലേക്ക് സൂക്ഷിച്ചുവെച്ചിരിക്കയാണ്. അതിനാൽ ഒരു വസ്തുവിനെയും അല്ലാഹുവിനോട് പങ്കു ചേർക്കാതെ എന്റെ സമുദായത്തിൽനിന്ന് മരണപ്പെടുന്നവർക്ക് അല്ലാഹു ഇച്ഛിച്ചെങ്കിൽ അത് ലഭിക്കുന്നതാകുന്നു.''

അതായത് തീർച്ചയായും അല്ലാഹു ഉത്തരം നൽകുമെന്ന يَقِين-നോടു കൂടി സമുദായത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ ഒരോ നബിക്കും അല്ലാഹു ഒരു പ്രാർത്ഥനക്ക് അനുവാദം കൊടുത്തിരിക്കുന്നു. മറ്റു പ്രാർത്ഥനകൾ എല്ലാം അവർ ദുആ ചെയ്യുന്നത് ആശയും ഭയവും കലർന്ന ഹൃദയത്തോടുകൂടി ആയിരിക്കുന്നതാണ്. മറ്റു നബിമാർ എല്ലാവരും അവർക്കുള്ള ആ ദുആ ദുനിയാവിൽനിന്ന് തന്നെ ചെയ്തു കഴിഞ്ഞിരിക്കുന്നു. മുഹമ്മദ് നബി ﷺയാകട്ടെ അത് ക്വിയാമത്ത് നാളിലേക്ക് കരുതിവെച്ചിരിക്കയാണ്. അതിനാൽ ഈമാൻ സ്വഹീഹായ വിധത്തിൽ മരിക്കുന്ന എല്ലാ മുസ്ലിമിനും അത് ലഭിക്കും. അല്ലാഹു ഇച്ഛിച്ചുവെങ്കിൽ എന്ന് താൽപര്യം.

عَنْ عُثْمَانَ بْنِ عَفَّانَ، قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ:

" يَشْفَعُ يَوْمَ الْقِيَامَةِ ثَلَاثَةٌ: الْأَنْبِيَاءُ، ثُمَّ الْعُلَمَاءُ، ثُمَّ الشُّهَدَاءُ "

''ഖിയാമത്ത് നാളിൽ അമ്പിയാക്കൾ പിന്നെ ഉലമാക്കൾ, പിന്നെ ശുഹദാക്കൾ എന്നീ മൂന്ന് കൂട്ടരും ശുപാർശ ചെയ്യും.''[39]

ഇപ്പോൾ മുഹമ്മദ് നബിﷺ അരുൾ ചെയ്തതായി അബൂ ഹുറെയ്റ രിവായത്ത് ചെയ്തിട്ടുള്ള പ്രസ്തുത ഹദീസിനാൽ അല്ലാഹുവിന്റെ ഉത്തരം ലഭിക്കുമെന്ന് തിട്ടമുള്ള പ്രാർത്ഥനയാകുന്നു ഖിയാമത്ത് നാളിൽ ശഫാഅത്ത് എന്ന് വെളിപ്പെട്ടു. എന്നാൽ ഇങ്ങനെയുള്ള ദുആകൾ ചെയ്യാൻ ഖിയാമത്ത് നാളിൽ അല്ലാഹു ആർക്കെല്ലാം അനുവാദം കൊടുക്കുമോ, അവർ മാത്രമേ ഇനങ്ങനെ ചെയ്യുകയുള്ളൂ എന്നും ആരുടെ കാര്യത്തിൽ ശഫാഅത്ത് ചെയ്യുവാൻ അല്ലാഹു അനുവാദം കൊടുക്കുകയില്ലയോ അവർക്ക് ആരും ശഫാഅത്ത് ചെയ്യുകയില്ലെന്നും, ശഫാഅത്ത് ലഭിക്കണമെങ്കിൽ സ്വഹീഹായ ഈമാനോടുകൂടി ലേശവും ശിർക്ക് കൂടാതെ മരിക്കേണ്ടതാണെന്നും തെളിഞ്ഞുവല്ലോ.

എന്നാൽ സ്വഹീഹായ ഈമാനോടുകൂടി തന്നെ താൻ മരിക്കുമെന്ന് ആർക്കും ധൈര്യപ്പെടുവാൻ നിവൃത്തി ഇല്ലാത്തതിനാൽ നമുക്ക് നബിﷺയുടെയും മറ്റും ശഫാഅത്ത് ലഭിക്കുമെന്ന് കരുതി ദീനിന്റെ കൽപനകൾക്ക് വഴിപ്പെടാതെ നടക്കുവാൻ ഈ ശഫാഅത്തിലുള്ള വിശ്വാസം ആരെയും പ്രേരിപ്പിക്കുവാൻ യാതൊരു മാർഗവുമില്ല. ദുനിയാവിൽ ജീവിച്ചിരിക്കുമ്പോൾ അല്ലാഹു നോക്കും. അവന്റെ റസൂലിന്ന് വഴിപ്പെട്ടും അവന്റെ റസൂലിന്റെ സുന്നത്തോട് തുടർന്നും അവന്റെ തൃപ്തി ആർ സമ്പാദിക്കുന്നുവോ അവർക്കാണ് ശഫാഅത്ത് ലഭിക്കുക. അവരുടെ പാപങ്ങൾ ശഫാഅത്ത് കാരണമായി അല്ലാഹു പൊറുത്തുകൊടുക്കും. അപ്പോൾ ആരാകുന്നുവോ അവർക്കുവേണ്ടി ശഫാഅത്ത് ചെയ്തിട്ടുള്ളത് അവരുടെ ശഫാഅത്തിന്റെ അനന്തര ഫലമായി അല്ലാഹു ഈ പാപികൾക്ക് മാപ്പ് ചെയ്യുകയും സ്വർഗത്തിൽ അവരെ പ്രവേശിപ്പിക്കുകയും മറ്റു ചിലർക്ക് ശഫാഅത്തിന്റെ ഫലമായി സ്വർഗത്തിലെ പദവികൾ വർധിപ്പിക്കുകയും മറ്റും ചെയ്യുമ്പോൾ

39.ഈ ഹദീസിന്റെ സനദ് തീർത്തും ദുർബലമാണെന്ന് പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ صحيح ആയ ഹദീസിലെ പ്രയോഗം ഇപ്രകാരമാണ്:

فَيَشْفَعُ النَّبِيُّونَ وَالْمَلَائِكَةُ وَالْمُؤْمِنُونَ .......

ഇമാം ബുഖാരി ഉദ്ധരിച്ച ഈ ഹദീസിലെ(7440) മുഅ്മിനൂൻ എന്ന പ്രയോഗത്തിൽ പണ്ഡിതന്മാരും ഉൾപ്പെടുന്നതാണ്.

ശാഫിഈങ്ങൾക്ക് അല്ലാഹുവിന്റെ പരിശുദ്ധ സന്നിധിയിൽ ഉന്നതമായ പദവിയുണ്ടെന്ന് പുറകെ വെളിപ്പെടുന്നു. അതായത് അല്ലഹുവിന്റെ അനാദ്യമായ ഇച്ഛയുടെ ഫലത്തെ ശഫാഅത്തിന്റെ അനന്തര ഫലമായി അവൻ വെളിപ്പെടുത്തുന്നതുകൊണ്ട് ഈ ശാഫിഈങ്ങൾക്കുള്ള ബഹുമാനം അവൻ വെളിപ്പെടുത്തുന്നു എന്നുമാത്രമേ ഈ ശഫാഅത്തിനു സാരമുള്ളൂ. അല്ലാഹുവിന്റെ അറിവിന്നോ ഇച്ഛക്കോ യാതൊരു വ്യത്യാസവും ഈ ശഫാഅത്തുകൊണ്ട് വരുന്നില്ല എന്ന് താൽപര്യം.[40]

2. ശഫാഅത്ത് പലവകയാകുന്നു.

    1. മഹ്ശറയിൽ എല്ലാവരും ഒരുമിച്ചുകൂടുമ്പോൾ വിചാരണ ചെയ്ത് ജനങ്ങളെ എല്ലാവരെയും അവരവരുടെ സ്ഥാനങ്ങളിലേക്ക് വിധി കൽപിച്ച് അയക്കുവാൻ വേണ്ടിയുള്ള ജനങ്ങളുടെ പൊതുവായ അപേക്ഷയെകുറിച്ച് അല്ലാഹുവിന്റെ സന്നിധിയിൽ ശഫാഅത്ത് ചെയ്യുവാൻ വേണ്ടി എല്ലാവരും കൂടി ആദ്യം ആദംﷺ, പിന്നെ നൂഹ് ﷺ, പിന്നെ ഇബ്റാഹീം ﷺ, പിന്നെ മൂസാ ﷺ, പിന്നെ ഈസാ ﷺ, എന്നീ നബിമാരോട് അപേക്ഷിക്കുകയും അവരോരുത്തരും തങ്ങളുടെ പിമ്പിലുള്ളവരുടെ അടുക്കൽ പോകുവാൻ ഉപദേശിക്കുകയും ചെയ്യുന്നതാണ്. അവസാനം ഈസാﷺ ജനങ്ങളോട് മുഹമ്മദ് നബിﷺ യുടെ അടുക്കൽ പോകുവാൻ പറയുന്നതനുസരിച്ച് എല്ലാവരുംകൂടി നബിﷺയോട് അപേക്ഷിക്കുമ്പോൾ നബിﷺ അപേക്ഷ സ്വീകരിച്ച് ഈ കാര്യത്തിന് അല്ലാഹുവിന്റെ സന്നിധിയിൽ ശഫാഅത്തിനു അനുവാദം ചോദിക്കുകയും അപ്പോൾ അല്ലാഹു അനുവാദം കൊടുക്കുകയും അല്ലാഹുവിന്റെ അനുവാദം സ്വീകരിച്ച് നബിﷺ ചെയ്യുന്ന ശഫാഅത്തിനെ قَبُول ചെയ്ത് حِسَاب എടുത്ത് (വിചാരണക്കെടുത്ത്) സ്വർഗത്തിലേക്കും നരകത്തിലേക്കും അതാതിന്റെ അവകാശികളെ ആക്കുകയും ചെയ്യുന്നതാണ്. ഇതിനെയാണ് شَفَاعَة عُظْمَى എന്നും مَقَامُ مَحْمُود എന്നും പറയുന്നത്. ഇത് അനേകം സ്വഹീഹായ ഹദീസുകളാൽ സ്ഥിരീകരിച്ചതും മുഹമ്മദ് നബിﷺക്ക് പ്രത്യേകമായിട്ടുള്ളതുമാണ്.

    2. നബിﷺയുടെ ഉമ്മത്തിൽ നിന്ന് حِسَاب (വിചാരണ) ഇല്ലാത്തവരെ ആദ്യമായി സ്വർഗത്തിൽ പ്രവേശിപ്പിക്കുവാൻ അല്ലാഹു നബിﷺക്ക് അനുവാദം നൽകുന്നതാണ്. ഇതും അനേകം ഹദീസുകളാൽ

40. അൽമുർശിദ് 1355 ربيع الاخر (പേജ്: 24-28)

സ്ഥിരപ്പെട്ടതാണ്.

3. നരകത്തിനു പാത്രങ്ങളാകാത്ത പല കുറ്റങ്ങളും ചെയ്തിട്ടുള്ള പാപികളും എന്നാൽ സ്വഹീഹ് ആയ ഈമാനോട് കൂടി മരിച്ചിട്ടുള്ളവരെ നരകശിക്ഷയിൽ നിന്ന് ഒഴിവാക്കുവാനായി നമ്മുടെ നബിയും പിന്നെ അല്ലാഹു അനുവാദം നൽകുന്ന മറ്റുള്ളവരും ശഫാഅത്ത് ചെയ്യുന്നതാകുന്നു. ഇതും ഹദീസുകളിൽ സ്ഥിരപ്പെട്ടതാകുന്നു.

4. നരകത്തിൽ പ്രവേശിച്ചിട്ടുള്ള സത്യവിശ്വാസികളായ പാപികളെ അതിൽ നിന്നു മോചിപ്പിക്കുവാൻ വേണ്ടി നമ്മുടെ നബിയും മറ്റു നബിമാരും മലക്കുകളും ആ നരകവാസികളുടെ സഹോദരന്മാരായ സത്യവിശ്വാസികളും ശഫാഅത്ത് ചെയ്യുന്നതാകുന്നു. ഈ ശഫാഅത്തുകളെ കൊണ്ട് നരകത്തിൽ നിന്ന് മോചനം ലഭിച്ചവരുടെ ശേഷം നരകത്തിലുള്ള സത്യവിശ്വാസികളെ അല്ലാഹു അവന്റെ കാരുണ്യത്താൽ നരകത്തിൽ നിന്ന് മോചിപ്പിച്ച് സ്വർഗത്തിൽ പ്രവേശിപ്പിക്കും. പിന്നെ അവിശ്വാസികൾ മാത്രമേ നരകത്തിൽ നിത്യവാസികളായിരിക്കുകയുള്ളൂ. ഈ നാലാമത്തെ വക ശഫാഅത്തും [അഥവാ ഈ ശഫാഅത്തിലെ സിംഹഭാഗവും] ഒന്നാമത്തെ شَفَاعَة عُظمَى -യും അത് നബിﷺമിന്ന് പ്രത്യേകമുള്ളതാണെന്നും സ്വഹീഹായ അനേകം ഹദീസുകളാൽ സ്ഥിരപ്പെട്ടതാണ്.

5. സ്വർഗത്തിലെ പദവികൾ കൂടുതലാക്കികൊടുക്കുവാൻ വേണ്ടി ശഫാഅത്ത് ചെയ്യുന്നതാകുന്നു. ഇമാം സുബ്കി പറയുന്നു: ഇങ്ങനെ ക്വാളി ഇയാദും മറ്റും പ്രസ്താവിച്ചിരിക്കുന്നു. മുഅ്തസിലതും ഇതിനെ നിഷേധിക്കുന്നില്ല.[41]

3. മൂന്നാം ചോദ്യത്തിൽ പറയുന്ന ആയത്തുകളുടെ അർത്ഥങ്ങൾ

وَلَا تَنفَعُ ٱلشَّفَٰعَةُ عِندَهُۥٓ إِلَّا لِمَنْ أَذِنَ لَهُۥ ۚ حَتَّىٰٓ إِذَا فُزِّعَ عَن قُلُوبِهِمْ قَالُوا۟ مَاذَا قَالَ رَبُّكُمْ ۖ قَالُوا۟ ٱلْحَقَّ ۖ وَهُوَ ٱلْعَلِىُّ ٱلْكَبِيرُ ﴿٢٣﴾ سبأ: ٢٣

﴾ ആർക്ക് അനുവാദം നൽകിയിരിക്കുന്നുവോ അവർക്കൊഴികെ അവന്റെയടുക്കൽ ശുപാർശ ഫലം ചെയ്യുകയില്ല. അങ്ങനെ അവരുടെ ഹൃദയങ്ങൾക്ക് ഭയത്തിനു പരിഹാരം ലഭിക്കുമ്പോൾ സന്തോഷിച്ചുകൊണ്ട് അവർ

41. സുബ്കിയുടെ شفاء السقام പേജ് 124-125 നോക്കുക.

അന്യോന്യം ചോദിക്കുന്നതാകുന്നു നിങ്ങളുടെ നാഥൻ എന്ത് പറഞ്ഞു? അവർ അന്യോന്യം തന്നെ മറുപടി പറയുന്നതാണ്: സത്യമായ വചനം പറഞ്ഞു (അവൻ ശുപാർശ ചെയ്യുവാൻ അനുവാദം നൽകി) അവനാകുന്നു ഉത്തമനും മഹാനും.﴿

لَّا يَمْلِكُونَ ٱلشَّفَٰعَةَ إِلَّا مَنِ ٱتَّخَذَ عِندَ ٱلرَّحْمَٰنِ عَهْدًا ﴿٨٧﴾ مريم: ٨٧

﴾ അവർ (ജനങ്ങൾ) ശുപാർശയെ ഉടമയാക്കിയില്ല [ഉടമപ്പെടുത്തിയിട്ടില്ല] (അവർക്ക് ശഫാഅത്ത് ലഭിക്കയില്ല.) പരമ കാരുണികന്റെയടുക്കൽ ഒരു കരാറിനെ സ്ഥാപിച്ചിട്ടുള്ളവർ ആരോ അവർ ഒഴികെ.﴿

അതായത് لا اله الا الله എന്ന പരിശുദ്ധമായ സാക്ഷ്യവചനം അല്ലാഹുവിന്റെ അടുക്കൽ നിക്ഷേപിച്ചിരിക്കുന്നത് ആരാകുന്നുവോ, ശിർക്ക് പറ്റെ ഉപേക്ഷിച്ച് യഥാർഥമായ സത്യവിശ്വാസം ആർ കൈവരുത്തിയിരിക്കുന്നുവോ അവരൊഴികെ. എന്നുവെച്ചാൽ അവർക്കു മാത്രമേ ശഫാഅത്ത് ലഭിക്കുകയുള്ളൂ. അവർ മാത്രമേ ശഫാഅത്ത് ചെയ്യുവാൻ അർഹരാകയുള്ളൂ.

وَلَا يَمْلِكُ ٱلَّذِينَ يَدْعُونَ مِن دُونِهِ ٱلشَّفَٰعَةَ إِلَّا مَن شَهِدَ بِٱلْحَقِّ وَهُمْ يَعْلَمُونَ ﴿٨٦﴾ الزخرف: ٨٦

﴾ അവിശ്വാസികൾ അവനെ -അല്ലാഹുവിനെ- കൂടാതെ ആരെ പ്രാർഥിക്കുന്നുവോ അവർ ആർക്കും ശുപാർശ ചെയ്യുവാൻ കഴിവുള്ളവരല്ല. അറിഞ്ഞുകൊണ്ട് സത്യത്തിന് സാക്ഷ്യം വഹിച്ചിട്ടുള്ളവർ ഒഴികെ.﴿

അതായത് لا اله الا الله എന്ന സത്യമായ പരിശുദ്ധ വാചകം ശരിയായി അറിഞ്ഞ് അതിന് ആർ സാക്ഷ്യം വഹിച്ചിരിക്കുന്നുവോ അവർ (ഈസാ, ഉസൈർ, മലക്കുകൾ മുതലായ സ്വാലിഹീങ്ങൾ ഒഴികെ) സത്യവിശ്വാസികൾക്ക് ശുപാർശ ചെയ്യും.

എന്നാൽ ഈ മൂന്ന് ആയത്തുകളിലും ശഫാആത്ത് എന്ന ആ സമഷ്ടിയായ ശുപാർശ ആർക്ക് ലഭിക്കണമെങ്കിലും, ആർ അത് ചെയ്യുവാൻ കഴിവുള്ളവരാകണമെങ്കിലും, അതായത് അതിന് അവർക്ക് അനുവാദം ലഭിക്കണമെങ്കിലും അവർ അല്ലാഹുവിന്റെ അടുക്കൽ കരാർ - സത്യവിശ്വാസം - സ്ഥാപിച്ചിട്ടുള്ളവരായിരിക്കണം. ആ തരക്കാർക്കേ ശഫാഅത്ത് ചെയ്യുവാൻ അനുവാദം ലഭിക്കയുള്ളൂ. അവർക്ക് മാത്രമേ ശഫാഅത്ത് കിട്ടുകയുള്ളൂ. അങ്ങനെ അനുവാദം ലഭിച്ചിട്ടുള്ളവർക്കേ ശഫാഅത്ത് ഫലം ചെയ്യുകയുള്ളൂ എന്ന് മൊത്തമായി പറയുക മാത്രമേ ചെയ്തിട്ടുള്ളൂ.

ഇങ്ങനെയുള്ള ആയത്തുകളെകൊണ്ട് ഉദ്ദേശിച്ചിട്ടുള്ള ശഫാഅത്തുകളുടെ (വകതിരിച്ചുള്ള വിവരണം) ആകുന്നു നബിﷺ ഹദീസുകളെ കൊണ്ട് വിവരിച്ചിരിക്കുന്നത്. ആ ഹദീസുകളുടെ സാരാംശമായി നമ്മുടെ ഉലമാഅ് വിവരിച്ചതിനെയാണ് രണ്ടാം ചോദ്യത്തിന്റെ മറുപടിയിൽ നാം പറഞ്ഞിട്ടുള്ളത്.

എന്നാൽ നമ്മുടെ നബിﷺയും ഈസാعليه السلام, മറ്റു നബിമാർ ഉസൈർ عليه السلام മലക്കുകൾ മറ്റു സ്വാലിഹുകൾ ഇവർക്കെല്ലാം ശഫാഅത്തിന് അർഹതയുണ്ടെന്നുവെച്ച് നമുക്ക് ശഫാഅത്ത് ചെയ്യുവാനായി ഇപ്പോൾ നാം അവരോട് പ്രാർത്ഥിക്കുവാൻ നമുക്ക് ദീനിൽ അനുവാദം തന്നിട്ടില്ല. തന്നെയുമല്ല, നാം സ്വഹീഹായ ഈമാനോടുകൂടി, ഒട്ടും ശിർക്ക് കൂടാതെ മരിച്ചെങ്കിൽ മാത്രമേ നമുക്ക് വേണ്ടി ശഫാഅത്ത് ചെയ്യുവാൻ അവർക്ക് അല്ലാഹു അനുവാദം കൊടുക്കുകയുള്ളൂ. ഇങ്ങനെ നമുക്ക് വേണ്ടി അവർ ശഫാഅത്ത് ചെയ്യുന്നതിനെ അല്ലാഹു പൊരുത്തപ്പെട്ടെങ്കിൽ മത്രമേ അവർ നമുക്ക് ശഫാഅത്ത് ചെയ്യുകയുള്ളൂ എന്നാണ്

﴿وَلَا يَشْفَعُونَ إِلَّا لِمَنِ ٱرْتَضَىٰ﴾[42]

എന്ന ഖുർആൻ വചനം വെളിപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ മരണം സ്വഹീഹായ ഈമാനോടുകൂടി തന്നെ ആകുമോ ഇല്ലയോ എന്ന കാര്യം അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. നാമോ അവരോ അറിയുന്നതല്ല. അതിനാൽ നാം അവരോട് ഈ കാര്യത്തിൽ അപേക്ഷ ചെയ്യുന്നതിന്ന് ഇപ്പോൾ നിവൃത്തിയില്ല. നാം അല്ലാഹുവിനോട് ഇങ്ങനെ ദുആ ചെയ്യുവാനേ നിവൃത്തിയുള്ളൂ.

اللّٰهُمَّ ارزقنا شفاعة نبينا وسيدنا محمد صلى الله عليه وسلّم وعبادك الصالحين

4. നാലാം ചോദ്യത്തിന്റെ മറുപടി ഈ മൂന്ന് മറുപടികളിൽ നിന്നും കൂടി ശരിയായി വെളിപ്പെട്ടിരിക്കയാൽ അത് പ്രത്യേകമായി എഴുതേണ്ടതായ ആവശ്യം ഇല്ലല്ലോ. അല്ലാഹു നമ്മെ എല്ലാവരേയും നേർവഴിയിൽ നടത്തി രക്ഷിക്കട്ടെ. നമുക്കെല്ലാവർക്കും ശഫീഅ് ആയ മുഹമ്മദ് നബിﷺയുടെയും മറ്റു നബിമാർ, മലക്കുകൾ, സിദ്ദീഖീങ്ങൾ, ശുഹദാഅ് മുതലായ എല്ലാ സ്വാലിഹുകളുടേയും ശഫാഅത്ത് ലഭിക്കുവാൻ തക്കവണ്ണം അല്ലാഹു അവന്റെ പൊരുത്തം നമുക്കെല്ലാവർക്കും പ്രദാനം ചെയ്യട്ടെ. ആമീൻ.[43]

42. ﴿ അവൻ (അല്ലാഹു) തൃപ്തിപ്പെട്ടവർക്കല്ലാതെ അവർ (മലക്കുകൾ) ശഫാഅത്ത് ചെയ്യുകയില്ല. ﴾ (അൽഅമ്പിയാഅ്: 28)

43. അൽമുർശിദ് 1355 جمادى الأولى (പേജ്: 31–34)

## അനുബന്ധം 3

### റുബൂബിയത്തും ഉലൂഹിയ്യത്തും: സമസ്തയുടെ വാദത്തിനൊരു ഖണ്ഡനം

റുബൂബിയത്തും ഉലൂഹിയ്യത്തും ഒന്നാണ് എന്ന് സമർത്ഥിക്കാൻ വേണ്ടി സമസ്തയുടെ പണ്ഡിതനായ കെ. റശീദുദ്ദീൻ മൂസ മൗലവി ഫർത്വവി 1945-ൽ രചിച്ച ഗ്രന്ഥമാണ് القول السّديد في ردّ التّوحيد . കണ്ണൂർ പി. അബ്ദിൽ ഖാദർ മൗലവിﷺയുടെ അത്തൗഹീദ് എന്ന ഗ്രന്ഥത്തിനു ഖണ്ഡനമായിട്ടാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടത്. റശീദുദ്ദീൻ ഫർത്വവിയുടെ ഗ്രന്ഥത്തിൽ പറയുന്നു:

> ''തൗഹീദു റുബൂബിയ്യത്തിൽ മുമ്പുള്ള എല്ലാ മുശ്‌രിക്കുകൾക്കും വിശ്വാസമുണ്ടായിരുന്നു എന്നതിലേക്ക്
>
> ﴿وَلَئِن سَأَلْتَهُم مَّنْ خَلَقَ السَّمَاوَاتِ وَالْأَرْضَ لَيَقُولُنَّ اللَّهُ﴾ لقمان: ٢٥
>
> എന്ന് തുടങ്ങിയുള്ള ചില ആയത്തുകളാണല്ലോ [ഗ്രന്ഥ] കർത്താവിനും മറ്റുമുള്ള തെളിവുകൾ. ആയത്തിന്റെ സാരം ﴾ആകാശ ഭൂമികളെ സൃഷ്ടിച്ചതാരാണെന്ന് തങ്ങൾ ആ മുശ്‌രിക്കുകളോട് ചോദിച്ചാൽ അല്ലാഹു ആണെന്ന് നിശ്ചയമായും അവർ പറയും.﴿ (സൂറഃ ലുക്മാൻ: 25) എന്നാൽ ഈ ആയത്തുകളിലെല്ലാം തന്നെ ആ മുശ്‌രിക്കുകൾ കൊടുത്തതായി പ്രസ്താവിച്ചു കാണുന്ന സമാധാനങ്ങൾ മുസ്ലിംകളുടെ ഭാഗത്തു നിന്നുണ്ടായ ചോദ്യങ്ങൾക്ക് അവർ മറുപടി പറയാൻ സാധിക്കാതെ ഉത്തരം മുട്ടി വായടയുമ്പോൾ അവരുടെ മനസ്സാക്ഷിക്ക് വിരുദ്ധമായി കൊടുത്ത സമാധാനങ്ങൾ മാത്രമാണ്.....''

ഫർത്വവിക്ക് മറുപടിയായി രചിച്ച ഗ്രന്ഥമാണ് فتح القوى في ردّ على الفرطويّ. കെ എം മൗലവി, കെ ഉമർ മൗലവി, ഏ കെ അബ്ദുൽ ലത്വീഫ് മൗലവിﷺ എന്നീ മൂവർ ചേർന്നാണ് ഇതു രചിച്ചത്. പ്രസ്തുത ഗ്രന്ഥത്തിൽ മുകളിൽ കൊടുത്ത വിചിത്രവാദത്തിനെ ഖണ്ഡിച്ചത് ഇപ്രകാരമാണ്.

> ''ഇമാമുൽ മുഫസ്സിരീൻ അബൂ ജഅ്ഫർ മുഹമ്മദ് ഇബ്നു ജരീർ അത്ത്വബരി ﷺ അവർകൾ
>
> ﴿فَلَا تَجْعَلُوا لِلَّهِ أَندَادًا وَأَنتُمْ تَعْلَمُونَ ۝٢٢﴾ البقرة: ٢٢
>
> ﴾അപ്പോൾ നിങ്ങൾ അറിയുന്നവരായിരിക്കെ നിങ്ങൾ അല്ലാഹുവിനു തുല്യന്മാരെ ആക്കരുത്﴿ (സൂറഃ അൽബക്വറ: 22) എന്ന തിരുവചനത്തിന്റെ തഫ്സീറിൽ പറയുന്നു:
>
> اختلف أهل التأويل في الذين عنوا بهذه الآية :

فقال بعضهم : عنى بها جميع المشركين من مشركي العرب وأهل الكتاب .
وقال بعضهم : عنى بذلك أهل الكتابين ، أهل التوراة والإنجيل .
ذكر من قال : عنى بها جميع عبدة الأوثان من العرب وكفار أهل الكتابين :
٤٨٦ – حدثنا محمد بن حميد ، قال : حدثنا سلمة بن الفضل ، عن محمد بن إسحاق ، عن محمد بن أبي محمد مولى زيد بن ثابت ، عن عكرمة ، أو عن سعيد بن جبير ، عن ابن عباس ، قال : نزل ذلك في الفريقين جميعا من الكفار والمنافقين . وإنما عنى تعالى ذكره بقوله : " فلا تجعلوا لله أندادا وأنتم تعلمون " أي لا تشركوا بالله غيره من الأنداد التي لا تنفع ولا تضر ، وأنتم تعلمون أنه لا رب لكم يرزقكم غيره ، وقد علمتم أن الذي يدعوكم إليه الرسول من توحيده هو الحق لا شك فيه .
٤٨٧ – حدثنا بشر ، قال : حدثنا يزيد ، عن سعيد ، عن قتادة في قوله : " وأنتم تعلمون " أي تعلمون أن الله خلقكم وخلق السماوات والأرض ، ثم تجعلون له أندادا .

ذكر من قال : عني بذلك أهل الكتابين :
٤٨٨ – حدثنا أبو كريب ، قال : حدثنا وكيع ، عن سفيان ، عن رجل ، عن مجاهد : " فلا تجعلوا لله أندادا وأنتم تعلمون " أنه إله واحد في التوراة والإنجيل .
٤٨٩ – حدثني المثنى بن إبراهيم ، قال : حدثنا قبيصة ، قال : حدثنا سفيان ، عن مجاهد ، مثله .
٤٩٠ – حدثني المثنى ، قال : حدثنا أبو حذيفة ، قال : حدثنا شبل ، عن ابن أبي نجيح ، عن مجاهد : " وأنتم تعلمون " يقول : وأنتم تعلمون أنه لا ند له في التوراة والإنجيل .

قال أبو جعفر : وأحسب أن الذي دعا مجاهدا إلى هذا التأويل وإضافة ذلك إلى أنه خطاب لأهل التوراة والإنجيل دون غيرهم – الظن منه بالعرب أنها لم تكن تعلم أن الله خالقها ورازقها ، بجحودها وحدانية ربها وإشراكها معه في العبادة غيره ، وإن ذلك لقول! ولكن الله جل ثناؤه قد أخبر في كتابه عنها أنها كانت تقر بوحدانيته ، غير أنها كانت تشرك في عبادته ما كانت تشرك فيها ، فقال جل ثناؤه : ( ولئن سألتهم من خلقهم ليقولن الله ) [ سورة الزخرف : ٨٧ ] ، وقال : ( قل من يرزقكم من السماء والأرض أمن يملك السمع والأبصار ومن يخرج الحي من الميت ويخرج الميت من الحي ومن يدبر الأمر فسيقولون الله فقل أفلا تتقون ) [ سورة يونس : ٣١ ] .

فالذي هو أولى بتأويل قوله : " وأنتم تعلمون " – إذ كان ما كان عند العرب من العلم بوحدانية الله ، وأنه مبدع الخلق وخالقهم ورازقهم ، نظير الذي كان من ذلك عند أهل الكتابين ، ولم يكن في الآية دلالة على أن الله جل ثناؤه عنى بقوله : " وأنتم تعلمون " أحد

الحزبين ، بل مخرج الخطاب بذلك عام للناس كافة لهم ، لأنه تحدى الناس كلهم بقوله : " يا أيها الناس اعبدوا ربكم " أن يكون تأويله ما قاله ابن عباس وقتادة ، من أنه يعني بذلك كل مكلف عالم بوحدانية الله وأنه لا شريك له في خلقه ، يشرك معه في عبادته غيره ، كائنا من كان من الناس ، عربيا كان أو أعجميا ، كاتبا أو أميا ، ....

[وَأَنتُمْ تَعْلَمُونَ എന്ന വാചകത്തിന്റെ വ്യാഖ്യാനം സംബന്ധിച്ച പ്രസ്താവനയിൽ] ഈ ആയത്തുകൊണ്ട് ഉദ്ദേശിക്കപ്പെട്ടവർ ആരാണ് എന്ന വിഷയത്തിൽ വ്യാഖ്യാതാക്കൾ അഭിപ്രായവ്യത്യാസമുള്ളവരായിരിക്കുന്നു.

1. ചിലർ പറയുന്നു; അതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് അറബികളും അഹ്ലുകിതാബിയുമായ സകല മുശ്രിക്കുകകളും ആകുന്നു എന്ന്.

2. അവരിൽ മറ്റു ചിലർ പറയുന്നു: ഇതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് തൗറാത്ത് ഇഞ്ചീൽ എന്നീ രണ്ടു കിതാബുകളുടെ അനുയായികളാണെന്ന്.

അറബികളോ അഹ്ലുകിതാബോ ആയ എല്ലാ മുശ്രിക്കുകളുമാണ് ഇവിടെ ഉദ്ദേശിക്കപ്പെട്ടത് എന്ന് പറഞ്ഞിട്ടുള്ളവരുടെ വിവരണം

(486) *ഇബ്നു അബ്ബാസ്ﷺ നിന്നും സഈദ് ഇബ്നു ജുബൈറോ ഇക്രിമത്തോ രണ്ടിലൊരാളും അവരിൽ നിന്ന് സെയ്ദ് ഇബ്നു ഥാബിത്തിന്റെ മൗല ആയ മുഹമ്മദ് ഇബ്നു അബീ മുഹമ്മദും അദ്ദേഹത്തിൽ നിന്ന് മുഹമ്മദ് ഇബ്നു ഇസ്ഹാക്വും നിവേദനം ചെയ്യുന്നതായി സലമത്ത് ഇബ്നു ഫദൽ തന്നോട് പറഞ്ഞിരിക്കുന്നുവെന്ന് മുഹമ്മദ് ഇബ്നു ഹമീദ് നമ്മളോട് പറഞ്ഞു: ഇബ്നു അബ്ബാസ്ﷺ പറയുന്നു:*

> ''ഇത് അവിശ്വാസികളും കപടവിശ്വാസികളുമായ രണ്ട് കൂട്ടരെയും സംബന്ധിച്ച് അവതരിച്ചിട്ടുള്ളതാകുന്നു. ﴿അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിനു സമന്മാരെ ആക്കരുത്﴾ എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത് ഉപകാരവും ഉപദ്രവവും ചെയ്യാത്ത യാതൊരു പങ്കുകാരെയും അല്ലാഹുവിനോട് നിങ്ങൾ കൂറുകൂട്ടരുത്. നിങ്ങൾക്ക് അറിയാം, അവൻ ഒഴികെ നിങ്ങൾക്ക് രിസ്ക്വ് തരുന്ന യാതൊരു റബ്ബും നിങ്ങൾക്ക് ഇല്ല എന്ന്. റസൂൽ നിങ്ങളെ ക്ഷണിക്കുന്ന റബ്ബിന്റെ തൗഹീദ് സംശയമില്ലാത്ത സത്യമാണെന്ന് നിങ്ങൾ അറിഞ്ഞിട്ടുള്ളതാണ്.''

(487) *ഖതാദയിൽ നിന്ന് സഈദും അദ്ദേഹത്തിൽ നിന്ന് യസീദും നിവേദനം ചെയ്തുകൊണ്ട് തന്നോട് പറഞ്ഞിരിക്കുന്നതായി ബിശ്റ് നമ്മോട് പറഞ്ഞു:*

''وَأَنتُمۡ تَعۡلَمُونَ എന്നതിന്റെ താൽപര്യം, അല്ലാഹു നിങ്ങളെയും ആകാശഭൂമി കളെയും പടച്ചിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നു. പിന്നെ നിങ്ങൾ അവന്നു തുല്യന്മാരെ ആക്കുകയും ചെയ്യുന്നു.''

ഇതുകൊണ്ട് വേദക്കാരാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് എന്ന് പറഞ്ഞവരെ പറ്റിയുള്ള വിവരണം.

(488/489) *മുജാഹിദിൽ നിന്നും ഒരാൾ, അയാളിൽ നിന്നും സുഫ്യാൻ, അദ്ദേഹത്തിൽ നിന്നും വകീഅ് രിവായത്ത് ചെയ്ത് തന്നോട് പറഞ്ഞതായി അബൂ കുറെയ്ബ് നമ്മളോട് പറയുന്നു:*

''﴿അല്ലാഹുവിനു നിങ്ങൾ തുല്യന്മാരെ ആക്കരുത്; നിങ്ങൾ അറിയുന്ന വരായിരിക്കെ.﴾ എന്നുവെച്ചാൽ തൗറാത്തിലും ഇഞ്ചീലിലും അവൻ ഏകനായ ആരാധ്യനാണ് എന്ന് നിങ്ങൾ അറിയുന്നു എന്ന് സാരം. ''

(490) *ഇനിയും മുജാഹിദിൽ നിന്ന് ഇബ്നു അബീ നജീഹ് അദ്ദേഹത്തിൽ നിന്നും ശിബ്‌ലു തന്നോട് പറഞ്ഞിരിക്കുന്നതായി അബൂഹുദൈഫ തന്നോട് പറഞ്ഞുവെന്ന് മുഥന്ന എന്നോട് പറഞ്ഞിരിക്കുന്നു: എന്തെന്നാൽ മുജാഹിദ് പറയുന്നു:*

''﴿നിങ്ങൾ അറിയുന്നവരായിരിക്കെ﴾ എന്നതിന്റെ സാരം, തൗറാത്തിലും ഇഞ്ചീലിലും അല്ലാഹുവിനു സമൻ ഇല്ല എന്ന് നിങ്ങൾ അറിയുന്നു എന്നാണ്.''

അബൂ ജഅ്ഫർ (ഗ്രന്ഥകാരൻ)[44] പറയുന്നു: ഈ വ്യാഖ്യാനം പറയുവാനും ഈ വാചകം തൗറാത്തിന്റേയും ഇഞ്ചീലിന്റേയും അഹ്‌ലുകാരോട് പ റഞ്ഞിട്ടുള്ളതാണെന്നു വാദിക്കുവാനും മുജാഹിദിനെ പ്രേരിപ്പിച്ചിട്ടുള്ളത് അറബികൾ തങ്ങളുടെ റബ്ബിന്റെ ഏകത്വത്തെ നിഷേധിക്കുകയും ഇബാ ദത്തിൽ അവനോടൊപ്പം മറ്റുള്ളവരെ പങ്കുചേർക്കയും ചെയ്തതിനാൽ തങ്ങളുടെ സ്രഷ്ടാവും ഉപജീവനം നൽകുന്നവനും അല്ലാഹു തന്നെയാണെന്ന് അറിയുന്നവരായിരുന്നില്ല എന്നുള്ള തെറ്റിദ്ധാരണയാണെന്ന് ഞാൻ വി

44. ഇമാം ഇബ്നു ജരീർ അത്ത്വബരി ﷺ

ചാരിക്കുന്നു.[45] അത് ഒരു വീക്ഷണം മാത്രമാകുന്നു. എന്നാൽ അറബികളെ സംബന്ധിച്ച് അവർ അല്ലാഹുവിന്റെ ഏകത്വത്തെ സമ്മതിച്ചിരുന്നു. പക്ഷേ ഇബാദത്തിൽ അവർ പലതിനെയും പങ്കുചേർത്തിരുന്നുവെന്ന് അല്ലാഹു അവന്റെ പരിശുദ്ധഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു: ﴿അവരെ പടച്ചത് ആരാണെന്ന് നീ അവരോട് ചോദിച്ചാൽ 'അല്ലാഹു' എന്നവർ പറയും﴾ അവൻ പറയുന്നു: ﴿ആകാശങ്ങളിൽ നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഉപജീവനം തരുന്നത് ആരാണ്? അഥവാ കേൾവിയെയും കാഴ്ചകളെയും ഉടമയാക്കുന്നത് ആരാണ്? നിർജീവിയിൽനിന്ന് ജിവിയെയും ജീവിയിൽ നിന്ന് നിർജീവിയെയും ഉല്ഭവിപ്പിക്കുന്നത് ആരാകുന്നു? കാര്യമെല്ലാം നിയന്ത്രിക്കുന്നതും ആരാണ് എന്ന് നീ ചോദിക്കുക. അപ്പോൾ അല്ലാഹുവെന്ന് അവർ പറയും. അപ്പോൾ നീ പറയുക: എന്നാൽ നിങ്ങൾ സൂക്ഷിക്കുന്നില്ലേ?﴾ അപ്പോൾ അല്ലാഹു ഏകനാണെന്ന് – അതായത് സർവ സൃഷ്ടികളുടെയും സ്രഷ്ടാവും ഉപജീവനം നൽകി രക്ഷിക്കുന്നവനും അല്ലാഹു തന്നെയാണെന്ന് തൗറാത്ത്, ഇഞ്ചീലുകളുടെ അഹ്‌ലുകാർ അറിഞ്ഞിരുന്നതുപോലെ അറബികളും അറിഞ്ഞിരുന്നുവെന്ന് വരികയും وَأَنتُمْ تَعْلَمُونَ എന്ന് അല്ലാഹു പറഞ്ഞതുകൊണ്ട് ഇരുകക്ഷികളിൽ നിന്ന് ഒരു കൂട്ടരെ മാത്രമാണ് ഉദ്ദേശിച്ചതെന്ന് ആയത്തിൽ യാതൊരു തെളിവും ഇല്ലാതിരിക്കയും മാത്രമല്ല, يَٰٓأَيُّهَا ٱلنَّاسُ എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് എല്ലാ ജനങ്ങളെയും ആകുന്നുവെന്ന് സ്പഷ്ടമാവുകയും ചെയ്ത സ്ഥിതിക്ക് وَأَنتُمْ تَعْلَمُونَ എന്നതിന്റെ വ്യാഖ്യാനത്തിൽ ഇബ്നു അബ്ബാസ്, ക്വതാദ എന്നിവർ പറഞ്ഞതിനാണ് കൂടുതൽ ന്യായമുള്ളത്. എന്തെന്നാൽ

45. എന്നാൽ മുജാഹിദ്ﷺ അങ്ങനെ തെറ്റിദ്ധരിച്ചിരിക്കുന്നു എന്ന് അബൂജഅ്ഫർﷺ വിചാരിച്ചത് ശരിയല്ല. എന്തുകൊണ്ടെന്നാൽ അദ്ദേഹം وَأَنتُمْ تَعْلَمُونَ എന്നതിന്റെ مَفعُول നെ أنه إله واحدَ എന്നോ أنه لا ند له എന്നോ تقدير (സങ്കൽപ്പം) ചെയ്തപ്പോൾ അതിന്റെ പ്രമാണമായി തൗറാത്തിനെയും ഇഞ്ചീലിനെയും പറഞ്ഞുവെന്നല്ലാതെ ഈ വാചകം കൊണ്ട് ഉദ്ദേശിക്കപ്പെട്ടവരിൽ അറബികൾ ഉൾപ്പെടുകയില്ലെന്ന് മുജാഹിദ്ﷺ പറഞ്ഞിട്ടില്ല. മാത്രമല്ല, ﴿ശിർക്ക് ചെയ്യുന്നവരായിക്കൊണ്ടല്ലാതെ അവരിൽ അധികപേരും അല്ലാഹുവിൽ വിശ്വസിക്കുന്നില്ല﴾ എന്നതിന്ന് തഫ്സീറിൽ ഇക്രിമﷺയിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടതുപോലെ മുജാഹിദ്ﷺൽ നിന്നും അത്വാഇൽ നിന്നും സ്വഹീഹായ സനദുകളോടുകൂടി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നുവെന്ന് فتح البارئ-ൽ (13:423) പറയുകയും ചെയ്തിരിക്കുന്നു. അതിനാൽ തങ്ങളുടെ സ്രഷ്ടാവും ഉപജീവനദാതാവും അല്ലാഹു മാത്രമാണെന്ന് അറബികൾ അറിയുന്നവരായിരുന്നില്ല എന്ന് മുജാഹിദ്ﷺ തെറ്റിദ്ധരിച്ചിരിക്കുന്നതായി വിചാരിക്കുന്നത് ശരിയല്ല എന്ന് അനേകം സ്വഹീഹായ സനദുകൾ കൊണ്ട് ബലപ്പെട്ട ഈ രിവായത്തുകൊണ്ട് പൂർണമായി തെളിഞ്ഞു. -കെ എം മൗലവിﷺ

അല്ലാഹുവിന്റെ സൃഷ്ടികർതൃത്വത്തിൽ അവൻ ഏകനാണെന്നും അതിൽ അവന് പങ്കുകാരില്ലെന്ന് അറിയുകയും അതോടുകൂടി ആരാധനയിൽ മറ്റുള്ളവരെ അവനോട് പങ്കുചേർക്കുകയും ചെയ്യുന്ന എല്ലാ മുകല്ലിഫിനെയും ആകുന്നു അല്ലാഹു അതുകൊണ്ട് ഉദ്ദേശിക്കുന്നത്; അറബിയാകട്ടെ, അറബിയല്ലാത്തവനാകട്ടെ, അക്ഷരജ്ഞനാകട്ടെ അനക്ഷരജ്ഞനാകട്ടെ.'' (ത്വബരി 1:127,128)

അപ്പോൾ ഈ ഉദ്ധരണിയിൽ ഇമാമുൽ മുഫസ്സിരീൻ ത്വബരി‍ﷺ അവർകൾ വെളിപ്പെടുത്തിയത് നിങ്ങൾ ഗ്രഹിച്ചുവല്ലോ. എന്തെന്നാൽ അറബികളിലെ മുശ്‌രിക്കുകൾ അല്ലാഹുﷻയുടെ റുബൂബിയ്യത്തിലെ ഏകത്വം അറിയുന്നവരും സമ്മതിക്കുന്നവരും ആയിരുന്നുവെന്നും പക്ഷേ അവർ അല്ലാഹുﷻയുടെ ഉലൂഹിയ്യത്തിലെ (معبوديّة-ത്തിലെ) ഏകത്വം സമ്മതിക്കാതെ, പടപ്പുകളിലെ പലതിനെയും معبوديّة-ത്തിൽ (ആരാധ്യതയിൽ) അവനോട് പങ്കുചേർക്കുന്നവരായിരുന്നുവെന്നും ക്വുർആൻ വാക്യങ്ങളെ ഉദ്ധരിച്ചുകൊണ്ട് യാതൊരു സംശയത്തിനും വകയില്ലാതെ അദ്ദേഹം വെളിപ്പെടുത്തിയിരിക്കുന്നു. അപ്പോൾ അവർക്ക് തൗഹീദുൽ ഉലൂഹിയ്യത്ത് ഉണ്ടായിരുന്നില്ല. لا اله الا الله എന്ന് അവർ വിശ്വസിച്ചിരുന്നില്ല. പക്ഷേ അവർക്ക് തൗഹീദു റുബൂബിയ്യത്ത് ഉണ്ടായിരുന്നു. لا ربّ الا الله എന്ന് അവർ വിശ്വസിച്ചിരുന്നു എന്ന് ഈ ഉദ്ധരണിയിൽനിന്നും നല്ലവണ്ണം തെളിഞ്ഞു. മാത്രമല്ല, ﴿ആകാശഭൂമികളെ സൃഷ്ടിച്ചത് ആരാണെന്ന് നീ അവരോട് ചോദിച്ചാൽ﴾ എന്നത് പോലുള്ള അനവധി ആയത്തുകളിൽ പടച്ചവൻ അല്ലാഹു തന്നെയാണെന്ന് ആ മുശ്‌രിക്കുകൾ പറയുമെന്ന് അല്ലാഹു പറഞ്ഞത്, അവരുടെ മനസ്സാക്ഷിക്കു വിരുദ്ധമായി, വായയാൽ മാത്രം ഉത്തരം മുട്ടുമ്പോൾ അവർ പറയും എന്ന അർത്ഥത്തിലല്ല. നേരെമറിച്ച് അത് അവരുടെ ഈമാനോട് കൂടി – ഉറച്ച അറിവോടും സമ്മതത്തോടും കൂടി – അവരുടെ മനസ്സാക്ഷിയോട് യോജിച്ചുകൊണ്ടുതന്നെ അവർ പറയുമെന്ന അർത്ഥത്തിലാകുന്നു എന്നും ഇമാം റാസിﷺയുടെ ഉദ്ധരണികളിൽനിന്ന് വെളിപ്പെടുത്തിയ പോലെത്തന്നെ ഈ ഉദ്ധരണിയിൽനിന്നും പൂർണമായി വെളിപ്പെട്ടു. എന്നാൽ القول السّديد -ൽ ഇതു സംബന്ധിച്ച് പറയുന്നത് കാണുക:

''എന്നാൽ ഈ ആയത്തുകളിലെല്ലാം തന്നെ ആ മുശ്‌രിക്കുകൾ കൊടുത്തതായി പ്രസ്താവിച്ചു കാണുന്ന സമാധാനങ്ങൾ മുസ്ലിംകളുടെ ഭാഗത്തു നിന്നുണ്ടായ ചോദ്യങ്ങൾക്ക് അവർ മറുപടി പറയാൻ സാധിക്കാതെ ഉത്തരം മുട്ടി വായടയുമ്പോൾ അവരുടെ മനസ്സാക്ഷിക്ക് വിരുദ്ധമായി കൊടുത്ത സമാധാനങ്ങൾ മാത്രമാണ്.''(1:39)

''മുർസലുകളുമായുള്ള വാദപ്രതിവാദങ്ങളിൽ ഉത്തരംമുട്ടി നിൽക്കക്കള്ളിയി

ല്ലാതെ വരുമ്പോൾ ആ മുശ്‌രിക്കുകളുടെ മനസ്സാക്ഷിക്ക് വിരുദ്ധമായി വെറും വായ കൊണ്ട് പറയുന്നതാകുന്നു...''

അപ്പാൾ القول السّديد -ന്റെ ഈ പ്രസ്താവന إِلَّا وَهُمْ مُشْرِكُونَ എന്നും وَأَنتُمْ تَعْلَمُونَ എന്നുമുള്ള ആയത്തുകൾക്കും മറ്റനേകം ക്വുർആൻ വാക്യങ്ങളുടെ താൽപര്യങ്ങൾക്കും ഇമാം റാസിﷺയുടെയും ഇമാം ഇബ്നു ജരീർﷺന്റെയും ഉദ്ധരണികൾക്കും പാടെ വിരുദ്ധങ്ങളും അവാസ്തവങ്ങളും ആണെന്ന് നിങ്ങൾ ധരിക്കുമല്ലോ. അപ്പോൾ ഇത് ക്വുർആനിൽനിന്ന് ഇച്ഛാനുസരണം അർത്ഥം പറയലല്ലയോ?
സഹോദരന്മാരേ, നിങ്ങൾ സത്യവും കളവും വേർതിരിച്ച് അറിയുവാൻ പരിശ്രമിക്കുക.

അല്ലാഹു നമ്മെ രക്ഷിക്കട്ടെ; ആമീൻ.''[46]

46. فتح القوى في ردّ على الفرطويّ എന്ന ഗ്രന്ഥത്തിലെ പേജ് 16-17 നോക്കുക.